
www.malankaralibrary.com

# സഭ

# -ദൈവത്തിന്റെ ജനം



ക്രോഡീകരണം,

**വി. കിളിച്ചിമല**

www.malankaralibrary.com

# സഭ-ദൈവത്തിൻ്റെ ജനം

www.malankaralibrary.com

(Malayalam)

Sabha - Deyvathinte Janam

Ecclesiology
Collected by
V. KILICHIMALA

First Published
July 1998

Price Rs. 70/—

Copy right
V. Kilichimala

Published by
VIMALA Books, Clergy Home, Pushpagiri,
Thiruvalla-689101

Printed at
Padipurackal printers, Tiruvalla
and Perpetual Succour press, palackalthakidi

Cover design
Rev. Fr. Kuruvilla Parakadavil

Cover Priting
Syamily printers, Tiruvalla

www.malankaralibrary.com

# സഭ-ദൈവത്തിൻെറ ജനം

## -സഭാ പഠനം-

ക്രോഡീകരണം
വി. കിളിച്ചിമല

പ്രസിദ്ധീകരണം
വിമല ബുക്ക്സ്
ക്ലേർജിഹോം, പുഷ്പഗിരി,
തിരുവല്ലാ–689101
ഫോൺ: 0473–601831
വില: Rs. 70/–

www.malankaralibrary.com

## വി. കിളിച്ചിമലയുടെ കൃതികൾ

സഭ—ദൈവത്തിൻെറ ജനം

എക്യുമെനിസവിചാരവും മലങ്കരസഭകളുടെ ഡയലോഗും

വിഹഗവീക്ഷണം (ലേഖനങ്ങൾ) ഒന്നാം ഭാഗം

മൂന്നാം സഹസ്രാബ്ദി, സ്വീകരണ കർമ്മപദ്ധതി

ഓർമ്മയുടെ ചിത്രശാല (സ്മരണകൾ) ഒന്നാം പുസ്തകം

പുലരിപ്പൂക്കൾ (കവിതാസമാഹാരം)

അന്നംപാലേകടിച്ചിട്ടു (സാഹിത്യലേഖനങ്ങൾ)

വി. ജോൺവിയാനി (ജീവചരിത്രം)

വി. ബർണദീത്താ ( ,, )

മോൺ. തോമസ് വടശ്ശേരി ( ,, )

മാർ ഈവാനിയോസ്, ഒരു പഠനം

ആദർശദീപങ്ങൾ (ജീവിതചിത്രീകരണം)

രജത രശ്മികൾ ( ,, )

വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)

എക്യുമെനിസം (പ്രബന്ധം)

അന്ത്യോക്യയോ റോമയോ? ( ,, )

കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)

70 വർഷം പുസ്തകപ്രസാധനം (പ്രബന്ധം)

കേരള സഭാചരിത്രപ്രശ്നങ്ങൾ

www.malankaralibrary.com

# ഉള്ളടക്കം


| | | | | |
|---|---|---|---|---|
| | | അവതാരിക | | vii |
| | | പ്രസ്താവന | | x |
| അദ്ധ്യാ. | 1 | ക്രിസ്തുവും മൗതികശരീരവും | പുറം | 1 |
| ,, | 2 | ഭൂമിയിലെ സഭ—രക്ഷയുടെ കൂദാശ | ,, | 17 |
| ,, | 3 | സഭ—പുതിയ ഉടമ്പടിയിലെ ജനത | ,, | 26 |
| ,, | 4 | സഭ—ക്രിസ്തുവിന്റെ ശരീരം | ,, | 38 |
| ,, | 5 | സഭ—പരിശുദ്ധാത്മാവിന്റെ ആലയം | ,, | 53 |
| ,, | 6 | സഭാലക്ഷണങ്ങൾ | ,, | 65 |
| | | I സഭ ഏകമാണ് | ,, | 69 |
| ,, | 7 | II സഭ വിശുദ്ധമാണ് | ,, | 81 |
| ,, | 8 | III സഭ കാതോലികമാണ് | ,, | 93 |
| ,, | 9 | IV സഭ അപ്പസ്തോലികം | ,, | 113 |
| ,, | 10 | സഭാമണ്ഡലവും പ്രജാസഞ്ചയവും | | 127 |
| | | I വൈദികശ്രേണിയുടെ സഭാഘടന | ,, | 129 |
| ,, | 11 | II അല്മായരുടെ ഗണം | ,, | 145 |
| ,, | 12 | III സമർപ്പിതജീവിതം | ,, | 157 |
| ,, | 13 | പുണ്യവാന്മാരുടെ ഒരുമ്പാട് | ,, | 166 |
| ,, | 14 | മറിയം—ക്രിസ്തുവിന്റെ മാതാവും സഭയുടെ മാതാവും | ,, | 175 |

www.malankaralibrary.com

# അവതാരിക

'മധുരിച്ചിട്ട തുപ്പാൻ വയ്യ, കൈച്ചിട്ട ഇറക്കാനും' എന്നൊരു പറച്ചിലുണ്ടല്ലോ—മധുരിമയുടെ ആധിക്യവും കൈപ്പിന്റെ രൂക്ഷതയും കാണിക്കുന്നത്. ഫാ. വർഗീസ് കിളിച്ചിമല ക്രോഡീകരിച്ചിട്ടുള്ള 'സഭ—ദൈവത്തിന്റെ ജനം' എന്ന പുസ്തകത്തിന് ഈ പ്രയോഗം ചേരുമെന്നു പറയാം. ഇതിനു മാധുര്യമുണ്ട്, ലേശം കമർപ്പുമുണ്ട്.

മാധുര്യം എന്താണെന്നല്ലേ? ഒരു സഭാപഠനമാണിത്, സമ്യക്കായ സഭാപഠനം. ഒഴിവാക്കാൻ പാടില്ലാത്തതെന്ന് ഈ പഠനത്തേക്കുറിച്ചു പറയാം. വത്തിക്കാൻ സുന്നഹദോസിന്റെ ആധികാരികപ്രമാണരേഖകളെ ആലംബമാക്കിയുള്ളതാണിത്. ആധുനിക ലോകത്തെ നേർവഴിക്കു തിരിക്കുവാൻ സുന്നഹദോസിനുള്ള ത്രാണിയെ ആരും എതിർക്കുകയില്ല. പക്ഷേ സുന്നഹദോസ് നല്കുന്ന സഭാ സ്വരൂപം നമ്മുടെ ഇടയിൽ അറിയപ്പെടുന്നില്ല. അറിയപ്പെടാൻ ആരും ശ്രമിക്കുന്നില്ല.

'കാച്ചിക്കുറുക്കിയ പാല്' എന്ന നിലയിലാണ് ലിററർജിയിലൂടെ ലഭ്യമാകുന്ന സഭാവബോധം. വത്തിക്കാൻ സുന്നഹദോസിന്റെ സഭാചിന്തകൾക്കു അനുയോജ്യമായി ലിററർജിയിലുള്ള ഭാഗങ്ങൾ ഇതിൽ ഉദ്ധരിച്ചിട്ടുള്ളത് സമീചീനമായിരിക്കുന്നു. കുർബ്ബാന തക്സാ, കുർബ്ബാനക്രമം, ആണ്ടുതക്സാ, കൂദാശക്രമം, ശ്ഹീമോ, പെങ്കീസാ തുടങ്ങിയ ഔദ്യോഗിക പ്രാർത്ഥനാകൃതികളിൽ നിന്നാണ് ഉദ്ധരണികൾ എന്നതു ശ്രദ്ധേയമായിരിക്കുന്നു. സഭാചിന്തകളും പ്രാർത്ഥനാസൂക്തങ്ങളും സമഞ്ജസമായി സമന്വയിപ്പിക്കുന്ന ഇത്തരം ഒരു സമഗ്രസമാഹാരം ഇതിനു മുമ്പു കണ്ടിട്ടുള്ളതായി തോന്നുന്നില്ല.

അഭ്യസ്തവിദ്യരുടെ മതപഠനം ഇന്ന് അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടിയുള്ള ഒരു ഗ്രന്ഥം പോപ്പ് ജോൺ പോൾ II അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്, 'Catechism of the Catholic Church' എന്ന പേരിൽ. ആ ആധികാരിക ഗ്രന്ഥത്തേയും ആസ്പദമാക്കുവാൻ സാധിച്ചെന്നത് ഈ സഭാസാഹിത്യത്തിന്റെ വലിയൊരു വൈശിഷ്ട്യമാണ്.

ഇങ്ങനെയുള്ള ഒരു സാരോപദേശകൃതിക്കു എങ്ങനെ ചവർപ്പുണ്ടാകും? 'നാളീകേര പാകം' എന്നൊരു പ്രയോഗമുണ്ടല്ലോ. കഠിനതകൊണ്ട് ഗ്രഹിക്കാൻ വിഷമം, ഗ്രഹിച്ചു കഴിഞ്ഞാലോ? രസാത്മകം എന്ന്. പ്രതിപാദനംകൊണ്ടും

www.malankaralibrary.com



പ്രമേയംകൊണ്ടും ഒരു പുസ്തകത്തിനു കഠിനതയുണ്ടാകാം. ഇവിടത്തെ ദുർഗ്രഹതയ്ക്കു ഹേതുവെന്തെന്ന് തിരയേണ്ടതുണ്ട്.

1945 മുതൽ കിളിച്ചിമലയച്ചന്റെ രചനകൾ കണ്ടുതുടങ്ങിയതാണ്. ലളിതമായ ഭാഷാശൈലിയെന്ന് അതിനേക്കുറിച്ചു എനിക്കു തോന്നിയിട്ടുണ്ട്. ഭാഷാപണ്ഡിതന്മാരും സാഹിത്യചിന്തകന്മാരും അതീവസുന്ദരമെന്ന് ആ ഭാഷയെ പ്രശംസിച്ചിട്ടുമുണ്ട്.

പ്രതിപാദനത്തിന്റെ ക്ളിഷ്ടതയല്ല, പ്രമേയത്തിന്റെ ഗഹനതയാണ് 'സഭ—ദൈവത്തിന്റെ ജനം' എന്ന പുസ്തകത്തിന് പ്രയാസം വരുത്തുന്നതെന്ന് വ്യക്തം. ജീവചരിത്രങ്ങളുടെ ഭാഷാരീതി പോരല്ലോ ദാർശനിക കൃതിക്ക്. 'രഹസ്യം' എന്നാണു സഭ അറിയപ്പെടുക. രഹസ്യാത്മകതയുടെ ആഴത്തിലേക്കിറങ്ങാതെ 'രക്ഷയുടെ കൂദാശ' 'ക്രിസ്തുവിന്റെ ശരീരം' 'പരിശുദ്ധാത്മാവിന്റെ ആലയം' എന്നീ സഭാ നിർവചനങ്ങൾ മനസ്സിലാക്കാവതല്ല. വത്തിക്കാൻ പ്രമാണരേഖകൾ സഭാസ്വരൂപം ശരിയായി വരച്ചു കാണിക്കുന്നുണ്ട്. പ്രസ്തുത രേഖകൾ കൈവശമുണ്ടായാൽ മാത്രം പോരല്ലോ സഭാവബോധമുണ്ടാകാൻ.

തൊട്ടുകാണേണ്ടതൊന്നും ഇപ്പുസ്തകം വിട്ടുകളഞ്ഞിട്ടില്ല. ഇതിലെ 14 അദ്ധ്യായങ്ങളിലൂടെ കടന്നുപോകുന്നവർക്ക് അതു കാണാവുന്നതാണ്. 'ക്രിസ്തുവിന്റെ മൗതിക ശരീരം [mystical Body of Christ] എന്ന സഭാസിദ്ധാന്തവും വലിയവേദോപദേശത്തിലെ സഭാനിർവചനവും ഒന്നാം അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. രണ്ടു മുതൽ അഞ്ചുവരെ അദ്ധ്യായങ്ങളിലായി രക്ഷയുടെ കൂദാശ' 'പുതിയ ഉടമ്പടിയിലെ ജനത' 'ക്രിസ്തുവിന്റെ ശരീരം' 'പരിശുദ്ധാത്മാവിന്റെ ആലയം' എന്നിങ്ങനെ വിവിധ കോണുകളിലൂടെ കൗൺസിൽ കാണുന്ന സഭാമുഖങ്ങൾ സസൂക്ഷ്മം വരച്ചുകാട്ടുന്നു. തുടർന്നുള്ള നാല് അദ്ധ്യായങ്ങൾ സഭാലക്ഷണങ്ങളാണ്, ഏകം, വിശുദ്ധം, കാതൊലികം, ശ്ലൈഹികം എന്നിവ ഓരോന്നിന്റെയും ആഴം ചൂണ്ടിക്കാണിക്കുന്നുമുണ്ട്. സഭാമണ്ഡലവും പ്രജാസഞ്ചയവും, എന്ന ശീർഷകത്തിലൂടെ വൈദികശ്രേണിയുടെയും അല്മായ വ്യൂഹത്തിന്റെയും സമർപ്പിതഗണത്തിന്റെയും ചിത്രം നിരത്തുന്ന 10, 11, 12 എന്നീ അദ്ധ്യായങ്ങളിൽ. നന്മയുടെ പങ്കുചേരൽ' സ്വർഗ്ഗത്തിലെ സഭയും ഭൂമിയിലെ സഭയുമായുള്ള ബന്ധം' എന്നിവ 13–ാം അദ്ധ്യായത്തിൽ വിവ

www.malankaralibrary.com



രിക്കുന്നു. 'മറിയം ക്രിസ്തുവിന്റെ അമ്മയും സഭയുടെ അമ്മയും' എന്ന വിഷയം 14–ാം അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നതോടെയാണ് പുസ്തകം സമാപിക്കുന്നത്.

സഭയുടെ വിവിധ മേഖലകളിലൂടെയുള്ള ഈ സമഗ്രനീക്കം ഒരു തീർത്ഥാടനംതന്നെയാണ്. സനദ്ധതയും ആർജ്ജവവുമുണ്ടെങ്കിൽ ഈ തീർത്ഥാടനം ഉണ്ടാക്കുന്ന പ്രബുദ്ധത ചെറുതായിരിക്കയില്ല. സഭാപൂർണ്ണതയുടെ അവകാശവാദക്കാർ ആദർശത്തിൽനിന്നും അകലെയാണെന്ന് ഇതു ബോദ്ധ്യപ്പെടുത്തും. ഭാഗികവാദക്കാരുടെ അപൂർണ്ണതയും ഇതു വെളിച്ചത്തു വരുത്തും. ഇന്നത്തെ തിന്മകൾക്ക് എത്ര നല്ല സിദ്ധൗഷധമാണ് ശൂന്യവൽക്കരണത്തിന്റെ സഭാസന്ദേശമെന്നുള്ളത് ഇതു വെളിപ്പെടുത്തും.

ഇത്തരുണത്തിൽ സഭാവബോധം വളർത്താൻ ബഹു. കിളിച്ചിമലയച്ചൻ ചെയ്യുന്ന ശ്രമങ്ങൾ സമൂഹത്തിന്റെ കൃതജ്ഞതയ്ക്കു പാത്രമാകേണ്ടതാണ്. ഒരു പാഠ്യഗ്രന്ഥമത്രേ 'സഭ ദൈവത്തിന്റെ ജനം' എന്ന ഈ പുസ്തകം. പഠനത്തിനു വിധേയമാക്കിയെങ്കിലേ അതിന്റെ പ്രയോജനം ലഭിക്കൂ. നമ്മുടെ മതപഠന കേന്ദ്രങ്ങളിൽ ഇതു പാഠ്യവിഷയമാക്കാം; സെമിനാരി വിദ്യാർത്ഥികൾക്കു ഇതു റഫറൻസ് പുസ്തകമായി ഉപയോഗിക്കാം; അൽമായരുടെ സ്റ്റഡി ക്ലാസുകളിൽ ഇതു ചർച്ചാവിഷയമാക്കാം. ബൗദ്ധികമായ അലസതയിൽനിന്നുള്ള ഉണർന്നെഴുന്നേല്പ് ഇന്നത്തെ പ്രതിസന്ധിയെ തരണം ചെയ്യാൻ ആവശ്യമാണ്. ആ ഉണർവ് ഉണ്ടായാൽ ദുർഗ്രഹത തോന്നുന്ന ബാഹ്യരൂപം ആസ്വാദനീയതമായി മാറുന്നത് പെട്ടെന്നായിരിക്കും.

ഒരു വ്യക്തി എന്നതിൽ കവിഞ്ഞു ഒരു പ്രസ്ഥാനമായി വളർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയിലത്രേ ഇന്ന് 'കിളിച്ചിമല' എന്ന അനുഗൃഹീതനാമം. സജ്ജനങ്ങളുടെ അത്യാവശ്യ സഹായസഹകരണങ്ങൾ ഉണ്ടായാൽ ആകാശത്തിലെ പക്ഷികൾ അതിന്റെ ശാഖകളിൽ ചേക്കേറാൻ തക്കവണ്ണം ആ പ്രസ്ഥാനം വളർന്നു വലുതാകും എന്നതിന് സംശയമില്ല. അതിനായി സർവഭാവുകങ്ങളും ആശംസിക്കുന്നു. അതോടൊപ്പം അതിന്റെ അതിവിശിഷ്ടഉപഹാരമായ 'സഭ – ദൈവത്തിന്റെ ജനം' എന്ന ഈ മഹൽ ഗ്രന്ഥം സഹൃദയ സമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

**അഡ്വോ അലക്സാണ്ടർ സ്കറിയ**

ബിഷപ്പ്സ്ഗാർഡൻ, കൊച്ചി–682001
ഏപ്രിൽ 23, 1998

www.malankaralibrary.com

# പ്രസ്താവന

കുഞ്ഞാടുകളും ചെന്നായ്ക്കളുമുണ്ട്– രണ്ടു വകുപ്പിനും വേണ്ടിയാണ് സഭാസാഹിത്യത്തിന്റെ ഈ മേച്ചിൽപ്പുറം. വാർത്താമാദ്ധ്യമങ്ങളുടെ അതിശ്രദ്ധ പിടിച്ചുപററിക്കൊണ്ടാണല്ലൊ വത്തിക്കാൻ കൗൺസിൽ കടന്നു പോയത്. ആ വലിയചലനം ലോകോദ്ധാരണത്തിനു നല്കുന്ന മാർഗ്ഗരേഖയ്ക്കു പലരും കാതു കൂർപ്പിച്ചിട്ടുമുണ്ട്. അവരുടെ ജിജ്ഞാസാശമനത്തിനു ഈ പുസ്തകം ഉപകരിച്ചേക്കും.

പള്ളിക്കു നേരെ കല്ലെറിയൽ ഇന്നു ഫാഷനായി വളർന്നിരിക്കുന്നു. ഏറു ഫലിക്കണോ? ഉന്നം വേണം. സഭയുടെ മർമ്മം ചൂണ്ടിക്കാണിക്കാൻ ഈ പഠനസഹായിക്കു കഴിവുണ്ട്. വസ്തുനിഷ്ഠത ഇല്ലാത്ത ആക്രമണത്തിനു എന്തു പ്രസക്തി? അത്തരം ഏറു പൊട്ടക്കണ്ണന്റെ മാവേൽ എറിയൽ ആവില്ലേ?

നാമമാത്രക്രിസ്ത്യാനികളുടെ എണ്ണം വളരെ ഏറെയാണെന്നത്രേ കണക്ക്. മൊത്തം സമൂഹത്തിന്റെ മൂന്നിനും പതിനാറിനും ഇടയ്ക്കുള്ള ശതമാനം ഒഴിവാക്കിയാൽ ബാക്കി മുഴുവൻ ഈ ഗണത്തിൽ പെടുമത്രേ. അത്തരക്കാരുടെ നിശ്ചലമനോനില ഇടത്തോട്ടോ വലത്തോട്ടോ അല്പമെങ്കിലും വ്യതിചലിപ്പിക്കുന്നതിനുള്ള കഴിവും ഈ സഭാവിജ്ഞാനീയത്തിനുണ്ട്.

സഭയെ ആസ്വദിക്കുന്നവർക്കു ഈ മതപഠനം പ്രയോജനവത്താണ്. കൗൺസിൽഡിക്രികളുടെയും ലിററർജികളുടെയും കത്തോലിക്കാ വേദോപദേശങ്ങളുടെയും സൂക്തങ്ങൾ അയവിറക്കുന്നവർക്കു ആസ്വദനീയത പൂർവാധികം അനുഭവപ്പെട്ടെന്നിരിക്കും.

സഭയുടെ ആധികാരികത തകർത്തു എന്ന പരിഭവം വത്തിക്കാൻ സൂന്നഹദോസിനെക്കുറിച്ചു പറയുന്ന ഭക്തന്മാരുണ്ട്. അവരുടെ ആവലാതി സഭയുടെ അടിത്തറ കൗൺസിൽ ബലഹീനമാക്കി എന്നാണ്. ഗൗരവബുദ്ധ്യാ പ്രമാണ രേഖകളെ പഠനവിധേയമാക്കാത്തതിന്റെ അമളിയാണിത്. അത്തരക്കാരുടെ തെററിദ്ധാരണകളുടെ നേരെ ഈ പാഠ്യഗ്രന്ഥം ശ്രദ്ധതിരിച്ചിട്ടുണ്ട്. പതിനാറു പ്രമാണരേഖകളിലൂടെ കണ്ണോടിക്കുമെങ്കിൽ സഭയുടെ ഉജ്ജ്വലചിത്രമാണ് കൗൺസിൽ നല്കിയിട്ടുള്ളതെന്നു വെളിപ്പെടുന്നതാണ്.

www.malankaralibrary.com



1978-ൽ എക്യുമെനിസം എന്ന പുസ്തകം ഈ ലേഖകൻ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനുവേണ്ടി കൗൺസിൽ ഡിക്രികളും മററും പരിശോധിക്കേണ്ടിവന്നു. കൗൺസിൽ കാട്ടിത്തരുന്ന സഭാസ്വരൂപം കാണുവാൻ അതിടയാക്കി. 'ദൈവത്തിന്റെ ജനം' 'രക്ഷയുടെ കൂദാശ', 'ക്രിസ്തുവിന്റെ ശരീരം' 'പരിശുദ്ധാത്മാവിന്റെ ആലയം' എന്നീ നിലകളിൽ ആവിഷ്കൃതമായിരിക്കുന്ന സഭാ സ്വരൂപം പതിനാറു പ്രമാണരേഖകളിൽനിന്നു ക്രോഡീകരിക്കാനാണ് ശ്രമിച്ചത്. 1979 മുതൽ 93 വരെ ആലുവാ സെമിനാരിയിൽ സേവനം ചെയ്തിരുന്ന ലേഖകനു പ്രമാണ ഗ്രന്ഥങ്ങളുടെ സൗകര്യം കിട്ടുകയും ചെയ്തു.

ഒരുവിധം പൂർത്തിയാക്കി സഭാചിന്തകളുടെ ക്രോഡീകരണം. വേറൊരു വഴിയിലേക്കു കൂടി അപ്പോൾ ചിന്ത തിരിഞ്ഞു. സഭയുടെ പൂർവകാലചിത്രവും ഇതുതന്നെയായിരുന്നോ എന്ന സംശയം ഉണ്ടാകാമല്ലൊ. സൂന്നഹദോസു ചിന്തയ്ക്കു സമാനമായുള്ള ലിററർജിയുടെ ഭാഗങ്ങൾ അതിനുവേണ്ടിയാണ് തിരഞ്ഞെടുക്കാൻ ശ്രമിച്ചത്. മലങ്കര അന്ത്യോക്യൻ ക്രമത്തിൽനിന്നുള്ള ഉദ്ധരണികളാണ് ഇവിടെ എടുത്തിട്ടുള്ളത്. അകത്തോലിക്കാ സഭാ ചിന്തകൾ കൂടി സന്ധിപ്പിക്കാൻ അതു ഉതകുമല്ലോ.

കൗൺസിലിന്റെ സഭാചിന്തകൾക്കെല്ലാം ലിററർജിയിൽനിന്നു ഉദാഹരണം തിരഞ്ഞെടുക്കുക തീർത്തും സുകരമല്ല. വ്യത്യസ്തകാലഘട്ടങ്ങളിലാണ് അവ വിരചിതമായത്. ലിററർജി പുരാതനം, കൗൺസിൽ ആധുനികം. രണ്ടിന്റെയും ഭാഷാശൈലിയും വ്യത്യസ്തമാണ്. കൗൺസിലിന്റേതു ദൈവശാസ്ത്രത്തിന്റെ വസ്തുനിഷ്ഠഭാഷ; ലിററർജിയുടേതു സഭാസങ്കീർത്തകന്റെ കാവ്യഭാഷ. കുറേക്കൂടി സൂക്ഷ്മശോധനയ്ക്കു വിഷയമാക്കുമെങ്കിൽ കൂടുതൽ അനുയോജ്യമായ ഉദാഹരണങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. വായനക്കാരുടെ സഹകരണം അക്കാര്യത്തിൽ തേടുന്നു.

രണ്ടാം വത്തിക്കാൻ നല്കുന്ന സഭാസ്വരൂപത്തിലേക്കു തിരിയാൻ ഈ ലേഖകനെ നിർബ്ബന്ധിതനാക്കിയ കാരണങ്ങളുണ്ട്. 1955 മുതൽ 1975 വരെ കേരളത്തിന്റെ വിവിധ

www.malankaralibrary.com



ഭാഗങ്ങളിൽ നടത്തിയ അനവധി കൺവൻഷനുകളിൽ എനിക്ക പ്രസംഗിക്കേണ്ടി വന്നിട്ടുണ്ട്. സഭയുടെ വിവിധമുഖങ്ങൾ അവതരിപ്പിക്കുന്നതിനാണ് അപ്പോഴെല്ലാം ശ്രമിച്ചിട്ടുള്ളത്. മോൺ. ഫുൾട്ടൻ ജെ. ഷീൻ, വി. അഗസ്റ്റിനോസ്, കർദ്ദിനാൾ ന്യൂമാൻ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ അതിനു എനിക്ക പ്രചോദനം നല്കി. Life of Christ, The Eternal galilean, The Rook plunged in to Eternity, One Lord one world, Peace of saul, Lift up your Heart തുടങ്ങിയ ഷീൻ കൃതികൾ എടുത്തു പറയേണ്ടവയാണ്. ഈ ഗ്രന്ഥങ്ങൾ പരിചയപ്പെടുന്നതിനു ഏറെ മുമ്പുതന്നെ മോൺ. തോമസ് വടശേരി, മോൺ. ജേക്കബ് നടവത്തുശേരി, റവ. ഡോ. പ്ളാസിഡ് സി. ഡി. പൊടിപാറ എന്നിവരുടെ സഭാശാസ്ത്രകൃതികൾ ഞാൻ പഠനവിഷയമാക്കിയിരുന്നു. വത്തിക്കാൻ പ്രമാണരേഖകളുടെ ആഴത്തിലേക്കിറങ്ങാൻ ഈ പഠനം എനിക്കു പ്രേരണതന്നു.

1985 ആയപ്പോഴേക്കു ഈ ക്രോഡീകരണം പൂർത്തിയായെന്നുപറയാം. പോപ്പു ജോൺ പോൾ II അംഗീകരിച്ച "Catechism of the catholic church" 1994–ൽ പ്രസിദ്ധീകരീകൃതമായി. ഇനിയും അതിൻെറ മലയാളപരിഭാഷ ഉണ്ടായിട്ടില്ല. സഭയെക്കുറിച്ചു പ്രസ്തുത വേദോപദേശത്തിലുള്ള വിശദീകരണവും എൻെറ ക്രോഡീകരണവും തമ്മിൽ സാധർമ്മ്യപ്പെടുത്തലിനു വിധേയമാക്കിട്ടുണ്ട്; രണ്ടും ഒത്തുപോകാനും ഒരു കാര്യത്തിലും വ്യത്യാസപ്പെടാതിരിക്കാനും പരിശ്രമിച്ചിട്ടുണ്ട്.

ഇത്തരം സഭാശാസ്ത്രകൃതികൾ മലയാളത്തിൻ ചുരുക്കമാണ്. ദാർശനികകൃതികൾ പ്രസിദ്ധീകരിക്കുന്നതിൽ ഇവിടത്തെ സഭ വിമുഖമാണ്. സെമിനാരികളിലെ ദൈവശാസ്ത്രബോധനം മാതൃഭാഷയിലൂടെ വേണമെന്നചിന്ത ഇവിടെ ഉയരുന്നില്ല. എസ്. എച്ച്. ലീഗു എന്ന പുസ്തകപ്രസിദ്ധീകരണ ശാലയുടെ സപ്തതി പ്രമാണിച്ച 1991–ൽ '70 വർഷം പുസ്തക പ്രസാധനം' എന്ന സ്മരണികയിൽ ഈ ലേഖകൻ എഴുതി: 'ക്രിസ്തീയ ദർശനം ജീവിതത്തിൽ അലിഞ്ഞു ചേരുന്നതിനു വൈദേശികഭാഷയിലുള്ള ദൈവ

ശാസ്ത്രബോധനം സഹായകമല്ല. നാടിന്റെ ഗന്ധവുമായി ഒത്തുപോകാൻ അപ്പോൾ ക്രിസ്തീയ ചിന്തയ്ക്കു കഴിയുകയില്ല. ഇവിടത്തെ ഭാഷയിലൂടെ മാത്രമേ സഭയുടെ ദൗത്യത്തെക്കുറിച്ചു ഇവിടെ ചിന്തിക്കാനാവൂ. വേദവിജ്ഞാനം സാംശീകരിക്കാൻ മാധ്യമത്തിന്റെ വൈദേശികത്വം പ്രതിബന്ധമുണ്ടാക്കുന്നു. ജർമ്മനി, ഫ്രാൻസ് തുടങ്ങിയ നാടുകളിൽ മാതൃഭാഷയിലൂടെത്തന്നെയാണ് ദൈവശാസ്ത്രബോധനം. അവിടത്തെ ഭാഷയും സംസ്ക്കാരവുമായി ബന്ധപ്പെട്ടല്ലേ ദൈവശാസ്ത്ര വികാസം. ഇവിടെ അതിനു സാധിക്കുന്നില്ല. തന്മൂലം ഒന്നാംകിട ദൈവശാസ്ത്ര ചിന്തകന്മാർ ഉണ്ടാകുന്നില്ല'' (ക്രിസ്തീയ ദൈവശാസ്ത്രം മലയാള മണ്ണിലേക്കു്, 70 വർഷം പുസ്തക പ്രസാധനം, എസ്. എച്ച്. ലിഗ് ആലുവാ 1991 P. 98)

ദാർശനികകൃതികളുടെ പ്രസിദ്ധീകരണഭാരം പേറുക എളുപ്പമല്ല, ഇക്കാര്യം മുൻപറഞ്ഞ സ്മരണികയിൽ ഈ ലേഖകൻ സൂചിപ്പിക്കുന്നുണ്ടു്. ''കത്തോലിക്കാ വൈജ്ഞാനിക മണ്ഡലത്തിലെ ഉൽക്കൃഷ്ടകൃതികൾ പ്രസിദ്ധീകരിക്കാനുള്ള ശ്രമം ഭീമമായ ധനവ്യയത്തിനു ഇടവരുത്തും. അത്തരം കൃതികൾ ചെലവാകുന്നതിനുള്ള സാധ്യതയും കുറവായിരിക്കും. ലാഭനേഷ്ടചിന്തകൂടാതെ വലിയതുകകൾ വൈജ്ഞാനിക കൃതികൾക്കുവേണ്ടി മുടക്കുവാൻ പ്രസാധകന്മാർ മടിക്കും. സ്റ്റേററു ഇൻസ്റ്റിററ്യൂട്ടും സാഹിത്യഅക്കാഡമികളും മുൻകൈയെടുക്കുന്ന വൈജ്ഞാനിക കൃതികളുടെ പ്രസിദ്ധീകരണത്തിനു മററു പ്രസിദ്ധീകരണക്കാർ തയ്യാറാവുകയില്ലല്ലൊ.' [Ibid P 110 ]

ദാർശനിക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, ഇടവക ലൈബ്രറി പ്രസ്ഥാനം എന്നിവ ഈ ലേഖകൻ മുൻകൈയെടുത്തു എസ്. എച്ച് ലീഗു സപ്തതിക്കനുബന്ധമായി ആരംഭമിട്ടതാണ്. തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, ധാർമ്മികശാസ്ത്രം, കാനൻനിയമം തുടങ്ങിയ വിഷയങ്ങൾക്കുള്ള പുസ്തകങ്ങളുടെ രചനയ്ക്കു പലരേയും ഭരമേൽപ്പിച്ചതുമാണ്. ആ പംക്തിയിൽപെട്ട ഒന്നായി 'സഭ—ദൈവത്തിന്റെ ജനം' എന്ന ഈ എളിയ സഭാശാസ്ത്രകൃതി പ്രകാശിതമാകേണ്ടതായിരുന്നു. അതിനു ഭാഗ്യമുണ്ടായില്ല. ദാർശിക ഗ്രന്ഥപ്രസിദ്ധീകരണം എന്ന ഉദ്യമവുമായി നീങ്ങുവാൻ എനിക്കുകഴിഞ്ഞില്ല, 1992-ൽ എസ്. എച്ച്. ലീഗു ഡയറക്ടർ സ്ഥാനത്തോടു വിടപറയേണ്ടിവന്നതുമൂലം. അന്നു ആസൂത്രണം ചെയ്ത പദ്ധതിയുടെ

www.malankaralibrary.com



രൂപരേഖ ഇന്നു എസ്. എച്ച്. ലീഗിന്റെ സപ്തതി സ്മാരക ഗ്രന്ഥത്തിന്റെ താളുകളിൽ ഉറങ്ങുക മാത്രമാണ്.

ക്രിസ്തീയ ദാർശനികകൃതികൾക്ക വേണ്ടിയുള്ള ഈ ലേഖകന്റെ അഭിലാഷം പാറപ്പുറത്തു നട്ട താമരച്ചെടിയായി. നില്ക്കക്കള്ളിയില്ലാതെ വന്നാൽ എന്തുചെയ്യും? ഒരു ചെറിയ ദാർശനിക ദ്വൈവാരിക 1997 ജനുവരി 2-ാം തീയതി ഞാൻ തുടങ്ങി, വിമല പ്രബന്ധാവലി എന്ന പേരിൽ. മുദ്രണത്തിനുള്ള ചില സഹായങ്ങൾ അതിനു തിരുവല്ലാ ബിഷപ്പു ആരംഭത്തിൽ നല്കിയിരുന്നു എന്നു നന്ദിപൂർവ്വം സ്മരിക്കുന്നു. ആ ചാററൽ മഴ വററുവാൻ അധികം താമസം വന്നില്ല. 'സഭ-ദൈവത്തിന്റെ ജനം' എന്ന സഭാ വിജ്ഞാനീയ പരമ്പര തുടങ്ങിയതോടെ സഹായം നിശ്ശേഷം നിലച്ചു.ഈ പ്രസിദ്ധീകരണസംരംഭം ഇന്നു വീർപ്പുമുട്ടുകയാണ്. കടബാധ്യതകൊണ്ടു നട്ടം തിരിയുകയാണ്. സമൂഹത്തിൽ എവിടെയും പണത്തിന്റെ ഒഴുക്ക്! വൈജ്ഞാനിക കൃതികൾക്കുമാത്രം പട്ടിണി! എന്തൊരു ശോച്യത!!

ഒരു അല്മായന്റെ വിലയിരുത്തൽ ഈ കൃതിക്കു വേണമെന്നാണ് ഞാൻ ആഗ്രഹിച്ചതു്. എറണാകുളം ഹൈക്കോടതിയിലെ ഒരു പ്രമുഖനായ അഡ്വക്കേററും തികഞ്ഞ ചിന്തകനും ഗ്രന്ഥാകർത്താവുമാണ് ശ്രീ. അലക്സാണ്ടർ സ്ക്കറിയാ. എന്റെ ആലുവാ വാസക്കാലത്തു ആ സഹൃദയന്റെ സൗഹൃദം അടുത്തറിയാൻ കഴിഞ്ഞിട്ടുണ്ടു. വാർദ്ധക്യത്തേയും ഹൃദ്രോഗത്തേയും അവഗണിച്ചു ഈ കൃതി പരിശോധിക്കുവാനും അവതാരിക എഴുതിത്തരാനും കാണിച്ച സന്മനസ്സു ഞാൻ എന്നും സ്മരിക്കും. ഞങ്ങളുടെ സൗഹൃദത്തിന്റെ സ്മരണയ്ക്കു ഈ അവതാരിക നിലകൊള്ളട്ടെ.

പാലയ്ക്കൽത്തകിടി പി. എസ്. പ്രസ്, തിരുവല്ലാ പടിപുരയ്ക്കൽ പ്രിന്റേഴ്സ് എന്നിവടങ്ങളിലാണ് ഇതിന്റെ അച്ചടി നടത്തിയത്. റവ. ഫാ. കുരുവിള പാറേക്കടവിലിന്റെ ഭാവനയാണ് കവർ ഡിസൈൻ. തിരുവല്ലാ ശ്യാമിലി ഓഫ്സെററു പ്രസ്സ് അതു അടിക്കയും ചെയ്തു. ആ മുദ്രണസ്ഥാപനങ്ങൾക്കും കലാകാരന്മാർക്കും അകമഴിഞ്ഞ കൂപ്പുകൈ.

ദാർശനിക കൃതികളിൽ അററ്പ്പില്ലാത്ത സഹൃദയന്മാർ കുറേപ്പേരെങ്കിലും കാണുമല്ലൊ. അവരുടെ സമക്ഷം ഈ വിനീതോപഹാരം സമർപ്പിക്കുന്നു.

ക്ലേർജീഹോം, പുഷ്പഗിരി, —ഗ്രന്ഥകർത്താ
തിരുവല്ലാ-689101
3-7-1998

www.malankaralibrary.com

അദ്ധ്യായം 1

## ക്രിസ്തുവും ഭൗതികശരീരവും

സ്വർഗ്ഗാരോഹണത്തിനുശേഷം ലോകജീവിതം തുടരുന്ന ക്രിസ്തുവിനെക്കുറിച്ചു ബിഷപ്പു ഫുൾട്ടൻ ജെ. ഷീൻ പറയുന്നുണ്ട്. ചിന്തകനായ ആ ഗ്രന്ഥകർത്താവിന്റെ "ക്രിസ്തുചരിത്രം" (Life of christ) എന്ന അത്യുത്തമകൃതിയുടെ അവസാന അധ്യായത്തിലാണ് ഈ വിവരണം. "Christ Takes on a New Body" എന്ന പ്രസ്തുത ഭാഗം ഏകദേശം താഴെകാണുംവിധം മൊഴിമാററം നടത്താം.

"പരിശുദ്ധാത്മാവു വരും; പഠിപ്പിക്കും; വെളിപ്പെടുത്തും." ക്രിസ്തു നല്കിയ അതേ സത്യങ്ങൾതന്നെയാണു അരൂപി വെളിപ്പെടുത്തുന്നത്. ദിവ്യഗുരുവിന്റെ ഈ മുന്നറിയിപ്പു ഓർത്തു സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ റൂഹായെ നോക്കിപ്പാർത്തു. പരസ്യജീവിതകാലത്തു കർത്താവു പറഞ്ഞിരുന്നു താൻ ഒരുപുതിയശരീരം സ്വീകരിക്കുമെന്ന്. കന്യകാമറിയാമിൽനിന്നു സ്വീകരിച്ചതുപോലെയുള്ള ഭൗതികമായ ഒന്നായിരുന്നില്ല ആ ശരീരം; അതു മഹത്വീകരിക്കപ്പെട്ടു, സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുകയും ചെയ്യുന്നു. പലർ ചേർന്നുള്ള ക്ലബ്ബോ കൂട്ടുകെട്ടോ ആയിരുന്നില്ല ആ ശരീരം, മനുഷ്യരുടെ ഉദാരതയെ ആശ്രയിച്ചായിരിക്കും അത്തരം കൂട്ടത്തിന്റെ നിലനില്പ്പ്. കർത്താവിനാൽ അയയ്ക്കപ്പെട്ടവനാണ് പരിശുദ്ധാത്മാവ്. ആ അരൂപിയാൽ നീതമായ ഒരു സാമൂഹ്യബന്ധമാണ് നിർദ്ദിഷ്ടശരീരം. കർത്താവു ഇതിനെ രാജ്യമെന്നു വിളിച്ചു; വിജാതീയർക്ക് മനസ്സിലാകത്തക്കവണ്ണം പൗലൂസ്ശ്ലീഹാ ശരീരമെന്നു വിളിച്ചു. ഈ ശരീരത്തിന്റെ പ്രകൃതി അവിടുന്നു അപ്പസ്തോലന്മാർക്കു പറഞ്ഞുകൊടുത്തു. ഏഴു സവിശേഷതകളാണിതിനുള്ളത്.

www.malankaralibrary.com



1. ''വീണ്ടും ജനനം'' വേണം ഈ പുതിയ ശരീരത്തിലെ അംഗമായിത്തീരാൻ. ആദാമിൻെറ മക്കളാകുന്നതിനേ മാനുഷികപ്പിറവിമൂലം സാധിക്കുന്നുള്ളു. പുതിയശരീരത്തിലെ അംഗമാകുന്നതിനു ഒരുവൻ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം; അങ്ങനെ ദൈവത്തിൻെറ ദത്തുപുത്രന്മാരാകണം.

2 ഗാനാലാപത്തിലൂടെയോ സാമൂഹ്യസമ്മേളനങ്ങളിലൂടെയോ പ്രഭാഷണശ്രവണത്തിലൂടെയോ ഉണ്ടാകുന്നതല്ല ഈ ശരീരവും ക്രിസ്തുവുമായുള്ള ഐക്യം; പിന്നെയോ അവിടത്തെ ജീവനിൽ പങ്കുചേരുന്നതുവഴി ലഭിക്കുന്നതാണ്.

'' ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആരു എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല.'' (യോഹ. 15: 5)

3 എല്ലാ ജീവവസ്തുക്കളെയും പോലെ ഈശരീരം വളരെ ചെറുതായിരിക്കും. ഒരു ''കടുകുമണി'' പോലെ ചെറുതെന്നാണ് അവിടുന്നു പറയുന്നത്. അതു ലാഘവത്വത്തിൽനിന്നു സങ്കീർണ്ണതയിലേക്കു വളരും. ലോകാവസാനംവരെ വളർച്ച തുടരും.

''ആദ്യംഇല, പിന്നെ കതിർ, തുടർന്നുകതിരിൽ ധാന്യമണികൾ – ഇങ്ങനെ ഭൂമി ഫലം പുറപ്പെടുവിക്കുന്നു''.
(മർക്കോ. 4: 28)

4 പുറമെനിന്നു ഇഷ്ടിക കൊണ്ടുവന്നു ഒന്നിനുമേൽ ഒന്നായി അടുക്കി ഭിത്തികെട്ടിയാണല്ലൊ കെട്ടിടം വിശാലമാകുന്നത്. വ്യക്തികൾ പിന്നെയും പിന്നെയും ചേർന്നാണ് മാനുഷികസംഘടന വളരുന്നത്. ബാഹ്യത്തിൽനിന്ന ആന്തരികതയിലേക്കുള്ള ഈവളർച്ചാരീതിയല്ല ക്രിസ്തുവിൻെറ പുതിയശരീരത്തിൻേറതു. അതു അകത്തുനിന്നു

www.malankaralibrary.com



പുറത്തേക്കു അഥവാ ആന്തരികതയിൽനിന്നു ബാഹ്യത്തിലേക്കു വളരുന്നു, ഭ്രൂണം വളർന്നു മനുഷ്യശരീരമായിത്തീരുന്നതുപോലെ. പുത്രൻ പിതാവിൽനിന്നു ജീവൻസ്വീകരിക്കുന്നു; പുത്രനിൽനിന്നു വിശ്വാസികൾ ജീവൻ സ്വീകരിക്കുന്നു.

"അവരെല്ലാവരും ഒന്നായിരിക്കുവാൻവേണ്ടി പിതാവേ, അങ്ങു എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്നു എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17: 21)

5 കർത്താവുപറഞ്ഞു അവിടുത്തേക്കു ഒരുശരീരം മാത്രമേ ഉള്ളുവെന്ന്; ഒന്നിലധികം ശരീരമുണ്ടായിരിക്കുന്നതു ഒരു ആധ്യാത്മിക ബീഭത്സതയായിരിക്കും. ഒന്നായിരിക്കുന്നതിനു ഒരിടയൻ മതിയാവും. ആടുകളെയും കുഞ്ഞാടുകളെയും മേയിക്കുന്നതിനു അവിടുന്നു ഒരു ഇടയനെ ചുമതലപ്പെടുത്തി. "അങ്ങനെ ഒരാട്ടിൻ പററവും ഒരിടയനുമാകും". (യോഹ. 10: 16)

6 പെന്തിക്കുസ്തിപ്പെരുന്നാളിൽ താൻ സത്യാത്മാവിനെ അയയ്ക്കുന്നതുവരെ തന്റെ ഈപുതിയ ശരീരം മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതല്ലെന്നു അവിടുന്നു അരുളിച്ചെയ്തു: "ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കുവരികയില്ല". (യോഹ. 16: 7)

പെന്തിക്കുസ്തിക്കു മുമ്പോ പിമ്പോ സമാരംഭിച്ച സംഘടനകൾ കാണാം; മാനുഷികചൈതന്യം അതിനുണ്ടായിരിക്കാം; എന്നാൽ പരിശുദ്ധാത്മ ചൈതന്യം അതിനുണ്ടായിരിക്കുകയില്ല.

7 ക്രിസ്തു ലോകത്താൽ വെറുക്കപ്പെട്ടതുപോലെ ഈ പുതിയ ശരീരവും ലോകത്താൽ വെറുക്കപ്പെടും. ലോകത്തിന്റേതായതിനെ ലോകം സ്നേഹിക്കും; ദൈവികമായ

www.malankaralibrary.com



തിനെ അതുദ്വേഷിക്കും. ''ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ ദ്വേഷിക്കുന്നു'' (യോഹ. 15 : 20)

### മൂലബിന്ദു അപ്പസ്തോലന്മാർ

ഈ രഹസ്യാത്മക ശരീരത്തിന്റെ മൂലബിന്ദു അപ്പസ്തോലന്മാരാണ്. അവിടുന്നുപരിശുദ്ധാത്മാവിനെ അയച്ചതു അവരിലേക്കാണ്. ആ അസംസ്കൃതവസ്തുവാണു ക്രിസ്തുവിന്റെ തുടരുന്ന ശരീരമായി രൂപാന്തരപ്പെട്ടത്. അവിടുന്നു പോയപ്പോൾ അവരാണുപ്രതിനിധികളായിത്തീർന്നത്. സുവിശേഷവൽക്കരണത്തിനുള്ള ദൗത്യം അവർക്കാണു കിട്ടിയത്. അവർ ജീവബിന്ദുവായിട്ടുള്ള പുതിയശരീരമാണ് ക്രിസ്തുവിന്റെ വ്യക്തിത്വം നൂററാണ്ടുകളായി പുലർത്തേണ്ടത്.

### മനുഷ്യശരീരഘടനയിലെ മൂലകങ്ങളും ആത്മാവും

പരിശുദ്ധാത്മാവിന്റെ ആവസിപ്പു ഉണ്ടാകുന്നതുവരെ അപ്പസ്തോലന്മാർ രാസവിദ്യാപരീക്ഷണശാലയിലെ മൂലകങ്ങൾ മാത്രമായിരുന്നു. മനുഷ്യശരീരഘടനയിലെ മൂലകങ്ങൾ എന്തെല്ലാമെന്നു ശാസ്ത്രത്തിനു പൂർണ്ണമായും അറിയാം. ഏകീകരണകേന്ദ്രമായ ആത്മാവിനെ പ്രദാനംചെയ്യുന്നതിനുള്ള കഴിവുകേടുകൊണ്ടു പരീക്ഷണശാലയ്ക്കു മനുഷ്യസൃഷ്ടി സാധ്യമല്ല. രാസവസ്തുക്കൾക്കു മനുഷ്യജീവൻ നല്കാൻ ആവതില്ലാത്തതുപോലെ സഭയ്ക്കു ദിവ്യജീവൻ കൊടുക്കുവാൻ അപ്പസ്തോലന്മാർക്കും സാധ്യമല്ല. അവരുടെ ദൃശ്യമാനുഷികഘടകത്തെ ഏകീകരിക്കുന്നതിനു ദൈവത്തിന്റെ പരിശുദ്ധാത്മാവുവേണം.

www.malankaralibrary.com



## പവിത്രാത്മാവിൻെറ വരവും ക്രിസ്തു പൂർണ്ണതയും

സ്വർഗ്ഗാരോഹണത്തിനു പത്തുദിവസത്തിനുശേഷം ദിവ്യരക്ഷകൻ അവരിലേക്കു പവിത്രാത്മാവിനെ അയച്ചു. ഒരു പുസ്തകത്തിൻെറ ആകൃതിയിലായിരുന്നില്ല; പിന്നെയോ അഗ്നിനാവുകളുടെ സാദൃശ്യത്തിൽ. ഭ്രൂണത്തിലുള്ള സെല്ലുകളിന്മേൽ ദൈവത്തിൻെറ ജീവശ്വാസം വീഴുമ്പോഠം ഒരു മനുഷ്യജീവനായിരൂപാന്തരപ്പെടുന്നതു പോലെ ഒന്നാക്കിത്തീർക്കുന്ന പരിശുദ്ധ റൂഹാ ആവസിച്ചപ്പോഠം അപ്പസ്തോലന്മാർ ക്രിസ്തുവിൻെറ ദൃശ്യ ശരീരമായിമാറി. ക്രിസ്തുവിൻെറ ഈമൗതിക ശരീരത്തെ പാരമ്പര്യത്തിലും വി. ലിഖിതങ്ങളിലും ''ക്രിസ്തുപൂർണ്ണത'', ''ക്രിസ്തുവിൻെറ തികവു'' എന്നെല്ലാം വിളിക്കുന്നു.

ക്രിസ്തുവിൻെറ ഈപുതിയശരീരം പരസ്യമായി ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു. ദൈവത്തിൻെറ പുത്രൻ മാതാവിൻെറഗർഭത്തിൽനിന്നു മനുഷ്യരൂപം സ്വീകരിച്ചപ്പോഠം പരിശുദ്ധാത്മാവിൻെറ ആവസിപ്പുണ്ടായതുപോലെ പെന്തിക്കസ്തിദിവസം അവൻ മനുഷ്യസമൂഹത്തിൻെറ ഗർഭപാത്രത്തിൽനിന്നു മൗതികശരീരം സ്വീകരിച്ചപ്പോഠം പരിശുദ്ധാത്മാവിൻെറ ആവസിപ്പുണ്ടായി. മനുഷ്യശരീരമെടുത്തകർത്താവ് പഠിപ്പിക്കയും വിശുദ്ധീകരിക്കയും നയിക്കുകയും ചെയ്തതുപോലെ ഇന്നും അവിടത്തെ സഭയാകുന്ന ശരീരത്തിലൂടെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കയും നയിക്കയും ചെയ്യുന്നു.

### മൗതികശരീരം

ഈപുതിയശരീരം മനുഷ്യശരീരം പോലെയോ കുമ്പുകളുടെ കൂട്ടുകെട്ടുപോലെയോ അല്ല. പരിശുദ്ധാത്മാവു ഇതിനെ ഏകീഭവിപ്പിക്കുന്നതുകൊണ്ടു ഇതു സ്വർഗ്ഗീയ

www.malankaralibrary.com



മാണ്; ആത്മീയമാണ്. തന്മൂലം ഇതിനെ രഹസ്യാത്മ ശരീരം, മൗതികശരീരം (Mystical Body) എന്നു വിളിക്കുന്നു. ആയിരക്കണക്കിനു സെല്ലുകൾകൊണ്ടു നിർമ്മിതമായിരിക്കുന്നമനുഷ്യശരീരത്തെ ജീവത്താക്കുന്നതു ആത്മാവാണ്. ദൃശ്യമായ ശിരസ്സിന്റെ അഗ്രാസനത്വത്തിലും അദൃശ്യമായ മനസ്സിന്റെ ഭരണത്തിലും ശരീരം നടത്തപ്പെടുന്നു.

ക്രിസ്തുവിന്റെ സഭയാകുന്ന മൗതികശരീരം ആയിരക്കണക്കിനു വ്യക്തികളാൽ സംയോജിതമായിരിക്കുന്നു. മാമോദീസായിലൂടെ പരിശുദ്ധാത്മാവു അവരെ ഒന്നിപ്പിക്കുന്നു. ദൃശ്യനായ ഒരുതലവന്റെ കീഴിലും അദൃശ്യനായ ഉയിർത്തെഴുന്നേററ കർത്താവിന്റെ ഭരണത്തിലും അവർ ശക്തരാകുന്നു.

### സഭാമർദ്ദനം ക്രിസ്തുപീഡനംതന്നെ

ക്രിസ്തുവിന്റെ തുടർച്ചതന്നെയാണ് മൗതികശരീരം. വി. പൗലോസ് ഈസത്യം മനസ്സിലാക്കി. സാവൂളിനേക്കാൾ ഉപരി കർത്താവിനെ ദ്വേഷിച്ചിട്ടുള്ള ഒരുവൻ ഒരു പക്ഷേ ഉണ്ടായിക്കാണുകയില്ല. സവൂളിനോടു ഏററുമുട്ടാൻ കരുത്തനായ ഒരു പ്രതിയോഗിയെ അയച്ചുതരണമെന്നു ക്രിസ്തുവിന്റെ രഹസ്യാത്മക സമൂഹത്തിലെ ആദിമഅംഗങ്ങൾ പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന കേൾക്കപ്പെട്ടു. സാവൂളിനെ എതിരിടാൻ പൗലൂസിനെയാണു അവർക്കുനല്കപ്പെട്ടത്. കർത്താവിന്റെ സഭയിലെ അംഗങ്ങളെ വേട്ടയാടുവാൻ ഈമതമർദ്ദകൻ ഒരിക്കൽ ഡമാസ്കസിലേക്കു പോവുകയാണ്. സ്വർഗ്ഗാരോഹണത്തിനുശേഷം കുറച്ചുകാലമേ ആയിരുന്നുള്ളു. പെട്ടെന്നു ഒരു മിന്നൽ പ്രവാഹം സാവൂളിനെ തട്ടിമറിച്ചിട്ടു; അവൻ ഭൂമിയിൽ മറിഞ്ഞുവീണു. ഒരു സ്വരം അവൻ കേട്ടു:

www.malankaralibrary.com



''സൗാം, സൗാം, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?'' (അപ്പ. പ്ര. 9: 4)

അവൻ ചോദിച്ചു;

''കർത്താവേ, അങ്ങു ആരാണ് ?''

ശബ്ദം പ്രത്യുത്തരിച്ചു:

'' നീ പീഡിപ്പിക്കുന്നയേശുവാണുഞാൻ '' (അ. പ്ര. 9: 5)

കർത്താവു മഹത്വീകരിക്കപ്പെട്ടു പിതാവിൻെറ വലത്തു ഭാഗത്തു ഇരിക്കുന്നവനാണ്. സാവുളിന് എങ്ങനെ കർത്താവിനെ പീഡിപ്പിക്കാൻകഴിയും ? സാവൂം, സാവൂം, നീ എന്നെ പീഡിപ്പിക്കുന്നതെന്തു എന്നസ്വരം എന്തുകൊണ്ടുസ്വർഗ്ഗത്തിൽനിന്നുകേരംക്കപ്പെട്ടു.

തൻെറ ശരീരത്തെ പോരം അടിക്കുമ്പോരം തന്നെത്തന്നെയാണു അടിക്കുന്നത് എന്നത്രേ കർത്താവു പറയുന്നത്. കർത്താവിൻെറ ശരീരത്തെ മർദ്ദിച്ചപ്പോരം അദൃശശിരസ് സംസാരിക്കയും പ്രതിഷേധിക്കയുംചെയ്തു. ലോകത്തിൽ ജീവിച്ചിരുന്ന കാലത്തു കർത്താവു ആവശ്യക്കാരുടെ വ്യക്തിപരമായ കാര്യങ്ങരം നിറവേററിക്കൊടുത്തതു മാനുഷികശരീരത്തിലൂടെയാണ്. ഇന്നതുനിർവ്വഹിക്കുന്നതു സഭയാകുന്ന മൗതിക ശരീരത്തിലൂടെയാണ്.

ഇന്നും കർത്താവു ജീവിക്കുന്നു — പഠിപ്പിക്കയും വിശുദ്ധീകരിക്കയും നയിക്കയും ചെയ്യുന്നു; യൂദയായിലും ഗലീലിയിലും ചെയ്തതുപോലെതന്നെ. ഏതെങ്കിലും സുവിശേഷഗ്രന്ഥം രൂപപ്പെടുന്നതിനുമുമ്പുതന്നെ റോമാസാമ്രാജ്യമാസകലം സഭയാകുന്ന മൗതികശരീരം സ്ഥാനം പിടിച്ചിരുന്നു. പുതിയനിയമം സഭയിലൂടെ വരികയായിരുന്നു; സഭ പുതിയ നിയമത്തിൽനിന്നു വരികയായിരുന്നില്ല. ഈ ശരീരത്തിനു ജീവൻെറ നാലു ലക്ഷണങ്ങളുണ്ട്. ഒന്ന്. ഐക്യം. പെന്തിക്കുസ്തിയിലൂടെ ലഭ്യ

www.malankaralibrary.com



മായ പവിത്രാരൂപി ഇതിനെ ഒരാത്മാവിൽ ജീവിപ്പിക്കുന്നു. കേന്ദ്രത്തെ ലക്ഷ്യമാക്കി നീങ്ങാൻ പ്രവണത നല്കുന്നവിശ്വാസത്തിലും അധികാരത്തിലുമുള്ള ഐക്യം സഭാജീവിതത്തെ ഏകമാക്കുന്നു. രണ്ട്, കാതൊലികം. വർണ്ണത്തിന്റെയോ വംശത്തിന്റെയോ പരിഗണനകൂടാതെ രക്ഷിക്കപ്പെട്ട എല്ലാവിശ്വാസികളെയും ഉൾക്കൊള്ളുവാനുള്ള കേന്ദ്രഭ്രംശിയായ ഒരുശക്തിയാണിത്. മൂന്ന്, വിശുദ്ധി. ഛിദ്മത്തിൽനിന്നും പാഷണ്ഡതയിൽനിന്നും ഒഴിഞ്ഞു അരോഗതയിലും പരിശുദ്ധിയിലും ഉറച്ചുനിൽക്കുന്ന അവസ്ഥയാണിത്. ഓരോ വ്യക്തിയിലുമല്ല സഭയിലാകമാനമാണിതുള്ളതു. പരിശുദ്ധ റൂഹാ സഭയുടെ ആത്മാവായിരിക്കുന്നതുകൊണ്ട ആത്മാക്കളുടെ വിശുദ്ധീകരണത്തിനു ദിവ്യഉപകരണമായിരിക്കാൻകഴിയും. പൊടിപിടിച്ചജനാലയിലൂടെ കടന്നുപോകുന്നതുകൊണ്ടു സൂര്യപ്രകാശത്തിനുമങ്ങലുണ്ടാകുന്നില്ല. കൈകാര്യം ചെയ്യുന്നവരുടെ ദുർബ്ബലതമൂലം വിശുദ്ധക്കൂദാശകളുടെ വിശുദ്ധീകരണശക്തി ഇല്ലാതാവുന്നില്ല. നാല്, ശ്ലൈഹികം. ജീവൻ ജീവനിൽനിന്നു വരുന്നു. കർത്താവിന്റെ മൗതികശരീരം ശ്ലൈഹികം അഥവാ അപ്പസ്തോലികമാണ്. ചരിത്രപരമായി ഇതിന്റെ വേരു ക്രിസ്തുവിൽനിന്നുതന്നെയാണ്, കാലംകഴിഞ്ഞുണ്ടായിട്ടുള്ള മററുള്ളവരിൽനിന്നല്ല. ഉത്ഥാനത്തിനു ദൃക്സാക്ഷിയും ശ്ലീഹന്മാർക്ക തോഴനുമായ ഒരുവനെ യൂദായ്ക്കപകരമായി തിരഞ്ഞെടുക്കണമെന്നു ആദിമസഭ നിശ്ചയിച്ചതു അതുകൊണ്ടാണ്.

''അതിനാൽ കർത്താവായയേശുവിന്റെ പുനരുദ്ധാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനംമുതൽ നമ്മിൽനിന്നു ഉന്നതങ്ങളിലേക്കു സംവഹിക്കപ്പെട്ടനാൾവരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്നകാലം മുഴുവനും നമ്മുടെകൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ''

(അപ്പ. പ്ര. 1: 21 – 22)

www.malankaralibrary.com

## വ്യത്യസ്ത മുഖങ്ങൾ

മനുഷ്യാവതാരത്തിൽ ശൂന്യനാക്കപ്പെട്ട കർത്താവ് പെന്തിക്കുസ്തിയിൽ സമ്പൂർത്തിയിലെത്തി. ആ രത്നത്തിന്റെ ഒരുചെത്തുമുഖം മാത്രമാണ് ശൂന്യവൽക്കരണം; വധുവും മൗതികശരീരവുമായ സഭയിലൂടെയുള്ള അവിടത്തെ പിന്തുടർച്ച വേറൊരു മഹനീയ മുഖമാണ്. സൂര്യവെളിച്ചത്തിന്റെയും ചൂടിന്റെയും ശൂന്യവൽക്കരണം ഉജ്വലരശ്മികളാംകൊണ്ടു ഭൂമിയെ നിറയ്ക്കാൻ നിലവിളിക്കുന്നതുപോലെ ക്രിസ്തുവിന്റെ കീഴ്പ്പോട്ടുള്ള ഇറങ്ങലിന്റെ പൂർണ്ണത വി. പൗലോസ് "പൂർണ്ണത" എന്നുവിളിക്കുന്ന സഭയിൽ കണ്ടെത്തുന്നു.

## മൗതികശരീരത്തിലെ ജീവൻ കാണാൻ കഴിവില്ലെന്നോ?

അക്കാലത്തുജീവിച്ചിരുന്നെങ്കിൽ ക്രിസ്തുവിൽ വിശ്വസിക്കുമായിരുന്നു എന്നുപറയുന്നവരുണ്ട്. കൂടുതൽമേന്മയൊന്നും ആപറച്ചിലിലില്ല. മൗതികശരീരത്തിൽ അവിടത്തെ ദൈവികജീവൻ കാണാൻ കഴിയാത്തവർക്കു മാനുഷികശരീരത്തിലും അതുകാണാനാവില്ല. മൗതികശരീരത്തിലെ ചില സെല്ലുകളെക്കുറിച്ചു അപവദിക്കലുണ്ടെങ്കിൽ അവിടത്തെ മാനുഷികശരീരത്തെക്കുറിച്ചും അതാകാം. കുരിശാരോഹണത്തിലെ മാനുഷികഭാവത്തിൽ അടങ്ങിയിട്ടുള്ളദിവ്യത്വം കാണാൻ വിശ്വാസക്കരുത്തുതന്നെവേണം. ഗലീലയൻ ആയിരുന്നപ്പോഠം അവിടുന്നു സ്ഥാപിക്കാനൊരുമ്പെട്ട രാജ്യത്തെയോ കുരിശാരോഹണത്തിനുശേഷം പരിശുദ്ധാരൂപിയിലൂടെ അവിടുന്നു ശുദ്ധീകരണം സാധിക്കുന്ന മൗതികശരീരത്തെയോ വിശ്വസിക്കുന്നതിന്ന ഉറച്ചബോദ്ധ്യം വേണം. ദൃശ്യതലവനിലും മൗതികശരീരത്തിലുംകൂടി ശിരസ്സായ അദൃശ്യനായ ക്രിസ്തു പഠിപ്പിക്കുകയും വിശുദ്ധീകരിക്കയും നയിക്കയും ചെയ്യുന്നുവെന്നു ബോദ്ധ്യപ്പെടാൻ തികഞ്ഞവിശ്വാസം വേണം. ഓരോഅവസരത്തിലും

www.malankaralibrary.com



'' ഉയരത്തിലേക്കുയർത്തൽ '' ആവശ്യമാണ്. മനുഷ്യനെ രക്ഷിക്കുന്നതിനു അവിടുന്നു കുരിശിന്മേൽ ഉയർത്തപ്പെടണമെന്നു നിക്കോദിമോസിനോടു ക്രിസ്തു പറഞ്ഞു. പരിശുദ്ധാത്മാവിനാൽ മനുഷ്യനെ വിശുദ്ധീകരിക്കുന്നതിനു സ്വർഗ്ഗാരോഹണത്തിലൂടെയുള്ള ഒരു'' ഉയർത്തൽ'' അവിടത്തേക്കു ആവശ്യമായിരുന്നു.

### മുമ്പും പിമ്പുമുള്ള ചരിത്രം

ക്രിസ്തു ഭൂമിയിലൂടെ സഞ്ചരിക്കുന്നു, ഇന്നു മൗതികശരീരത്തിലൂടെ, അന്നു മാനുഷികശരീരത്തിലൂടെ. സഭയ്ക്കു മുമ്പുള്ള ചരിത്രമാണ് സുവിശേഷം, സഭ സുവിശേഷത്തിനുശേഷമുള്ള ചരിത്രമാണ്. ബേത്ലഹേമിലെന്നവണ്ണം അവിടത്തേക്കു ഇന്നും സത്രം നിഷേധിക്കപ്പെടുന്നു. പുതിയ ഹേറോദുമാർ അവിടുത്തെനേരെ വാളുവീശുന്നു; മററു ചെകുത്താന്മാർ എളുപ്പവഴിക്കും ജനപ്രീതിക്കും കുരിശിൽനിന്നും പരിത്യാഗത്തിൽനിന്നുമുള്ള ഒളിച്ചോട്ടത്തിനുമായി പ്രലോഭിപ്പിക്കുന്നു; വിജയത്തിൻെറ കുരുത്തോലപ്പെരുന്നാളു ഉണ്ടാകുന്നു, എല്ലാം ദുഃഖവെള്ളിയാഴ്ചയുടെ ആമുഖമായിമാത്രം; സീസറിൻെറ ശത്രുവാണ്, ദേശദ്രോഹിയാണ്, വിപ്ലവകാരിയാണ് എന്നെല്ലാമുള്ള ചാർജുഷീററുകൾ ഉയരുന്നു; പുറമെ കല്ലെറിയപ്പെടുന്നു, അകമെ സ്വസഹോദരന്മാരാൽ ആക്രമിക്കപ്പെടുന്നു; അപ്പസ്തോലന്മാരെന്നു വിളിക്കപ്പെടുന്ന യൂദാസുമാർ മാത്രമല്ല, അവിടത്തെ ഒററിക്കൊടുക്കുകയും ശത്രുക്കൾക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നത്; അവിടത്തെ പുകഴ്ത്തിയിട്ടുള്ള ചില അനുയായികൾ. ''ജീവൻെറ അപ്പ''ത്തെക്കുറിച്ചുള്ള പ്രബോധനം കേട്ടപ്പോൾ ഇതുകട്ടിയാണ് എന്നു പറഞ്ഞു പോയി.

### മൗതികശരീരത്തിൽ മരണങ്ങളും പുനരുത്ഥാനങ്ങളും

മരണംകഴിഞ്ഞാണ് '' പുനരുത്ഥാനമുണ്ടായത്. ''

www.malankaralibrary.com



അവിടത്തെ മൗതികശരീരത്തിന്റെ ചരിത്രത്തിൽ ആയിരക്കണക്കിനു മരണങ്ങളും അത്രയുംതന്നെ ഉത്ഥാനങ്ങളുമുണ്ട്. മരണശിക്ഷ നടത്തുന്നതിനുള്ള മണിയടിവിളംബരം എപ്പോഴും നടക്കുന്നുണ്ട്. എന്നാൽ മരണശിക്ഷനടത്തൽ അനന്തമായി മുന്നോട്ടുനീളുകയാണ്.

### മൗതികശരീരം ഒടുങ്ങിയാൽ മഹത്വീകരിക്കപ്പെടുകയും ചെയ്യും.

അവസാനം ഒരിക്കൽ ഒരുസാർവ്വത്രികമർദ്ദനത്തിന്റെ ഫലമായി ക്രിസ്തുവിന്റെ മൗതികശരീരം ഒടുങ്ങിയെന്നു വരാം; പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ രാഷ്ട്രത്തിന്റെ സർവ്വശക്തിയുടെ ക്രൂരതയാൽ അവിടത്തെ മാനുഷികശരീരം പീഡയേററതുപോലെ. അന്ന് ഏബ്രഹാമിനെപ്പററിയും ജറുസലേമിനെപ്പററിയും മുന്നറിയിച്ചിട്ടുള്ളതെല്ലാം ആധ്യാത്മിക സമ്പൂർത്തിയിലെത്തുകയും അവിടത്തെ മാനുഷികശരീരം മഹത്വീകരിക്കപ്പെട്ടതുപോലെ മൗതികശരീരവും മഹത്വീകരിക്കപ്പെടുകയും ചെയ്യും. വി. യോഹന്നാൻ ആ അവസ്ഥയെ വിവരിക്കുന്നു:

" അവസാനത്തെ ഏഴുമഹാമാരികൾ നിറഞ്ഞ ഏഴു പാത്രങ്ങൾ പിടിച്ചിരുന്ന ഏഴുദൂതന്മാരിൽ ഒരുവൻ വന്ന് എന്നോടു പറഞ്ഞു: വരു; കുഞ്ഞാടിന്റെ മണവാട്ടിയെ നിനക്കു ഞാൻ കാണിച്ചുതരാം. അനന്തരം അവൻ ഉയരമുള്ള വലിയ ഒരു മലയിലേക്കു ആത്മാവിൽ എന്നെ കൊണ്ടുപോയി. സ്വർഗ്ഗത്തിൽ നിന്നു, ഇറങ്ങിവരുന്ന വിശുദ്ധനഗരിയായ ജറുസലേമിനെ എനിക്കു കാണിച്ചുതന്നു. അതിനു ദൈവത്തിന്റെ തേജസ്സുണ്ടായിരുന്നു. അതിന്റെ തിളക്കം അമൂല്യമായരത്നത്തിനും സൂര്യകാന്തക്കല്ലിനുമൊപ്പം. അതു സ്ഫടികം പോലെ നിർമ്മലം. അതിനു ബൃഹത്തും ഉന്നതവുമായ മതിലും പന്ത്രണ്ടു കവാടങ്ങളുമുണ്ടായിരുന്നു. ആകവാടങ്ങളിൽ പന്ത്രണ്ടുദൂതന്മാർ, കവാടങ്ങളിൽ ഇസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ എഴുതപ്പെട്ടിരുന്നു. കിഴക്കു ;

www.malankaralibrary.com



ന്നുകവാടങ്ങളും, വടക്കു മൂന്നുകവാടങ്ങളും, തെക്കു മൂന്നുകവാടങ്ങളും, പടിഞ്ഞാറു മൂന്നുകവാടങ്ങളും. നഗരത്തിന്റെ മതിലിനു പന്ത്രണ്ടു അടിസ്ഥാനങ്ങളും ഉണ്ടായിരുന്നു, അവയിന്മേൽ കുഞ്ഞാടിന്റെ പന്ത്രണ്ടുഅപ്പസ്തോലന്മാരുടെ പേരുകളും''

(വെളിപാടു 1: 9–14)

''ജനതകളും തങ്ങളുടെ മഹത്വവും പ്രതാപവും അതിലേക്കു കൊണ്ടുവരും. എന്നാൽ കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർമാത്രമേ അതിൽ പ്രവേശിക്കൂ'' (വെളിപാട് 21: 26–27)

ഇതു സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു: ഞാൻ വേഗം വരുന്നു. ആമേൻ, കർത്താവായയേശുവേ, വരണമേ!

''കർത്താവായയേശുവിന്റെ കൃപ എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.'' (വെളി. 22: 20–21)

### വലിയ വേദോപദേശത്തിലെ സഭാനിർവ്വചനം

''സഭ–ക്രിസ്തുവിന്റെ മൗതികശരീരം'' (Mystical Body of Christ) എന്ന സിദ്ധാന്തമാണ് മുകളിൽ സംഗ്രഹിച്ചിരിക്കുന്നത്''. പത്താം പീയൂസ് പാപ്പായുടെ കാലത്തു 1905–ൽ പ്രസിദ്ധപ്പെടുത്തിയ വലിയ വേദോപദേശം (Larger Catechism) നല്കുന്ന സഭാനിർവ്വചനം ഏറെ ലളിതമാണ്, അതിൽ പറയുന്നു.

''കത്തോലിക്കാതിരുസ്സഭ എന്നാൽ ഭൂലോകത്തിൽ യാത്രക്കാരും, ഈശോമിശിഹായുടെ ഒരേവിശ്വാസവും പ്രമാണവും അനുസരിച്ചു ഓരേകൂദാശകളേയും കൈക്കൊണ്ടു നടക്കുന്നവരും ന്യായപ്രകാരമുള്ള തങ്ങളുടെ ഇടയന്മാരെയും പ്രത്യേകിച്ചു റോമാ മേൽപ്പട്ടക്കാരനെയും കീഴ്വഴങ്ങുന്നവരുമായ ജ്ഞാനസ്നാനപ്പെട്ട സകലരുടെയും സഭ അഥവാ സമ്മേളനം ആകുന്നു.''

www.malankaralibrary.com



''തിരുസ്സഭയുടെ ഒരു അംഗമാകുവാൻ ജ്ഞാനസ്നാനപ്പെടുകയും ഈശോമിശിഹായുടെ ഉപദേശത്തെ വിശ്വസിച്ചു അനുസരിക്കുകയും ഒരേകൂദാശകളെത്തന്നെ കൈക്കൊള്ളുകയും മാർപ്പാപ്പായേയും മററു ന്യായപ്രകാരമുള്ള ഇടയന്മാരെയും സമ്മതിക്കയും ചെയ്വാൻ ആവശ്യമായിരിക്കുന്നു.'' (വലിയ വേദോപദേശം, ഐ. എസ്. എസ് പ്രസ്സ്, എറണാകുളം, 1937 P 36.)

## എക്യുമെനിക്കൽ കൗൺസിൽ നല്കുന്ന സഭാസ്വരൂപം.

സഭയുടെ സമുജ്വലചിത്രം നല്കുന്നതിലാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ സവിശേഷത. സഭയുടെ വ്യക്തിത്വം അവിടെ വ്യക്തമാക്കുന്നു; സഭയും ലോകവുമായുള്ള ബന്ധം വെളിപ്പെടുത്തുന്നു; സഭകൾ തമ്മിലുള്ള അടുപ്പം എടുത്തുകാട്ടുന്നു; സഭൈക്യത്തിനു മുൻതൂക്കംകൊടുക്കുകയും ചെയ്യുന്നു; ലോകമതങ്ങളോടുള്ള സമീപനത്തിലേക്കു ദൃഷ്ടിതിരിക്കുന്നുമുണ്ട്. ''ദൈവത്തിൻെറ ജനം'' എന്നനിലയിലാണു സഭ പരാമർശിതമായിരിക്കുന്നത്. ''രക്ഷയുടെ കൂദാശ'' ''ക്രിസ്തുവിൻെറ ശരീരം'', ''മിശിഹായുടെ മണവാട്ടി'' ''പരിശുദ്ധാത്മാവിൻെറ ആലയം'' എന്നീ വിശേഷണങ്ങളുടെ നിഗൂഢതകൾ വെളിപ്പെടുത്തുന്നുമുണ്ട്. ഏകം, വിശുദ്ധം, കാതോലികം, ശ്ലൈഹികം എന്നീലക്ഷണങ്ങളുടെ അഗാധതതുറന്നുകാണിക്കുകയും ചെയ്യുന്നു. എക്യുമെനിക്കൽ കൗൺസിലിൻെറ വാക്യങ്ങളിലൂടെത്തന്നെ സഭാസ്വരൂപം കാണിച്ചുതരികയാണ് തുടർന്നുവരുന്ന പതിമ്മൂന്നു അദ്ധ്യായങ്ങളിൽ.

www.malankaralibrary.com



## അനുബന്ധം 1

(ഓരോ അദ്ധ്യായത്തിനും അനുയോജ്യമായി ആരാധനാക്രമത്തിൽനിന്നുള്ള ഉദ്ധരണികളാണ് അനുബന്ധത്തിലുള്ളത്. സഭാപ്രബോധനവും ലിററർജിയും എത്രമാത്രം ഒത്തുപോകുന്നുവെന്നു ഇതുവെളിപ്പെടുത്തും.)

### 1 ക്രിസ്തു സഭയിൽ വസിക്കുന്നു.

''വിണ്ണുലകിന്നരചൻ താൻ
തൻസഭയെ പണിതതിനെ
ആക്കിത്തന്നാസ്ഥാനം
പുക്കതിനുള്ളേവാണു
കർത്താതന്നൊടു സംസാ–
രിക്കേണ്ടുന്നവരെല്ലാം
സഭയുറപ്പൂകട്ടെയിതാ
താനതിൽ മേവീടുന്നു
ഹാലേലുയ്യാ – ഉ – ഹാലേലുയ്യാ
സഭയെവളർത്തീടുന്നവനേ
കൃപചെയ്തീടടിയാരിൽ''

(കൃംതാക്രമം, രാത്രി, ഒന്നാം കൗമ്മാ)

### 2 പരിശുദ്ധാത്മാവിൻെറ വരവും സഭയുടെ പിറവിയും

''മേലിൽനിന്നാശ്വാസപ്രദനെ
ശ്ലീഹന്മാർ പ്രാപിച്ചപ്പോഠം
നൂതനഭാഷകഠംസംസാരിച്ചാർ
അദൃശ്യബലം സംപ്രാപിച്ചു
ആശ്വാസകരം ഭൗത്യത്തെ
അവർപോയ് സൃഷ്ടിയിൽഘോഷിച്ച
പലജാതികളെ ശിഷ്യരാക്കി
താ–താത്മജവിമലാത്മാവിൻ
നാമത്തിൽ സ്നാനം നല്കി''

(പെന്തിക്കൊസ്തിക്രമം, കോലോ)

www.malankaralibrary.com



### 3 അപ്പസ്തോലന്മാർ

### അടിസ്ഥാന ശിലകൾ

''വിശ്വാസത്തിന്റെ ശില്പികളും വിശുദ്ധസഭയുടെ വിധാതാക്കളുമായ അനുഗൃഹീത ശ്ലീഹന്മാരേ, നിങ്ങൾ ജീവനുള്ള ആത്മാവാകുന്ന വീഞ്ഞുകുടിച്ചാനന്ദിക്കുവിൻ. അന്ധകാരത്തിൽപ്പെട്ട ജാതികൾക്ക നിങ്ങൾ വെളിച്ചമായിരിപ്പിൻ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹിതത്രിത്വത്തെ നിങ്ങൾ പ്രസംഗിക്കുവിൻ. അവർ മൂന്നാളുകളിലായി ഏകപരമസാരാംശവും ഏകപൊരുളുമാകുന്നു.''

(പെന്തിക്കൊസ്തിക്രമം, ഗീതം, ആണ്ടുതക്സാ.)

### 4 പരിശുദ്ധറൂഹാ പകരുന്നശക്തി

''നിഗൂഢരഹസ്യങ്ങൾക്കു അതിരു കുറിക്കപ്പെട്ട ഈ വിശുദ്ധ പെരുന്നാളിൽ മാളികയിൽവെച്ചു അഗ്നിനാവുകളുടെ രൂപത്തിൽ ആശ്വാസപ്രദനായറൂഹാ ശിഷ്യന്മാരുടെ അടുത്തേക്കിറങ്ങിവന്ന് ജ്ഞാനം, ശക്തി, സഹായങ്ങൾ എന്നിവയാലും എല്ലാവിധ ദാനങ്ങൾകൊണ്ടും അവരെ നിറച്ചു.''

(പെന്തിക്കൊസ്തിക്രമം, കോലോ, ആണ്ടുതക്സാ)

### 5 സഭയ്ക്കുക്രിസ്തു നല്കുന്ന വാഗ്ദാനം

''........... കർത്താവു തന്റെ സഭയോടു സത്യം ചെയ്തിരിക്കുന്നതെന്തെന്നാൽ 'നിന്നെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല. വിശ്വസ്തയായസഭയേ, നിന്റെ കോട്ടകൾ എല്ലാസമയവും എന്റെ മുൻപാകെയുണ്ടു. നിന്നിൽ ഞാൻ വസിക്കയും ചെയ്യുന്നു''

(ശ്ഹീമോ, ചൊവ്വാ, സന്ധ്യ)

### 6 അഭിമുഖദർശനം

''ദൈവാലയമുറ്റംപണിചെയ്താർ
സിദ്ധരുമൊത്തങ്ങേരാജ്യേ
പന്തിയിരുന്നവരും
മോദമടങ്ങേ ദർശിക്കും''

(ശ്ഹീമോ, മെനഓലം, ശനി, പ്രഭാതം)

www.malankaralibrary.com



### 7 സഭയ്ക്കു നൽവരങ്ങൾ

"........ ഇന്നു വിശ്വസ്തസഭ അതിനെ അലങ്കരിച്ച പരിശുദ്ധാത്മദാനത്താൽ നാഥനെ സ്തുതിക്കുന്നു. ........ ദൈവമേ, നിൻെറ ശക്തി മഹത്തരമാകുന്നു. നിൻെറ അത്ഭുതങ്ങൾ സ്തുത്യർഹങ്ങളാകുന്നു. നിൻെറ ആത്മാവാൽ നിൻെറ സഭയ്ക്കു നല്‌വരങ്ങൾ നീ നല്‌കിയിരിക്കുന്നു ........ "(പെങ്കീസാ, പെന്തിക്കൊസ്തി, പ്രഭാതം)

### 8 ക്രിസ്താനുഭവം സഭയിൽ

"ആരേമിന്നലുടുത്തവർ നോക്കുകിലെരിയുന്നുടനെ
അവനെമൺമയർ—ഭക്ഷിച്ചുമുഖം തെളിയുന്നേററം
എരിതീപുത്രര—ഹസ്യങ്ങളഹോ—വിണ്ണവരിടയിൽ
എശായാതാൻ കണ്ടിവനമ്മൊടു—സാക്ഷിക്കുന്നു."

(കുർബ്ബാനക്രമം)

### 9 മനുഷ്യമക്കളുടെ ഭാഗ്യം

"ക്രോബേന്മാരുടെ—തേരതുപോലെ—സ്ഥിരമീമദ്ബഹാ
സ്വർഗ്ഗത്തിൻസേ- നകളുണ്ടതിനെ—ച്ചുററിക്കൊണ്ടു"
ദൈവസുതൻ തിരു—മേനിയതല്ലോ—മേശയിലിവിടെ
കൈകളിലാദാം—മക്കളെടുത്താ—ഘോഷിക്കുന്നു."

(കുർബ്ബാനക്രമം)

### 10 സ്തുത്യമായ സഭാസ്ഥാപനം

"വി. സഭയെ പണിയുകയും അതിൽ ബലിപീഠം സ്ഥാപിക്കയും അതിൽ പ്രവാചകന്മാരെയും ശ്ലീഹന്മാരെയും വി. രക്തസാക്ഷികളെയും നിക്ഷേപങ്ങളായി വയ്ക്കുകയും അവരെ ശ്രേഷ്ഠരാക്കുകയും കിരീടം ധരിപ്പിക്കുകയുംചെയ്ത മിശിഹായ്ക്കുസ്തുതി. തൻെറ സഭയെ പണിതു അതിനു അടിസ്ഥാനമിട്ടുറപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു."

(ശ്ഹീമോ, ചൊവ്വാ, പ്രഭാതം)

www.malankaralibrary.com

## അദ്ധ്യായം 2

### ഭൂമിയിലെ സഭ-രക്ഷയുടെ കൂദാശ.

സഭയേയും സുവിശേഷത്തേയും വേറെവേറെ കാണുന്നവരുണ്ട്. ഒന്നിനേയും അക്കൂട്ടർ ശരിയായികാണുന്നില്ല. അഭേദ്യതയെ പിളർക്കുകയാണവർ. തള്ളയിൽനിന്ന പിള്ളയെ വേർപിരിക്കാനൊക്കുമോ? സഭയിൽനിന്നു ഉത്ഭൂതമാണ് സുവിശേഷം, കന്യകാമറിയാമിൽനിന്ന ക്രിസ്തു എന്നവിധം; രണ്ടിടത്തും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ട്. സഭയെ കാണാൻ കഴിയും, വേദപുസ്തകത്തെയും കാണാം. കാണപ്പെടാത്ത പരിശുദ്ധാത്മാവു രണ്ടിന്റെയും പിന്നിലുണ്ട്. പരിശുദ്ധാത്മാവിനെകൂടാതെ സഭയില്ല, പവിത്രാത്മബന്ധമില്ലാതെ വേദപുസ്തകവുമില്ല. തന്മൂലം സഭയ്ക്ക കൂദാശാഭാവമുണ്ട്, വേദപുസ്തകത്തിന്റെ നിലയും ആതലത്തിൽതന്നെ. തള്ളയെ പിള്ളയ്ക്കോ പിള്ളയെ തള്ളയ്ക്കോ തള്ളാവതല്ലല്ലോ. സഭയ്ക്കോ വേദപുസ്തകത്തിനോ പരസ്പരം താഴ്ത്തിക്കെട്ടാവതല്ല.

ദൃശ്യഘടകത്തിനുമുമ്പിൽ കണ്ണുതെളിയുകയും അദൃശ്യഘടകം വരുമ്പോരം കണ്ണടയുകയും ചെയ്യുന്നവരുണ്ട്. അവർക്കു സഭയേയോ വേദപുസ്തകത്തേയോ മതിക്കാവതല്ല. കാരണം അദൃശ്യമായ ദിവ്യതകാണുവാൻ അവർ കണ്ണുതുറക്കുന്നില്ല. അവർ പർവ്വതത്തെ പർവ്വതമായിമാത്രം കാണുന്നു; സൂര്യാസ്തമയത്തെ സൂര്യാസ്തമയമായിട്ടു മാത്രവും. എന്നാൽ എല്ലാവരും ഇത്തരം കാഴ്ചക്കാരല്ല. കവികളുടെയും കലാകാരന്മാരുടെയും യോഗികളുടെയും വീക്ഷണം വേറെയാണ്. പർവ്വതം ദൈവമഹത്വം പ്രഘോഷിക്കുന്നതായി അവർ ദർശിക്കും; സൂര്യാസ്തമയം ദൈവത്തിന്റെ സൗന്ദര്യം പ്രകടിപ്പിക്കുന്നതായി അവർ കാണും.

വാക്കുകരംക്കു ഒച്ചയുണ്ട്, അർത്ഥവുമുണ്ട്. ശ്രവണക്ഷമതമാത്രമുള്ളവർ ഒച്ചകേരംക്കും; അർത്ഥംഗ്രഹി

www.malankaralibrary.com



ക്കുകയില്ല. കുററം സ്വന്തം കഴിവുകേടിൻേറതാണ്, പദത്തിൻേറതല്ല. കഴുതയും ബുദ്ധിജീവിയും പ്രഭാഷകനെ ശ്രവിക്കുന്നു. കഴുതയുടെ കാതുകളിലൂടെ പ്രഭാഷകശബ്ദത്തിൻെറ ഒച്ച കയറിയിറങ്ങി; ആശയമോ ഫലിതരസികതയോ അതിനു തരിമ്പും തിരിഞ്ഞില്ല. ബുദ്ധിജീവിയുടെ സ്ഥിതി നേരേമറിച്ചായി. അയാൾക്കു ആശയം കിട്ടി; രസിച്ചു; ആഹ്ളാദം പ്രകടിപ്പിക്കുകയും ചെയ്തു. ഒച്ച മാത്രം ശ്രവിച്ച കഴുത അർത്ഥതലത്തെപ്പററി എന്തറിഞ്ഞു?

ഹസ്തദാനംനടത്തുമ്പോൾ ബാഹ്യമായ കരംഗ്രഹിക്കൽ മാത്രമേ ഉള്ളെങ്കിൽ സൗഹൃദപ്രകടനത്തിൻെറ എന്തു മേന്മയാണു അതിനുള്ളത്? അദൃശ്യമായ ദിവ്യതാഭാവം കാണുന്നതിനു ഇന്നു മനുഷ്യനു കണ്ണില്ലെന്നായിരിക്കുന്നു.

### ബൈബിളും കൂദാശാഭാവവും

ഇതരഗ്രന്ഥങ്ങളിലെപ്പോലെ വേദപുസ്തകത്തിലും അരങ്ങത്തുള്ളത് കഥാപാത്രങ്ങളും കൂടാരങ്ങളും ആരാധനയും പോരാട്ടങ്ങളും വേദനകളും മനുഷ്യമഹത്വപ്രകീർത്തനങ്ങളും ഒക്കെത്തന്നെയാണ്, എന്നാൽ പശ്ചാത്തലത്തിലോ ? സർവ്വനിയന്താവായ ദൈവം എന്ന സംവിധായകൻെറ സാന്നിധ്യവും. ധാർമ്മികനിയമങ്ങളെ നിരസിക്കയോ സ്വീകരിക്കയോ ചെയ്യുന്നതനുസരിച്ചു ജനതകളെ വിധിക്കുന്നതു അവിടുന്നാണ്. ഭാവിസംഭവങ്ങളുടെ അടയാളങ്ങളോ സിംബലുകളോ ആയി സംഭവങ്ങളേയോ ചരിത്രവസ്തുതകളെയോ ഉപയോഗപ്പെടുത്തുന്നത് അവിടുന്നാണ്. ദൈവത്തിൻെറ ഈ അദൃശ്യസാന്നിധ്യം കാണുന്നവനേ വേദപുസ്തകത്തിൻെറ കൂദാശാഭാവം മനസ്സിലാകയുള്ളു. ക്രിസ്തുവിൻെറ രക്ഷാവ്യാപാരത്തിൻെറ സൂചനകളും അടയാളങ്ങളും പഴയനിയമത്തിൽ ആദ്യന്തം കാണാം. ഹാബേലിൻെറബലി, മൽക്കിസദേക്കിൻെറ യാഗം, ഇസഹാക്കിനുപകരം ബലിയാക്കപ്പെട്ട ആട്ടിൻകുട്ടി, മോസസ്സ് മുൾപ്പടർപ്പിൽ കണ്ടദർശനം, ഏശായായാനിബ്യാസ്സ്

www.malankaralibrary.com



ദൂതൻ കൊടുത്ത അഗ്നിക്കൊടിൽ, ഹസ്കിയേൽ തേരിൽ കണ്ട മനുഷ്യാകൃതി, ദീർഘദർശിയായമോശ മേശമേൽ സൂക്ഷിച്ച കാഴ്ചയപ്പം തുടങ്ങിയവ ഉദാഹരണങ്ങളാണ്

## സഭയുടെ കൂദാശാ സ്വരൂപം

സാക്രമെൻറു (Sacrament-കൂദാശ) എന്നഗ്രീക്കുപദത്തിന "രഹസ്യം" എന്നാണർത്ഥം. "വിശുദ്ധ രഹസ്യം" എന്നത്രേ സഭയെ ആരാധനക്രമം വിശേഷിപ്പിക്കുന്നത്. "രക്ഷയുടെ സാർവ്വത്രിക കൂദാശ"യായി രണ്ടാം വത്തിക്കാൻ സുന്നഹദോസ് സഭയെ അവതരിപ്പിക്കുന്നു. ദൈവൈക്യത്തിൻെറയും മനുഷ്യവർഗ്ഗയോജിപ്പിൻെറയും അടയാളവും ഉപകരണവുമാണു സഭ. ക്രിസ്തു പദ്ധതിയുടെരഹസ്യം, ദൈവമനുഷ്യബന്ധം, കൂദാശയുടെ വ്യത്യസ്തമുഖങ്ങൾ, അടയാളവും ഉപകരണവും, രക്ഷയ്ക്കുള്ളഉപകരണം, സഭ എന്ത്? , ദൈവികപദ്ധതിയുടെ മാധ്യമവും ലക്ഷ്യവും, ദൃശ്യഭാവവും അദൃശ്യഭാവവും ചേർന്നസഭയുടെ പ്രകൃതി എന്നിവ ഇവിടെ പരാർമശിതമാവുന്നുണ്ട്.

## 1 ക്രിസ്തുവിൻെറ പദ്ധതിയുടെ രഹസ്യം

എല്ലാററിനേയും ക്രിസ്തുവിൽ ഒന്നിപ്പിക്കുക — ഇതാണു ക്രിസ്തുവിൻെറ പദ്ധതിയുടെ രഹസ്യം. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാം ഈ ഒന്നിപ്പിക്കലിൽ പെടുന്നു. വി. പൗലൂസ് പറയുന്നു: "അവിടുന്ന തൻെറ പദ്ധതിയുടെ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു. ഇതു കാലത്തിൻെറ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനേയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ" (എഫേ. 1: 10) ഇതു നിർവ്വഹിതമാകുന്നത് സഭയിലൂടെയാണ്. സഭയും ക്രിസ്തുവുമായുള്ളഒന്നിപ്പ് വൈവാഹികബന്ധമായും വലിയ രഹസ്യമായും അപ്പസ്തോലൻ കാണുന്നു. (എഫേ. 5: 32; 3: 9–11;

www.malankaralibrary.com



5: 25–27) ഈ രഹസ്യം ധ്യാനിച്ചുകൊണ്ട് അദ്ദേഹം കൊളോസ്യർക്കു എഴുതി: ''ക്രിസ്തു നിങ്ങളിലുണ്ട് എന്നതു തന്നെ നിങ്ങളുടെ മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശ'' (കൊളോ: 1: 27)

**സഭയിലൂടെ സാധിതമാകേണ്ടസർവ്വസമാശ്ലേഷിതമായ ഐക്യത്തേയും സമാധാനത്തേയും കുറിച്ചുള്ള സൂചന ആരാധനക്രമം നല്കുന്നുണ്ട്.**

**''വിൺമൺലോകർ ക്കൈക്യംനല്കീടും ശൈനോനി—**
**ന്നുത്ഥാനത്താൽ നിൻ സഭയിൽശൈനോ നല്കേണം''**

(ക്യംതാക്രമം, യാക്കോബിന്റെ ബോവൂസോ)

## 2 അവസാനിക്കാത്ത ദൈവമനുഷ്യബന്ധം

''വ്യത്യസ്തരീതിയിലും അളവിലും ആയിരിക്കാം. എന്നിരുന്നാലും നാമെല്ലാം ഒരേദൈവസ്നേഹത്തിലും പരസ്നേഹത്തിലും സംസർഗ്ഗം ചെയ്യുന്നു; ഒരേദൈവത്തിനു മഹത്വഗീതം പാടുന്നു. കാരണം ക്രിസ്തുവിനുള്ളവരെല്ലാം അവിടത്തെ അരൂപിയെ പ്രാപിച്ചു ഒരുസഭയായി രൂപംപ്രാപിക്കയും തന്നിൽ പരസ്പരം ഒന്നുചേർന്നിരിക്കയുംചെയ്യുന്നു'' (എഫേ. 4: 16) (തിരുസ്സഭ 48)

**ദൈവികമഹത്വകീർത്തനത്തിൽ സഭ ഒത്തു ചേരുന്നു;**

**''ഭൂവാനങ്ങളതിൽ**
**പുകഴുന്നോനാം കർത്താവേ,**
**വാനോർ ഭൗമികരും**
**വാഴ്ത്തും നിന്നെ, സ്തോത്രം – തേ''**

(ശ്ഹീമോ, ശുബഹോ, തിങ്കം, പ്രഭാതം)

## 3 കൂദാശയുടെ വ്യത്യസ്തമുഖങ്ങൾ

അദൃശ്യമായ യാഥാർത്ഥ്യത്തിന്റെ ദൃശ്യമായ അടയാളമാണ് കൂദാശ. ക്രിസ്തു കൂദാശയാണ്, സഭ കൂദാശയാണ്, മാമോദീസാ തുടങ്ങിയവയും കൂദാശകരംതന്നെ. അദൃശ്യനായ പിതാവിന്റെ ദൃശ്യമായ മനുഷ്യരൂപമെടുത്ത

www.malankaralibrary.com



പുത്രനാണു ക്രിസ്തു; സ്വർഗ്ഗാരോഹണംചെയ്ത ക്രിസ്തുവിന്റെ ദൃശ്യമായശരീരമാണുസഭ; ശിരസ്സാകുന്ന ക്രിസ്തുവിന്റെ അദൃശ്യമായ കൃപകരം ദൃശ്യശരീരമാകുന്ന സഭ ഉൾക്കൊള്ളുകയും പകർന്നു കൊടുക്കുകയും ചെയ്യുന്നു; സഭയിലൂടെ പരിശുദ്ധാത്മാവു ഒഴുക്കുന്ന കൃപയുടെ ചാലുകളാണ് ഏഴു കൂദാശകരം.

ജീവഔഷധികളുടെ പരികർമ്മണം സഭയിലൂടെ നടക്കുന്നു.
''മിശിഹാതൻ മണവാട്ടി
ആയീടും ശുദ്ധസഭ
ഭാഗ്യങ്ങരം പൂർണ്ണമതാം
പറുദീസാ സദൃശമഹോ
മാമോദീസായുമതിൽ
സഹദേന്മാരസ്ഥികളും
പൂജാപീഠവുമുണ്ട്
ഏന്തിജ്ജീവോഷധിയെ
ഹാലേലുയ്യാ – ഉ – ഹാലേലുയ്യാ
ഭാഗംചെയ്തേകീടും
കഹനേന്മാർകളുമുണ്ട്''
(കൃംതാ, രാത്രി, 1-ാം കൗമ്മാ)

## 4 അടയാളവും ഉപകരണവും

അടയാളവും ഉപകരണവും എന്നാണ് കൂദാശ അർത്ഥമാക്കുന്നത്. ദൈവവുമായുള്ള ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ യോജിപ്പിന്റെയും അടയാളവും ഉപകരവുമാണ് സഭ. (തിരുസ്സഭ 1)

ആന്തരികഐക്യം ദൈവവുമായി മനുഷ്യനുവേണം – അതാണു സഭയുടെ ലക്ഷ്യം. മനുഷ്യർക്കു പരസ്പരമുള്ളഐക്യം ദൈവൈക്യത്തിലാണു വേരുറപ്പിക്കപ്പെട്ടിട്ടുള്ളത്. എല്ലാ വർഗ്ഗക്കാരിൽനിന്നും ജാതിക്കാരിൽനിന്നും ഭാഷക്കാരിൽനിന്നും ആളുകളെ സ്വീകരിച്ചതോടുകൂടി ഈ ഐക്യത്തിനു സഭ ആരംഭമിട്ടുകഴിഞ്ഞു. ( വെളി. 7:9 ) ഐക്യപൂർണ്ണത വരുവാനിരിക്കുന്നു. അതിന്റെ അടയാളവും ഉപകരണവുമാണ് സഭ.

www.malankaralibrary.com



> തിരുരഹസ്യങ്ങളിലുള്ള പങ്കുകൊള്ളൽ, അതിലൂടെ സിദ്ധന്മാരുമായുള്ള സംസർഗ്ഗത്തിന് ഇടവരുത്തൽ-രണ്ടും സഭയിലുണ്ട്.
>
> ''രക്ഷക മിശിഹാ രാജാവേ,
> തിരുരഹസ്യം പൂജിച്ചതിനാൽ
> നിൻപ്രിയസിദ്ധന്മാരൊപ്പം
> നിൻസ്നേഹിതനാക്കണമെന്നെ.''
>
> (കുർബാനക്രമം)

### 5 രക്ഷയ്ക്കുള്ള ഉപകരണം

ക്രിസ്തുവിൻെറ രക്ഷയ്ക്കുള്ള ഉപകരണമാണ് സഭ. കൂദാശ എന്ന നിലയിൽ എല്ലാവരുടെയും രക്ഷയ്ക്കു ഈ ഉപകരണം പ്രയോജനപ്പെടണം. തന്മൂലം ''രക്ഷയുടെ സാർവ്വത്രിക കൂദാശ'' യത്രേ സഭ. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം ഇതിലൂടെ ക്രിസ്തു വെളിപ്പെടുത്തുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നു. (തിരുസ്സഭ 9: 2; 48: 2 സഭ ആധുനികലോകത്തിൽ 45 (1))

ദൈവത്തിനു മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിൻെറ കാണപ്പെടുന്ന ആസൂത്രണമത്രേ സഭ. സമസ്ത മനുഷ്യവർഗ്ഗവും ദൈവത്തിൻെറ ഒരു ജനതയായിത്തീരുന്നതിനും ക്രിസ്തുവിൻെറ ഒരു ശരീരമായി രൂപാന്തരപ്പെടുന്നതിനും പരിശുദ്ധാത്മാവിൻെറ ഒരു ആലയമായി പണിയപ്പെടുന്നതിനുമുള്ള ദൈവത്തിൻെറ ആഗ്രഹം പ്രാവർത്തികമായിത്തീരുന്നത് സഭയിലൂടെയാണ്. (പ്രേഷിതപ്രവർത്തനം 7, (2) (തിരുസ്സഭ 17)

> മിശിഹാ ശരീരരക്തങ്ങളാം നല്കി നേടിയെടുത്തതാണ് വിശുദ്ധസഭ. അതിലൂടെ ജാതികളം ഒന്നാകുകയും മിശിഹായിൽ മോദിച്ചു സ്തുതിപാടുകയും ചെയ്യും.
>
> ''കർത്താവേ, നീ എഴുന്നെള്ളി വരുന്ന ആവലിയ പ്രഭാതത്തിൽ 'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നു ഞങ്ങളോടു പറയുമാറാകരുതേ. എന്തെന്നാൽ നിൻെറ വി.

www.malankaralibrary.com



ശരീരം ഞങ്ങൾക്കച്ചാരമായും വിലയേറിയ നിന്റെ തിരുരക്തം ലോകത്തിനു പരിഹാരമായും നീ നല്കിയിരിക്കുന്നുവല്ലോ. അതിനാൽ ജാതികൾ സന്തോഷിക്കയും സ്തുതിപാടുകയും ചെയ്യുന്നു.''

(ശ്ഹീമോ, വെള്ളി, പ്രഭാതം)

### 6 സഭ എന്ത്?

''വിളിച്ചുകൂട്ടൽ'' എന്നാണ് Church എന്ന ശബ്ദത്തിനർത്ഥം. ദൈവവചനത്താൽ കൂട്ടപ്പെടുന്ന സംഘത്തെ ഇതുസൂചിപ്പിക്കുന്നു. ദൈവത്തിന്റെജനം എന്നസംഘത്തിൽ ഇവർ ചേർക്കപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരം കൊണ്ടു ഈസംഘം പോഷിപ്പിക്കപ്പെടുന്നു; ക്രിസ്തുവിന്റെ ശരീരമായി ഇതു രൂപപ്പെടുന്നു.

ക്രിസ്തുവിന്റെ വിരുന്നാണ് സഭ. തിരുശ്ശരീരരക്തങ്ങളാൽ വിരുന്നുകാർ പോററപ്പെടുന്നു.
''തന്റെ ശുശ്രൂഷകർക്കായി മണവാളനായമിശിഹാ ഉണ്ടാക്കിയിരിക്കുന്ന വിരുന്നു എത്ര ഉചിതമായിരിക്കുന്നു. വിരുന്നിന്റെ നാഥൻ നീതിമാന്മാരുടെ ഓർമ്മയിൽ സന്തോഷിക്കുകയും അവരെ ശ്രേഷ്ഠരാക്കി മുടിചൂടിക്കയും ചെയ്യുന്നു.''

(ശ്ഹീമോ, ശനി, രാത്രി 2-ാം കൗമാ)

### 7 ദൈവീക പദ്ധതിയുടെ മാധ്യമവും ലക്ഷ്യവും

സഭ ദൈവികപദ്ധതിയുടെ മാധ്യമമാണ്; ലക്ഷ്യവുമാണ്. സൃഷ്ടിയിൽ മുൻകൂട്ടികാണിച്ചു, പഴയഉടമ്പടിയിൽ ഒരുക്കിനിർത്തപ്പെട്ട, യേശുമിശിഹായുടെ വാക്കുകളും പ്രവർത്തനങ്ങളുംകൊണ്ടു സ്ഥാപിക്കപ്പെട്ട, രക്ഷാകരമായ കുരിശുകൊണ്ടും പുനരുദ്ധാനംകൊണ്ടും നിർവ്വഹിതമായി, പരിശുദ്ധാരൂപിയുടെ വരവോടെ രക്ഷയുടെ രഹസ്യമായി പ്രത്യക്ഷമാക്കപ്പെട്ട. ഭൂമിയിലെ രക്ഷിക്കപ്പെട്ടവരോടൊപ്പം സ്വർഗ്ഗീയമഹത്വത്തിൽ അവൾ പൂർത്തീകരിക്കപ്പെടും.

(വെളി. 14:4)

www.malankaralibrary.com



സഭാസന്താനങ്ങളുടെ ഭാഗ്യം വി. കുർബാന ഓർമ്മപ്പെടുത്തുന്നു.

''നിബിമാരാൽ ഭാഷിച്ചവനാം
ശ്ളീഹരിൽ വന്നു വസിച്ചവനാം
പരിശുദ്ധാത്മാ പുരുശക്ത്യാ
സഭസുതരെ കാത്തീടട്ടെ''

(വി. കുർബ്ബാന ഹൂത്തോമോ)

## 8 ദൃശ്യവും അദൃശ്യവും

ഒരേ സമയം ദൃശ്യവും അദൃശ്യവുമാണ് സഭ. പൗരോഹിത്യശ്രേണിയും സംവിധാനവുമുള്ള ക്രിസ്തുവിന്റെ മൗതികശരീരമാണതു്. മാനുഷികവും ദൈവികവുമെന്ന രണ്ടുഘടകങ്ങൾ ഒരേസഭയിൽ ഉൾക്കൊണ്ടിരിക്കുന്നു. അതാണുസഭയുടെ രഹസ്യം. വിശ്വാസത്തിനുമാത്രമേ ഈരഹസ്യം സ്വീകരിക്കാനാവു.

മനുഷ്യമക്കളുടെ ദൈവസ്തുതിയെ മാലാഖമാർ വിലയിരുത്തുന്നതായി പ്രാർത്ഥനയിലുണ്ട്.

''ഇതാ ഉയരത്തിലുള്ള ഈറേ മാലാഖമാർ ഭൗമികരുടെ ശുശ്രൂഷാ ശബ്ദം ശ്രവിച്ചുകൊണ്ടുപറയുന്നു. സ്വർഗ്ഗീയമണവാളന് ആത്മീയവീണകളാൽ സ്തുതിപാടി സ്തോത്രം കരേററുന്ന മണ്മയനായ ആദാമിന്റെ മക്കളുടെ ശബ്ദം എത്ര ഇമ്പകരമായിരിക്കുന്നു''

(ശ്ഹീമോ, വ്യാഴം, സന്ധ്യ

വി. കുർബാനയിൽ പ്രർത്ഥിക്കുന്നു. ''കർത്താവേ,വിശ്വാസികളായ നിന്റെ ജനമൊക്കെയും അദൃശ്യമായസംഘങ്ങളോടും സംഖ്യാതീതമായ നിരകളോടും ആധ്യാത്മികമായി ചേർന്നുകൊണ്ട് സ്രോപ്പേന്മാരെപ്പോലെ മൂന്നു പ്രാവശ്യം ഉച്ചത്തിൽ നിന്നെസ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.''

(വി. കുർബ്ബാന; മാർ സിക്സ്ററസിന്റെ ക്രമം)

## 9 ദിവ്യസംസർഗ്ഗത്തിന്റെ അടയാളം

ദൈവവും മനുഷ്യനുമായുള്ള ദിവ്യസംസർഗ്ഗത്തിന്റെ അടയാളവും ഉപകരണവുമാണ് സഭ.

www.malankaralibrary.com

ദിവ്യസംസർഗ്ഗത്തിന്റെ മാഹാത്മ്യം സഭ ഏററുപറയുന്നു

...... ''സ്തോത്രം തേ മാതിൻ കന്യാത്വം
ഞ്ജീക്കാതിഹവന്നവനേ
അടിയാർ രക്ഷയ്ക്കായ് സ്വയമായ്
താഴ്ന്നങ്ങേ താതനു സുതരും
റൂഹാതന്നനുബന്ധിതരും
ആയിട്ടടിയാരെ മാററാൻ
നരനായവനേ, സ്തോത്രംതേ''

(ഞായർ, പ്രഭാതം)

## 10 സഭയുടെ സവിശേഷത.

ദൈവത്തിന്റെജനം, ക്രിസ്തുവിന്റെ ശരീരം, പരിശുദ്ധാത്മാവിന്റെ ആലയം എന്നീ നിലകളിൽ സഭ വിശേഷിപ്പിക്കപ്പെടുന്നു. ഓരോവിശേഷണവും സഭയുടെ ആന്തരികരഹസ്യം വെളിപ്പെടുത്തുന്നുണ്ട്.

## അനുബന്ധം 2

### 1 ദിവ്യരഹസ്യങ്ങളും ജീവന്റെ പങ്കിടലും.

''കരിശിപ്പാനായ്-സുതനെ, സെഹിയോൻ-നാട്ടിമരത്തെ
കുഞ്ഞാടതിനെ-ജനിപ്പിച്ചൊരുമര-മുണ്ടായവിടെ
ഇവിടെ പുത്രൻ കൈകളിലാണി-തറയ്ക്കപ്പെട്ടു
ഇസഹാക്കിന്റെ-കെട്ടുകളെ ഛേ-ദിച്ചതുമിവിടെ
തന്നെജമാനൻ തൻദിവ്യ രഹ-സ്യങ്ങളെയേവം
താൻകൈക്കൊണ്ടു-വലംകൈയാലേ-ജീവനതായി
പങ്കിട്ടെല്ലാ-വർക്കായിട്ടും-നല്കീടുന്ന
പട്ടക്കാരാ-വന്നീടുക സമാ-ധാനത്താലേ.''

(കുർബ്ബാന ക്രമം)

### 2 തീനരകം കടത്തുന്നപാലം

''കർത്താവേ, വിശ്വാസത്തോടെ ഞങ്ങൾ ഭക്ഷിച്ച നിന്റെ ശരീരവും പാനംചെയ്ത ജീവനുള്ള നിന്റെ രക്തവും അഗ്നിയിൽനിന്നും നരകത്തിൽനിന്നും ഞങ്ങളെ കടത്തുന്ന പാലമായിരിക്കേണമേ. അതിനാൽ ഞങ്ങൾ വീണ്ടുകൊള്ളപ്പെടുകയും നിത്യജീവൻ അവകാശപ്പെടുത്തുകയും ചെയ്യുമാറാകണമേ''

(ശ്ഹീമോ, തിങ്കൾ, സന്ധ്യ)

### 3 ദാഹം തീർക്കുന്ന ജീവൽസൂക്തം

''മത്തായിയും മർക്കോസും ലൂക്കോസും യോഹന്നാനും അവരുടെ നാഥന്റെ വാഴ്ത്തപ്പെട്ട ഉറവയിൽനിന്നും കുടിച്ചു. അതു അവരിൽക്കൂടെ ശക്തിയായി ഒഴുകി ജീവൻ നിറഞ്ഞ ഉപദേശമായി തീരുകയും അവർ പുറപ്പെട്ട അവരുടെ ഉപദേശംകൊണ്ടു ദാഹാർത്തയായ ഭൂമിയെ കുടിപ്പിക്കുകയും ചെയ്തു.'' (ശ്ഹീമോ, രാത്രി നാലാംകൗമ്മ,വ്യാഴം, മാർ യാക്കോബിന്റെ ബോവൂസോ)

www.malankaralibrary.com



## അദ്ധ്യായം 3

### സഭ-പുതിയളുടമ്പടിയിലെ ജനത

മോശയേയും ശെമഓനേയും താരതമ്യപ്പെടുത്തുന്ന ഒരു സുറിയാനി ഗാനമുണ്ട്. ''പഴയനിയമത്തിൻെറ തലവൻ മോശയും പുതിയനിയമത്തിൻെറ തലവൻ ശെമഓനുമാകുന്നു. അവർ അന്യോന്യം സാദൃശ്യപ്പെട്ടിരിക്കുന്നു. ദൈവം അവരിൽ വസിച്ചു. മോശ ന്യായപ്രമാണപ്പലക പ്രാപിച്ചു. ശെമയോൻ സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ സ്വീകരിച്ചു. മോശ താൽക്കാലികകൂടാരം പണിതു. ശെമഓൻ സഭയും പണിതു. പഴയതിൽ നിന്നും പുതിയതിൽ നിന്നും കർത്താവേ, നിനക്കസ്തുതി''

(ശ്ഹീമോ, തിങ്കറം, രാത്രി 2-ാം കൗമാ)

ഇസ്രായേൽ കൂടാരനിർമ്മാണത്തിനു മോശയ്ക്കു പ്രേരണ ലഭിച്ചതു എങ്ങനെയെന്നല്ലേ? ദർശനത്തിലൂടെ കാണപ്പെട്ട സഭയുടെ രമ്യാകൃതിയിൽനിന്നുതന്നെ. സഭാസങ്കീത്തകൻെറ ഭാവനാവിലസിതമായ പ്രസ്തുത പ്രാർത്ഥന ഇതാ: ''പ്രഭാതത്തിൽ മൂശ പർവ്വതത്തിലേക്കു കരേറി സഭ പണിയപ്പെടുന്നതു കണ്ടു. പരിശുദ്ധാത്മാവിനാൽ അതു നിർമ്മിക്കപ്പെട്ടതുകൊണ്ടു അതിൻെറ പണിമനോഹരമായിരുന്നു. അവൻ മലയിൽ നിന്നിറങ്ങി അപ്രകാരം ഇസ്രായേലിനു താൽക്കാലികകൂടാരം ഉണ്ടാക്കി''

(ശ്ഹീമോ, വ്യാഴം, പ്രഭാതം)

സഭാകവിയുടെ ഭാവന വീണ്ടും ഉയരുന്നു. ''പാതാളത്തിലേക്കു ഇറങ്ങുകയും മരണത്തെ ജയിക്കുകയും ചെയ്ത ആദ്യജാതനായ പുത്രനു സ്തുതി. ആദാം അവനെ ദർശിച്ചു. അവനാൽ ആശ്വാസം പ്രാപിക്കയും ചെയ്തു. തൻെറ കഴുത്തു കുനിച്ചു അവനെ ആരാധിച്ചുകൊണ്ടു ആദാം പറഞ്ഞു:

www.malankaralibrary.com



മോ—ചിച്ചെന്നെ മക്കളെയും
ഏദനിലേക്കിനിയും
നാഥാ, തിരികെയയയ്ക്കണമേ''

(ശ്ഹീമോ, ശനി, പ്രഭാതം)

നിഷ്കാസിതരായ ആദാമ്യവർഗ്ഗത്തിന്റെ പുനഃപ്രവേശനത്തിനു ഒരുക്കപ്പെട്ട പറുദീസായാണു സഭ. ''ദൈവത്തിന്റെ ജന''മെന്നു സഭയെ വിവക്ഷിക്കുന്ന ഔദ്യോഗിക പ്രാർത്ഥനകൾ ഒന്നും രണ്ടുമല്ല.

''കർത്താവേ, നിന്റെ ജനത്തിലും നിന്റെ ഏകജാതന്റെ തിരുശരീരരക്തങ്ങളനുഭവിക്കവാനായിനോക്കിപ്പാർക്കുന്ന നിന്റെ ഇടവകയിലെ ആടുകളിലും......................''

(കുർബ്ബാനതക്സാ, മാർ ദീവന്ന്യാസ്യോസിന്റെ അനാഫോറാ 31)

''കർത്താവേ, നിന്റെ സർവ്വവിധമായ കൃപകളും അനുഗ്രഹങ്ങളും ദാനങ്ങളും നിന്റെ സഭയിലും അജഗണത്തിലും ഇടവകയിലും വസിച്ചു കവിഞ്ഞു ഒഴുകുമാറാണമേ''

(കർബ്ബാനതക്സാ, മാർ സിക്സ്റ്റസിന്റെ അനാഫോറ 31)

ഒരേ തീക്കൽപ്പാറയിൽനിന്നു ഒഴുകിയിട്ടുള്ള ഉറവക്കണ്ണികളിൽ നിന്നാണു പഴയതും പുതിയതുമായ തിരഞ്ഞെടുക്കപ്പെട്ട ജനതകൾ ശക്തി സംഭരിച്ചത്.

''ഇസ്രായേലിന്റെ പന്ത്രണ്ടുഗോത്രങ്ങൾക്കു പന്ത്രണ്ട നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽവെക്കപ്പെട്ട തീക്കൽപ്പാറയും നീതന്നെ''

(മലങ്കര കുർബ്ബാനതക്സാ)

പുതിയനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ടജനമെന്നു വർണ്ണിക്കാൻ പ്രമാണരേഖകൾ സഭയെ വിശേഷിപ്പിക്കുന്നു. പുതിയ ഉടമ്പടിയും പുതിയജനവും, ദൈവജനത്തിന്റെ

www.malankaralibrary.com



സഹജലക്ഷണങ്ങരം, ക്രിസ്തുവിലും സഭയിലും കാണപ്പെടുന്ന ത്രിമാനസവിശേഷതകരം എന്നിവ ഇവിടെ പരിഗണനീയമായി വരുന്നുണ്ട്.

## 1 പുതിയഉടമ്പടിയും പുതിയജനവും

''ദൈവത്തെ ഭയപ്പെടുകയും നീതിപ്രവർത്തിക്കയും ചെയ്യുന്നവർ ഏതു ജനപദത്തിൽ പെട്ടവരായാലും എക്കാലത്തും ദൈവതിരുസന്നിധിയിൽ സ്വീകാര്യരാണ് (നട. 10:35) എന്നാൽ മനുഷ്യരെ പരസ്പരബന്ധമില്ലാത്തവ്യക്തികളാക്കി വിശുദ്ധീകരിക്കാനും രക്ഷിക്കാനുമല്ല ദൈവം നിശ്ചയിച്ചത്.'' തന്നെ അവർ 'സത്യ'ത്തിൽ അറിയുകയും വിശുദ്ധിയിൽ ശുശ്രൂഷിക്കയും ചെയ്യാൻ വേണ്ടി ഒരു ജനപദമാക്കാൻ അവിടുന്ന തിരുമനസ്സായി. അതിനാൽ ഇസ്രായേൽ വംശത്തെ തന്റെ ജനമായി അവിടുന്ന തിരഞ്ഞെടുത്തു. അവരുമായി ഒരു ഉടമ്പടി ചെയ്തു. അവരുടെ ചരിത്രത്തിലൂടെ തന്നെത്തന്നെയും തന്റെ പദ്ധതിയേയും വെളിപ്പെടുത്തിക്കൊണ്ടും അവരെ തനിക്കായി വിശുദ്ധീകരിച്ചുകൊണ്ടും അവിടുന്നു അവരെ പടിപടിയായി ഒരുക്കിക്കൊണ്ടുവന്നു. എന്നാൽ ഇവയെല്ലാം ക്രിസ്തുവിൽ ഉറപ്പിക്കപ്പെടാനിരുന്ന പരിപൂർണ്ണമായ ആപുതിയ ഉടമ്പടിയുടെയും മനുഷ്യാവതാരംചെയ്ത ദൈവവചനത്തിലൂടെ പ്രദാനം ചെയ്യപ്പെടാനിരുന്ന പൂർണ്ണമായ വെളിപാടിന്റെയും പ്രതീകങ്ങളും സജ്ജീകരണങ്ങളുമാകുന്നു. കർത്താവു അരുളിച്ചെയ്യുന്നു: ''ദിവസങ്ങളിതാവരുന്നു. ഞാൻ ഇസ്രായേൽ ഭവനത്തോടും യൂദായുടെ ഭവനത്തോടും ഒരുളടമ്പടി ഉണ്ടാക്കും. ........എന്റെ നിയമം ഞാനവരുടെ അന്തരംഗങ്ങളിൽ ആലേഖനം ചെയ്യും. അവരുടെ ഹൃദയത്തിൽ ഞാനതു പതിക്കും. അങ്ങനെ ഞാനവരുടെ ദൈവവും അവരെന്റെ ജനവുമാകും. അവരുടെ ഇടയിലുള്ള ഏററവും ചെറിയവൻ മുതൽ ഏററവുംവലിയവൻ വരെ എല്ലാവരും എന്നെ അറിയും(ജറ. 31: 31—34)

www.malankaralibrary.com



ക്രിസ്തുനാഥൻ ഈ പുതിയഉടമ്പടിസ്ഥാപിച്ചു; തൻെറരക്തത്തിൽ രൂപംകൊണ്ട പുതിയഉടമ്പടി (1കോറി. 11: 25) മനുഷ്യരെ ശാരീരികമായി മാത്രമല്ല, അരൂപിയിൽകൂടിയും ഒന്നിപ്പിക്കാനും അങ്ങനെ അവർ ദൈവത്തിൻെറ പുതിയ ജനമായിത്തീരാനും വേണ്ടി യൂദ നിൽനിന്നും പുറജാതിയിൽനിന്നും അവരെ വിളിച്ചുകൂട്ടിക്കൊണ്ടാണ് അവിടുന്നു ഇതു നിർവ്വഹിച്ചത് (തിരുസ്സഭ 9 )

എല്ലാ ജാതികളെയും ഒന്നിപ്പിക്കുന്നതാണു വിശുദ്ധസഭ
''നാനാജാതികളിൽ തന്നധികാ—രം എന്തുന്നോളും
ഭൂപാലർപോലും കൂപ്പും സഭയേ, തേഭാഗ്യം''

(ഞായർ, പ്രഭാതം)

## 2 ദൈവജനത്തിൻെറ സഹജലക്ഷണങ്ങൾ

മതപരമോ രാഷ്ട്രീയമോ സാംസ്കാരികമോ ആയ ഇതരഗ്രൂപ്പുകളിൽനിന്നു തിരിച്ചറിയത്തക്ക സവിശേഷത ദൈവജനതയ്ക്കുണ്ട്.

### a, തിരഞ്ഞെടുക്കപ്പെട്ടജനം

''നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിൻെറ സ്വന്തം ജനതയുമാണ് ——മുമ്പു നിങ്ങൾ ഒരു ജനമായിരുന്നില്ല. ഇപ്പോൾ നിങ്ങൾ ദൈവത്തിൻെറ ജനമായിരിക്കുന്നു.'' (1പത്രോ. 2: 9) ദൈവം ആരുടെയും കുത്തകയല്ല. എന്നാൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം വേറെയില്ല.

വി. ശ്ലീഹന്മാരുടെ ശുശ്രൂഷയ്ക്കാണ് സഭനിയോഗിതമായിരിക്കുന്നത്.

www.malankaralibrary.com



''വി. സ്രോപ്പേന്മാരുടെ സ്ഥാനത്തു നിനക്കു ശുശ്രൂഷചെയ്യുവാൻ ഞങ്ങളെ നീ യോഗ്യരാക്കുകയും നിന്റെ ദൈവത്വത്തിന്റെ വന്ദ്യരഹസ്യങ്ങളിൽ ഞങ്ങളെ സംബന്ധിപ്പിക്കയും ചെയ്തിരിക്കുന്നുവല്ലോ. ഞങ്ങരം തിരുമുമ്പാകെയും ഈ വിശുദ്ധബലിപീഠത്തിന്റെ സന്നിധിയിലും വിശുദ്ധമായി നിന്നുകൊണ്ടു നിന്റെ ആത്മീയമേശയിൽ വെടിപ്പോടെ ശുശ്രൂഷ ചെയ്യുവാൻ തക്കവണ്ണം നിന്റെ മഹാകരുണയാൽ ഞങ്ങരംക്കു പാപപരിഹാരം നല്കണമേ''

(മലങ്കരകുർബാനതക്സാ, സെദറാ 4)

## b. *വീണ്ടും ജനനത്തിലൂടെ അംഗത്വം*

ശാരീരികജനനംമൂലമല്ല, വീണ്ടും ജനനത്തിലൂടെയത്രേ ദൈവജനത്തിൽ അംഗത്വം സിദ്ധിക്കുക. ''സത്യംസത്യമായിഞാൻ നിന്നോടുപറയുന്നു വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു സ്വർഗ്ഗരാജ്യം കാണാൻ കഴിയുകയില്ല. നിക്കോദീമോസ് ചോദിച്ചു: പ്രായമായ മനുഷ്യനു ഇതു എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടുംപ്രവേശിച്ചു അവനു ജനിക്കുവാൻ കഴിയുമോ? യേശു പ്രതിവചിച്ചു: സത്യംസത്യമായി ഞാൻ നിന്നോടുപറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ല എങ്കിൽ ഒരുവനം ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല. മാംസത്തിൽ നിന്നുജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നുജനിക്കുന്നതു ആത്മാവും.'' (യോഹ. 3: 4–7)

മാമോദീസായും സഭയും രണ്ടു സുന്ദരിമാരായ സഹോദരിമാരാണത്രേ.

''പാവനമായ മാമോദീസായും വി. സഭയുംപോലെ രണ്ടു സുന്ദരികളായ സഹോദരികളെ ആരുകണ്ടിട്ടുണ്ട്? പുതിയതും ആധ്യാത്മികവുമായ ശിശുക്കളെ ഒരുവരം പ്രസവിക്കുമ്പോരം മററവരം അവയെ പോററുന്നു. വെള്ളത്തിൽ

www.malankaralibrary.com



നിന്നു ആധ്യാത്മിക ശിശുവിനു മാമോദീസാ ജന്മം നല്കുമ്പോൾ വി. സഭ അതിനെ സ്വീകരിച്ചു കർത്താവിനു സമർപ്പിക്കുന്നു.''

(മലങ്കരസഭയുടെ കൂദാശക്രമം, മാമോദീസാ ഗീതം, കൂക്കോയോ)

വീണ്ടും ജനനംമൂലം പുത്രസ്വീകാര്യത്തിനു യോഗ്യത ലഭിക്കുന്നു.

''വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിനു യോഗ്യനാകുവാൻ പിതാവിന്റെയും പുത്രന്റെയും പരി.റൂഹായുടെയും നാമത്തിൽ ആനന്ദതൈലംകൊണ്ടു (...........) നിത്യജീവനിലേക്കു മുദ്രകുത്തപ്പെടുന്നു.''

(മലങ്കരസഭയുടെ കൂദാശക്രമം, മാമോദീസാ)

## c, ക്രിസ്തുവിന്റെ നേതൃത്വം

അഭിഷിക്തനായ മിശിഹായാണ് ഈസമൂഹത്തിന്റെ തലവൻ. ശിരസിലൂടെ ശരീരമാസകലം പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടാകുന്നതുകൊണ്ട് ഈജനം മിശിഹായുടെ ജനതയായിത്തീരുന്നു.

സഭ ക്രിസ്തുവിന്റെ നേതൃത്വത്തെ സദാപ്രകീർത്തിക്കുകയാണ്, നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ എന്നിവരോടുചേർന്നുകൊണ്ട്.

''ശുദ്ധസഭത്തൊൻ കൈപ്പത്തിയതാൽ
പണിതു - നിബിയരെയും
ശ്ലീഹരെയും സഹദേന്മാരെയുമതി
നടിസ്ഥാ - നം നിർത്തിജാതികളെയും
ചേർത്തോൻ ധന്യനിതാ അതിനുരം
തൻസ്തുതികൾ, രാപ്പകൽ പാടുന്നു.''

(ശ്ഹീമോ, ശുബഹോ, ചൊവ്വാ, സന്ധ്യ)

www.malankaralibrary.com



## d. *പദവി*

ദൈവമക്കളുടേതുപോലെയുള്ള സ്വാതന്ത്ര്യവും അന്തസ്സുമാണ് ഈജനതയ്ക്കുള്ള പദവി, അവരുടെ ഹൃദയങ്ങളിൽ പരിശുദ്ധാരൂപി അധിവസിക്കുന്നു.

ദൈവപുത്രസ്ഥാനവും പരിശുദ്ധാത്മബന്ധവും സിദ്ധിക്കുക ചെറിയകാര്യമല്ലല്ലൊ. സഭയിലൂടെ അതു ലഭിക്കുന്നു.

''......... അടിയാർ രക്ഷയ്ക്കായ് സ്വയമായ്
താഴ്ന്നങ്ങേ താതനു സുതരും
റൂഹാതന്നനുബന്ധിതരും
ആയിട്ടടിയാരെ മാററാൻ
നരനായവനെ സ്തോത്രം തേ

(ഞായർ, പ്രഭാതം)

## e. *സമൂഹനിയമം*

ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നതിനുള്ള പുതിയകല്പനയാണ് ഈ സമൂഹത്തിൻേറത്. (യോഹ. 13 : 34) ഇതു പരിശുദ്ധാത്മാവിൻെറ പുതിയ നിയമമാണ്. (റോമാ. 8: 2; ഗലാ. 5: 25)

സ്നേഹത്തിൻെറ നിയമം അഭികാമ്യമാണ്.
''ധന്യപ്രഭതേരുവാം സ്നേഹമേ, നീയെന്തഭികാമ്യം!
നീയധിവാസം ചെയ്യുമിടം നിന്നാൽശുഭപൂർണ്ണം
നിന്നാൽ ദൈവം അബ്രാം ഗൃഹമാർന്നു,
നിന്നാൽ വൈദികർ ശുദ്ധാലയമേറി
നിന്നാൽ പൗലൂസ് അരുളംചെയ്തു: യാതനകരം പീഡകരം
കത്തൃസ്നേഹത്തിൽനിന്നും എന്നെ മാററില്ല
ഹാലേലുയ്യാ ...... ധന്യനികേതിയവൻ''

(മലങ്കരക കത്തോ. ആണ്ടുതക്സാ,

ശുബുക്കോനോ, കൂക്കോയോ)

www.malankaralibrary.com



f, **ദൗത്യം**

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയിരിക്കുക എന്നതത്രേ സഭയുടെ ദൗത്യം (മത്താ: 5: 13–16) ഐക്യവും പ്രത്യാശയും രക്ഷയും മനുഷ്യവർഗ്ഗത്തിനു നല്കുവാൻ ഈ ജനത തീർച്ചയായും കാരണമാക്കും.

> **സുവിശേഷത്തിന്റെ മർമ്മങ്ങളാൽ സഭ തെളിഞ്ഞു ശോഭിക്കുന്നു.**
>
> "— —ഉൽകൃഷ്ട ജ്ഞാനത്താൽ അവരുടെ മനസ്സിനു അറിവു നല്കി. ഉന്നതജ്ഞാനത്താൽ അവരുടെ ബുദ്ധിയെപ്രകാശിപ്പിച്ചു ഏവൻഗേലിയോൻ പ്രസംഗിക്കുന്നതിനു അവരെ നയിച്ചു. അവർ ഭൂലോകത്തിന്റെ നാനാ ഭാഗത്തുമുള്ള നാനാജാതികളെയും പ്രകാശിപ്പിച്ചു ...... "

(പെങ്കീസാ, പെന്തിക്കൊസ്തിപ്പെരുന്നാൾ, സന്ധ്യ

g, **ഉത്തരവാദിത്വം**

ക്രിസ്തു അടിസ്ഥാനമിട്ട ദൈവരാജ്യം പരത്തുവാനും കാലാവസാനത്തിൽ അതിനെ പൂർണ്ണതയിലെത്തിക്കാനുമുള്ള ഉത്തരവാദിത്വമത്രേ ഈ തെരഞ്ഞെടുക്കപ്പെട്ട ജനതയ്ക്കുള്ളത്. (തിരുസ്സഭ 9. (2) )

> **എല്ലാക്കാലങ്ങളിലും പ. ത്രിത്വത്തെ വാഴ്ത്തിപ്പാടുന്നതിനുള്ള ഉത്തരവാദിത്വമത്രേ സഭ ഏറ്റെടുത്തിരിക്കുന്നത്.**
>
> **"വാനവർഗണവും ഭൂവാസികളും ആരാധിക്കുന്നു**
> **താതസുതാത്മാക്കളെയവർ നിത്യം സ്തോത്രം-ചെയ്യുന്നു**
> **ഉന്നതരഹസ്യം, വാഴ്ത്തപ്പെട്ടീടും നിത്യം**
> **തലമുറകൾ തലമുറകൾതോറും"**

(ശ്ഹീമോ, മെനറാലം, ചൊവ്വാ, സന്ധ്യ)

www.malankaralibrary.com



## 3 പൗരോഹിത്യത്തിന്റെയും പ്രവാചകത്വത്തിന്റെയും രാജത്വത്തിന്റെയും ജനത

ക്രിസ്തു പുരോഹിതനും പ്രവാചകനും രാജാവുമാണ്. പരിശുദ്ധാത്മാവിനാൽ പരമപിതാവു അഭിഷേചിച്ചിട്ടുള്ളവനാണ് അവിടുന്നു. പുത്രനിലെ ഈത്രിമാനസവിശേഷതകൾ ദൈവത്തിന്റെ ജനം തുടരുവാൻ കടപ്പെട്ടിരിക്കുന്നു.

### a, പൗരോഹിത്യവിളി

വിശ്വാസത്തിലൂടെയും മാമോദീസായിലൂടെയും ഒരുവൻ "ദൈവജന" ത്തിന്റെ അംഗമാകുന്നു, അതിലൂടെ അതിവിശിഷ്ടമായ പൗരോഹിത്യവിളിക്ക അർഹനാകുന്നു. (എബ്രാ. 5: 1–5; വെളി. 1:6)

"ജ്ഞാനസ്നാനത്താൽ നവമായി ജനിക്കുകയും പരിശുദ്ധാരൂപിയാൽ അഭിഷേചിക്കപ്പെടുകയും ചെയ്തിരിക്കുന്ന അവർ ഒരു ആത്മീയ ഭവനവും പരിശുദ്ധ പൗരോഹിത്യവുമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു." (1പത്രോ. 4:10) അതിനാൽ ക്രിസ്തുവിന്റെ ശിഷ്യരെല്ലാം പ്രാർത്ഥനകളിലും ദൈവസ്തുതികളിലും മുഴുകി (നട. 2: 42–47) പ്രിയംകരവും വിശുദ്ധവും സജീവവുമായ ബലിവസ്തുക്കളായി ദൈവത്തിനു സ്വയം സമർപ്പിക്കണം. (റോമ. 12:1) ഭൂമിയിലെവിടെയും അവർ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും നിത്യജീവിതത്തെപ്പററി തങ്ങൾക്കുള്ള പ്രതീക്ഷയെക്കുറിച്ചു ചോദ്യംചെയ്യുന്നവരോടു സമാധാനം പറയുകയും വേണം. (1 പത്രോ. 3: 15)" (തിരുസ്സഭ 10).

രാജകീയ പൗരോഹിത്യവിളിയാണ് സഭയുടേത്, അതു അസൂയാർഹവുമാണ്.

"വാനവരിടയിലസൂ-യാദോഷം-പാടുണ്ടെങ്കിൽ
മാനുഷസുതരോ-ടാക്രോബേൻമാ-ർക്കുണ്ടതുനൂനം"

(കുർബ്ബാനക്രമം)

www.malankaralibrary.com



### b, പ്രവാചകദൗത്യം

ദൈവജനം ക്രിസ്തുവിൻെറ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നു. (എബ്രാ. 13:15) പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കകൊണ്ട് (1യോഹ. 2:20–27) വിശ്വാസികളുടെ സമൂഹത്തിന് ഒന്നാകെ വിശ്വാസത്തിൽ തെററുപററുകയില്ല. '' മെത്രാന്മാർ മുതൽ അല്മായ വിശ്വാസികളിൽ അവസാനത്തെആറം വരെ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ അഭിപ്രായൈക്യം പ്രകടിപ്പിക്കുമ്പോഴാണ് ദൈവജനമെന്നനിലയ്ക്കു വിശ്വാസത്തിൻെറ അതിസ്വാഭാവികമായ അർത്ഥത്തിൽ തങ്ങളുടെ പ്രത്യേകവരം അവർ പ്രകാശിപ്പിക്കുന്നത്. സത്യത്തിൻെറ അരൂപി തട്ടിയുണർത്തുകയും നിലനിർത്തുകയും ചെയ്യുന്ന ഈബോധം നിമിത്തമാണ് ദൈവജനം സഭയുടെ പ്രബോധനാധികാരത്താൽ നയിക്കപ്പെടുകയും അവരംക്കു വിശ്വസ്തതയോടെ കീഴ്വഴങ്ങുകയും ചെയ്യുന്നത്. ഇതുവഴി അവർ മാനുഷികവചനങ്ങളേക്കാറം അധികമായി ദൈവത്തിൻെറവചനം സ്വീകരിക്കാൻ ഇടയാകുന്നു.( 1തീമോ. 2: 13 )വിശ്വാസത്തിൻെറ ബോധ്യത്തോടുകൂടിത്തന്നെ അവർ ഒരിക്കൽ വിശുദ്ധന്മാർക്കു നല്കപ്പെട്ട (യൂദ. 3) ആ വിശ്വാസത്തെ അചഞ്ചലമായി മുറുകെപ്പിടിക്കുകയും ശരിയായ ആത്മജ്ഞാനംവഴി അതു കൂടുതൽ ആഴമായിഗ്രഹിക്കുകയും ജീവിതത്തിലേക്കു സമഗ്രമായി പകർത്തുകയും ചെയ്യുന്നു.''

സത്യവിശ്വാസസംരക്ഷണം ധന്യതയാണ്, വിശ്വാസസത്യവ്യതിചലനം ശാപാർഹവും.

''ഞങ്ങളറീച്ചതിനെതരായി<br>
വേറൊരുവൻ വന്നറിയിച്ചാൽ<br>
വാനവനെങ്കിലു മാദൂതൻ<br>
താനേൽക്കും സഭതൻ—ശാപം

www.malankaralibrary.com



പലതര മുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്ന
ദൈവത്തിന്നു പദേശത്തിൽ
സ്ഥിരമായ് നിൽക്കുന്നോൻ-ധന്യൻ'' (കുർബാനക്രമം )

### c. രാജത്വ ഭാഗഭാഗിത്വം.

ദൈവജനം ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുന്നു. മരണത്തിലും ഉത്ഥാനത്തിലുമൂടെ എല്ലാവരേയും തന്നിലേക്കാകർഷിച്ചുകൊണ്ടാണ് ക്രിസ്തു രാജത്വം വെളിപ്പെടുത്തിയത്. (യോഹ. 12: 32) ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കവാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനും മനുഷ്യപുത്രൻ വന്നിരിക്കുന്നു.'' (മത്താ. 20: 28)

''സഭ ഞെരുക്കമനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിച്ഛായ ദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നു. അവരിലൂടെ സഭ ക്രിസ്തുനാഥനെ ശുശ്രൂഷിക്കയാണ്.'' (തിരുസ്സഭ 8) ക്രിസ്തുവിനോടുകൂടി ശുശ്രൂഷയർപ്പിച്ചുകൊണ്ടു രാജത്വദൗത്യം സഭ നിർവ്വഹിക്കുകയാണ്.

### സ്ലീബായാണു സഭയുടെ മഹത്വം.

''.........സ്ലീബാ പരിശുദ്ധസഭയെ നിയോഗിച്ചു തന്റെ ആരാധനയ്ക്കു വിജാതിയരെ അതിൽ കൂട്ടിച്ചേർത്തു....''
(പെങ്കീസാ, സ്ലീബാപ്പെരുന്നാൾ, രാത്രി 1-ാം കൗമാ)

''രക്ഷതന്ന മാർസ്ലീബായെ നമിച്ചീടുന്നു
നിന്നാഗമനേ ഓർത്തീടേണം എന്നെനാഥാ
ഏവംകള്ളൻ ചൊന്നപോലെ യാചിക്കുന്നേൻ''
(ആണ്ടുതക്സാ, ദുഃഖവെള്ളി, സ്ലീബാആഘോഷം)

www.malankaralibrary.com

## അനുബന്ധം 3

### 1 ഇസ്രായേല്യർക്കു സ്വാതന്ത്ര്യം നല്കിയ ദൈവം സഭയുടെ സംരക്ഷകനായി.

''മെസറേനിൽ ചെന്നിസ്രായേല്യരെ
വിടുവിക്കെന്നേവം സീനായ്
മലമേൽമുകൾത്തരുവിൽമോശയോടായ്
സംസാരിച്ചോനാം ദൈവം
നൃപരുടെ കോട്ടയതാകട്ടെ
തിരുസ്സഭതൻ സംരക്ഷകനും
ത്രിത്വരഹസ്യമതായിടും
താതാത്മജനും റൂഹായ്ക്കും
അവരേകീടട്ടെസ്തോത്രം''
(ആണ്ടുതക്സാ, പെന്തിക്കൊസ്തിക്രമം, കോലോ)

### 2 രണ്ടാം ബാബേലായിത്തീർന്ന മാളികം.

''ശക്തി നല്കുന്ന പരിശുദ്ധാത്മാവിന്റെ വരവു കൊണ്ടു മാളിക ഇന്നു രണ്ടാംബാബേലായിത്തീർന്നു. അതു ആദ്യബാബേലിനെപ്പോലെ ശിക്ഷയായി ഭാഷകൾ വിഭജിക്കപ്പെട്ടുകൊണ്ടല്ല; പ്രത്യുത, സത്യം പ്രസംഗിക്കുന്നതിലേക്കു കൃപയുടെ പ്രകാശനത്താൽ ജ്ഞാനികളായിത്തീരുവാൻ പരിശുദ്ധാത്മശക്തികൊണ്ടു ശ്ലീഹന്മാർ പ്രകാശിപ്പിക്കപ്പെട്ടുകൊണ്ടത്രേ.'' (Ibid, സെദറാ)

### 3 ക്രിസ്തു സഭയെ വിവാഹംചെയ്തു, സഭ ക്രിസ്തുവിനെ സ്തുതിചെയ്തു. സഭയോടൊത്തു എല്ലാ ജാതികളും സ്തുതിപ്പു ഉയർത്തുന്നു.

''ക്രൂശിൽ തൂക്കി-
ച്ചാ സെഹ്യോനെ നീ
ക്കിയ മിശിഹാ സ്തുത്യൻ
സഭയെ ഒത്തുവിവാഹംതാൻ
സഭതന്നെ സ്തുതിചെയ്തേററം
എത്തിജ്ജാതികളെല്ലാദേ-
ശത്തീന്നും സ്തുതിപാടിത്ത-
ന്നുത്ഥാനത്തിൽ മോദിക്കുന്നു.''
(കൃംതാക്രമം, രാത്രി 2-ാം കൗമാ, കോലോ)

www.malankaralibrary.com



## അധ്യായം 4

## സഭ – ക്രിസ്തുവിൻെറ ശരീരം

''ക്രിസ്തുവിൻെറ മൗതികശരീരം'' എന്ന സഭാ സിദ്ധാന്തം നേരത്തേ നിലവിലുണ്ട്. (ഒന്നാം അധ്യായം കാണുക) ''ക്രിസ്തുവിൻെറശരീരം'' എന്നവിശേഷണം സഭയ്ക്കുനല്കുന്നതിലൂടെ ആ സത്യംതന്നെയാണ് കൗൺസിൽ പ്രമാണരേഖകൾ ആവർത്തിക്കുന്നത്. സഭാഗാത്രത്തിൻെറ ഈമുഖം ഉളവാക്കുന്ന അനുപേക്ഷണീയതകൾ ഇവിടെ എടുത്തുകാട്ടുന്നുമുണ്ട്. സഭാശരീരത്തിൻെറ നിഗൂഢത, സഭയെ ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവ്, ക്രിസ്തുവിനാൽ അലംകൃതമായശരീരം, സഭാശരീരത്തിൻെറ സവിശേഷഭാവങ്ങൾ എന്നിവയാണു പ്രധാനം

### 1. സഭാശരീരത്തിൻെറ നിഗൂഢത

ശിഷ്യന്മാരെ സ്വന്തജീവിതവുമായി ക്രിസ്തു അടുപ്പിച്ചു. ദൈവരാജ്യത്തിൻെറരഹസ്യം അവർക്കു വെളിപ്പെടുത്തി. സ്വന്തദൗത്യത്തിൽ അവരെപങ്കുകാരാക്കി ( മർക്കോ1: 16–20; 3: 13–19; മത്താ.13: 10–17; ലൂക്ക് 10: 17–20; 22: 28–30) ഉപരിയായ ഒരു ഗാഢബന്ധംകൂടി തൻെറ അനുഗാമികൾക്കുണ്ടെന്നു ക്രിസ്തുഅറിയിച്ചു: ''നിങ്ങൾ എന്നിൽ വസിക്കുവിൻ. ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാത്തശാഖയ്ക്കു സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല. ഞാൻമുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആരു എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ എൻെറ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല.'' ( യോഹ. 15: 4–5 ) കർത്താവിൻെറശരീരം ഭക്ഷിക്കുകയെന്ന രഹസ്യാത്മകമായ ഒരു നിഗൂഢബന്ധവും അവിടുന്നു വെളിപ്പെടുത്തി.''

www.malankaralibrary.com



എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും ജീവിക്കുന്നു'' (യോഹ. 6: 56)

തങ്ങളുടെ ദൃഢമായ സഭാസ്നേഹത്തിന്റെ രഹസ്യം സഹദേന്മാർ വെളിപ്പെടുത്തുന്നു.

''ചൂടും ഞങ്ങൾ
നിലനിൽക്കും മുടികൾ
മ്ശിഹാ സ്വർഗ്ഗത്തെ
പ്രതിഫലമായ് ഞങ്ങൾക്കേകും
തീയും വാളും കൊണ്ടുള്ള
യാതനയതിയായേററതിനാൽ
ആശ്വാസം മിശിഹാ നല്കും
എന്നല്ലോ സഹദേർ ചൊല്ലുന്നു''

( ശ്ഹീമോ, ശ്ലബഹൊ, ബുധൻ, പ്രഭാതം )

## 2. ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവ്

കർത്താവു യാത്രപറഞ്ഞപ്പോൾ ശിഷ്യന്മാരെ അനാഥരാക്കിയില്ല. ലോകാവസാനത്തോളം അവരോടൊത്തുണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്തു; പരിശുദ്ധാരൂപിയെ അവർക്കു അയച്ചുകൊടുത്തു.( യോഹ. 14: 18; 20: 22; മത്താ. 28: 20; നട. 2: 33 ) തന്മൂലം യേശുവുമായുള്ള ബന്ധം ദൃഢതരമായി. സഭയ്ക്കു ആത്മാവിനെ നല്കിയിരിക്കുന്നു. ഈ ആത്മാവുതന്നെയാണ് ശിരസ്സിലും അവയവങ്ങളിലും ഒരുപോലെ വ്യാപരിച്ചുകൊണ്ട് ശരീരത്തെമുഴുവൻ ഉജ്ജീവിപ്പിക്കുകയും ഏകീഭവിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നത്. സഭാപിതാക്കന്മാർ അവിടത്തെ ഈപ്രവൃത്തിയെ മനുഷ്യശരീരത്തിൽ ജീവൻ നല്കുന്ന ആത്മാവിന്റെ പ്രവർത്തനത്തോടു താരതമ്യപ്പെടുത്തുന്നു.

www.malankaralibrary.com



പരിശുദ്ധാത്മാവിന്റെ ആഗമനം സഭയെഉജ്ജീവിപ്പിക്കുന്നു.

''നിർമ്മലരാം നിന്നുടെ ശിഷ്യന്മാർക്കായ്
തീനാവുകളെ ഭാഗംചെയ്തേകിയ ദേവാ
ദയ ചെയ്തീടണമേ
സംവൃതരാം ശ്ലീഹന്മാർക്കായ് നാഥൻ
റൂഹ്ക്കുദിശായെ നല്കി തീനാവുപോൽ ദേവാ....
സുവിശേഷം ഘോഷിക്കാൻ റൂഹായാൽ
ശ്ലീഹന്മാരെ വിജ്ഞാനികളാക്കിയ ദേവാ——''

(പെന്തിക്കൊസ്തിക്രമം, എനിയോനോ)

### 3 ക്രിസ്തുവിനാൽ അലംകൃതമാകുന്ന ശരീരം.

ക്രിസ്തുനാഥൻ മണവാട്ടി എന്നവിധം സഭയെ സ്നേഹിക്കുന്നു. സഭയുടെ ശിരസ്സാണ് ക്രിസ്തു. സഭ അവളുടെ ശിരസ്സിനു കീഴ്പ്പെട്ടിരിക്കുന്നു (എഫേ. 5: 23–24)

........... സ്വശരീരവും സ്വപൂർണ്ണതയുമായ സഭയെ അവിടന്ന ദിവ്യദാനങ്ങളാൽ അലങ്കരിക്കുന്നത്. (എഫേ. 1: 22–23) അവരം വികാസം പ്രാപിച്ചു ദൈവത്തിന്റെ പൂർണ്ണത മുഴുവൻ പ്രാപിക്കാൻ വേണ്ടിയാണ്. (എഫേ. 3: 19)

(തിരുസ്സഭ 7)

സഭയ്ക്കു ലഭ്യമായിട്ടുള്ള ദിവ്യാലങ്കാരങ്ങരം ഏറെയാണ്.

''നിന്റെ വിശുദ്ധസഭയ്ക്കു നശിച്ചുപോകാത്തവിധം നീ അനുഗ്രഹങ്ങരം നല്കുകയും പരിമളംകൊണ്ടു ദയവോടെ അവളെ നിറയ്ക്കുകയും ചെയ്തു. മഹത്വത്തിന്റെ നിലയങ്കി നീയവളെ ധരിപ്പിച്ചു.വെള്ളംകൊണ്ടും ആത്മാവുകൊണ്ടും അവരംക്കു നീ വിവാഹനിശ്ചയം ചെയ്ത് അവളെ നിന്റെ മണവാട്ടിയാക്കിത്തീർത്തു. ശത്രുവിന്റെ തലയിൽ ശക്തിയോടെ നീ ചവിട്ടി. നിന്റെ തിരുശരീരവും തിരുരക്തവും അവരംക്കുനീ മോതിരമായി കൊടു

www.malankaralibrary.com



ക്കുകയും നിന്റെ സന്തോഷരശ്മിയാൽ അവളെ പ്രശോഭിപ്പിക്കയും ചെയ്തു. ദൈവികദാനത്താൽ അവളെ നിന്നോടുകൂടെ വസിപ്പിച്ചു വി. ശ്ലീഹന്മാർ മുഖേന പരിപൂർണ്ണയാക്കി.''

(മല. കത്തോ. കൂദാശക്രമം, വിവാഹം, സെദറാ)

### *4 ക്രിസ്തുവിന്റെ ശരീരമാകുന്നസഭയ്ക്കു വേണ്ട മൂന്നു അനുപേക്ഷണീയതകൾ.*

സഭയും ക്രിസ്തുവുമായുള്ള അഭേദ്യബന്ധമത്രേ ക്രിസ്തുവിന്റെ ശരീരമാണുസഭ എന്നതിലൂടെ വെളിപ്പെടുന്നത്. ക്രിസ്തുവിന്റെ ശരീരമെന്നനിലയിൽ മൂന്നു അനുപേക്ഷണീയതകൾ സഭയ്ക്കു ആവശ്യമായിവരുന്നു. സഭാംഗങ്ങളുടെ ഐക്യം പുലർത്തണം ക്രിസ്തുവുമായുള്ളബന്ധംവഴി; സഭാശരീരത്തിന്റെ ശിരസ്സായി ക്രിസ്തു പുലരണം; സഭ ക്രിസ്തുവിന്റെ മണവാട്ടിയാകണം.

## I സഭാംഗങ്ങളും ഐക്യവും

### *1 ഒരു ശരീരം*

''മൗതികശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവൻ വിശ്വാസികളിലേക്കു പ്രവഹിക്കുന്നു. അവർ ക്രിസ്തുവിനോടുകൂടി കൂദാശകൾമുഖേന അദൃശ്യമായി, എന്നാൽ യഥാർത്ഥമായി സംയോജിച്ചിരിക്കുന്നു. ജ്ഞാനസ്നാനംവഴിയാണ് ക്രിസ്തുവിന്റെ സാദൃശ്യത്തിൽ നാം രൂപപ്പെടുന്നത്. എന്തെന്നാൽ ഒരേ ആത്മാവിനാൽ നാം എല്ലാവരും ഒരുശരീരമായി ജ്ഞാനസ്നാനം ചെയ്യപ്പെട്ടിരിക്കുന്നു. (1കോറി. 12: 13)'' (തിരുസ്സഭ 7, (1)

സഭയുമായി ഹൃദ്യബന്ധം കൂടാതെ ക്രിസ്തുവിന്റെ വിരുന്നിനുഅർഹതയില്ല. ''വിശ്വാസിനിയായസഭപ്രകാരം പറയുന്നു.'' എന്റെ നാഥനായദൈവം എനിക്കു

www.malankaralibrary.com



വേണ്ടി ഒരു വലിയ വിരുന്നൊരുക്കി. ആ സമൃദ്ധമായ വിരുന്നിൽ പങ്കുകൊള്ളുവാൻ അന്യനുകഴിയുകയില്ല. എന്തെന്നാൽ വെള്ളത്തിൽനിന്നു നീ പുനർജനനം കൊടുത്തിട്ടുള്ളവരൊഴികെ ആരെങ്കിലും നിന്റെ അടുക്കൽവന്നാൽ അവൻ ഉള്ളിൽകടന്നു നമ്മുടെ ഇടയിൽ നിഗൂഢമായി സൂക്ഷിച്ചിരിക്കുന്ന ദിവ്യരഹസ്യംഗ്രഹിക്കുവാൻ ഇടയാകരുതെന്നു അവൻ എന്നോടു കല്പിച്ചിട്ടുണ്ട്."

(മല. കത്തോ. കൂദാശക്രമം, വിവാഹം, ഗീതം)

## 2 അംഗങ്ങളുടെയും ദാനങ്ങളുടെയും വൈവിധ്യം

"പലതെങ്കിലും മനുഷ്യശരീരത്തിലെ എല്ലാഅവയവങ്ങളും ചേർന്നു ഒരുശരീരത്തിനുരൂപം കൊടുക്കുന്നതുപോലെ വിശ്വാസികൾ ക്രിസ്തുവിൽ ഒരുശരീരമായിത്തീരുന്നു. (1കോറി. 12: 12) ക്രിസ്തുവിന്റെ ഈ ശരീരഘടനയിൽ അംഗങ്ങളുടെയും ധർമ്മങ്ങളുടെയും വൈവിധ്യം പ്രകടമാണ്. പക്ഷേ സഭയുടെക്ഷേമത്തിനായി തന്റെ വിവിധദാനങ്ങൾ അവളുടെ മേൽചൊരിയുന്ന പരിശുദ്ധാരൂപി ഒന്നേയുള്ളു. ഇങ്ങനെ തന്റെ ദാനങ്ങൾ വിതരണം ചെയ്യുന്നത് തന്റെ സമൃദ്ധിക്കും സഭയുടെ ശുശ്രൂഷയെ സംബന്ധിച്ചആവശ്യങ്ങൾക്കു അനുസൃതമായിട്ടുമാണ്. (1കോറി. 12: 1–11) ഈദാനങ്ങളിൽ, അപ്പസ്തോലന്മാർക്കു അവിടുന്നു നല്കിയ പ്രസാദവരമാണ് മുന്നിട്ടുനിൽക്കുന്നത്. കാരണം ഈആത്മാവു പ്രത്യേക സിദ്ധിയുള്ളവരെപ്പോലും അപ്പസ്തോലന്മാരുടെ അധികാരത്തിനു വിധേയരാക്കുന്നു.(1കോറി. 14)

"പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമാധാനം ഉണ്ടാക്കുന്നു. "രക്തസാക്ഷികൾ എവിടെ വച്ചുകൊല്ലപ്പെടുകയും അവരുടെ അവയവങ്ങൾ ഛേദിക്കപ്പെടുകയും ചെയ്തുവോ അവിടെ പരിശുദ്ധാത്മാവു ആവസിക്കുകയും ശൂന്യതയിൽ സമാധാനം ഉണ്ടാക്കുകയുംചെയ്തു"

ശ്ഹീമോ, വെള്ളി, രാത്രി 2—ാം കൗമാ,
മാർ അപ്രേമിന്റെബോവൂസോ)

www.malankaralibrary.com



### 3 ഭൗതികശരീരം സ്നേഹം ഉദ്ദീപിപ്പിക്കുന്നു.

''ഒരംഗം എന്തെങ്കിലും സഹിക്കുമ്പോഠം എല്ലാഅംഗങ്ങളും അതിൽ ഭാഗഭാക്കുകളാകുന്നു; ഒരു അംഗത്തിനു ബഹുമാനം ലഭിക്കുമ്പോഠം എല്ലാഅംഗങ്ങളും അതിൽ ഒരുമിച്ചു ആഹ്ളാദിക്കുന്നു.'' ( 1. കോറി 12: 26 )
(തിരുസ്സഭ 7, 3)

മാനുഷികവിഭജനത്തെ എല്ലാം ജയിച്ചടക്കാൻ ഭൗതികശരീരത്തിനുകഴിവുണ്ട്. ''ക്രിസ്തുവിനോടു ഐക്യപ്പെടുവാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങഠം എല്ലാവരും യേശുവിൽ ഒന്നാണ്'' ( ഗലാ. 3; 27-28)

> നാലുഭാഗങ്ങളിലുമുള്ള സഭയുടെസന്താനങ്ങഠം പരസ്പരം സഹായിക്കുന്നു.
> ''ലോകത്തിനു നാലുഭാഗങ്ങളുണ്ട്; അവയുടെ നാലുമുഖങ്ങളിലും ഞങ്ങഠംക്കുസഹായങ്ങളുണ്ട്. കിഴക്കുനിന്നു വി. തോമാശ്ളീഹായും പടിഞ്ഞാറുനിന്നു ശെമഓൻദെസ്തുനിയും വടക്കുനിന്നു നാല്പതു വി. വേദസാക്ഷികളും തെക്കുനിന്നു മാർയൂഹാനോനും തന്നെ''
>
> ( ശ്ഹീമോ, വെള്ളി, സന്ധ്യ, കോലോ )

## II സഭാശരീരത്തിനു ശിരസു ക്രിസ്തു

### 1 ക്രിസ്തുവിൻെറ ഭരണം.

''അവൻ (ക്രിസ്തു) സഭയാകുന്ന ശരീരത്തിൻെറ ശിരസാണ്. '' (1. കൊളോ. 1: 18) '' അവൻ എല്ലാററിൻെറയും ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യജാതനുമാണ്. ഇങ്ങനെ എല്ലാകാര്യങ്ങളിലും അവൻ പ്രഥമസ്ഥാനീയനാണ്.'' (കൊളോ. 1: 18)

www.malankaralibrary.com



സഭയിൽ എല്ലാകാര്യങ്ങളിലും ക്രിസ്തുവിന്റെ ഭരണം നടത്തുന്നു.

ക്രിസ്തുവിന്റെ സംരക്ഷണമുള്ളസഭ പരാജയപ്പെടുകയില്ല.

> ''സഭയേ, പുത്രന്റെ സ്വരം നിനക്കു കാവലായിരിക്കുന്നതിനാൽ നീ ഭാഗ്യവതിയാകുന്നു; നരകവാതിലുകൾ നിന്നോടു ഒരിക്കലും പ്രബലപ്പെടുകയില്ല. തന്റെ ശരീരം ഭക്ഷണമായും തന്റെ രക്തം രക്ഷയുടെ പാനീയമായും നിന്റെ മക്കളുടെ പുണ്യത്തിനായി നിനക്കു ഞാൻ നല്കിയിരിക്കുന്നു.''
>
> (ശ്ഹീമോ, ചൊവ്വാ, സന്ധ്യ).

## 2 ഒന്നിപ്പിക്കുന്ന ക്രിസ്തു

'ക്രിസ്തുതങ്ങളിൽ രൂപം കൊള്ളുന്നതുവരെ' (ഗലാ. 4: 19) എല്ലാ അംഗങ്ങളും അവിടുത്തോടു സാദൃശ്യം പ്രാപിക്കണം, അതിനുവേണ്ടി അവിടുത്തെ ജീവിതത്തിന്റെ രഹസ്യങ്ങളിലേക്കു നമ്മൾ ആനയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു; അവിടുത്തോടു സദൃശരാക്കപ്പെട്ടിരിക്കുന്നു; നാം അവിടുത്തോടുകൂടി മരിക്കയും ഉത്ഥാനം പ്രാപിക്കയും ചെയ്തിരിക്കുന്നു. അവിടുത്തോടൊപ്പം വാഴുന്നതുവരെ (ഫിലി 3; 21; 2 തീമോ. 2; 11; എഫേ. 2: 6; കൊളോ. 2; 12)

മരിക്കലും ഉത്ഥാനം പ്രാപിക്കലും മാമ്മോദീസായിലുണ്ടു. ആ വിശുദ്ധ ശുശ്രൂഷയുടെ വേളയിൽ സഭ പറയുന്നു:

> '' നിന്റെ ദാസനെ അന്ധകാരത്തിൽ നിന്നും മാർഗ്ഗഭ്രംശത്തിൽനിന്നും സത്യത്തിന്റെ ജ്ഞാനത്തിലേക്കു നീ വിളിച്ചിരിക്കുന്നു. ജീവന്റെ പുസ്തകത്തിൽ ഇവന്റെ പേര് എഴുതണമേ. നിന്റെഭക്തന്മാരുടെ ഗണത്തിൽ ഇവനെ എണ്ണി നിന്റെ മുഖശോഭ ഇവനിൽ പ്രതിബിംബിപ്പിക്കണമേ. ഇവന്റെ ഹൃദയത്തിലും വിചാരത്തിലും നിന്റെഅഭിഷിക്തന്റെ സ്ലീബാപതിക്കണമേ''
>
> (മല. കത്തോ. കൂദാശക്രമം, മാമോദീസാ)

www.malankaralibrary.com



## ക്രിസ്തുവിന്റെ പൂർണ്ണത

സഭയും ക്രിസ്തുവും ചേർന്നതാണു ക്രിസ്തുവിന്റെ പൂർണ്ണത. (Christus totus) ക്രിസ്തുവുമായി ഏകീഭവിച്ചിരിക്കുന്നതാണു സഭ. ഈ ഏകീഭാവത്തെക്കുറിച്ചു വിശുദ്ധന്മാർ അറിഞ്ഞിരുന്നു.

(a) വി. ആഗസ്തീനോസിനെ ശ്രദ്ധിക്കാം. ''നമ്മൾ ക്രിസ്ത്യാനികൾ മാത്രമല്ല, ക്രിസ്തു തന്നെ ആയിത്തീർന്നിരിക്കുന്നു. ഇതിൽ നമ്മൾക്കാനന്ദിക്കാം, നന്ദിയുള്ളവരാകാം. ദൈവം ചൊരിയുന്ന കൃപാധിക്യത്തെ സഹോദരന്മാരെ, നിങ്ങൾ ഗ്രഹിക്കയും മതിക്കയും ചെയ്യുന്നുണ്ടോ? സന്തോഷിക്കൂ. അത്ഭുതമെന്നല്ലാതെ എന്തുപറയട്ടെ! നാം ക്രിസ്തുവായിത്തീർന്നിരിക്കുന്നു. അവിടുന്നു ശിരസെങ്കിൽ നമ്മൾ അവയവങ്ങൾ. അവിടുന്നും നമ്മളും ഒന്നു ചേർന്നാണ് പൂർണ്ണമനുഷ്യൻ ആകുന്നത് — — — ക്രിസ്തുവിന്റെ പൂർണ്ണത ശിരസ്സിലും അവയവങ്ങളിലുമാണ്. ശിരസെന്നും അവയവമെന്നും പറഞ്ഞാൽ എന്താണുമനസ്സിലാക്കേണ്ടത്? ക്രിസ്തുവും സഭയും എന്നുതന്നെ''.

(b) പോപ്പു ഗ്രീഗറി ദ ഗ്രേററു പറയുന്നു: ''വിശുദ്ധസഭയുമായിചേർന്നു ദിവ്യരക്ഷകൻ ഒരു വ്യക്തിത്വമായിതീർന്നിരിക്കുന്നു.''

(c) വി. തോമസ് അക്വിനാസ് ഈവിഷയം സമർത്ഥിക്കുന്നുണ്ട്: ''ഒരേ മൗതികവ്യക്തിയെന്ന നിലയിൽ ശിരസ്സും അവയവങ്ങളും ചേർന്നിരിക്കുന്നു''

(d) ജൊവാൻ ഓഫ് ആർക്കിന്റെ പ്രസ്താവനയും കേൾക്കേണ്ടതാണ്. ''യേശുക്രിസ്തുവും സഭയും ഒന്നുതന്നെ എന്നു ഞാനറിയുന്നു. നമ്മൾ അതു സങ്കീർണ്ണമാക്കേണ്ടതില്ല.''

www.malankaralibrary.com



# III സഭ ക്രിസ്തുവിന്റെ മണവാട്ടി

### 1 ഒരേവ്യക്തിത്വം, രണ്ടു വ്യതിരിക്ത ഘടകങ്ങൾ

ഒരേ ശരീരത്തിലെ ശിരസും അവയവങ്ങളും എന്ന ഐക്യബന്ധം ക്രിസ്തുവിനും സഭയ്ക്കുമുണ്ട്. ഒരേ വ്യക്തിത്വത്തിലേ രണ്ടുഘടകങ്ങളുടെ വ്യതിരിക്തതയും ഇത് ഉൾക്കൊള്ളുന്നുണ്ട്. മണവാട്ടിയും മണവാളനും എന്ന സാദൃശ്യത്തിലൂടെയാണിതു വെളിപ്പെടുത്തുന്നത്.

> ആത്മപ്രിയനെ വാഴ്ത്തുന്ന പ്രിയതമയാണു സഭ
> ''നിൻപ്രിയയാം സഭസന്തോഷ
> ത്താലാത്മ പ്രിയനെ വാഴ്ത്തും''
>
> ( ക്യംതാക്രമം, പ്രഭാതം, എനിയോനോ )

### 2 വേദപുസ്തക ചിത്രീകരണം, ദീർഘദർശിമാരും സ്നാപകയോഹന്നാനും

(a) സഭയുടെ മണവാളനായി ക്രിസ്തുവിനെ ചിത്രീകരിക്കൽ ദീർഘദർശിമാർ രൂപപ്പെടുത്തിയിട്ടുള്ളതും സ്നാപകയോഹന്നാൻ അറിയിച്ചിട്ടുള്ളതുമാണ്.

(യോഹ.3:29)

(b) *ക്രിസ്തുവിന്റെ പ്രസ്താവം*

തന്നെക്കുറിച്ചു മണവാളൻ എന്നു യേശു വിശേഷിപ്പിക്കുന്നു. ( മർക്കോ. 2: 19 )

(c) *അപ്പസ്തോലന്മാരുടെ പരാമർശം*

മുഴുവൻ സഭയും വിശ്വാസികളും ക്രിസ്തുവാകുന്ന മണവാളനു വിവാഹനിശ്ചയം ചെയ്യപ്പെട്ടിട്ടുള്ള മണവാട്ടികളായി അപ്പസ്തോലന്മാർ വിഭാവനം ചെയ്യുന്നു.

(മത്താ. 22: 1–14; 25: 1–13; 1കോറി. 6: 15–17; 2കോറി. 11: 2)

www.malankaralibrary.com



### (d) കുഞ്ഞാടും മണവാട്ടിയും

കളങ്കമില്ലാത്ത കുഞ്ഞാടിൻെറ കളങ്കമില്ലാത്ത മണവാട്ടിയാണു സഭ. (വെളി. 22: 17; എഫേ. 1: 4; 5: 2)

### 3 സ്വയം ബലിയർപ്പിക്കുന്ന സ്നേഹം

ക്രിസ്തു സഭയെ സ്നേഹിച്ചു. സഭയെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി സ്വയം ബലിയർപ്പിച്ചു. എഫേ.5:25-26

> മിശിഹാ സഭയെ കാക്കുന്നു. ''വിശുദ്ധ സഭേ, ശലോമോൻ രാജാവു നിന്നെ പുകഴ്ത്തുന്നു. പുറജാതികളുടെ പുത്രി, നീ അതീവ സുന്ദരിയാകുന്നു. നിൻെറ അധരങ്ങറം നറുതേൻ പൊഴിക്കുന്നു. നിൻെറ വസ്ത്രങ്ങളുടെ ഗന്ധം മേടമാസത്തിലെ പനിനീർ പുഷ്പത്തിൻേറതു പോലെയാകുന്നു. സഭേ, നീ സൗന്ദര്യപൂർണ്ണയും വൈരൂപ്യമില്ലാത്തവളുമാകുന്നു. തൻെറ സ്ലീബായെ നീവന്ദിക്കുന്നതിനാൽ മിശിഹാരാജാവു നിന്നെ കാക്കുന്നു''

(മല.കത്തോ. കൂദാശക്രമം, വിവാഹം, ഗീതം കുക്കോയോ )

### 4. ഉടമ്പടിയിൽ ഏർപ്പെടൽ

സഭയുമായി പുതിയ ഉടമ്പടിയിൽ ക്രിസ്തു ഏർപ്പെട്ടു. സഭയെ പരിചരിക്കുന്നതിൽ നിന്നു ഒരിക്കലും വിരമിക്കുന്നില്ല. സ്വന്തം ശരീരം സംരക്ഷിക്കുന്നതിനൊപ്പമാണത്. (എഫേ. 5: 29)

> ''മോതിരമേകി ത്തിരുസഭയെ മ്ശിഹാവധുവാക്കി
> പരിപാവനതനുരുധിരങ്ങറം
>
> കൈ—ക്കൊ—ണ്ടോ—ളവളും
>
> (Ibid, വിവാഹം)

### 5 രണ്ടു ഒന്നായിത്തീരുന്ന രഹസ്യം

അനേകരാൽ ഏകമായി രൂപപ്പെട്ട സഭയാകുന്ന ശരീരവും സഭാശരീരത്തിൻെറ ശിരസ്സും — അതാണ് ക്രിസ്തു പൂർണ്ണത. ശിരസ്സോ വ്യക്തികളോ സംസാരിക്കാം — അപ്പോഴെല്ലാം ക്രിസ്തുതന്നെയാണു സംസാരിക്കുന്നത്.

www.malankaralibrary.com



ശിരസ് എന്നനിലയിലും ശരീരാവയവം എന്നനിലയിലും തന്നെ. എന്താണിതർത്ഥമാക്കുന്നത്? രണ്ടും ഒരു ജഡ മായി രൂപാന്തരപ്പെട്ടുവെന്നല്ലേ ? ഇതു ഒരു വലിയ രഹസ്യമാകുന്നു. ക്രിസ്തുവും സഭയുമായുള്ള ബന്ധ ത്തെയാണിവിടെ പരാമർശിക്കുന്നത്. (എഫേ. 5: 31-32)

കർത്താവുതന്നെ സുവിശേഷത്തിൽ പറയുന്നു: '' അവർ രണ്ടല്ല ഒററശരീരമായിരിക്കും.'' (മത്താ. 19:6)

'' യഥാർത്ഥത്തിൽ രണ്ടു വ്യക്തിത്വങ്ങളാണ്. എന്നാൽ വൈവാഹികബന്ധംമൂലം ഒന്നിപ്പിക്കപ്പെട്ടിരി ക്കുന്നു. ശിരസ് എന്ന നിലയിൽ മണവാളൻ എന്നു അവിടുന്നു സ്വയം വിശേഷിപ്പിച്ചു, ശരീരത്തെ സൂചി പ്പിച്ചുകൊണ്ടു മണവാട്ടി എന്നും '' വി. അഗസ്ററിൻ.

സഭ പറയുന്നു:

''സ്നേഹിതരൊത്താനന്ദി-പ്പാൻ
മേൽ മണവറയവനു-ണ്ടാ-ക്കി
എൻമണവാളനെയ-തിനു-ള്ളിൽ
സ്തുതിചെയ്യുമ്പോഠം ഞാൻ ധന്യ''

(Ibid)

www.malankaralibrary.com



## അനുബന്ധം 4

## സഭാ മണവാട്ടിയുടെ ആത്മാലാപം

ക്രിസ്തുവാകുന്ന ആത്മനായകനോടു സഭാപ്രിയതമയുടെ ദൃഢബന്ധം വെളിപ്പെടുത്തുന്ന ആരാധനാഗാനം ഒരു യോഗാത്മക കവിതയുടെ മാധുരിയുള്ളതാണ്.

''പാവനസഭ ചൊന്നീ-ടു-ന്നു
എൻ വരനേവൻ ഞാൻ ധ-ന്യ
വന്ദിക്കുന്നേൻ വ-ന്നെ-ന്നെ
വേട്ടൊരു മണവാളൻ തന്നെ

പ്രിയനെന്നെ വേട്ടൊ-രുനാ-ളിൽ
സത്വരമുന്നതി ഞാൻ പൂണ്ടു
സൃഷ്ടികളതിലതിശ-യമാണ്ടു
മഹിമയണിഞ്ഞോരം ഞാൻ ധ-ന്യ.

(പെട്ടെന്നു ധന്യയായിത്തീർന്ന ഈ ദരിദ്രയെക്കുറിച്ചു സർവ്വസൃഷ്ടികളും അത്ഭുതപ്പെട്ടു എന്നാണ ആശയം)

സ്നേഹിതരൊത്താന-ന്ദി-പ്പാൻ
മേൽമണവറയവനുണ്ടാ-ക്കി
എൻമണവാളനെയ-തിനു-ള്ളിൽ
സ്ഥിതിചെയ്യുമ്പോരം ഞാൻ ധന്യ

ലോകാന്ത്യംവരെ നിൻ-കൂ-ടെ
ഞാനുണ്ടെന്നെന്നോടുചൊ-ന്നാൻ

പകലോനുസമൻമ-ണവാ-ളൻ
പകലിന്നൊത്തോരം മണവാ-ട്ടി
മോഹനപരിമളവൃക്ഷ-ത്തോ
ടൊപ്പം ഭോജന സൽക്കാ-രം

- - അവനെദർശിക്കും-മു-മ്പേ
ഏററുപറഞ്ഞോരം ഞാൻ ധ-ന്യ.''

പ്രിയനെ കണ്ടുകിട്ടാനുള്ള തിരച്ചിൽ ഗാനത്തിലുണ്ട്. ബേതലഹേമിൽ തിരക്കി, മെസ്രമിലേക്കു പോയി എന്ന

www.malankaralibrary.com



ഉത്തരം കിട്ടി. മെസ്രമിലെത്തിയപ്പോഴോ ? ഗലീലയിലെ നസ്രത്തിലേക്കു പോകേണ്ടിവന്നു; നസ്രത്തുകാർ യൂർദിനാൻ നദീതടത്തിലേക്കാണു വിരൽ ചൂണ്ടിയത്; വിരുന്നിനുപോയ യേശുവിന്റെ കഥയാണു അവിടെ കേട്ടത്, താൻ ഉണ്ടാക്കിയ നല്ലവീഞ്ഞു വിരുന്നുശാലയിൽ ഞാൻ കുടിച്ചു; ശുദ്ധമുള്ളവളേ, നിന്റെ പ്രിയൻ മരുഭൂമിയിലേക്കു മാറിയിരിക്കുന്നു എന്ന സ്വരം തുടർന്നുകേട്ടു; ഗോഗുൽത്തായിൽ മരത്തിന്മേൽ തൂക്കപ്പെട്ടിരിക്കുന്നെന്നാണു തുടർന്നുള്ള വാർത്ത. അവിടെ സെഹിയോനിലെത്തിയപ്പോഴോ ? കബറടക്കപ്പെട്ടു എന്നു കേഠംവി. കബറിടത്തിലെത്തി. ''കരയേണ്ടാ അവൻ, കബറിൽ നിന്നു ഉയിർത്തു'' എന്നു മാലാഖായുടെ സ്വരം. ഉയിർത്തെഴുന്നേററ പ്രിയന്റെ ശബ്ദം സഭ അനുസ്മരിക്കുന്നു.

''കുരിശിൽ ഞാൻ വരണം-ചെയ്ത
സുമുഖി, സ്വാഗതമോതുന്നേൻ
താതനികേതം ഞാൻ-പൂ-കി
വിട്ടീടാം ഞാൻ റൂഹാ-യെ''

(കൂദാശക്രമം, വിവാഹം)

ആത്മനാഥനെക്കുറിച്ചുള്ള പ്രേമഗാനം എത്ര ആവർത്തിച്ചാലും സഭയ്ക്കു മതിയാവില്ല.

'' നിന്റെ സ്ലീബായാൽ എനിക്കു നീ പിതൃസ്വത്ത് അവകാശമാക്കി നിശ്ചയിച്ചു. നിന്റെ പീഡാനുഭവത്താൽ എന്നെ മോചിപ്പിച്ചു. സ്വർഗ്ഗത്തിൽ എനിക്കു മണവറയൊരുക്കിക്കൊണ്ട് നിൻേറതായിത്തീരുവാൻ എന്നെ നീ ആഹ്വാനം ചെയ്തു.

കൊള്ളക്കാർ എന്നെ ആക്രമിക്കുകയും എന്റെ സൗന്ദര്യം നശിപ്പിക്കുവാൻ ശ്രമിക്കയും ചെയ്തു. നിന്നോടുള്ള സ്നേഹംകൊണ്ടു ഞാൻ അതിനെ തോൽപ്പിക്കുകയും അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യം നേടുകയും ചെയ്തു.

www.malankaralibrary.com



കർത്താവേ, നിന്നോടുള്ള സ്നേഹത്താൽ ഞാൻ ആനന്ദനൃത്തം ചെയ്യുന്നു. നിന്റെ സൗന്ദര്യത്തിൽ ഞാൻ സന്തോഷിക്കുന്നു. നീ ദൈവപുത്രനാണെന്നു ഞാൻ ഗ്രഹിക്കുന്നു. എന്നെ നിന്റെ തോളിൽ വഹിക്കണമേ.

കർത്താവേ, നിന്റെ സ്നേഹത്തിൽ ഞാൻ അഭയം പ്രാപിക്കുന്നു. നിന്നോടുള്ള പ്രേമത്തിൽ ഞാൻ എരിഞ്ഞു കൊണ്ടിരിക്കുന്നു. നിന്റെ ഇടത്തുകൈ എന്റെ തലയിൽ വെച്ചു നിന്റെ വലത്തുകൈ കൊണ്ടു എന്നെ തഴുകണമേ.

എന്റെ കർത്താവേ, എന്നിൽ നിന്നു നീ അകന്നുപോകരുതേ. നിന്നോടുള്ള സ്നേഹത്തിൽനിന്നു എന്നെ വിരോധിക്കരുതേ. നിന്റെ ദാസിയോടു നീ ഉദാസീനനായിരുന്നാൽ ഞാൻ ക്ഷീണിച്ചു മരിച്ചുപോകും.

നിന്റെ പ്രഭ സൂര്യന്റേതിനേക്കാൾ ഉജ്ജ്വലവും നിന്റെ മണം പനനീർ പുഷ്പത്തിന്റേതിനേക്കാൾ ആസ്വാദ്യവുമാകുന്നു. ജീവൻ പൊഴിക്കുന്ന നിന്റെ അധരം ചുംബിച്ചാൽ മതിയാകയില്ല.''

(Ibid)

www.malankaralibrary.com

അദ്ധ്യായം 5

# സഭ-പരിശുദ്ധാത്മാവിൻെറ ആലയം.

രക്ഷയുടെ കൂദാശ, ദൈവത്തിൻെറ ജനം, ക്രിസ്തുവിൻെറ ശരീരം എന്നെല്ലാം സഭയെ വിശേഷിപ്പിക്കുന്നുണ്ട്- വ്യത്യസ്തദിശകളിലൂടെയുള്ള ദർശനം. ഈകാഴ്ചപ്പാടിലെല്ലാം മുഴച്ചുനിൽക്കുന്നു സഭയിലേ പരിശുദ്ധാത്മപ്രവത്തനം. റൂഹാ കൂടാതെ കൂദാശയില്ല; പവിത്രാത്മാവില്ലാതെ ദൈവജനത്തിനു ഉജ്ജീവനമില്ല; ആത്മാവു കൂടാതെ സഭാശരീരവുമില്ല. സഭയിലെ ഏതു ദിവ്യസ്പന്ദനവും പവിത്രാത്മാവിൻെറ പ്രവർത്തനഫലമാണ്. കണ്ണിരിക്കെ കൃഷ്ണമണി അറിയാത്തവരുണ്ട്. സഭയിലെ ചൈതന്യദായകനെ അവർ അറിയുന്നില്ല; പരിശുദ്ധാത്മപ്രവർത്തനം അവർ ആസ്വദിക്കുന്നില്ല. പരിശുദ്ധാരൂപിയുടെ പ്രവർത്തനം അനുഭവിച്ചറിയാത്തവർക്കു സഭാകുടുംബത്തിൻെറ സ്വർഗ്ഗീയത ആസ്വദിക്കാവതല്ല. വേലിക്കെട്ടിനുള്ളിൽ കഴിയുന്ന നാമമാത്രസഭാംഗങ്ങൾ മാത്രമാണവർ. അല്പംകൂടി ശ്രദ്ധകൂർപ്പിക്കട്ടെ, എങ്കിൽ ആത്മാവും ശരീരവുമായുള്ള ബന്ധം അവരറിയും; സഭയെ നയിക്കുന്ന അരൂപിയെ കാണും; സഭയുള്ളിടത്തു പരിശുദ്ധാരൂപി ഉണ്ടെന്ന ബോധം അവരിൽ തെളിയും; മൗതിക ശരീരത്തിലെ രക്ഷാവ്യാപാരത്തിൻെറ അടിത്തറ അവരിൽ ഉറയ്ക്കും; ദാനങ്ങളുടെ വിതരണം, അസാധാരണ വരങ്ങൾ, കാരിസം എന്നിവയെക്കുറിച്ചെല്ലാം അവർ ബോധവാന്മാരാകും; എല്ലാററിലും സഭയുടെ തീരുമാനത്തിനു അവർ കാതുകൂർപ്പിക്കും. സഭയെ പരിശുദ്ധാത്മാവിൻെറ ആലയമെന്നു തിരിച്ചറിയാൻ അവക്കു പ്രയാസം വരികയില്ല.

സഭയും പരിശുദ്ധാത്മാവുമായുള്ള അഭേദ്യബന്ധം പിളർത്തുന്നവരെപ്പററി എന്തുപറയാനാണ്? പരിശുദ്ധാത്മാവിനെതേടി അവർ നട്ടംതിരിയുന്നു. പാട്ടിനും നൃത്തത്തിനും വശ്യതയുണ്ട്. എങ്കിലും സമാശ്ലേഷണത്തിൻെറ നിഗൂഢ തലത്തിലേക്കെത്താൻ അവർക്കു കഴിവില്ല. വേദ-

www.malankaralibrary.com



പുസ്തകം വായിക്കയും ധ്യാനിക്കയും ഭക്തകീർത്തനം ആലപിക്കയും ചെയ്യുന്നവർക്കു കൂദാശയിലൂടെ ഒന്നിക്കുന്ന നിഗൂഢാത്മകതയിലേക്കു ഉയരാൻകൂടി കഴിഞ്ഞെങ്കിൽ! സ്വർഗ്ഗാരോഹണംചെയ്ത ക്രിസ്തുവിൻെറ ഭൂമിയിലെ കാണപ്പെടുന്ന ശരീരമാകുന്ന ദൈവജനം (സഭ) കൂദാശയാണ്. കൂദാശകളിലൂടെയാണ് പരിശുദ്ധാത്മാവിൻെറ അനുഭവവേദ്യത ഇന്നുള്ളവർക്കു ലഭിക്കേണ്ടത്; സഭയുടെയും പരിശുദ്ധാത്മാവിൻെറയും വേദപുസ്തകത്തിൻെറയും പാരസ്പര്യം തിരിയാത്തവർക്കു ഇതു എളുപ്പമല്ല.

## 1 ആത്മാവും ശരീരവും

കേവലം ശരീരം മാത്രമായി മനുഷ്യനെ കണ്ടാലോ ? ആത്മാവില്ലാത്തകോലം. മനുഷ്യനല്ലാത്ത മനുഷ്യാകൃതി. കന്നുകാലിപ്രായൻ. മനുഷ്യത്വത്തിൽനിന്നുള്ള വലിയ വീഴ്ചയാണിത്; താഴത്തെപാഴ്ത്തട്ടിലേക്കുള്ള വീഴ്ച ! ആത്മാവില്ലാത്ത മനുഷ്യൻ ഔന്നത്യത്തിൽനിന്നു വീഴുന്നതുപോലെ പരിശുദ്ധാത്മാവിനെ കൂടാതെയുള്ള സഭ ലോകസാധാരണ സംഘടനയായി അധഃപതിക്കും.
വി. ആഗസ്തീനോസ് പറയുന്നുണ്ട്:

''ശരീരത്തിൽ ആത്മാവു എന്നതുപോലെയത്രേ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയിൽ പരിശുദ്ധാത്മാവ്''

> പെന്തിക്കൊസ്തിപ്പെരുന്നാളിൽ സഭ പ്രാർത്ഥിക്കുന്നു: ''...പരമഭാഗ്യവാനും വന്ദ്യനും ജീവൻനല്കുന്നവനും സാരാംശത്തിൽ നിനക്കു സമനുമായ നിൻെറ പരിശുദ്ധാത്മാവു സദാ ഞങ്ങളെ രക്ഷിച്ചുകൊണ്ടിരിക്കുന്നു... ''

(ആണ്ടുതക്സാ, പെന്തിക്കൊസ്തിശുശ്രൂഷ, സെദറാ)

www.malankaralibrary.com



## 2. സഭയെ നയിക്കുന്ന ആത്മാവ്

ശരീരഭാഗങ്ങൾ എല്ലാം പരസ്പരം ബന്ധപ്പെടണം. എല്ലാം ഒത്തുചേർന്നു ശിരസ്സുമായിട്ടും ബന്ധിതമാകണം. സഭാഗാത്രത്തിനുംവേണം ഈ ഒന്നിപ്പിക്കുന്ന ശക്തി. ഇതിനു സഭയെ ക്രിസ്തുവിന്റെ ആത്മാവുസഹായിക്കുന്നു. ആത്മാവു മുഴുവനായി ശിരസ്സിലും മുഴുവനായി ശരീരത്തിലും അങ്ങനെപൂർണ്ണമായിത്തന്നെ ഓരോവ്യക്തിയിലും വ്യാപരിക്കുന്നു.

( Mystici Corporis, പീയൂസ് XII )

പരിശുദ്ധറൂഹാ മുഖാന്തരം സഭ ജീവിക്കന്നെ ദൈവത്തിന്റെ ആലയമായിത്തീരുന്നു.

(2 കോ. 6: 16; 1കോറി. 3:16–17; എഫേ. 2:21)

തിരുശരീരരക്തങ്ങളുടെ വിഭജനത്തിലൂടെയും റൂഹായുടെ ആവസിപ്പിലൂടെയും ശ്ലീഹർക്കു ലഭ്യമായ രണ്ടുപെരുന്നാളുകളുടെ മഹിമാതിരേകത്തെ സഭ ഉദ്ഘോഷിക്കുന്നു:

''ഇരുപെരുന്നാൾ കളിലായ് ശ്ലീഹരിൽ
ദാനം വിഭജിച്ചോൻ സ്തുത്യൻ
ഒന്നിൽ തൻമെയ്‌രക്തങ്ങൾ
മ – റേറ– തിൽ റൂഹാശക്തി:
തൻ ദാനങ്ങൾക്കായ് സ്തോത്രം''

( Ibid, കോലോ )

## 3. സഭയുള്ളിടത്തു പരിശുദ്ധാരൂപിയുണ്ട്

''ദൈവത്തിന്റെ ദാന''ങ്ങളുടെ സൂക്ഷിപ്പു സഭയെ ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. ... ...സഭയിലാണ് ക്രിസ്തുവുമായുള്ള സംസർഗ്ഗം നിക്ഷേപിച്ചിരിക്കുന്നത്. എങ്ങനെയെന്നാൽ ദുഷിപ്പിക്കപ്പെടായ്മയുടെ അച്ചാരവും വിശ്വാസവളർച്ചയും ശക്തികേന്ദ്രവും ദൈവോന്മുഖാ

www.malankaralibrary.com



രോഹണത്തിന്റെ കോവണിയുമായ പരിശുദ്ധറൂഹാ അവിടെയുണ്ട്. ........ എവിടെ സഭയുണ്ടോ അവിടെ ദൈവത്തിന്റെ പരിശുദ്ധാരൂപിയുണ്ട്; പരിശുദ്ധാത്മാവ് എവിടെയോ അവിടെ സഭയും കൃപാവരങ്ങളുമുണ്ട്''

( വി. ഇരനേയൂസ് )

പരിശുദ്ധാത്മാവിന്റെ ശക്തി അവർണ്ണ്യമാകുന്നു.

''പരിശുദ്ധറൂഹാ മനുഷ്യരെ സ്നേഹിക്കുന്നവനും ദീർഘദർശികളെ ഒരുക്കുന്നവനും ശ്ലീഹന്മാർക്കു ദാനം നല്കുന്നവനും രക്തസാക്ഷികളെ യുദ്ധസന്നദ്ധരാക്കുന്നവനും ഉപദേഷ്ടാക്കളെ നയിക്കുന്നവനുമാകുന്നു. അവൻ നല്ലകാര്യങ്ങ ചെയ്യുന്നവനും ശക്തനും സകലവും കഴിയുന്നവനും സ്വഭാവത്തിൽ കലർപ്പില്ലാത്തവനും വ്യാപാരത്തിൽ വിവിധത്വമുള്ളവനുമാകുന്നു. അവൻ ദിവ്യദാനങ്ങളുടെ ഉറവയും സാരാംശത്തിൽ നിനക്കും നിന്റെ ഏകജാതനും തുല്യനുമാകുന്നു''

( Ibid സെദറാ )

## 4 മൗതികശരീരത്തിന്റെ അടിസ്ഥാനം

''ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ഓരോ ഭാഗത്തിന്റെയും മർമ്മപ്രധാനവും രക്ഷാകരവുമായ പ്രവർത്തനത്തിന്റെ അടിസ്ഥാനം പരിശുദ്ധാത്മാവത്രേ. (പീയൂസ് XII - Mystici Corporis)

### a) സ്നേഹത്തിൽ വളർത്തൽ

ശരീരത്തെ ആസകലം സ്നേഹത്തിൽ വളർത്തുന്നതിനു ആത്മാവു പലവിധത്തിൽ പണിപ്പെടുന്നു. ( എഫേ. 4: 16) '' നിങ്ങളെ പണിതുയർത്തുന്നതിനു കഴിവുള്ള ദൈവവചനത്തേയും പരിശുദ്ധാത്മാവു തരുന്നു'' (അപ്പ. പ്രവ. 20: 32)

www.malankaralibrary.com



സ്നേഹത്തിലും ദൈവികപുണ്യങ്ങളിലും റൂഹാ സഭയെ വളർത്തി. '' ആശ്വാസപ്രദനായ പരിശുദ്ധാത്മാവു അഗ്നിയുടെ രൂപത്തിൽ മാളികയിൽവെച്ചു അനുഗൃഹീതരായ ശ്ലീഹന്മാരുടെമേൽ ഇറങ്ങി. അവൻ അവരെ സത്യവിശ്വാസത്തിലും ശരണത്തിലും സ്നേഹത്തിലും പൂർണ്ണരാക്കി. അവരാകട്ടെ സുവിശേഷഘോഷണത്തിനായി പുറപ്പെടുകയും വഴിതെററിപ്പോയ ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു തിരിക്കുകയും സത്യം അവരെ പഠിപ്പിക്കുകയും ചെയ്തു. (Ibid ഗീതം.)

## b) *ശരീരം രൂപപ്പെടുത്തൽ*

ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ശരീരം രൂപപ്പെടുന്നു. (1കോറി. 12:13) മാമോദീസായുടെ സന്ദർഭത്തിലെ സഭയുടെ പ്രാർത്ഥന ശ്രദ്ധേയമാണ് :

''......... നിന്റെ ആലയത്തിൽ ഇവനെ പ്രവേശിപ്പിച്ചു നിന്റെ അജഗണത്തിൽ ഇവനെ എണ്ണണമേ. തിരുമുഖ ശോഭ ഇവനിൽ പ്രതിബിംബിപ്പിക്കണമേ. ഇവനെ നിന്റെ ജനകനു പുത്രനാക്കിത്തീർക്കണമേ. വീണ്ടും ജനനത്തിനു ഇവനെ യോഗ്യനാക്കണമേ. പഴയമനുഷ്യനെ ഇവനിൽനിന്നു ഉരിഞ്ഞുകളഞ്ഞു നാശമില്ലായ്മയുടെ വസ്ത്രം ഇവനെ ധരിപ്പിക്കണമേ.''

(മല.കത്തോ. കൂദാശക്രമം, മാമോദീസാ)

## c) *വളർച്ചയും രോഗശാന്തിയും*

വി. കൂദാശകളിലൂടെ സഭാഗാത്രത്തിലെ അംഗങ്ങൾക്കു വളർച്ചയും രോഗശാന്തിയും നല്കുന്നു.

വി. കുർബാനയിലെ സെദറാ പ്രാർത്ഥനയിൽ ചൊല്ലുന്നു; ''കർത്താവേ, പരിശുദ്ധാത്മാവു ഇറങ്ങിവന്നു ഈ രഹസ്യങ്ങളുടെ മേൽ ആവസിക്കുന്ന ഈ സമയത്തു ഞങ്ങളും ആത്മീയമായ നിന്റെ സിംഹാസനത്തിന്റെ സന്നിധിയിലേക്കു ഉയരുവാൻ സംഗതിയാക്കണമേ.''
(മല. കത്തോ. കുർബ്ബാന തക്സാ, പ്രുമിയോൻ)

www.malankaralibrary.com



## d) ദാനങ്ങളുടെ വിതരണം

അപ്പസ്തോലന്മാരിലൂടെ ദാനങ്ങൾ വിതരണം ചെയ്യുന്നു. ''ഇങ്ങനെ തൻെറ ദാനങ്ങൾ വിതരണം ചെയ്യുന്നത് തൻെറ സമൃദ്ധിക്കും സഭയുടെ ശുശ്രൂഷയെ സംബന്ധിച്ച ആവശ്യങ്ങൾക്കും അനുസൃതമായിട്ടാണ്. '' (1കോറി. 12:1-11) ഈദാനങ്ങളിൽ അപ്പസ്തോലന്മാർക്ക് അവിടുന്നു നല്കിയ പ്രസാദവരമാണ് മറെറല്ലാററിനേക്കാളും മുന്നിട്ടു നിൽക്കുന്നത്.

കാരണം ഈ ആത്മാവ് പ്രത്യേകം സിദ്ധിയുള്ളവരെപ്പോലും അപ്പസ്തോലന്മാരുടെ അധികാരത്തിനു വിധേയമാക്കുന്നു''

( 1കോറി. 14 ) ( തിരുസ്സഭ 7, 2 )

നൽവരങ്ങൾ നല്കുന്ന റൂഹാ

'' ... ... ... റൂഹാ ഓരോരുത്തനും നല്വരങ്ങൾ വിഭജിച്ചു കൊടുക്കുന്നവനും ആശ്വാസകരനുമാകുന്നു, അവൻ ധീരതയുടെ ആത്മാവാകുന്നു, നിർമ്മലനാകുന്നു; അവിഭാജ്യനാകുന്നു. അവൻ മനുഷ്യരോടു സ്നേഹമുള്ളവനാകുന്നു. അവൻ ദീർഘദർശികളെയും ശ്ലീഹന്മാരെയും പരിപൂർണ്ണരാക്കുന്നവനും രക്തസാക്ഷികളെ യുദ്ധസന്നദ്ധരാക്കുന്നവനും ആകുന്നു. അവൻ ഉപദേഷ്ടാക്കൾക്കു ദൈവികജ്ഞാനം നല്കുന്നവനും പരമാർത്ഥികൾക്കു അറിവു നല്കുന്നവനുമാകുന്നു; അവൻ ദൈവാലയങ്ങളെ അലങ്കരിക്കുന്നവനും നന്മകൾ പ്രവർത്തിക്കുന്നവനും എല്ലാം കഴിയുന്നവനും ആകുന്നു''

( ആണ്ടുതക്സാ, പെന്തിക്കൊസ്തി, പ്രുമിയോൻ)

## e) അസാധാരണവരങ്ങൾ

കൂദാശകളും ശുശ്രൂഷകളും മാത്രമല്ല ദൈവജനത്തെ വിശുദ്ധീകരിക്കുന്നതിനായി നല്കപ്പെടുന്നത്. ''ഓരോരുത്തനും തൻെറ ഇഷ്ടാനുസരണം വരങ്ങൾ നല്കിക്കൊണ്ടും (1കോറി. 12: 11 ) എല്ലാനിലകളിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രത്യേകപ്രസാദവരങ്ങൾ

www.malankaralibrary.com



വിതരണം ചെയ്തുകൊണ്ടും കൂടിയാണ്. ഈ പ്രസാദവരങ്ങളാകട്ടെ സഭയുടെ നവീകരണത്തിനും അഭിവൃദ്ധിക്കും ഉതകുന്ന പലജോലികളും കർത്തവ്യങ്ങളും ഏറ്റെടുക്കാൻ അവരെ യോഗ്യരാക്കയും തയ്യാറാക്കയും ചെയ്യുന്നു. ''അരൂപിയുടെ ആവിഷ്കരണം ഓരോരുത്തന്റെയും പ്രയോജനത്തിനാണ് നല്കപ്പെടുന്നത്'' (1കോറി. 12: 7) ഈ സിദ്ധികരം അസാധാരണങ്ങളും ലളിതങ്ങളും അനാർഭാടങ്ങളുമായാലും സഭയുടെആവശ്യങ്ങരംക്കു ഏറ്റവും യോജിച്ചതും പ്രയോജനകരവും ആയതുകൊണ്ട് കൃതജ്ഞതയോടും ആത്മീയവിശ്വാസത്തോടും സ്വീകരിക്കപ്പെടേണ്ടതാണ്. ഔചിത്യബോധമില്ലാതെ അസാധാരണവരങ്ങരം തേടിക്കൂടാ'' ( തിരുസ്സഭ 12, (2) )

റൂഹാ ഇന്നും പ്രവർത്തിക്കുന്നു.

> ''പൂർവ്വകാലത്തു ദീർഘദർശിമാർ മുഖേന വിവിധങ്ങളായ ദൈവിക നല്വരങ്ങളിലൂടെ നീ പരോക്ഷമായി പ്രവർത്തിച്ചിരുന്നു. ഇപ്പോഴാകട്ടെ, അഗ്നിനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ആവസിച്ചു. അവരുടെ ബുദ്ധിയേയും നാവിനേയും അതിശയകരമാംവിധം നീ ഉജ്ജ്വലമാക്കി...... സാധാരണക്കാരും അറിവുകുറഞ്ഞവരും ആയവരെ നീ ജ്ഞാനികളും സർവ്വലോകത്തിന്റെയും ഉപദേഷ്ടാക്കളും ആക്കിത്തീർത്തു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങരം അവർക്കു നീ വെളിപ്പെടുത്തിക്കൊടുത്തു. തീക്ഷ്ണമായ അഗ്നിസ്ഫുലിംഗംപോലെ അവരിൽ ഓരോരുത്തന്റെയും മേൽ നീ ആവസിച്ചു നിന്റെ ദിവ്യാഗ്നിയുടെ ശക്തി മൂലം അവരെ പരിപൂർണ്ണരാക്കിത്തീർക്കയും ചെയ്തു ''

(ആണ്ടുതക്സാ, പെന്തിക്കൊസ്തി, പ്രാർത്ഥന)

### f) *കാരിസം*

ലളിതമാകട്ടെ, വിനീതമാകട്ടെ, അസാധാരണമാകട്ടെ — ഏതുകാരിസവും പരിശുദ്ധാത്മാവിന്റെ ദാനമത്രേ. അതു പ്രത്യക്ഷമായോ പരോക്ഷമായോ സഭയെ പോഷിപ്പിക്കുന്നതായിരിക്കും.

www.malankaralibrary.com



വിവിധ ദാനങ്ങൾ പരിശുദ്ധാത്മാവിലൂടെ.

> "...... അവൻ (പരിശുദ്ധാത്മാവ്) അത്രേ ന്യായപ്രമാണവും ദീർഘദർശികളും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവൻ; അവൻ സകലത്തിലും സമീപസ്ഥനും സകലവും പൂർത്തിയാക്കുന്നവനും ആകുന്നു. തനിക്കിഷ്ടം തോന്നുന്നവരിൽ അവൻ ദാസ്യമായിട്ടല്ല, അധികാരപൂർവ്വം വിശുദ്ധകാര്യങ്ങൾ പ്രവർത്തിക്കുന്നു."

(Ibid സെദറാ)

### g) അപ്പസ്തോലിക ഉണർവ്വും, സഭാശരീരത്തിന്റെ വിശുദ്ധി.

സ്വീകർത്താവും സഭയിലെ എല്ലാ അംഗങ്ങളും കാരിസത്തെ നന്ദിപൂർവ്വം കൈക്കൊള്ളണം. അപ്പസ്തോലിക ഉണർവ്വിനും സഭാശരീരത്തിന്റെ വിശുദ്ധിക്കും അത്യധികം ഉതകുന്നതത്രേ ഈ വരപ്രസാദവരവ്. അവ പരിശുദ്ധാത്മാവിൽ നിന്നു ഉള്ളതായിരിക്കണമെന്നുമാത്രം. ദിവ്യാരൂപിയുടെ പ്രചോദനത്തിനനുസരിച്ചുള്ളതായിരിക്കണം. എല്ലാദാനങ്ങളുടെയും അളവുകോലായ സ്നേഹത്തിനു അനുസൃതമായിരിക്കണം. (1കോരി. 13)

സൂക്ഷ്മദർശിത്വം കാരിസത്തിനു എപ്പോഴും ആവശ്യമാണ്. സഭാധികാരത്തിനു വിധേയമാക്കപ്പെടണമെന്നതിൽ നിന്നു ഒരുകാരിസത്തേയും ഒഴിവാക്കിയിട്ടില്ല.

### h) അസാധാരണവരങ്ങളും സഭയുടെ തീരുമാനങ്ങളും.

ഔചിത്യബോധമില്ലാതെ അസാധാരണവരങ്ങൾ തേടിക്കൂടാ. അപ്രകാരംതന്നെ പ്രേഷിതവൃത്തിയുടെ ഫലങ്ങൾ അവയിൽനിന്നു ധാർഷ്ട്യത്തോടെ ആവശ്യപ്പെടേണ്ടതുമില്ല. അപ്രകാരമുള്ള വരങ്ങളുടെ യാഥാർത്ഥ്യത്തെപ്പററിയും അതു ഉപയോഗിക്കേണ്ട രീതിയെപ്പററിയുമുള്ള തീരുമാനം സഭയിൽ നായകന്മാരായി നിശ്ചയിക്കപ്പെട്ടിട്ടുള്ള

www.malankaralibrary.com



വർക്കു വിട്ടുകൊടുക്കേണ്ടതാണ്. ഇവരോ എന്നാൽ പരിശുദ്ധാരൂപിയുടെ പ്രേരണകളെ നിഷ്കാസനം ചെയ്യുകയല്ല, നേരേമറിച്ചു എല്ലാകാര്യങ്ങളും പരിശോധിച്ചറിഞ്ഞു നല്ലവയെ പരിരക്ഷിക്കുകയാണുവേണ്ടത് ''
(തെസ. 5: 12, 19–21) (തിരുസ്സഭ 12(2)

വ്യത്യസ്തങ്ങളും പരസ്പരപൂരകങ്ങളുമായ കാരിസങ്ങളെല്ലാം പൊതുനന്മയ്ക്കുതകത്തക്കവിധം പ്രയോജനപ്പെടുത്തണം. (1കോരി. 12: 7).

## അനുബന്ധം 5

(ഒന്നാംഭാഗം)

1 വി. കൂദാശകരം പൂർത്തീകരിക്കുന്നതു പരിശുദ്ധാത്മാവാണ്. വി. കുർബ്ബാനയിൽ അരൂപിയുടെ ആവസിപ്പിന്റെ പ്രാർത്ഥന.

''പരിശുദ്ധാത്മാവു ഈഅപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമാക്കി പൂർത്തിയാക്കട്ടെ.

അവൻ ഈ കാസായിലെ മിശ്രിതത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമാക്കി രൂപാന്തരപ്പെടുത്തട്ടെ''
(മലങ്കര കുർബ്ബാനതക്സാ, മാർദീവന്യാസ്യോസിന്റെക്രമം)

2 മൂറോൻ അഭിഷേകത്തിന്റെ ശുശ്രൂഷയിൽ കിരീടധാരണപ്രാർത്ഥന

''പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാമോദീസാത്തൊട്ടിയിൽനിന്നു അല്ലയോ പ്രിയനേ, മാലാഖായ്ക്കനുരൂപനായി നീ പുറത്തു വന്നിരിക്കുന്നു. കണ്ടാലും അക്ഷയമായ കിരീടം നിന്റെ തലയിൽ വെയ്ക്കപ്പെട്ടിരിക്കുന്നു. ആദാമ്യഭവനത്തിന്റെ മഹത്ത്വം ഇന്നു നീ ധരിച്ചിരിക്കുന്നു.
(മല. കത്തോ. കൂദാശക്രമം, മൂറോനഭിഷേകം)

3 വി. റൂഹായുടെശക്തി മാമോദീസായിൽ പ്രവർത്തിക്കുന്നു.

www.malankaralibrary.com



''മണ്മയർ തീജ്വാലയ്ക്കു മേലായി നിന്നുകൊണ്ടു റൂഹായെ ക്ഷണിക്കുന്നു. റൂഹാ മേലിൽ നിന്നിറങ്ങി മറു പടിഅരുളുകയും അവന്റെ ഇംഗിതമനുസരിച്ചു കടങ്ങ ളുടെ പരിഹാരത്തിനായി മാമോദീസാജലം ശുദ്ധീകരി ക്കയും ചെയ്യുന്നു''

(Ibid, മാമോദീസാ ശുശ്രൂഷ)

4 പരിശുദ്ധാത്മാവിന്റെ ദിവ്യമായ ആഗമനം

''.......ജീവനുള്ള പരിശുദ്ധറൂഹാ സ്വർഗ്ഗമാകുന്ന ഉയരങ്ങളിൽനിന്നു പ്രതാപത്തോടെ ഇറങ്ങി സമർപ്പിതമാ യിരിക്കുന്ന ഈ പരിശുദ്ധകുർബ്ബാനമേൽ ആവസിച്ചു അതിനെ ശുദ്ധീകരിക്കുന്ന ഈസമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു'' (കുർബ്ബാനക്രമം)

5 പരി. സഭയാകുന്ന ആന്തരികഗോപുരം

''... .... ആശ്വാസപ്രദന്റെ മഹനീയമായ ഇറക്കത്താൽ പണിതു ഉറപ്പിക്കപ്പെട്ടതു പരിശുദ്ധ സഭയാകുന്ന ആന്ത രികഗോപുരമത്രേ. ഇന്നു പരിശുദ്ധ ശ്ലീഹന്മാർ വി ശുദ്ധ ദാനങ്ങളാൽ നിറഞ്ഞു; ദൈവത്തിന്റെ അത്ഭുത ങ്ങളെ വിവിധ ഭാഷകളിൽ സംസാരിപ്പാൻ തക്കവണ്ണം ഹൃ ദയവെളിവുള്ളവരായി. ഇന്നുമാളിക ദൈവികകാന്തിയാൽ തിളങ്ങുന്ന പ്രകാശംകൊണ്ടു ശോഭിക്കുന്നു. ദൈവികസ്വ വിശേഷത്തിന്റെ മർമ്മങ്ങളാൽ സഭയും തെളിഞ്ഞു ശോഭിക്കുന്നു. ഇന്നു കർത്താവിന്റെ ആത്മാവാൽ ശ്ലീഹന്മാർ സംസാരിച്ചതുകൊണ്ടു പ്രവാചകന്മാർ സ ന്തോഷിക്കുന്നു. ഇന്നു യോവേൽ പ്രവാചകൻ തന്റെ വീണ യെമീട്ടി ''ആത്മാവു തിരഞ്ഞെടുത്തമക്കളെ ആശ്വാസപ്ര ദനായ ആത്മാവാൽ ഇതാപ്രവചിക്കുന്നു എന്നുപാടുന്നു''

(പെങ്കീസാ, പെന്തിക്കൊസ്തിപ്പെരുന്നാൾ, സന്ധ്യ)

6. പരിശുദ്ധറൂഹായുടെ ആവാസത്തിനു വേണ്ടിയുള്ള സഭയുടെ പ്രാർത്ഥന

www.malankaralibrary.com



'' – – – കർത്താവേ, കരുണതോന്നി സഭയിലെ എല്ലാ കൂദാശകളേയും തൻെറ ആവാസത്താൽ പൂർത്തിയാക്കുന്ന നിൻെറ പരിശുദ്ധാത്മാവിനെ എന്നിലും സമർപ്പിതമായിരിക്കുന്ന ഈബലിവസ്തുക്കളിലും അയച്ചുതരണമേ''

(കുർബ്ബാനതക്സാ, മാർദീവന്യാസ്യോസിൻെറഅന്നാഫോറാ)

7 സമാമുന്തിരിത്തോപ്പിലെ വേലക്കാർക്കുവേണ്ടി പ. റൂഹ മുടിമുടയുന്നു.

'' – – താതനിരുത്തും മേശയ്ക്കായ് പരികർമ്മിക്കും സുതൻ

റൂഹ്ക്കുദിശാപാറക്കലീത്താമുടയു – ന്നോരോ–മുടി
ഹാലേലുയ്യാ ചൂടുംമകുടത്തിൽ'' (കുർബ്ബാനക്രമം)

(രണ്ടാംഭാഗം)

## സഭാചിന്തകളുടെ സംഗ്രഹം

### 1 ജനതയ്ക്കുവേണ്ടി ബലിയർപ്പണം

''എല്ലാതിന്മകളിൽ നിന്നും നമ്മെ രക്ഷിക്കുന്നതിനും സൽപ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ഒരുജനതയെ തനിക്കുവേണ്ടി ശുദ്ധീകരിക്കുന്നതിനുമായി യേശുക്രിസ്തു തന്നെത്താൻ ബലിയർപ്പിച്ചു.''

(തീത്തൂസ് 2: 14 )

### 2 തിരഞ്ഞെടുക്കപ്പെട്ടജനം

''നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിൻെറ സ്വന്തം ജനവുമാണ്'' ( 1പത്രോ. 2:9 )

### 3 ദൈവജനത്തിൻെറ അംഗത്വം

വിശ്വാസത്താലും മാമോദീസായാലും ഒരുവൻ ''ദൈവജനത്തി''ൻെറ അംഗമാകുന്നു.

www.malankaralibrary.com



''ഭൂമിയിലെ എല്ലാജനപദങ്ങളിൽനിന്നും ദൈവജന ത്തിലേക്കുസ്വീകരിക്കപ്പെടുന്നു. അങ്ങനെദൈവജനം എല്ലാ ജനപദങ്ങളിലുമായി സ്ഥിതിചെയ്യുന്നു. അതു എല്ലാജന പദങ്ങളിൽനിന്നും പൗരന്മാരെസ്വീകരിച്ചുകൊണ്ട് അവ രെ ഭൗമികപ്രകൃതിക്കു പകരം സ്വർഗ്ഗീയപ്രകൃതിയോടു കൂടിയ ഒരു രാജ്യത്തിലെ പൗരന്മാരാക്കിത്തീർക്കുന്നു''

( തിരുസ്സഭ 13 (2) )

''ഭൂമിയിൽ എല്ലാം സമുദ്ധരിക്കപ്പെടുന്നതിനും മനു ഷ്യരെല്ലാം ഒരു കുടുംബവും ഒരു ദൈവജനവുമായി സ്ഥാപിക്കപ്പെടുന്നതിനും – –.''

(പ്രേഷിതപ്രവർത്തനം 1 (2) )

## 4 വിശ്വാസികളുടെ സമൂഹത്തെ ക്രിസ്തു സ്വന്തം ശരീരമാക്കി

സഭക്രിസ്തുവിന്റെ ശരീരമാകുന്നു. കുരിശിന്മേൽ മരിക്കയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തവനായ കർ ത്താവ് വിശ്വാസികളുടെ സമൂഹത്തെ സ്വന്തംശരീരമാക്കി.

## 5 ഏകത്വവും വൈവിധ്യവും

ശരീരത്തിന്റെ ഈഏകത്വത്തിൽ അംഗങ്ങളുടെയും പ്ര വർത്തനങ്ങളുടെയും വൈവിധ്യമുണ്ട്. എല്ലാഅംഗങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യഥിതരുടെയും പീഡിതരുടെയും ദരിദ്രരുടെയും ബന്ധം എടുത്തു പറയേ ണ്ടതാണ്.

## 6 ശിരസുക്രിസ്തു, ശരീരംസഭ

സഭയാകുന്ന ശരീരത്തിന്റെ ശിരസു ക്രിസ്തുവാണ്. സഭ അവനിൽ നിന്നാണ്, അവനിലാണ്, അവനുവേണ്ടി യാണ്. ക്രിസ്തു സഭയോടുകൂടിയും സഭയിലും കഴി യുന്നു.

www.malankaralibrary.com



### 7 സഭ-ക്രിസ്തുവിന്റെ മണവാട്ടി

സഭ ക്രിസ്തുവിന്റെ മണവാട്ടിയാകുന്നു. അവൻ അവളെ സ്നേഹിക്കുന്നു. തന്നെത്തന്നെ അവൾക്കായി പ്രദാനം ചെയ്യുന്നു. തന്റെ രക്തം കൊണ്ടു അവിടുന്നു അവളെ ശുദ്ധീകരിച്ചു. ദൈവമക്കളുടെ എല്ലാം അമ്മയായി അവളെ ഉയർത്തി.

### 8 സഭ-പരിശുദ്ധാത്മാവിന്റെ ആലയം

സഭ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു. ദിവ്യാത്മാവു ജീവന്റെയും ഐക്യത്തിന്റെയും വരദാനങ്ങളുടെയും ഉറവിടമാകുന്നു.

### 9 ത്രിതൈകസ്നേഹത്തിൽനിന്നു രൂപംകൊണ്ട ജനപദം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽനിന്നു രൂപംകൊണ്ട ഒരുജനപദമായി സാർവ്വത്രികസഭകാണപ്പെടുന്നു.

(തിരുസ്സഭ 4)

## അദ്ധ്യായം 6

## സഭാലക്ഷണങ്ങൾ

ചിലമതവൈകൃതങ്ങൾമൂലം ചിലർക്കെങ്കിലും മതത്തെപേടിക്കേണ്ടിവരുന്നു, വെറിയൻമാരുടെ കാമക്കൂത്തുകൾ കൊണ്ടു പ്രേമം ഭയജനകമാകുന്നതു പോലെ. വർഗ്ഗീയത ( Communalism ) മതഭ്രാന്ത് ( Fanaticism ) തുടങ്ങിയ വൈകൃതങ്ങളാണ് മതമണ്ഡലത്തെ അലങ്കോലമാക്കുന്നത്. ക്രിസ്തീയസംവിധാനത്തെ ഇത്തരം വൈകൃതങ്ങൾ വിരൂപപ്പെടുത്തുമോ? സഭാലക്ഷണങ്ങൾ സാംശീകരിക്കാത്തവനേ സംശയിക്കൂ.

www.malankaralibrary.com



സർവ്വത്തേയും ഉരംക്കൊള്ളുന്നതാണു സഭാസംവിധാനം. അവിടെ ഒരു മാർഗ്ഗമേയുള്ളു-ദൈവമക്കളുടെ മാർഗ്ഗം; ഒരു വർണ്ണമേയുള്ളു—ദൈവമക്കളുടെ വർണ്ണം; ഒരു ഭാഷയേയുള്ളു—സ്നേഹത്തിന്റെ ഭാഷ. എല്ലാ വർഗ്ഗങ്ങളേയും ഒന്നുപോലെ ആശ്ലേഷിക്കുന്നിടത്തു എങ്ങനെ വർഗ്ഗീയത ഉണ്ടാകും? കുരിശിൽ തറയ്ക്കുന്നവനുവേണ്ടി പൊറുതി യാചിക്കുന്നിടത്തു എങ്ങനെ മതഭ്രാന്തിളകും? സത്യവും നീതിയും സ്നേഹവും ഉയർത്തി അഴിമതി ഒഴിവാക്കുന്നിടം എങ്ങനെ അസ്വീകാര്യമാകും? അഴിമതിയുടെ കൊടി കുത്തിവാഴൽ ഇന്നുമില്ലേ? അതു സഭാസംവിധാനത്തിന്റെ പരാജയമല്ലേ എന്നു ആക്രോശിക്കുന്നവരുണ്ടാകാം. സഭാസംവിധാനമല്ല, പിന്നെയോ അതുസ്വീകരിക്കാൻ കഴിയാതെപോയ ലോകമാണു പരാജയപ്പെട്ടത്.

കെടുതികരം ഇല്ലാതാക്കുന്നതിനാണ് യേശുഉദ്യമിച്ചത്. അവിടുന്നു തെററിദ്ധരിക്കപ്പെട്ടു; കുരിശിൽതറയ്ക്കപ്പെട്ടു. ഉത്ഥിതനായ ആക്രൂശിതന്റെ ദൗത്യം സഭ തുടരുന്നു; സഭയും തെററിദ്ധരിക്കപ്പെടുന്നു കുരിശിൽ തറയ്ക്കലിനു വിധേയയാകുന്നു. തന്മൂലം സഭയെ സ്വീകരിക്കുവാൻ ലോകം പരാജയപ്പെടുന്നു. സഭാലക്ഷണങ്ങളുടെ അന്തസ്സത്തയിലേക്കു തിരിയട്ടെ, ആ അനന്യതയെ ലോകം ആശ്ലേഷിക്കും.

സഭയുടെ സ്വഭാവവും ദൗത്യവും വെളിപ്പെടുത്തുന്നവയാണ് നാലുലക്ഷണങ്ങരം. നിക്യാവിശ്വാസപ്രമാണത്തിലൂടെ സഭാംഗങ്ങരം അതേററു ചൊല്ലുന്നു,

> **''കാതൊലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങരം വിശ്വസിക്കുന്നു.''**
>
> ( നിക്യാ വിശ്വാസപ്രമാണം )

## *വിശ്വാസപ്രമാണപ്രഖ്യാപനം*

ഏകം, വിശുദ്ധം, കാതൊലികം, അപ്പസ്തോലികം എന്നീ നാലാണു വിശ്വാസപ്രമാണം നിർദ്ദേശിക്കുന്ന സഭാലക്ഷണങ്ങരം

www.malankaralibrary.com



''ഉത്ഥാനത്തിനുശേഷം ദിവ്യരക്ഷകൻ മേയിക്കാനായി പത്രോസിനെ ഭരമേൽപ്പിച്ച സഭ ( യോഹ. 21: 17 ), പ്രചരിപ്പിക്കാനും ഭരിക്കാനുംവേണ്ടി വി. പത്രോസിനെയും മററു ശ്ളീഹന്മാരെയും ഏല്പിച്ച സഭ ( മത്താ. 28: 18 ) നിത്യകാലത്തേക്കു അവിടുന്നു പടുത്തുയർത്തിയസഭ – ഇതാണു ക്രിസ്തുവിൻെറ ഏകസഭ. അവളെ എക്കാലത്തേക്കുമായി സത്യത്തിൻെറ തൂണും താങ്ങുമായി അവിടുന്നു സ്ഥാപിച്ചു. ( 1 തീമോ. 3 : 15) ലോകത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്നു ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാസഭയിലാണ് ക്രിസ്തുവിൻെറ മേൽപ്പറഞ്ഞസഭ ദൃശ്യമാകുക. (x) പത്രോസിൻെറ പിൻഗാമിയും അദ്ദേഹത്തോടു ഐക്യം പുലർത്തുന്നമെത്രാന്മാരും ചേർന്നു ഈ സഭയെ നയിക്കുന്നു. ''
(തിരുസ്സഭ 8)

**സഭയുടെ ശ്രേഷ്ഠതയെ പ്രാർത്ഥനാക്രമം പ്രകീർത്തിക്കുന്നു. ''...... സഭയേ, നീ എഴുന്നേററു ശോഭിക്കുക. കർത്താവിനു പ്രീതികരമായി താൻ അതിൽ വസിച്ച 'സീയോൻ' നീയാകെകൊണ്ടു എഴുന്നേററുശോഭിക്കുക. വിശുദ്ധന്മാരിൽ അതിവിശുദ്ധൻ തൻെറ വിശുദ്ധാത്മാവാൽ നിന്നെ വിശുദ്ധീകരിച്ചതുകൊണ്ടു നീ എഴുന്നേററു ശോഭിക്കുക. വലിയവനുംപ്രബലനുമായ കർ**

---

(x) ക്രിസ്തുവിൻെറസഭ അതിൻെറ നൈയാമിക പൂർണ്ണതയിൽ കത്തോലിക്കാസഭയിൽ വിരാജിക്കുന്നു. എന്നാൽ സഭയുടെ ഏതാനും ഘടകങ്ങൾ ( ഉദാ. കൂദാശകൾ ) അകത്തോലിക്കാസഭാവിഭാഗങ്ങളിൽ നിലവിലുണ്ട്. എക്യുമെനിസത്തെ സംബന്ധിച്ചുള്ള ഡിക്രിയിൽ അവയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നു.

www.malankaralibrary.com



> ത്താവു നിന്നെ പൂർണ്ണവിജയത്തിലുയർത്തിക്കൊണ്ടു നീ എഴുന്നേററു ശോഭിക്കുക. നീതിയുടെ മഹാ സൂര്യൻ നിന്നിൽ വസിച്ചിരിക്കകൊണ്ട് എഴുന്നേററു ശോഭിക്കുക. പിതാവിൻെറ മഹത്വത്തിനായി ഉയരത്തിലും ആഴത്തിലുംമണവറയായി നിന്നെ സ്ഥാപിച്ചിരിക്കകൊണ്ടുനീ എഴുന്നേററു ശോഭിക്കുക............ ''

(പെങ്കീസാ, ക്കൂദോശ്ഈത്തോ, രാത്രി1-ാംകൗമാ, സെദറ)

## സഭയുടെ ഉടമസ്ഥതയിൽപെട്ട വരങ്ങൾ

''സഭയുടെ ദൃശ്യമണ്ഡലത്തിനു പുറത്തും സത്യത്തിൻെറയും വിശുദ്ധീകരണത്തിൻെറയും ധാരാളം ഘടകങ്ങൾ കാണപ്പെടുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അവ ക്രിസ്തുവിൻെറ സഭയുടെ ഉടമസ്തതയിൽപെട്ട വരങ്ങളാണ്. ആ നിലയ്ക്കു അവ കത്തോലിക്കാ ഐക്യത്തിലേക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന പ്രേരകശക്തികളാണ്'' ( തിരുസ്സഭ 8 )

> കർത്തൃസഹായംകൊണ്ടേ കാതൊലികവും അപ്പസ്തോലികവുമായ സഭയിൽ നിലനിൽക്കാൻ കഴിയൂ. ''കർത്താവേ, നിൻെറ ബഹുലമായ കരുണയാൽ ഞങ്ങളെ കാതൊലികവും അപ്പസ്തോലികവുമായ സഭയോടുള്ള കീഴ്വഴക്കത്തിൽ പാലിക്കണമേ. നാശകരമായ എല്ലാ വ്യർത്ഥോപദേശങ്ങളിൽനിന്നും ശണ്ഠകളിൽ നിന്നും തർക്കങ്ങളിൽനിന്നും വിടുർത്തേണമേ''

പെങ്കീസാക്കുദോസ്ഈത്തോ, രാത്രി 1-ാം കൗമാ, സെദറാ)

## വിശ്വാസത്തിൻെറ അടിത്തറയും ചരിത്രപരമായ ആവിഷ്കാരവും

ദിവ്യമായ ഉറവിടത്തിലൂടെ സഭ ഈനാലു ലക്ഷണങ്ങൾ സ്വാധീനപ്പെടുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കാൻ വിശ്വാസത്തിലൂടെ മാത്രമേ സാധിക്കൂ. എന്നാൽ അവയുടെ ചരിത്രപരമായ ആവിഷ്കാരം (വെളിപ്പെടൽ) മനുഷ്യബുദ്ധിയെ ബോധ്യപ്പെടുത്തുന്ന അടയാളങ്ങളാണ്. ഒന്നാംവത്തിക്കാൻ കൗൺസിൽ ഇതു പ്രഖ്യാപിക്കയും ചെയ്യുന്നുണ്ട്.

www.malankaralibrary.com

# സഭ ഏകമാണ്.

"സഭയുടെ ഏകത്വം
ഒരു വിശുദ്ധരഹസ്യം" (എക്യു. 2. )

## a, ഏകത്വത്തിനു അടിസ്ഥാനതത്ത്വം

പ്രഭവസ്ഥാനം സഭയെ ഏകമാക്കുന്നു. ത്രിത്വത്തിന്റെഏകത്വമത്രേ സഭയുടെ ഏകത്വരഹസ്യത്തിനു നിദാനം. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്നസ്ഥിതിയാണ് ത്രിത്വത്തിലുള്ളത്

''ഈരഹസ്യത്തിന്റെ ഉത്തമമാതൃകയും അടിസ്ഥാനപ്രമാണവും ത്രിയേകദൈവത്തിലെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യമാണ്'' ( എക്യു. 2 (5) )

> പ. ത്രിത്വത്തെ ആരാധിപ്പാൻ സഭ പഠിക്കുന്നു.
> ''തിരുസ്സഭ സാരാംശത്തിലും മഹത്വത്തിലും ആരാധനയിലും ഒന്നായിസ്ഥിതിചെയ്യുന്ന ത്രിത്വമായിരിക്കുന്ന പിതാവിനെയും അവതാരംചെയ്ത പുത്രനെയും പരി. റൂഹായേയും ആരാധിപ്പാൻ പഠിക്കുന്നു. വി. ത്രിത്വമല്ലാത്തതൊന്നും ആരാധിക്കത്തക്കതെല്ലാത്തതുകൊണ്ടു ഏകദൈവത്വവും ഏകസ്വഭാവവുമുള്ള ത്രിത്വത്തെ ആരാധിക്കുന്നവരെ അതു സമ്മതിക്കുന്നു.''

(പെങ്കീസാ, ക്ദോശ്ഈത്തോ, രാത്രി3-ാംമണി, സെദറാ)

> ത്രിത്വത്തിന്റെ ഐക്യത്തെ സഭ സ്തുതിക്കുന്നു.
> ''ഒന്നായിരിക്കുന്ന പിതാവിനും പുത്രനും
> ജീവനുള്ള പരിശുദ്ധാത്മാവിനും സ്തുതി''

(മലങ്കര കുർബ്ബാന തക്സാ )

## b, സ്ഥാപകന്റെ ലക്ഷ്യം

സ്ഥാപകൻ നിമിത്തം സഭ ഏകമായിരിക്കുന്നു. ''വചനം മാംസമായി, സമാധാനത്തിന്റെ രാജാവ്കുരിശി

www.malankaralibrary.com



ലൂടെമനുഷ്യനെ ദൈവവുമായി രഞ്ജിപ്പിച്ചു; ഒരുജനത യും ഒരുശരീരവും എന്ന ഐക്യം എല്ലാവർക്കുംവേണ്ടി വീണ്ടെടുത്തു.

'' മാംസമെടുത്ത പുത്രനായ ആ സമാധാനരാജൻ കുരിശിലൂടെ സകലമനുഷ്യരേയും ദൈവത്തോടു രമ്യപ്പെ ടുത്തി. അങ്ങനെ സകലരേയും ഒരുജനത്തിന്റെയും ഒരു ശരീരത്തിന്റെയും ഐക്യത്തിലേക്കു പുനരാനയിച്ചുകൊ ണ്ടു തന്റെ സ്വന്തം മാംസത്തിൽ അവിടുന്നു ശത്രുതയെ ഹനിക്കുകയാണുചെയ്തത്.''

(സഭ ആധുനികലോകത്തിൽ, 78 (3) )

ആത്മീയ ഐക്യം നല്കണമെന്നു സ്ഥാപകനോടു സഭ പ്രാർത്ഥിക്കുന്നു: ''കർത്താവേ, വിലയേറിയ നിന്റെ തിരുരക്തത്താൽ നീ സമ്പാദിച്ചിട്ടുള്ള നിന്റെ വിശുദ്ധ സഭയെ കൃപയോടെ നീ സന്ദർശിക്കണമേ. ശത്രുക്കളുടെ ഭിന്നതകളിൽനിന്നും തർക്കങ്ങളിൽനിന്നും ശണ്ഠകളിൽനിന്നും അതിനെ രക്ഷിക്കണമേ. നിന്റെ സദുപദേശങ്ങളിലും നിന്റെ സജീവമായ കല്പനകളു ടെ അനുഷ്ഠാനത്തിലും അതിനെ സ്ഥിരപ്പെടുത്തി നിലനിർത്തണമേ. സഭയ്ക്കു നിത്യസമാധാനവും - - - സ്നേഹബന്ധനവും ആത്മീയ ഐക്യവും വെടിപ്പും വിശുദ്ധിയും നല്ലനിലയും ആത്മീയ ക്രമീകരണവും നല്കണമേ.''

(പെങ്കീസാ, ക്കുദോശ് ഈത്തോ, രാത്രി 2–ാം കൗമാ, സെദറാ)

## C ഉറപ്പിക്കുന്ന പരിശുദ്ധാത്മാവു

''പരിശുദ്ധാരൂപി വിശ്വാസികളിൽ വസിക്കുന്നു; സഭയിൽ ആവസിച്ചുകൊണ്ട് അവിടുന്നു അതിനെ ഭരി ക്കുന്നു; വിശ്വാസികളുടെ അത്ഭുതകരമായ ഐക്യവും അവർക്കു ക്രിസ്തുവിലുള്ള ഗാഢബന്ധവും സാധിത മാക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവാണ് സഭയുടെ ഐക്യത്തിനു നിദാനം. ഭിന്നരീതിയിലുള്ള കൃപാവരങ്ങ

www.malankaralibrary.com



ളും ശുശ്രൂഷകളും പ്രദാനം ചെയ്യുന്നതും അവിടുന്നു തന്നെ. ക്രിസ്തുവിന്റെ ശരീരം കെട്ടിപ്പടുക്കുക എന്ന കൃത്യനിർവ്വഹണത്തിനാവശ്യമായതെല്ലാം നല്കി വിശുദ്ധരെ അണിയിച്ചുകൊണ്ട് (എഫേ. 4: 12) പരിശുദ്ധാത്മാവു ക്രിസ്തുവിന്റെ സഭയെ പലതരത്തിലുള്ള സേവനകൃത്യങ്ങളാൽ പരിപോഷിപ്പിക്കുന്നു.'' (എക്യു. 2(2) )

> സ്വന്തം വിളി വെളിപ്പെടുത്തുന്ന സഭയുടെ പ്രാർത്ഥന '' നിത്യമായി നിലനിൽക്കുന്ന പരിശുദ്ധാത്മാവിന്റെ സംബന്ധത്തിനായി അതു വിളിക്കപ്പെട്ടിരിക്കുന്നു; തലയിൽ കിരീടവും ധരിച്ചിരിക്കുന്നു. അതു തന്റെപക്കൽ മാൻപേടയും പ്രിയകേഴയുമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.''
>
> (പെങ്കീസാ, കൂദോശ് ഈത്തോ, മൂന്നാം മണി, സെദറാ)

## d അത്ഭുതകരമായ രഹസ്യം

അലക്സാൻഡ്രിയായിലെ വി. ക്ലമൻറു പറയുന്നു: '' എത്ര അത്ഭുതകരമായ രഹസ്യം ! വിശ്വത്തിന് ഒരു പിതാവ്, ഒരുവചനം, ഒരുപരിശുദ്ധാത്മാവ്. എല്ലായിടത്തും ഒന്നുതന്നെ. ഒരുകന്യക അമ്മയായി, ഞാൻ അവളെ 'സഭ' യെന്നു വിളിക്കുന്നു.

> സഭാസങ്കീർത്തനത്തിൽ വെളിപ്പെടുത്തുന്നു ക്രിസ്തുവും സഭയും മാതാവു തമ്മിലുള്ളബന്ധം. മാതാവിന്റെ വാക്യമാണിത്; ''സ്വർഗ്ഗസ്ഥനായ പിതാവല്ലാതെ അവനു വേറെപിതാവില്ല. ഭൂമിയിൽ അവന്റെ മാതാവിനു സദൃശ്യമായി വേറാരുമില്ല. അവൻ ഉടയവനും ഞാൻ അവന്റെദാസിയും തിരുസഭ അവന്റെ മണവാട്ടിയുമാകുന്നു''
>
> ( ശ്ഹീമോ, ബുധൻ, സന്ധ്യ, കോലോ )

## e. വൈവിധ്യം ഉൾക്കൊള്ളുന്ന സമൃദ്ധി

''.......ദൈവജനം പലതരത്തിലുള്ള ആളുകളെക്കൊണ്ടു രൂപംകൊണ്ടിരിക്കുന്നു. അതിന്റെ ആന്തരികഘടന

www.malankaralibrary.com



തന്നെ പലനിലകളിൽപെട്ടവരെ ഉൾക്കൊള്ളുന്നതുമാണ്. .......അതിനാൽ ഈ സമൂഹത്തിനുള്ളിൽതന്നെ പ്രത്യേക സഭകൾക്കും ന്യായമായ സ്ഥാനമുണ്ട്. പത്രോസിൻെറ സിംഹാസനത്തിനുള്ള പരമാധികാരം അംഗീകരിച്ചുകൊണ്ടുതന്നെ അവർക്കു തങ്ങളുടെ പ്രത്യേകപാരമ്പര്യങ്ങൾ അനുവർത്തിക്കയും ചെയ്യാം. ഉപവിയുടെ ഈ സമൂഹത്തെമുഴുവൻ ഭരിക്കയും ന്യായമായവ്യത്യാസങ്ങൾ പരിരക്ഷിക്കയും അതേസമയം ഈ പ്രത്യേകതകൾ യോജിപ്പിനു സഹായകമാകാൻ ശ്രദ്ധിക്കയും ചെയ്യുന്നതു പത്രോസിൻെറ സിംഹാസനമാണ് ........ ദൈവജനത്തിലെ ഓരോ അംഗവും തൻെറ സമ്പത്തു പൊതുവായി അനുഭവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു'' ദൈവികവരങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്നപോലെ നിങ്ങളിൽ ഓരോരുത്തനും തനിക്കു ദൈവത്തിൽ നിന്നു ലഭിച്ചിരിക്കുന്ന വരങ്ങൾ പങ്കുവെച്ചനുഭവിക്കുക'' (1 പത്രോ. 4: 10) തിരുസ്സഭ 13: (2)

> വി. കുർബാനയിലെ മധ്യസ്ഥ പ്രാർത്ഥനയിൽ ചൊല്ലുന്നു. ''നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാപിതാക്കന്മാർക്കു വേണ്ടിയും പ്രത്യേകിച്ചു നമ്മെ പരിപാലിച്ചുപോരുന്ന മോറാൻ മോർ ... .. പാപ്പായ്ക്കുവേണ്ടിയും നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻമാർ ... . ...... വേണ്ടിയും ക്രിസ്തീയസഭ മുഴുവനുവേണ്ടിയും കർത്താവിനോടുനാം പ്രാർത്ഥിക്കണം

( മല. കത്തോ. കുർബാനക്രമം, മധ്യസ്ഥപ്രാത്ഥന )

വൈവിധ്യം ഉൾക്കൊള്ളുന്ന സമൃദ്ധി സഭയുടെ ഏകത്വത്തെ ഹനിക്കുന്നില്ല. എന്നാൽ, പാപവും അതിൻെറ പരിണതഫലങ്ങളായ കാര്യങ്ങളും ദൈവജനത്തിൻെറ ഐക്യത്തിനു ഭീഷണി ഉയർത്തുന്നു. അതുകൊണ്ടു അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു: ''സമാധാനബന്ധത്തിൽ ആത്മാവിൻെറ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ'' ( എഫേ. 4: 3 )

www.malankaralibrary.com



## f. ഐക്യത്തിന്റെ കെട്ടുകൾ

### 1. സ്നേഹത്തിന്റെ പ്രമാണം

സ്നേഹമാണു പ്രധാനം. ''സർവ്വോപരി എല്ലാററിനേയുംകൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ'' (എഫേ. 3: 14)

### 2 ഹൃദയസംവാദം

തീർത്ഥാടക സഭയുടെ ഐക്യം കാണപ്പെടുന്ന ഹൃദയ സംവാദത്തിലൂടെയും പ്രകടമാണ്.

### 3 അപ്പസ്തോല ബന്ധം

അപ്പസ്തോലന്മാരിൽനിന്നു കിട്ടിയ ഒരേ വിശ്വാസത്തിന്റെ പ്രഖ്യാപനത്തിലൂടെയും

വി. കൂദാശകരം തുടങ്ങിയ ദിവ്യാരാധനകളുടെ പരികർമ്മത്തിലൂടെയും

പൗരോഹിത്യ കൂദാശയിലൂടെയുള്ള അപ്പസ്തോലിക പിൻതുടർച്ചയിലൂടെയും

ദൈവിക കുടുംബത്തിന്റെ സാഹോദര്യ ശൃംഖല സംരക്ഷിക്കുന്നു. (എക്യു. 2, തിരുസ്സഭ 14)

ഐക്യവും സമാധാനവും സഭ പ്രാർത്ഥിക്കുന്നു.

''രക്ഷകനാമീശോമിശിഹാ-നിന്നൈക്യതയുംരഞ്ജിപ്പും
ഞങ്ങളിലുണ്ടായീടട്ടെ-ആശ്ലേഷിക്കട്ടെന്യോന്യം
ലോകാന്ത്യംവരെദിശയെങ്ങും-വാണീടട്ടെസമാധാനം.

കത്ത്യസമാധാനം ശാന്തി-നമ്മളിലെന്നും വാഴട്ടെ
ദൈവപിതാവിൻരഞ്ജിപ്പും-ഏകാത്മജനുടെ ശാന്തിയതും
നാഥാ സഭ ദയറാകളെനിൻ-ശ്ലോമ്മോ രക്ഷിച്ചീടട്ടെ
സ്ലീബാഞങ്ങൾക്കേകട്ടെ-പെരുന്നാൾമുദവുംശുദ്ധതയും''

(മല. കത്തോ. ആണ്ടുതക്സാ, ഉയിർപ്പുപെരുന്നാൾ
സമാധാന പ്രാർത്ഥന)

www.malankaralibrary.com



### കത്തോലിക്കാസഭയുടെ ലക്ഷണ യുക്തത

''ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്നനിലയിൽ കത്തോലിക്കാസഭയിലാണ് ക്രിസ്തുവിൻെറ മേൽപറഞ്ഞസഭ ദൃശ്യമാകുക. പത്രോസിൻെറ പിൻഗാമിയും അദ്ദേഹത്തോടു ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്നു ഈസഭയെ നയിക്കുന്നു.''

( തിരുസ്സഭ 8, (2) )

### വേർപിരിഞ്ഞ സഹോദരങ്ങൾ

''........ ക്രിസ്തു ആഗ്രഹിച്ചതും വേദപുസ്തകവും സഭാപാരമ്പര്യവും ഉദ്ഘോഷിക്കുന്നതുമായ ആ ഐക്യത്താൽ അവർ (വേർപിരിഞ്ഞ സഹോദരങ്ങൾ) അനുഗൃഹീതരല്ല. എന്തെന്നാൽ കത്തോലികമായ ക്രിസ്തുവിൻെറ സഭയാണ് രക്ഷാകരമായ എല്ലാമാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു അവളിൽകൂടിമാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പരിപൂർണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കർത്താവു പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നതു എന്നു നാം വിശ്വസിക്കുന്നു. ഇതു ക്രിസ്തുവിൻെറ ഏകശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണ്. ഏതെങ്കിലും തരത്തിൽ ''ദൈവജനം'' എന്ന നാമത്തിനു പാത്രമായിട്ടുള്ളവരെല്ലാം ഇതിനോടു പൂർണ്ണമായി ഐക്യം പ്രാപിച്ചിരിക്കണം.''

(ഐക്യ. 3, (5) )

### g ഐക്യത്തിൻെറ മുറിവുകൾ

ദൈവത്തിൻെറ സഭ ഒന്നുമാത്രമാണ്. എങ്കിലും അതിൻെറ ആരംഭത്തിൽതന്നെ ചില പിളർപ്പുകളുണ്ടായി. വി. ശ്ലീഹാ ശക്തിയായി അതിനെ ശപിച്ചുതള്ളിയിട്ടുണ്ട്. പക്ഷേ, തുടർന്നുവന്ന ശതാബ്ദങ്ങളിൽ വ്യാപകമായ

www.malankaralibrary.com



ഭിന്നതകൾ പ്രത്യക്ഷപ്പെടാതിരുന്നില്ല. അങ്ങനെ വലിയ സമൂഹങ്ങൾതന്നെ കത്തോലിക്കാസഭയുമായുള്ള പൂർണ്ണ യോജിപ്പിൽനിന്നും അകന്നുപോയി. ഈ ഭിന്നതയ്ക്കു ചിലപ്പോഴൊക്കെ ഇരുഭാഗത്തും കുററം ഇല്ലാതില്ല. ഭിന്നിച്ചുപോയ സഭാവിഭാഗങ്ങളിൽ ജനിച്ചു ക്രിസ്തുവിൽ വിശ്വസിച്ചു വളരുന്ന ഇന്നത്തെ തലമുറയിൽ പിളർപ്പിനു ആധാരമായ അപരാധം ആരോപിക്കാൻ പാടില്ല. കത്തോലിക്കാസഭ ബഹുമാനത്തോടും സ്നേഹത്തോടുംകൂടി സ്വസഹോദരങ്ങളെപ്പോലെയാണ് അവരെ സ്വീകരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിച്ചു ശരിയായി മാമോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാസഭയുമായി പൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണു വർത്തിക്കുന്നത്. കത്തോലിക്കാസഭയും ഇതര ക്രൈസ്തവ സമൂഹങ്ങളും തമ്മിൽ വ്യത്യസ്തമായ തോതിൽ വിയോജിപ്പുകളുണ്ട്.''

(എക്യു. 3, (1) )

### ഭിന്നത - പാപത്തിന്റെ പരിണതഫലം

സഭാശരീരത്തിന്റെ ഐക്യത്തെ മുറിപ്പെടുത്തുന്ന ഉൾപ്പുകളായ ഛിദ്മവും വിശ്വാസവൈപരീത്യവും പാഷണ്ഡതയും പാപത്തിന്റെ പരിണതഫലങ്ങളത്രേ.

''പാപമുള്ളിടത്തു വിവാദമുണ്ടു, ഛിദ്മമുണ്ടു, പാഷണ്ഡതയുണ്ടു. സുകൃതമുണ്ടെങ്കിലോ? അനുരഞ്ജനവും ഐക്യവുമുണ്ടാകും. അതിലൂടെ വിശ്വാസികൾക്കു ഒരേ ഹൃദയവും ആത്മാവും ഉണ്ടാകും''

(Origen)

### മാമോദീസായും സഭാംഗത്വവും

''ഭിന്നതയുണ്ടെങ്കിലും മാമോദീസായിലൂടെ വിശ്വാസംവഴി നീതികരിക്കപ്പെട്ടിരിക്കുന്നവരെല്ലാം ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളത്രേ. തന്മൂലം ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടാൻ അവർക്കു അവകാശമുണ്ട്.

www.malankaralibrary.com



അതുകൊണ്ടു കത്തോലിക്കാസഭയുടെ സന്താനങ്ങരം അവരെ കർത്താവിൽ സഹോദരന്മാരായി പരിഗണിക്കുന്നത് നീതിയുക്തമാണ്. (എക്യു. 3, (1) )

## ഐക്യത്തിനു പ്രേരകശക്തി

''സഭയുടെ ദൃശ്യമണ്ഡലത്തിനു പുറത്തും സത്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ധാരാളം ഘടകങ്ങരം കാണപ്പെടുന്നുണ്ടു. എന്നാൽ വാസ്തവത്തിൽ അവ ക്രിസ്തുവിന്റെ സഭയുടെ ഉടമസ്ഥതയിൽപെട്ട വരങ്ങളാണ്. ആ നിലയ്ക്കു അവ കത്തോലിക്കാ ഐക്യത്തിലേക്കു മാർഗ്ഗനിർദേശം ചെയ്യുന്ന പ്രേരകശക്തികളാണ് '' (തിരുസ്സഭ 8, (2) )

''വേർപെട്ടസഭകരംക്കും സമൂഹങ്ങരംക്കും മേൽപറഞ്ഞ ന്യൂനതകരം ഉണ്ടെന്നു നാം വിശ്വസിക്കുന്നെങ്കിലും ഈ സഭകരംക്കു രക്ഷണീയരഹസ്യത്തിലുള്ള പ്രാധാന്യം ഒരു തരത്തിലും ഇല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ അരൂപി ഈ സഭകളെയെല്ലാം രക്ഷയ്ക്കുള്ളമാർഗ്ഗങ്ങളായി ഉപയോഗിക്കുന്നതിൽനിന്നു വിരമിക്കുന്നില്ല. കത്തോലിക്കാസഭയെ ഏല്പിച്ചിട്ടുള്ള സത്യത്തിന്റെയും പ്രസാദവരത്തിന്റെയും പൂർണ്ണതയിൽനിന്നാണ് ഈമാർഗ്ഗങ്ങരം ഫലവത്തായിത്തീരുന്നത്'' (എക്യു. 3)

''സഭയുടെ ദൃശ്യമണ്ഡലത്തിനു പുറത്തും സത്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ധാരാളം ഘടകങ്ങരം കാണപ്പെടുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അവക്രിസ്തുവിന്റെ സഭയുടെ ഉടമസ്ഥതയിൽപ്പെട്ടവരങ്ങളാണ്. ആനിലയ്ക്കു അവ കത്തോലിക്കാഐക്യത്തിലേക്കു മാർഗ്ഗനിർദേശം ചെയ്യുന്ന പ്രേരകശക്തികളാണ്'' (തിരുസ്സഭ. 8 )

www.malankaralibrary.com



## ഐക്യത്തിലേക്ക്

## നഷ്ടപ്പെടാൻ പാടില്ലാത്ത ഐക്യം

''ആരംഭം മുതൽക്കുതന്നെ ക്രിസ്തു സഭയ്ക്കു ഐക്യം പ്രദാനംചെയ്തു. ഒരിക്കലും നഷ്ടപ്പെടാതെയും ലോകാവസാനംവരെ നിലനിൽക്കുന്നതായും ഈ ഐക്യം കത്തോലിക്കാസഭയിലുണ്ടെന്നു നാം വിശ്വസിക്കുന്നു.

''ഈഐക്യം ഒരിക്കലും നഷ്ടപ്പെടുത്താൻ പാടില്ലാത്ത ഒരുവസ്തുതയായി കത്തോലിക്കാസഭയിൽ സജീവമായി വർത്തിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. ലോകാവസാനംവരെ അതു വളർന്നുകൊണ്ടിരിക്കുമെന്നു നാം പ്രത്യാശിക്കുകയും ചെയ്യുന്നു.'' (എക്യു. 4 (3) )

ഐക്യത്തിൻെറ വരം ക്രിസ്തു സഭയ്ക്കു നല്കുന്നു. ക്രിസ്തു അഭിലഷിക്കുന്ന ഐക്യം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പൂർണ്ണതപ്പെടുത്തുന്നതിനും സഭ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. പീഡാനുഭവത്തിൻെറ വേളയിൽ ക്രിസ്തു ഇതിനുവേണ്ടി പ്രാർത്ഥിച്ചു, ശിഷ്യന്മാരുടെ ഐക്യത്തിനുവേണ്ടി പിതാവിനോടുള്ള പ്രാർത്ഥന അവസാനിപ്പിക്കുന്നുമില്ല: ''അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്നു എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു''

(യോഹ. 17: 21)

## പരിശുദ്ധാത്മാവിൻെറ വിളി

''എല്ലാ ക്രൈസ്തവരും തമ്മിലുള്ള ഐക്യത്തിൻെറ പുനസ്ഥാപനത്തിനായി പരിശുദ്ധാത്മാവിൻെറ വരങ്ങളാൽ ശക്തമാക്കപ്പെട്ട ഒരൊഴുക്ക് നമ്മുടെ വേർപെട്ട സഹോദരങ്ങളിലും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നുണ്ട്.'' (എക്യു. 1)

www.malankaralibrary.com



### അധുനാതനീകരണം

ഈ ആഹ്വാനം നിവർത്തിതമാകണമെങ്കിൽ വിളിയിലുള്ള വിശ്വസ്തത കാത്തുകൊണ്ടു സഭ അധുനാതനീകരണത്തിനു (നവോത്ഥാനത്തിനു) വിധേയമാകണം. ആ ആന്തരിക പരിവർത്തനം ഐക്യത്തിനു ചാലകശക്തിയാകും. ''നിരന്തരമായ നവീകരണത്തിനായി ക്രിസ്തു തീർത്ഥാടകസഭയെ ആഹ്വാനം ചെയ്യുന്നു.'' (എക്യു. 6)

### (1) സുവിശേഷാനുസൃത ജീവിതം

സുവിശേഷത്തിനനുസരിച്ചു കൂടുതൽ വിശുദ്ധമായ ജീവിതം നയിക്കുവാൻ വിശ്വാസികൾ ശ്രമിക്കണം. ''ആന്തരിക പരിവർത്തനം കൂടാതെയുള്ള എക്യുമെനിസം എക്യുമെനിസമെന്ന പേരിനേ അർഹമല്ല. ..... എത്ര അധികമായി അവർ സുവിശേഷത്തിനു അനുസൃതമായി കൂടുതൽ പരിശുദ്ധജീവിതം നയിക്കാൻ ബദ്ധപ്പെടുമോ അത്രയധികമായി അവർ ക്രൈസ്തവൈക്യം ത്വരിതപ്പെടുത്തും.'' (എക്യു. 7, (3)[1]) കാരണം അനുയായികൾ ക്രിസ്തുവിന്റെ ദാനങ്ങളിൽ വിശ്വസ്തത പുലർത്താതിരുന്നതാണു പിളർപ്പിനു കാരണമാക്കിയത്.

### (2) പ്രാർത്ഥന, രഹസ്യവും പരസ്യവും

''ക്രൈസ്തവ ഐക്യത്തിനുള്ള രഹസ്യവും പരസ്യവുമായ പ്രാർത്ഥനയോടുകൂടി ഈ ഹൃദയപരിവർത്തനവും ജീവിതവിശുദ്ധിയും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ അന്തരാത്മാവായി വിലമതിക്കണം. അതിനെ ആത്മീയ എക്യുമെനിസം എന്നു ന്യായമായിവിളിക്കാം.''

(എക്യു. 8)

### 3 അന്യോന്യം അറിയൽ

വേർപെട്ട സഹോദരന്മാരുടെ ചിന്താഗതി നാം മനസ്സിലാക്കണം. കത്തോലിക്കാസഭയുടെ യഥാർത്ഥ നിലപാടു വ്യക്തമാക്കുന്നതിനും വേർപെട്ട സഹോദരങ്ങളുടെ വീക്ഷണഗതി വിശദമായി ഗ്രഹിക്കുന്നതിനും പരസ്പരം അറിയണം. ( എക്യു. 9 )

www.malankaralibrary.com



### 4 എക്യുമെനിക്കൽ പരിശീലനം

വൈദികപരിശീലനത്തിലാണു സവിശേഷശ്രദ്ധ വേണ്ടത്. ''ദൈവശാസ്ത്രവും അതിനോടു ഒത്തുപോകുന്ന മററുപഠനങ്ങളും പ്രത്യേകിച്ചുചരിത്രവും എക്യുമെനിക്കൽവീക്ഷണത്തിൽ പഠിപ്പിക്കണം. ഈ പഠനങ്ങൾ വസ്തുനിഷ്ഠമായ സത്യങ്ങളോടു കൃത്യമായി പൊരുത്തപ്പെട്ടതാകണം'' ( എക്യു. 10 )

### 5 ഡയലോഗു

സഭാശാസ്ത്രവിഷയത്തിൽ പ്രാവീണ്യമുള്ളവരും അധികാരികളാൽ അംഗീകൃതരുമായവരുടെ ഡയലോഗു; വ്യത്യസ്തസഭകളിലേയും സമൂഹങ്ങളിലേയും അംഗങ്ങൾ ചേർന്നുള്ള സമ്മേളനങ്ങൾ - എല്ലാം അനുരഞ്ജനം ഉണർത്തും ( എക്യു. 4; 9; 11 )

### (b) മാനവികപ്രവർത്തനങ്ങളിൽ സഹകരണം

''എല്ലാതരത്തിലുമുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചു ക്ഷാമം, പ്രകൃതിക്ഷോഭങ്ങൾ, നിരക്ഷരതം, ദാരിദ്ര്യം, ഭവനരാഹിത്യം, ധനത്തിന്റെ വിതരണത്തിലുള്ള അസമത്വം മുതലായവ ദുരീകരിക്കണം. ഇങ്ങനെയുള്ളസഹകരണം വഴി ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കും, എത്ര എളുപ്പം പരസ്പരം അറിയാനും ബഹുമാനിക്കാനും സാധിക്കുമെന്നും ക്രിസ്തീയ ഐക്യത്തിലേക്കുള്ള മാർഗ്ഗം എത്രസുഗമമാണെന്നും''( എക്യു. 12 )

### ഐക്യദാഹം

''ഐക്യപ്രാപ്തിക്കായുള്ള ദാഹം സമസ്തസഭയേയും വിശ്വാസികളേയും വൈദികരേയും ഒരുപോലെ സ്പർശിക്കുന്നു ഓരോരുത്തരുടെയും കഴിവനുസരിച്ചു ക്രിസ്തീയ ജീവിതത്തിലൂടെയോ ദൈവശാസ്ത്രപരവും ചരിത്രസംബന്ധവുമായ ഗവേഷണങ്ങളിലൂടെയോ അതു പ്രകടിപ്പിക്കുന്നു'' ( എക്യു. 5 )

www.malankaralibrary.com



## മാനുഷിക പരിധിക്കപ്പുറം

''ക്രിസ്തുവിന്റെ ഏകസഭയുടെ ഐക്യത്തിലേക്ക് എല്ലാ ക്രൈസ്തവരേയും പുനരാനയിക്കുക എന്ന പരിശുദ്ധമായ ലക്ഷ്യം പ്രാപിക്കാൻ മാനുഷികകഴിവുകൾക്കും സിദ്ധികൾക്കും സാധ്യമല്ലെന്നും ഈ കൗൺസിലിനുബോധ്യമുണ്ട്. ഈ ബോധ്യം കൊണ്ടു തന്നെയാണ് ഈ കൗൺസിൽ ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിലും നമ്മോടുള്ള പിതാവിന്റെ സ്നേഹത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലും അതിന്റെ എല്ലാപ്രതീക്ഷയും നിക്ഷേപിച്ചിരിക്കുന്നത്. പ്രത്യാശ നമ്മെനിരാശരാക്കുന്നില്ല. കാരണം നമുക്കുനല്കപ്പെട്ട പവിത്രാത്മാവ് നമ്മുടെ ഹൃദയങ്ങളെ ദൈവസ്നേഹംകൊണ്ടും നിറച്ചിരിക്കുന്നു.''

( റോമ. 5: 5 ) ( എക്യു. 24, (2) )

## അനുബന്ധം 6

### 1 ഭിന്നതയിൽനിന്നു സഭയെ രക്ഷിക്കണമെന്നു പ്രാർത്ഥന

''അലയാഴിയിൽ നിന്നും
ശെമഓനെ വീണ്ടോരുനാഥാ!
ഭിന്ന—തകളിൽ നിന്നും
നിൻ സഭയെ നീ കാക്കേ—ണം''

( ശ്ഹീമോ, ശുബഹൊ, തിങ്കൾ, പ്രഭാതം )

### 2 ഐക്യത്തിനുവേണ്ടി പ്രാർത്ഥന

''ഐക്യ സമാധാനം നാനാ
ദിശകളിലും വാഴാൻ പ്രാർത്ഥിപ്പീൻ''

( Ibid, ചൊവ്വാ, സന്ധ്യ)

### 3 ശാശ്വതമായ ഐക്യം നല്കണമേ

''കർത്താവേ, നിന്റെ സഭയ്ക്കും അജഗണത്തിനും ശാശ്വതമായ ഐക്യവും സമാധാനവും സ്നേഹവും നിരന്തരമായി നല്കേണമേ''

(കുർബ്ബാനതക്സാ മ്ദാർ സിക്സ്റ്റസിന്റെക്രമം)

www.malankaralibrary.com

### അദ്ധ്യായം 7

# II സഭ വിശുദ്ധം

പാപികളായ മനുഷ്യരെ ഉൾക്കൊള്ളുന്നതാണു സഭ. അതു വിശുദ്ധമെന്നു എങ്ങനെപറയും? ഭാരമുള്ളപ്രശ്നം. സഭാവിശുദ്ധിയുടെ അടിസ്ഥാനം, വിശുദ്ധിയും പ്രവാചകദൗത്യവും, വിശുദ്ധന്മാരെന്നു വിളിക്കപ്പെടുന്ന മക്കൾ, ദൈവമഹത്വീകരണവും മനുഷ്യവിശുദ്ധീകരണവുമെന്ന രണ്ടുലക്ഷ്യങ്ങൾ, സഭയും മനുഷ്യരക്ഷയും, വിശുദ്ധിയാൽ അലംകൃത എന്നാൽ അപൂർണ്ണ, സ്നേഹം വിശുദ്ധിയുടെ ആത്മാവ്, നന്മയുടെ ഗോതമ്പും പാപത്തിന്റെ കളകളും, വിശുദ്ധാത്മാക്കളുടെ വീര പ്രസൂ, കന്യകാമറിയത്തിലൂടെ വിശുദ്ധിയുടെ നിറവ് തുടങ്ങിയ ശീർഷകങ്ങൾ വിഷയത്തിന്റെ ഉള്ളറ തെളിക്കുന്നു.

## സഭാവിശുദ്ധിയുടെ അടിസ്ഥാനം

അക്ഷയമായ വിശുദ്ധിയാൽ അലംകൃതയാണു സഭയെന്നുവിശ്വാസം പഠിപ്പിക്കുന്നു. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ 'ഏകപരിശുദ്ധൻ' എന്നു നാം പ്രകീർത്തിക്കുന്ന ദൈവപുത്രനായ ക്രിസ്തു വധുവായി സഭയെ സ്നേഹിച്ചു. അവളെ വിശുദ്ധീകരിക്കുവാൻ വേണ്ടി അവിടുന്നു സ്വയം സമർപ്പിച്ചു (എഫേ. 5: 25-26 ) അവളെ സ്വന്തം ശരീരമാക്കിത്തീർത്തു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ അവളെ കിരീടം അണിയിച്ചു. അതുകൊണ്ടു തിരുസ്സഭയിൽ എല്ലാവരും —ഭരിക്കുന്നവരും ഭരണീയരും — വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. 'ഇതാണു ദൈവതിരുമനസ്സ്; നിങ്ങളുടെ വിശുദ്ധീകരണം' (1തെസ 4:3; എഫേ 1:4) എന്നത്രേ അപ്പസ്തോലൻ പറയുന്നത്. തിരുസ്സഭയുടെ ഈ വിശുദ്ധി പരിശുദ്ധാത്മാവ് വിശ്വാസി

www.malankaralibrary.com



കളിൽ ഉല്പാദിപ്പിക്കുന്ന പ്രസാദവരത്തിന്റെ ഫലങ്ങളിലൂടെ യഥായോഗ്യം പ്രകാശിക്കുന്നു. സ്വന്തം ജീവിതാവസ്ഥയ്ക്കനുസരണമായി സ്നേഹത്തിന്റെ പൂർണ്ണതയിലേക്കു നീങ്ങുകയും അതുവഴി മററുള്ളവരും വിശുദ്ധിയിൽ വളരാൻ സഹായിക്കയും ചെയ്യുന്ന ആളുകൾവഴി ഈ വിശുദ്ധി വിവിധരൂപങ്ങളിൽ പ്രകടിപ്പിക്കപ്പെടുന്നു. സുവിശേഷോപദേശങ്ങൾ എന്നു സാധാരണയായി വിളിക്കുന്നവയുടെ അനുവർത്തനത്തിൽ അതു സ്വകീയമായ രീതിയിൽ തെളിഞ്ഞുനിൽക്കുന്നു. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി വളരെയധികം ക്രിസ്ത്യാനികൾ ഈ ഉപദേശങ്ങളുടെ അനുവർത്തനം ഏററെടുക്കുന്നുണ്ട്........ഇതുമൂലം സഭയുടെ വിശുദ്ധിക്കു അവർ ഉത്തമസാക്ഷ്യവും മാതൃകയും നല്കുന്നു.

( തിരുസ്സഭ 39, Ref. എഫേ. 5: 25-26 )

ക്രിസ്തുവാണ് സഭയെ വിശുദ്ധീകരിക്കുന്നത്

''കർത്താവേ, സഭയെ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങുകയും നിന്റെ മാമോദീസായാൽ വെടിപ്പാക്കുകയും നിന്റെ സ്ലീബായാൽ രക്ഷിക്കുകയും നിന്റെ കഷ്ടാനുഭവത്താൽ സ്വാതന്ത്ര്യപ്പെടുത്തുകയും നിന്റെ മരണത്താൽ സന്തോഷിപ്പിക്കുകയും നിന്റെ തൃക്കൈയാൽ മുദ്രയിടുകയും ചെയ്തിരിക്കുന്നു. പാതാളവാതിലുകൾ അതിനോടു ബലം ചെയ്യുകയില്ലെന്നും നീ അരുളിച്ചെയ്തിരിക്കുന്നു. കർത്താവേ ലോകാന്ത്യത്തോളം അതിനോടുള്ള ഉറച്ചവാഗ്ദത്തങ്ങളേയും വ്യതിചലിച്ചു പോകാത്ത നിന്റെ ഉടമ്പടികളേയും ഓർക്കണമേ.''

(പെങ്കീസാ, ഹൂദോസ് ഈത്തോ, രാത്രി 2-ാംകൗമാ, സെദറാ)

മിശിഹായുടെയും സഭയുടെയും പരസ്പരബന്ധം.

''മോതിരമേകിത്തിരുസഭയെ മ്ശി—ഹാ—വധുവാക്കി
പരിപാവന തനുരുധിരങ്ങൾ-കൈ-ക്കൊ-ണ്ടാ-ളവളും''

(മല. കത്തോ. കൂദാശക്രമം, വിവാഹം)

www.malankaralibrary.com



## വിശുദ്ധിയും പ്രവാചകദൗത്യവും.

ക്രിസ്തുവിനു സജീവമായ സാക്ഷ്യം വഹിച്ചുകൊണ്ടും, പ്രത്യേകമായി വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും ജീവിതം നയിച്ചുകൊണ്ടും ദൈവനാമത്തെ മഹത്വപ്പെടുത്തുന്ന സ്തുതിയുടെ ബലികാം ദൈവത്തിനു സമർപ്പിച്ചുകൊണ്ടും ദൈവജനം ക്രിസ്തുവിൻെറ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നു. (എബ്രാ. 13: 15) പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കകൊണ്ടു (1യോഹ. 2: 20 – 27) വിശ്വാസികളുടെ സമൂഹത്തിന് ഒന്നാകെ വിശ്വാസത്തിൽ തെററു പററുകയില്ല. ''മെത്രാൻ മുതൽ അല്പമായ വിശ്വാസികളിൽ അവസാനത്തെ ആൾവരെ'' വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ അഭിപ്രായൈക്യം പ്രകടിപ്പിക്കുമ്പോഴാണ് ദൈവജനമെന്നനിലയ്ക്കു വിശ്വാസത്തിൻെറ അതിസ്വാഭാവികമായ അർത്ഥത്തിൽ തങ്ങളുടെ പ്രത്യേകവരം അവർ പ്രകാശിപ്പിക്കുന്നത്'' (തിരുസ്സഭ 12)

> വിശ്വാസം വ്യതിചലനം വരാതിരിക്കാൻ സഭ പ്രാർത്ഥിക്കുന്നു. ''ശ്ലീഹർ തൻ സഭയിൽ ചൊന്നോരുപദേശത്തെ
> ഭിന്നിതമാക്കാനണയുന്നു താർക്കികരെല്ലാരും
> നാഥാ, നിൻസത്യമതാം ഉലയിൽ
> സഭ സൂക്തം പൊൻപോൽ ശോധന ചെയ്''
>
> (ശ്ഹീമോ, ബുധൻ, സന്ധ്യ,)

## വിശുദ്ധന്മാരെന്നു വിളിക്കപ്പെടുന്ന മക്കൾ.

സഭാമക്കൾക്ക് ''വിശുദ്ധന്മാർ'' എന്നത്രേ അഭിധാനം. വേദപുസ്തകം ഉദാഹരണങ്ങൾ നല്കുന്നു.

(1) ''അനനിയാസ് പറഞ്ഞു: കർത്താവേ, അവിടത്തെ വിശുദ്ധന്മാർക്കെതിരായി അവൻ ജറുസലേമിൽ എത്രമാത്രം തിന്മകൾ പ്രവർത്തിച്ചിട്ടുണ്ടെന്നു വളരെപ്പേരിൽനിന്നു ഞാൻ കേട്ടിട്ടുണ്ട്.'' (നട. 9: 13)

www.malankaralibrary.com



(2) '' നിങ്ങളിൽ ആർക്കെങ്കിലും ഒരു സഹോദരനെപ്പററി പരാതിയുണ്ടാകുമ്പോൾ അവൻ വിശുദ്ധരെ സമീപിക്കുന്നതിനുപകരം നീതിരഹിതരായ വിജാതീയരുടെ വിധിതേടാൻ മുതിരുന്നുവോ ? (1കോരി. 6: 1)

(3) '' ഇനി വിശുദ്ധന്മാർക്കുവേണ്ടിയുള്ള സംഭാവനയെപ്പററി പ്രതിപാദിക്കാം.'' (1കോരി. 16:1)

പരിശുദ്ധന്മാരുടെ സംഘം
''നിന്നാരാധകരെ നിൻ പരിശുദ്ധന്മാർ സംഘത്തിൽ ചേർക്ക''

(ക്യംതാ, പ്രഭാതം, കോലോ)

## രണ്ടുലക്ഷ്യങ്ങൾ – ദൈവമഹത്വീകരണവും മനുഷ്യവിശുദ്ധീകരണവും

''ആരാധനാക്രമത്തിൽനിന്നു വിശിഷ്യാ വി. കുർബ്ബാനയിൽ നിന്നു ഒരു ഉറവയിൽ നിന്നെന്നപോലെ പ്രസാദവരം നമ്മിലേക്കു പ്രവഹിക്കുന്നു. അങ്ങനെ ദൈവമഹത്വീകരണവും ക്രിസ്തുവിലുള്ള മനുഷ്യവിശുദ്ധീകരണവും ഏററവും ഫലവത്തായി നിർവ്വഹിക്കപ്പെടുന്നു. സഭയുടെ മററെല്ലാ പ്രവർത്തനങ്ങളും അവയുടെ ലക്ഷ്യത്തിലേക്കെന്നപോലെ ഉന്നം വെച്ചിരിക്കുന്നതു മേൽ പ്രസ്താവിച്ച രണ്ടു സംഗതികൾക്കായിട്ടത്രേ''

( ലിററർജി 10 )

ദൈവമഹത്വം സഭ പ്രകീർത്തിക്കുന്നു.
''സ്വർഗ്ഗത്തിൽ മാലാഖമാരും ഭൂമിയിൽ മനുഷ്യരും നിൻെറ മഹത്വത്തെ കുമ്പിട്ടാരാധിക്കുന്നു. ദൈവമേ, നീ പരിശുദ്ധൻ, ബലവാനേ, നീ പരിശുദ്ധൻ, ക്രൂശിക്കപ്പെടുകയും ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മരണമില്ലാത്തവനേ, നീ പരിശുദ്ധൻ എന്നവർ ആർത്തു പറയുകയും ചെയ്യുന്നു''

(ശ്ഹീമോ: തിങ്കൾ, പ്രഭാതം, കോലോ)

www.malankaralibrary.com



മഹിമാങ്കിധാരണവും വിശുദ്ധീകരണവും
''മാമോദീസാ
മൂലം മിശിഹാ തൻ
റുശ്മാ കുത്തപ്പെ –
ട്ടും തൻഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനംചെയ്‌വോർ
തൻമൂലം ജീവൻപൂണ്ടി –
പ്പൂഴിയതിൽ നിന്നിങ്ങേറി –
ട്ടണിയും നൽ മഹിമാവിന്നങ്കി''

( ശ്ഹീമോ, ശുബഹൊ, ബുധൻ, പ്രഭാതം )

## സഭയും മനുഷ്യരക്ഷയും

''ക്രിസ്തുവിൻെറ കാതൊലികമായ സഭയാണ് രക്ഷാകരമായ എല്ലാ മാർഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു, അവളിൽകൂടെ മാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പൂർണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെകർത്താവു പുതിയഉടമ്പടിയുടെ എല്ലാനിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നതെന്നു നാം വിശ്വസിക്കുന്നു. ഇതു ക്രിസ്തുവിൻെറ ഏക ശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണ്.'' ( എക്യു. 3:(5) )

''പിതാവ് ഈലോകത്തിൽ നിർവ്വഹിക്കാൻ നമ്മെ ഏല്പിച്ചിരിക്കുന്ന ജോലി ഈസഭയിൽ ഭാവിമഹത്വത്തെ പ്രതീക്ഷിച്ചു നിർവ്വഹിക്കുകയും അങ്ങനെ നമ്മുടെ ആത്മരക്ഷയ്ക്കായി പരിശ്രമിക്കുകയും ചെയ്യുമ്പോഠം ഭൗമികജീവിതത്തിൻെറ അർത്ഥം തന്നെയും വിശ്വാസം വഴി വ്യക്തമാകുന്നു. ( ഫിലി. 2:12 )...........സഭയിൽ ക്രിസ്തുവുമായി യോജിച്ചിരിക്കുകയും നമ്മുടെ ദത്തവകാശത്തിൻെറ അച്ചാരമായ (എഫേ. 1:14) പരിശുദ്ധാ-

www.malankaralibrary.com



ത്മാവിനാൽ മുദ്രിതരാവുകയും ചെയ്തിരിക്കുന്നതിനാൽ നാം ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടുകയും വാസ്തവത്തിൽ അങ്ങനെ ആയിരിക്കുകയും ചെയ്യുന്നു.''

(യോഹ. 3:1) (തിരുസ്സഭ 48)

സഭയുടെ ആത്മാലാപം പ്രാർത്ഥനയിലുണ്ട്.
''ശിഷ്യപ്രധാനിയായ ശെമഓനാകുന്ന പാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. ഓളങ്ങളുംകൊടുങ്കാററുകളും എന്നിലടിച്ചു, അവ എന്നെ ഇളക്കിയില്ല. ശപിക്കപ്പെട്ട നെസ്തോർ എന്നോടു പൊരുതു. അവൻ വീണുപോകയും ചെയ്തു, എന്നു സഭ പറഞ്ഞു'' ( ശ്ഹീമോ, ശനി, പ്രഭാതം )

## *യഥാർത്ഥ വിശുദ്ധിയിൽ അലംകൃത, എന്നാൽ അപൂർണ്ണ.*

'' സഭ ഈലോകത്തിൽവെച്ചു ഇപ്പോൾതന്നെ, അപൂർണ്ണയെങ്കിലും യഥാർത്ഥ വിശുദ്ധികൊണ്ടു അലംകൃതയാണ്. പക്ഷേ, നീതി നിവസിക്കുന്ന ആപുതിയ സ്വർഗ്ഗവും പുതിയഭൂമിയും ഉദയംകൊള്ളുന്നതുവരെ (2പത്രോ. 3: 13) ഈ കാലഘട്ടത്തോടു ബന്ധപ്പെട്ട കൂദാശകളിലും സ്ഥാപനങ്ങളിലുമായി പ്രയാണംചെയ്യുന്ന തിരുസഭയ്ക്കു കടന്നുപോകാനുള്ള ഈ ലോകത്തിന്റെ ഒരുഛായയുണ്ട്. ഇതുവരെ നെടുവീർപ്പിട്ടുകൊണ്ടിരിക്കുകയും പ്രസവവേദന അനുഭവിക്കുകയും ദൈവമക്കളുടെ വെളിപാടിനെ പ്രതീക്ഷിക്കുകയും ചെയ്യുന്ന സൃഷ്ടികളുടെ ഇടയിലാണ് അവൾ ജീവിക്കുന്നത്. '' (റോമ. 8: 19-22) ( തിരുസ്സഭ 48, (3) )

പൂർണ്ണവിശുദ്ധി സഭാംഗങ്ങൾ നേടിയെടുക്കേണ്ടതാണ്. '' രക്ഷപ്രാപിക്കാൻ ഫലപ്രദമായ ധാരാളം മാർഗ്ഗങ്ങൾ വിശ്വാസികൾക്കുണ്ട്. ജീവിതസ്ഥിതി എന്തുമാകട്ടെ ഓരോരുത്തനും അവനവന്റെ രീതിയിൽ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണനാകാൻവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു.''

(തിരുസ്സഭ 11, (3) )

www.malankaralibrary.com



നീതീകരണത്തിന്റെ വി. ബലിപീഠം സഭയിൽ സ്ഥാപിതമായിട്ടുണ്ട്." ഈ വിശുദ്ധാലയത്തിൽ സ്തുതി പാടുന്നത് എത്രയോ യോഗ്യമായിരിക്കുന്നു. എന്തെന്നാൽ പ്രവാചകന്മാരും ശ്ലീഹന്മാരും വി. വേദസാക്ഷികളും അതിൽ വസിക്കുന്നു. ആദാമ്യസന്തതികളുടെ നീതീകരണത്തിനായി വി. ബലിപീഠവും അതിൽ സ്ഥാപിതമായിട്ടുണ്ട്."

(ശ്ഹീമോ, ചൊവ്വാ, പ്രഭാതം.)

## സ്നേഹം-വിശുദ്ധിയുടെ ആത്മാവ്.

സ്നേഹം വിശുദ്ധിയുടെ ആത്മാവാണ്. "പരിപൂർണ്ണതയുടെ ബന്ധവും പ്രമാണങ്ങളുടെ പൂർത്തീകരണവുമായ ഉപവി. (കൊളോ. 3: 14; റോമാ. 13: 10) വിശുദ്ധി പ്രാപിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളേയും ഭരിക്കയും സജീവമാക്കയും അന്ത്യത്തിലേക്കു നയിക്കയും ചെയ്യുന്നു. തന്മൂലം യഥാർത്ഥ ക്രിസ്ത്വനുയായികളുടെ അടയാളമാണ് ദൈവസ്നേഹവും പരസ്നേഹവും."

(തിരുസ്സഭ 42)

ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ പറയുന്നു: "സ്നേഹം മാത്രമാണ് സഭാസന്താനങ്ങളെ പ്രവർത്തനത്തിനു പ്രേരിപ്പിക്കുന്ന ശക്തി. അതു പ്രവർത്തിച്ചില്ലെങ്കിൽ അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുമായിരുന്നില്ല, രക്തം ചിന്തുവാൻ രക്തസാക്ഷികൾ സന്നദ്ധരാകുമായിരുന്നില്ല, മററുള്ളതിനെയെല്ലാം ഉൾക്കൊള്ളുന്ന വിളിയാണ് സ്നേഹത്തിന്റേത്; അതിനു സ്വന്തമായ ചക്രവാളമുണ്ട്. കാലത്തേയും, ദേശത്തേയും ഉൾക്കൊള്ളുന്ന ചക്രവാളം. അതു നിത്യമാണു."

ദിവ്യസ്നേഹത്തെ ആരാധനക്രമം പ്രകീർത്തിക്കുന്നു. "ഞങ്ങളുടെ രക്ഷകാ, ഈ സ്നേഹം പൈതൃകമായി ഞങ്ങൾക്കു നല്കണമേ. അതിനാൽ ഞങ്ങളുടെ മാനസിക വ്യാപാരങ്ങളെ നീ സ്ഥിരപ്പെടുത്തേണമേ. നിന്റെ

www.malankaralibrary.com



**സ്നേഹത്താൽ ഞങ്ങളെ പരസ്പരം ബന്ധിക്കേണമേ. ......... നിന്റെ സ്നേഹം ജീവപ്രദമായ നിന്റെ കല്പനകളെ ആചരിക്കുവാൻ ഞങ്ങളെ പ്രാപ്തിയുള്ളവരാക്കണമേ. ......... നിന്റെ സമാധാനത്താൽ സഭയേയും അവളുടെ സന്താനങ്ങളേയും പരിപൂർണ്ണരാക്കണമേ. തിരുസഭയെ നീ നയിക്കുകയും നിന്നിൽനിന്നുള്ള പ്രശാന്തതയാൽ അതിനെ അലങ്കരിക്കയും ചെയ്യേണമേ......''**

(മല. കത്തോ. ആണ്ടുതക്സാ, ശ്ലൂബപുക്കോനോ, സെദറാ)

### ***നന്മയുടെ ഗോതമ്പും പാപത്തിന്റെ കളകളും***

പരിശുദ്ധനായ ക്രിസ്തു മനുഷ്യരുടെ പാപംമായിക്കാൻ വന്നു. പാപികളെ മാറിടത്തിൽ ചേർത്തു ആശ്ലേഷിക്കുന്നസഭ വിശുദ്ധമാണ്. അതേസമയം പാപപരിഹാരത്തിന്റെ മാർഗ്ഗത്തിലൂടെ ശുദ്ധീകരണം നേടുകയും ചെയ്യുന്നു.

''മനുഷ്യാവതാരംചെയ്ത ദൈവവചനത്തിന്റെ നിഗൂഢതയോടു സഭയെ താരതമ്യപ്പെടുത്തുന്നതു തികച്ചും ശരിയാണ്. മനുഷ്യസ്വഭാവം ദൈവവചനത്തോടു അഭേദ്യമാം വിധം യോജിച്ചിരിക്കുന്നു. ഈമനുഷ്യസ്വഭാവമാകട്ടെ അവിടത്തെ രക്ഷണീയ കർമ്മത്തിനു ഒരു ഉപകരണമായി ഭവിക്കുന്നു. ഇപ്രകാരംതന്നെ സഭയുടെ സാമൂഹികഘടന ജീവദായകമായ ക്രിസ്തുവിന്റെ ആത്മാവിനു തന്റെ ശരീരവളർച്ചയ്ക്കൊരു ഉപകരണമായിത്തീരുന്നു'' (തിരുസ്സഭ 8)

''ദൈവജനം ഈലോകത്തിൽ കൂടിയുള്ള തീർത്ഥയാത്രയിൽ അതിന്റെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം പാപത്തിനു അധീനമെങ്കിലും ക്രിസ്തുവിൽ എപ്പോഴും

www.malankaralibrary.com



വളർന്നുകൊണ്ടേയിരിക്കുന്നു. ആനന്ദത്തോടുകൂടി സ്വർഗ്ഗീയോർശ്ലേമിൽ ദൈവജനം പൂർണ്ണമായ നിത്യമഹത്വം പ്രാപിക്കുന്നതുവരെ നിഗൂഢമായ ഒരു ദൈവികപദ്ധതി അനുസരിച്ചു അവിടുന്നു ആജനത്തെ ശോഭനമായി നയിച്ചുകൊണ്ടിരിക്കുന്നു.'' (എക്യു. 3, (6) എബ്രാ. 2: 17; 7: 26; 2 കോറി. 5: 21)

വൈദികർ ഉൾപ്പെടെ സഭാംഗങ്ങൾ എല്ലാം തങ്ങൾക്കു പാപം ഉണ്ടെന്നു അറിഞ്ഞിരിക്കണം. ''നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അതു ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും; എന്നാൽ നാം പാപങ്ങൾ ഏററുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. നാം പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞാൽ നാം അവനെ വ്യാജം പറയുന്നവനാക്കുന്നു. അവൻെറ വചനം നമ്മിൽ ഉണ്ടായിരിക്കുകയുമില്ല.'' (1യോഹ. 1: 8–10)

സുവിശേഷത്തിലെ നന്മയുടെ ഗോതമ്പിനോടൊപ്പം പാപത്തിൻെറ കളകളും ഓരോ വ്യക്തിയിലും, ലോകാവസാനംവരെ ഉണ്ടായിരിക്കും. (മത്താ. 13: 24–30) കർത്താവിൻെറ രക്ഷയാൽ അടുപ്പിക്കപ്പെട്ട പാപികളാണ് സഭയിലുള്ളത്; അവർ വിശുദ്ധിയിലേക്കുള്ള വഴിയിലാണ് ചരിക്കുന്നത്.

പാപികൾ കൂടെയുണ്ടെന്നിരുന്നാലും സഭവിശുദ്ധമാണ്. കൃപയുടെ ജീവിതമല്ലാതെ അവർക്കു മററൊന്നുമില്ല. അവളുടെ ജീവിതം തുടരുന്ന അംഗങ്ങൾ വിശുദ്ധീകൃതരാകും. അവളുടെ ജീവിതത്തിൽനിന്നു അകലുന്നവർ പാപത്തിലേക്കും ക്രമരാഹിത്യത്തിലേക്കും വീഴും. അതുകൊണ്ടാണ് സഭ സഹിക്കകയും പ്രായശ്ചിത്തം അനുഷ്ഠിക്കയും ചെയ്യുന്നത്. അതിലൂടെ മക്കളെ രക്ഷിക്കാനുള്ള കഴിവു അവൾക്കുണ്ട്. കർത്താവിൻെറ തിരുരക്തവും പരിശുദ്ധാത്മാവിൻെറ നല്വരവുമാണ് ഇതിന് ശക്തി നല്കുന്നത്. പോപ്പുപോൾ VI

www.malankaralibrary.com



**പാപപരിഹാരത്തിന്റെ വിശുദ്ധീകരണത്തിനു വി. കുർബാനയിൽ പ്രാർത്ഥിക്കുന്നു: 'കർത്താവേ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലിമുഖാന്തരം അശുദ്ധമായ സകല വിചാരങ്ങളും ഞങ്ങളിൽ നിന്നു നീക്കിക്കളയണമേ. ഇതിനാൽ ഞങ്ങളുടെ ആത്മാക്കളെ പ്രശോഭിപ്പിക്കുകയും ശരീരങ്ങളെ ശുദ്ധീകരിക്കയും ചെയ്യണമേ'**

(കർബ്ബാനതക്സാ, മാർദീവന്ന്യാസ്യോസിന്റെ ക്രമം)

## *വിശുദ്ധാത്മാക്കളുടെ വീരപ്രസൂ*

ചിലരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നു. സുകൃതങ്ങൾ ധീരമായി പ്രായോഗികമാക്കിയെന്നും കർത്താവിന്റെ കൃപാവരം കാത്തു വിശ്വസ്ഥതയോടെ ജീവിച്ചെന്നും പ്രഖ്യാപനം ചെയ്യുമ്പോൾ തന്നിലുള്ള വിശുദ്ധിയുടെ ചൈതന്യശക്തിയെ സഭ സമ്മതിക്കുകയാണ്; ആ വിശുദ്ധരെ മാതൃകയായിട്ടും മദ്ധ്യസ്ഥരായിട്ടും വിശ്വാസികൾക്കു കാണിച്ചുകൊടുക്കുകയാണ്.

''ഏതു ജീവിതാന്തസിലും പരിതഃസ്ഥിതികളിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികൾ എല്ലാവരും ക്രൈസ്തവജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു........ സഭാചരിത്രത്തിലെ വിശുദ്ധന്മാരുടെ ജീവിതം തെളിയിക്കുന്നതുപോലെ ദൈവജനത്തിന്റെ വിശുദ്ധി വളർന്നു സമ്പൂർണ്ണമായ നന്മയുടെ വിളവെടുപ്പിൽ എത്തിച്ചേരുന്നതിപ്രകാരമാണ്.'' (തിരുസ്സഭ, 40)

''ഏകരക്ഷകനും പരിത്രാതാവും നമ്മുടെ കർത്താവും ദൈവസുതനുമായ യേശുക്രിസ്തുവഴി ദൈവത്തിൽനിന്നു അനുഗ്രഹങ്ങൾ പ്രാപിക്കാൻ അവരുടെ പ്രാർത്ഥനകളിലും ശക്തിയിലും സഹായത്തിലും അഭയം പ്രാപിക്കയും ചെയ്യുക എന്നതും സർവ്വോപരി യുക്തമായിരിക്കുന്നു. സ്വർഗ്ഗത്തിലുള്ളവരുടെനേരെ നാം പ്രദർശിപ്പിക്കുന്ന സ്നേഹത്തിന്റെ എല്ലാ യഥാർത്ഥ സാക്ഷ്യവും അതിന്റെ സ്വഭാവത്താലെതന്നെ വിശുദ്ധന്മാരുടെ കിരീ

www.malankaralibrary.com



ടമായ ക്രിസ്തുവിനെ ലക്ഷ്യീകരിക്കുകയും അങ്ങിൽ എത്തിച്ചേരുകയും ചെയ്യുന്നു. ക്രിസ്തുവഴി ഈ സ്തുതി ബഹുമാനങ്ങളെല്ലാം തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടുന്നവനായ ദൈവത്തിലും എത്തിച്ചേരുന്നു.''

(തിരുസ്സഭ 50)

സഭാ ചരിത്രത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ നവീകരണത്തിനു പ്രേരകമായിനിന്നത് വിശുദ്ധന്മാരാണ്. (ജോൺ പോാം II C L 16, 3)

**സഭയോടൊപ്പം അനുസ്മരണ അർഹിക്കുന്ന സന്താനങ്ങാം**

**''ശുദ്ധസഭയ്ക്കും തൻ**
**സുതരെല്ലാവർക്കും**
**പരിമളധൂപത്താൽ**
**സ്മരണഭവിക്കട്ടെ.''**

(ശ്ഹീമോ, മെനഓലം ബുധൻ, സന്ധ്യ)

## *കന്യകാമറിയത്തിലൂടെ വിശുദ്ധിയുടെനിറവ്.*

''കറയും മുഖച്ചുളിവുമില്ലാത്ത (എഫേ. 5: 27) പൂർണ്ണത ഏറ്റം പരിശുദ്ധയായ കന്യകാമറിയാമിൽ സഭ നേടിക്കഴിഞ്ഞു. വിശ്വാസികാം പാപത്തെ ജയിച്ചു മുന്നേറാൻ സമരംചെയ്തുകൊണ്ടിരിക്കുന്നു; അവരുടെ ദൃഷ്ടികാം മറിയത്തിലേക്കു തിരിച്ചിരിക്കുന്നു. (തിരുസ്സഭ 65) അവളിലൂടെ സഭയ്ക്കു വിശുദ്ധിയുടെ നിറവുലഭിച്ചിരിക്കുന്നു.

**താഴ്മ കന്യകാമാതാവിനെ വിശുദ്ധിയിലേക്കുയർത്തി**

**''ജനനീ – താഴ്മ**
**തൻകൃപയാൽ – നോക്കിയവൻ**
**തൻ തായ യ്ക്കതി സ്തുതിയേകി**
**ദൈവം പരിശുദ്ധൻ താൻ''**

(ശ്ഹീമോ, മെനഓലം, ബുധൻ, സന്ധ്യ)

## *അനുബന്ധം 7*

1 ദിവ്യാഗ്നിയുടെ സ്ഥാനം

**''തീയല്ലൊ ഇമ്മദ്ബഹാ**
**തീതന്നെ—പൂജയിതും**
**തീയിതിനെ—ചുററുന്നു**
**തീയിനല്ലൊ—പരിചരിപ്പൂ**
**വൈദികരേ, നിങ്ങളിഹ**
**ഇത്തീയിൽ—ജ്വാലകളിൽ**
**ഹാലേ—ലുയ്യാ ഉഹാലേ—ലുയ്യാ**

www.malankaralibrary.com



ഏരീയായ്ഷാൻ സൂക്ഷിപ്പിൻ'' ( കുർബാനക്രമം )

2 പുണ്യദായക കർമ്മങ്ങൾ

''പരിശുദ്ധാലയ—മതിനുള്ളിൽ
സ്തുതിപാടുകയെന്നതു യോഗ്യം!
നിബിയർ, ശ്ലീഹർ, സഹദേന്മാർ
ബലിപീഠമതും സ്ഥിതിചെയ്‌വൂ
ആദാമ്യസുതർക്കായ് നിത്യം
പുണ്യം നല്കിടുവതിന്നായ്''
( ശ്ഹീമോ, മെനഓലം, ബുധൻ, സന്ധ്യ )

3 വിശുദ്ധിയുടെ സൂക്ഷിപ്പുകാർ

''സഭയേ, നിൻവാതിൽ കാവൽക്കാർ നിൽപ്പൂ
രാപ്പകൽ ദുഷ്ടനിൽനിന്നവർ കാത്തീടുന്നു.
അടിസ്ഥാനം ശെമഓൻ ശില്പിയതാം പൗലൂസ്
യൂഹാനോൻ തോഴ്മക്കാരൻ സ്നേഹിതനും ഹാ!—
റൂഹായിൽ കിന്നരമാകും ദാവീദ്''
( ശ്ഹീമോ, ശുബഹൊ, വെള്ളി, പ്രഭാതം )

4 നിന്ദ്യവിചാരങ്ങളിൽ നിന്നുവിടുതൽ

''കർത്താവേ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലി മുഖാന്തരം അശുദ്ധമായ സകലവിചാരങ്ങളും ഞങ്ങളിൽ നിന്നു നീക്കിക്കളയണമെ''

(കുർബാനതക്സാ, വി. പിതാക്കന്മാരുടെമ്കാനശ്ത്തൊക്രമം )

5 വിശുദ്ധിയുടെ ഭവനം

''കർത്താവേ, നിന്റെ ഭവനത്തിനു വിശുദ്ധി സദാ യോഗ്യമാകുന്നു. കർത്താവു ഭരിക്കുന്നു; അവൻ മഹിമയും പ്രാഭവവും ധരിച്ചിരിക്കുന്നു''

( പെന്തിക്കൊസ്തിക്രമം, സുമോറോ, ആണ്ടുതക്സാ)

6 ദിവ്യാഹാരങ്ങൾ

''സ്തോത്രം പുണ്യത്തിന്നു തനുരുധി—
രങ്ങൾ തന്നവനായ്''

( ക്യംതാ, പ്രഭാതം, കോലോ )

www.malankaralibrary.com

## അധ്യായം 8

# III സഭ കാതൊലികം

### കാതൊലികം എന്നാലെന്ത്?

തികവിനെയാണ് കാതൊലികം കാണിക്കുന്നത്. രക്ഷാമാര്ഗ്ഗങ്ങളിലും വിശ്വാസസത്യങ്ങളിലും സര്വജാതികളെയും ഉൾക്കൊള്ളിക്കുന്നതിലുമുള്ള പൂര്ണ്ണത. സഭയുടെ ഏകത്വവുമായി ഇതിനു ഏറെ അടുപ്പമുണ്ട്. തന്മൂലം ഏക്യുമെനിസത്തിന്റെ ശക്തമായ സ്പര്ശനം ഇനിയുള്ള വിശദീകരണത്തിൽ കാണാം.

ക്രിസ്തുവിന്റെ സാന്നിദ്ധ്യം തന്നിലുള്ളതുകൊണ്ടു സഭ കാതൊലികമാണ്. ''ക്രിസ്തു ഉള്ളിടത്തു സാര്വത്രിക സഭയുമുണ്ട്'' (അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ്) ക്രിസ്തുവിന്റെ പൂര്ണ്ണശരീരം ശിരസിനോടു ഒന്നിച്ചു സഭയിൽ സ്ഥിതിചെയ്യുന്നു. രക്ഷാ മാര്ഗ്ഗത്തിന്റെ പൂര്ണ്ണത ക്രിസ്തുവിൽനിന്നു സഭ സ്വീകരിച്ചിരിക്കുന്നുവെന്നത്രേ ഇതു അര്ത്ഥമാക്കുന്നത്.

### രക്ഷയുടെ പൂര്ണ്ണതയും സഭയും

''കാതൊലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാ മാര്ഗ്ഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു അവളിൽ കൂടിമാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പരിപൂര്ണ്ണതയോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. പത്രോസ് തലവനായുള്ള ശ്ലീഹന്മാരുടെ സമൂഹത്തെയാണ് നമ്മുടെ കര്ത്താവു പുതിയ ഉടമ്പടിയുടെ എല്ലാ നിക്ഷേപങ്ങളും ഏല്പിച്ചിരിക്കുന്നതെന്നു നാം വിശ്വസിക്കുന്നു. ഇതു ക്രിസ്തുവിന്റെ ഏക ശരീരത്തെ ഭൂമിയിൽ കെട്ടിപ്പടുക്കാനാണ്. .....''ദൈവജനം'' എന്ന നാമത്തിനു പാത്രമായിട്ടുള്ളവരെല്ലാം ഇതിനോടു പരിപൂര്ണ്ണമായി ഐക്യം പ്രാപിച്ചിരിക്കണം. (ഏക്യു. 3)

'സഭ തന്നിൽ തന്നെ രക്ഷയുടെ മാര്ഗ്ഗങ്ങൾ അവയുടെ സമ്പൂര്ണ്ണതയിലും തികവിലും ഉൾക്കൊള്ളുന്നു' (പ്രേഷിത പ്രവര്ത്തനം 6, [2] ). (എഫേ. 1:22–23).

www.malankaralibrary.com



മോശയുടെ കൂടാരത്തിനു സദൃശമായ സഭ.

"...മരുപ്രയാണകാലത്തു നിന്റെ ഇഷ്ടനായ മോശ ഭൂമിയിൽ നിന്റെ ആരാധനയ്ക്കായി പർവ്വതത്തിൽ നീ കാണിച്ചുകൊടുത്ത ദൃഷ്ടാന്തപ്രകാരം കൂടാരം ഉണ്ടാക്കി. ഇന്നാകട്ടെ മിശിഹാ തമ്പുരാനെ, നീ ഇളകാത്ത കൂടാരമായ തിരുസഭയെ സ്ഥാപിച്ചു."

[പെങ്കീസാ, ഉയിർപ്പിനുശേഷം 2-ാം ഞായർ, പ്രഭാതം സെദറാ]

## അവസാനംവരെ തുടരുന്ന പൂർണ്ണതയുടെ രക്ഷാമാർഗ്ഗം

ശുദ്ധവും പൂർണ്ണവുമായ വിശ്വാസത്തിന്റെ ഏററുപറച്ചിൽ, കൂദാശാജീവിതത്തിന്റെ സമ്പൂർത്തി, അപ്പസ്തോലികപിൻതുടർച്ചയുള്ള പൗരോഹിത്യം എന്നിവയിലൂടെയാണ് രക്ഷാമാർഗ്ഗം സഭ നല്കുന്നത്. ഈ മൗലികമായ അർത്ഥത്തിൽ പെന്തിക്കുസ്തിദിനത്തിൽ തന്നെ സഭ കാതൊലികമാണ്. അതു ലോകാവസാനം വരെ തുടരുകയും ചെയ്യും. "പുതിയ ഉടമ്പടിയിലെ സഭയുടെ വിശ്വാസത്തിന്റെ സാർവ്വത്രികത്വം വഴി അവിടുന്നു ജനതകളുടെ ഐക്യം ചിത്രീകരിക്കുകയും ചെയ്തു. എല്ലാ ഭാഷകളും സംസാരിക്കുകയും എല്ലാ ഭാഷകളേയും സ്നേഹപൂർവം സ്വീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന സഭ, ബാബേൽ നഗരത്തിൽ ഉത്ഭവിച്ച ഭിന്നത തീർത്തുകൊണ്ട മേൽപറഞ്ഞ ഐക്യം സാധിച്ചു" (പ്രേഷിത പ്രവർത്തനം 4).

നാനാദേശവാസികളെയും എല്ലാ ജാതികളെയും സഭയിൽചേർത്തു.

"........................................എല്ലാ
ജാതികളെയും—വിളിചെയ്താൻ നാഥൻ
നാനാ—ദേശങ്ങളിൽനിന്നും
വന്നാർ—ശാലയതും നിറവായ്"

(ശ്ഹീമോ, മെനഓലം, ചൊവ്വാ മൂന്നാം മണി)

## എല്ലാവർഗ്ഗത്തിനും വേണ്ടിയുള്ള ദൗത്യം

മനുഷ്യവർഗ്ഗത്തിനു മുഴുവനുമായുള്ള ഒരു ദൗത്യവുമായി ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവളാണു സഭ. തന്മൂലം സഭ കാതൊലികമാണ്.

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" [മത്താ. 28:19].

www.malankaralibrary.com



''ദൈവത്തിന്റെ പുതിയ ജനത്തിൽ ഉൾപ്പെടാനുള്ള ആഹ്വാനം എല്ലാവർക്കുമുണ്ട്. ഈ ജനം അതിന്റേതായ വ്യതിരിക്തത പാലിച്ചുകൊണ്ടു ലോകം മുഴുവൻ വ്യാപിക്കേണ്ടിയിരിക്കുന്നു''.

''ഭൂമിയിലെ എല്ലാ ജനപദങ്ങളിൽനിന്നു ദൈവജനത്തിലേക്കു ആളുകൾ സ്വീകരിക്കപ്പെടുന്നു. അങ്ങനെ ദൈവജനം എല്ലാ ജനപദങ്ങളിലുമായി സ്ഥിതിചെയ്യുന്നു. അതു എല്ലാ ജനപദങ്ങളിൽനിന്നും പൗരന്മാരെ സ്വീകരിച്ചുകൊണ്ടു അവരെ ഭൗമികപ്രകൃതിക്കു പകരം സ്വർഗ്ഗീയ പ്രകൃതിയോടുകൂടിയ ഒരു രാജ്യത്തിലെ പൗരന്മാരാക്കിത്തീർക്കുന്നു''.

എല്ലാവർക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ ദൗത്യം സഭ നിറവേററുന്നു.
''നാനാദിശികളിലേക്കല്ലോ
വൈദ്യന്മാർ പന്തിരുപേരെ
യേശു-നാഥനയച്ചരുളി
അവരോ-ടായേവം
ദൂരിതമാക്കദുരാത്മാവെ,
രോഗാർത്തരെ സൗഖ്യവുമാക്ക''
(ശ്ഹീമോ, ശുബഹൊ, തിങ്കൾ, പ്രഭാതം)

### ഒത്തൊരുമിച്ചുള്ള പ്രവർത്തനം

''ഈ സാർവ്വത്രികസ്വഭാവത്താൽ സഭയുടെ ഓരോ ഭാഗവും അതാതിന്റെ പ്രത്യേകവരങ്ങൾ മററുള്ളവരുടെയും സഭ മുഴുവന്റെയും നന്മയ്ക്കായി അർപ്പിക്കുന്നു. അങ്ങനെ പരിപൂർണ്ണതയ്ക്കായി ഒത്തൊരുമിച്ചുള്ള ശ്രമവും പരസ്പരം സഹകരിച്ചുള്ള പ്രവർത്തനവും വഴി ഓരോ ഭാഗവും സഭയിലാകമാനം വളർച്ചപ്രാപിക്കുന്നു. അതിനാൽ ദൈവജനം പലതരത്തിലുള്ള ആളുകളെകൊണ്ടു രൂപം കൊണ്ടിരിക്കുന്നു. ..............അതിന്റെ ആന്തരികഘടനതന്നെ പല നിലകളിൽപെട്ടവരെ ഉൾക്കൊള്ളുന്നതാണ്.

ഭിന്നതയും ചിതറലും അകലുന്നതിനുള്ള പ്രാർത്ഥന സഭ നടത്തുന്നു. ''ചിതറിപ്പോയവരെ നിന്റെ സമാധാനത്താൽ അതിൽ ശേഖരിക്കണമേ. ഭിന്നിച്ചിരിക്കുന്നവരെ ഒന്നിപ്പിക്കണമേ. അതിനാൽ ഞങ്ങളെ സന്തോഷം കൊണ്ടു നിറയ്ക്കണമേ.

www.malankaralibrary.com



> നിന്റെ ശാന്തിയാൽ ഞങ്ങളെല്ലാവരേയും കാത്തുകൊള്ളണമേ. നിന്റെ സമാധാനത്താൽ ഞങ്ങളുടെ ആലോചനകളെ ഉറപ്പിക്കേണമേ. നിന്റെ ശാന്തിയാൽ ഞങ്ങളുടെ ചിന്തകളെ വെടിപ്പാക്കി ശക്തിയുള്ളവയാക്കണമേ''.
> (പെങ്കീസാ, ഉയിർപ്പുഞായർ, 3-ാം മണി, സെദറാ)

**യോജിപ്പിക്കുന്ന ഘടകം**

ഈ സഭാസമൂഹത്തിനുള്ളിൽ തന്നെ പ്രത്യേക സഭകൾക്കും ന്യായമായ സ്ഥാനമുണ്ട്. പത്രോസിന്റെ സിംഹാസനത്തിനുള്ള പരമാധികാരം അംഗീകരിച്ചുകൊണ്ടുതന്നെ അവർക്ക തങ്ങളുടെ പ്രത്യേക പാരമ്പര്യങ്ങൾ അനുവർത്തിക്കുകയും ചെയ്യാം'' (തിരുസ്സഭ 13, (1, 2); യോഹ.11:52)

> ത്രിത്വത്തിന്റെ ഏകത്വവും ക്നൂമ്മാകളുടെ വ്യത്യസ്തതയും ഉണ്ടല്ലോ. സാർവ്വത്രികസഭയും പ്രാദേശികസഭകളും തമ്മിലുള്ള ബന്ധത്തിനു ഇതു അടിസ്ഥാനമാക്കാം. ''....,.... സാരാംശത്തിലും ബഹുമാനത്തിലും ഒന്നായിരിക്കുന്നു, എന്നാൽ ആളത്തത്തിൽ തിരിഞ്ഞിരിക്കുന്നു........സാരാംശത്തിൽ ഒന്നെങ്കിലും മൂന്നു ക്നൂമ്മാകൾക്ക വ്യത്യസ്ത ലക്ഷണമുണ്ട്....... പിതാവു പുത്രനായോ റൂഹായായോ പുത്രൻ പിതാവായോ റൂഹായായോ റൂഹാ പിതാവായോ പുത്രനായോ മാററപ്പെടാവുന്നതല്ല''
> (പെങ്കീസാ, ഉയിർപ്പിനുശേഷം 2-ാം ഞായർ സന്ധ്യ, സെദറ)

**മെത്രാനും പ്രാദേശികസഭയും**

''തിരുപ്പട്ടകൂദാശയുടെ പൂർണ്ണതയാൽ പ്രശോഭിതനായ മെത്രാനാണ് ഉന്നതമായ പൗരോഹിത്യത്തിന്റെ പ്രസാദവരം കൈകാര്യം ചെയ്യുന്നവൻ; പ്രത്യേകിച്ചും താനർപ്പിക്കുന്നതോ അർപ്പിക്കുന്നതിനിടവരുത്തുന്നതോ ആയ ദിവ്യകാരുണ്യത്തിൽ. ദിവ്യകാരുണ്യം മുഖേനയാണ് തിരുസഭ ജീവിക്കുന്നതും വളരുന്നതും. വിശ്വാസികളുടെ നിയാമാനുസൃതമായ പ്രാദേശികസമൂഹങ്ങളിലെല്ലാം ക്രിസ്തുവിന്റെ ഈ സഭ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നു. അജപാലകരോടു ഐക്യപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹങ്ങളെയാണ് സഭകൾ എന്നു പുതിയ ഉടമ്പടിയിൽ വിവക്ഷിക്കുന്നത്''
(1 തെസ. 1:5)

''ഈ സഭകളിൽ ക്രിസ്തുവിന്റെ സുവിശേഷപ്രഘോഷണത്താൽ വിശ്വാസികൾ സമ്മേളിക്കുകയും'' കർത്തൃ

www.malankaralibrary.com



ശരീരത്തിൻെറ ഭക്ഷ്യവും രക്തവുംവഴി സമസ്തസഹോദരബന്ധങ്ങളും ദൃഢപ്പെടുത്തുന്നതിലേക്ക് ''കർത്താവിൻെറ തിരുവത്താഴ രഹസ്യം പരികർമ്മം ചെയ്യുകയും ചെയ്യുന്നു''

''ദിവ്യകാരുണ്യത്തിൻെറ നിയമാനുസൃതമായ പരികർമ്മമെല്ലാം മെത്രാനാണ് നിയന്ത്രിക്കേണ്ടത്. പ്രതാപവാനായ ദൈവത്തിന് ക്രൈസ്തവമതാത്മകമായ അർച്ചനകരം അർപ്പിക്കുന്ന ഉദ്യോഗം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

''അങ്ങനെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കയും പ്രയത്നിക്കയും ചെയ്തുകൊണ്ടു മെത്രാന്മാർ ക്രിസ്തുവിൻെറ പരിശുദ്ധിയുടെ നിറവിൽനിന്നു വിവിധ രീതിയിൽ സമൃദ്ധവർഷം ചെയ്യുന്നു. വചനത്തിൻെറ ശുശ്രൂഷമുഖേന വിശ്വസിക്കുന്നവർക്കെല്ലാം നിത്യരക്ഷയ്ക്കുവേണ്ടി (റോമാ. 1:16) ദൈവശക്തി അവർ പകർന്നു കൊടുക്കുന്നു'' (തിരുസഭ 26)

അജപാലനം നിർവ്വഹിക്കുന്ന ഇടയന്മാരെ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നുണ്ട്. ''നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാപിതാക്കന്മാർക്കു വേണ്ടിയും ............ ക്രിസ്തീയ സഭ മുഴുവനുവേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം'' (കുർബ്ബാനക്രമം)

### പ്രാദേശികസഭകളും കാതോലികബന്ധവും

''സാർവത്രിക സഭയുടെ മാതൃകയിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രാദേശികസഭകളിലെ ഐക്യത്തിൻെറ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാന്മാർതന്നെ. പ്രാദേശികസഭകളിലൂടെയാണ് ഏകകീയമായ കത്തോലിക്കാസഭ രൂപം കൊള്ളുന്നത്''.

''മെത്രാന്മാരുടെ സംഘാത്തിലെ അംഗങ്ങളും ശ്ളീഹന്മാരുടെ നിയമാനുസരണമുള്ള പിൻഗാമികളും എന്ന നിലയിൽ ഓരോ മെത്രാനും ക്രിസ്തുവിൻെറ വ്യവസ്ഥാപനവും കല്പനയുമനുസരിച്ചു സഭ മുഴുവൻെറയും കാര്യത്തിൽ തൽപരനായിരിക്കുവാൻ ബാധ്യസ്ഥനാണ്'' (തിരുസഭ 23)

ആട്ടിൻകൂട്ടത്തെ നയിക്കുന്നതിനുള്ള ഉത്തരവാദിത്വം ആദിമുതൽ തന്നെ സഭയിലുണ്ട്.

www.malankaralibrary.com



''ശ്ലീഹർ_ശിരസാം ശെമഓനേ—പൗലൂസ് ധന്യാ
സ്നാപകനാം യൂഹാനോനേ,
വിശ്വാ-സത്തിന്നറവിങ്കൽ മേയിച്ചാട്ടിൻ
കൂട്ടമതിൻ പേർക്കർത്ഥിക്ക
ഹാലേലുയ്യാ-നയിച്ചീടവയെ''
(ശ്ഹീമോ, മെനഓലം, തിങ്കഠം, സന്ധ്യ)

## കാതോലിക പൂർണ്ണത

''സ്നേഹത്തിലൂടെ ആധ്യക്ഷ്യം വഹിക്കുന്ന റോമിലെ സഭയുമായുള്ള ബന്ധത്തിലൂടെ ഓരോ പ്രാദേശികസഭയ്ക്കും കാതോലികത്വത്തിന്റെ പൂർണ്ണത അവകാശപ്പെടാവുന്നതാണ്'' (അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ്) ഈ സഭയുടെ പ്രാമുഖ്യം ആദികാലംതൊട്ടേ അംഗീകൃതമാണ്. ''നരകകവാടങ്ങഠം പ്രബലപ്പെടുകയില്ല'' എന്ന വാഗ്ദാനം അവിടെയാണ് നിറവേററപ്പെട്ടിരിക്കുന്നത്''

ഭവനവിചാരണ ശെമഓനിലാണ് ഭരമേൽപ്പിക്കപ്പെട്ടത്.
''ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
''കഹാന്നൂസ പരമുരചെയ്തോരതിമോഹനവചനം:
''ഭവനവിചാരകനായ് നിന്നെ, ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽക്കഠം നിൻ കൈകളിൽ നല്കി
നീ ബന്ധിച്ചാൽ ഞാനും ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും''
(ശ്ഹീമോ, ശുബഹൊ, ശനി, 3-ാം മണി)

## അവിഭക്ത സാർവ്വത്രികത്വം

സത്താപരമായി വ്യത്യാസപ്പെട്ടിരിക്കുന്ന പ്രാദേശിക കൂട്ടങ്ങളുണ്ട്; അവയുടെ നിയമവിരുദ്ധ കൂട്ടുകെട്ടുണ്ടാകാം. സഭയുടെ സാർവ്വത്രികതയെ അത്തരം കൂട്ടുകെട്ടായി കാണരുത്. വിളികൊണ്ടും ദൗത്യംകൊണ്ടും സഭ സാർവ്വത്രികമാണ്. സാംസ്കാരികവും സാമൂഹ്യവും മനുഷ്യമാത്സര്യകോട്ടകളുടേയുമായ രംഗങ്ങളുടെ വൈവിധ്യത്തിൽ വേരോടിക്കേണ്ടി വന്നിട്ടുള്ളപ്പോഠം ലോകത്തിന്റെ ഓരോ ഭാഗത്തിനും ഒപ്പിച്ചുള്ള ബാഹ്യരൂപവും ഭാവവും അവഠം (സഭ) സ്വീകരിച്ചിട്ടുണ്ട്. (Paul VI EN 62) പ്രാദേശിക സഭകഠംക്ക തനതായുള്ള വൈദികശിക്ഷണങ്ങളുടെയും ആരാധനാക്രമങ്ങളുടെയും ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ പാരമ്പര്യങ്ങ

www.malankaralibrary.com



ളുടെയും വൈവിധ്യങ്ങൾ ഒരേ ലക്ഷ്യത്തിലേക്ക ഒത്തൊരുമി ക്കുന്നത് അവിഭക്തസഭയുടെ സാർവ്വത്രികത്വം ഉജ്ജ്വലതരമായി കാണിക്കുന്നു.

''ദൈവപരിപാലനയുടെ ക്രമീകരണംവഴി ശ്ലീഹന്മാരും അനന്തരഗാമികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച വിവിധ സഭകൾ കാലക്രമത്തിൽ സജീവമായ ഐക്യത്തിൽ വർത്തിക്കാൻ തുടങ്ങി. പിന്നീട് പല സമൂഹങ്ങളായി അവ യോജിച്ചു. വിശ്വാസൈക്യവും സാർവത്രിക സഭയുടെ ദൈവികമായ ഘടനാവിശേഷവും നിലനിർത്തിക്കൊണ്ടു പോകുന്ന പ്രസ്തുത സഭാസമൂഹങ്ങൾ സ്വന്തമായ ശിക്ഷണക്രമത്താലും ആരാധനാവിധികളാലും ദൈവശാസ്ത്രപരവും അധ്യാത്മികവുമായ പിതൃധനത്താലും അലംകൃതങ്ങളത്രേ. ......ഈ പ്രാദേശികസഭകളിൽ നിലവിലിരിക്കുന്ന ഏകോന്മുഖമായ വൈവിധ്യം അവിഭക്തയായ തിരുസഭയുടെ കാതൊലിക സ്വഭാവത്തിനു പ്രകടമായ തെളിവാണ്'' [തിരുസഭ 23 [4] ]

'മാനുഷരെ കൂട്ടിച്ചേർക്കുക' എന്ന അവകാശം ശീമോനു കിട്ടി.
''ധീവരകൻ ശെമഓനെ താൻ വീശിയഹോ
ധീവരവൃത്തിയുപേക്ഷിക്കെന്നവനോടരുൾചെയ്തു
ജീവലോകം പൂകാനായ് നീ മാനുഷരെ
കൂട്ടിച്ചേർക്കുക അവരെ നീ വീശീടുക മോദാൽ
റോമ്മായിൽ—ശെമഓൻ വലവീശി
തള്ളിയഹോ-പലർ ദേവന്മാരെ
വിശ്വാസാൽ നാഥങ്കലവൻ ജീവൻ പ്രാപിച്ചു''
(കർബ്ബാനക്രമം)

### കാതോലികത്വത്തിൻെറ സീമ

സഭയുടെ കാതൊലികത്വത്തിൽ ആരൊക്കെ ഉൾപ്പെടുന്നു ? ദൈവജനത്തിൻെറ സാർവത്രിക ഐക്യത്തിലേക്ക എല്ലാ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു. ''ദൈവകൃപ എല്ലാവരേയും രക്ഷയിലേക്ക ആഹ്വാനം ചെയ്യുന്നതിനാൽ കത്തോലിക്കാവിശ്വാസികളും ക്രിസ്തുവിൽ വിശ്വസിക്കുന്ന മററുള്ളവരും മാത്രമല്ല എല്ലാ മനുഷ്യരും ഓരോ രീതിയിൽ ഈ ജനത്തിലുൾപ്പെടുകയോ അതിനെ ലക്ഷ്യീകരിക്കുകയോചെയ്യുന്നു''
(തിരുസഭ 12, (4) )

www.malankaralibrary.com



സ്വർഗ്ഗമഹാരാജ്യം എല്ലാവർക്കും അവകാശപ്പെട്ടതാണ്.

''ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ളീഹ—ന്മാർ—പോയ്
ജാതികളിടയിൽ
ഭൂതലസീമയതോളം
നല്ലേവൻ—ഗേലിയോൻ
കൈക്കൊണ്ടവോ—ർക്കൊക്കെയെഴും
ഭാഗ്യമിതെ—ന്നറിയിച്ച
സ്വർഗ്ഗമഹാ രാ-ജ്യം'' [കുമ്പ്ാനക്രമം]

### സഭാശരീരവുമായി വേണ്ടബന്ധം

''നിത്യരക്ഷയ്ക്ക ഈ തീർത്ഥാടകസഭ അത്യാവശ്യമാണെന്നാണ് വി. ലിഖിതങ്ങളും പാരമ്പര്യവും അടിസ്ഥാനമാക്കി സുനഹദോസ് പഠിപ്പിക്കുന്നത്. ഒരു മധ്യസ്ഥനേയുള്ളു; രക്ഷയുടെ വഴിയും ഒന്നു മാത്രം; അതാണു ക്രിസ്തു. അവിടുന്നു സഭയാകുന്ന തന്റെ ശരീരത്തിലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. അവിടുന്നു തന്നെ വിശ്വാസത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും ആവശ്യകത വ്യക്തമാക്കിയതോടുകൂടിത്തന്നെ [മർക്കോ. 16:16; യോഹ. 3:5] തിരുസഭയുടെ ആവശ്യകതയും സ്ഥിരീകരിച്ചിട്ടുണ്ട്''

### സഭാംഗങ്ങളുടെ കടമ

''സഭയുടെ സകല നിബന്ധനകളും നിത്യരക്ഷയ്ക്കായി അതിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങളും സ്വീകരിക്കണം; സഭയുടെ ദൃശ്യഘടനവഴി ക്രിസ്തുവിനോടു ഐക്യപ്പെട്ടിരിക്കണം;

മാർപ്പാപ്പായും മെത്രാന്മാരും വഴി സഭയെ ഭരിക്കുന്നത് അവിടുന്നു ആണ് എന്ന കാര്യം അംഗീകരിക്കണം;

വിശ്വാസപ്രഖ്യാപനത്തിന്റെയും കൂദാശകളുടെയും സഭയുടെ ഭരണഘടനയുടെയും പരസ്പരൈക്യത്തിന്റെയും ശൃംഖലകളാൽ അവർ യോജിച്ചിരിക്കണം''.

### നിസ്സഹരിക്കുന്ന സഭാംഗങ്ങൾ

''സഭയുടെ മടിത്തട്ടിൽ 'ആന്തരികമായി' നിവസിക്കാതെ 'ബാഹ്യമാത്രമായി' കഴിഞ്ഞു കൂടുന്നവർ സഭയുടെ

www.malankaralibrary.com



അംഗങ്ങളായതുകൊണ്ടുമാത്രം രക്ഷപ്രാപിക്കുകയില്ല. തങ്ങളുടെ ഉന്നതമായ ഈ സ്ഥാനത്തിനു കാരണം തങ്ങളുടെ യോഗ്യതയല്ല, പ്രസ്തുത ക്രിസ്തുവിൻെറ യോഗ്യതകളാണെന്ന പരമാർത്ഥം സഭയുടെ സന്താനങ്ങഠം ശരിയായി അറിഞ്ഞിരിക്കട്ടെ. ഈ അനുഗ്രഹത്തോടു സഹകരിക്കാത്തവർ രക്ഷപ്രാപിക്കയില്ലെന്നു മാത്രമല്ല, കഠിനമായ വിധിക്കു പാത്രമാവുകകൂടി ചെയ്യും'' [തിരുസ്സഭ 14].

## *വിഭജിത സഹോദരർ*

മാമോദീസാ മുഴുകിയ ക്രിസ്ത്യാനികളുണ്ട്. പത്രാസിൻെറ അനന്തരഗാമിയുമായിട്ടുള്ള ബന്ധത്തിലല്ലാത്തതുകൊണ്ടു അവർ കത്തോലിക്കാസഭയുമായി പൂർണ്ണ ഐക്യത്തിലല്ല. പലപ്രകാരത്തിലും അവരുമായിട്ടുള്ള ബന്ധത്തെക്കുറിച്ചു സഭ അറിയുന്നുണ്ട്.

''കലർപ്പില്ലാത്ത വിശ്വാസം പൂർണ്ണമായി ഏററുപറയുകയോ പത്രാസിൻെറ പിൻഗാമിയോടു ഐക്യം പുലർത്തുകയോ ചെയ്യുന്നില്ലെങ്കിലും ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്തീയ നാമത്താൽ അലംകൃതരായ എല്ലാവരോടും വിവിധരീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത് എന്നു തിരുസ്സഭയ്ക്കറിയാം'' (തിരുസ്സഭ 15).

''ക്രിസ്തുവിൽ വിശ്വസിച്ചു ശരിയായി മാമോദീസാ സ്വീകരിക്കുന്നവർ കത്തോലിക്കാ സഭയുമായി പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരുതരം ഐക്യത്തിലാണു വർത്തിക്കുന്നത്'' [എക്യു. 3].

''ഓർത്തഡോക്സു സഭയുമായുള്ള ബന്ധം വളരെ ആഴമുള്ളതാണ്. ഒന്നിച്ചു വി. കർബാന അർപ്പിക്കുന്നതിനു തടസ്സം സൃഷ്ടിക്കുന്ന അല്പമാത്രമായ കുറവേ അവിടെയുള്ളു''. [Pope Paul VI]

ഭിന്നിതരെ ഒന്നിപ്പിക്കണമെന്നു സഭ പ്രാർത്ഥിക്കുന്നു.

''കർത്താവേ, നിൻെറ ആടുകളിൽനിന്നു ചിതറിപ്പോയിരുന്നവരെ നിൻെറ ആട്ടിൻകൂട്ടത്തിൽ ചേർക്കണമേ. നിൻെറ ആലയിൽനിന്നു കൊള്ള ചെയ്യപ്പെട്ടിട്ടുള്ള കുഞ്ഞാടുകളെ തിരിച്ചുവരുത്തണമേ. നിൻെറ ആശയങ്ങളെ വാഞ്ഛിക്കുന്ന ആടു

www.malankaralibrary.com



കളെ നയിക്കേണമേ. നിന്റെ ശബ്ദം മോഹിക്കുന്ന പെണ്ണാടുകളെ ഭരിക്കണമേ. നിന്റെ നുകം നിരസിക്കുന്ന ശണ്ഠക്കാരെ അടക്കണമേ. നിന്റെ മുത്താഴത്തിൽനിന്നു അകന്നുപോയവരെ ക്ഷണിച്ചുവരുത്തണമെ. നിന്റെ ജനത്തിൽ ഭിന്നിച്ചിരിക്കുന്നവരെ യോജിപ്പിക്കേണമെ. നിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരെ കാത്തുകൊള്ളണമേ...................

[പെങ്കീസാ, ഉയിർപ്പു ഞായർ, പ്രഭാതം, സെദറാ]

## സഭയും അക്രൈസ്തവരും

സുവിശേഷം സ്വീകരിച്ചിട്ടില്ലാത്തവർ ദൈവജനവുമായി പലവിധത്തിൽ ബന്ധപ്പെടുന്നു. ''സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോടു വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്'' (തിരുസ്സഭ 16).

## സഭയും യഹൂദജനതയും

പുതിയ ഉടമ്പടിയിലെ ദൈവജനമായ സഭ സ്വന്തം രഹസ്യം ഖനനം ചെയ്യുമ്പോഴം യഹൂദജനതയുമായുള്ള അവളുടെ ബന്ധം കണ്ടെത്തുന്നതാണ്.

''സഭയുടെ ദൃഷ്ടിയിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ വിശ്വാസപ്രകാരം അബ്രാഹത്തിന്റെ പുത്രന്മാരാണ്;

ആ നല്ല ഒലിവുവൃക്ഷത്തിന്റെ മൂലത്തിൽനിന്നാണ് താൻ പോഷകപദാർത്ഥം വലിച്ചു എടുത്തുകൊണ്ടിരിക്കുന്നതെന്ന വസ്തുത സഭ മറക്കുകയില്ല;

വി. ശ്ലീഹാ സ്വവംശജരെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളകാര്യം സഭയുടെ മുമ്പിലുണ്ട്. 'ദത്തു പുത്രസ്ഥാനം' അവരുടെതാണ്. മഹത്വവും ഉടമ്പടിയും നിയമസംഹിതയും ദൈവാരാധനക്രമങ്ങളും വാഗ്ദാനങ്ങളും അവരുടേതുതന്നെ. പിതാക്കന്മാരും അവരുടേതാണ്. കന്യക മറിയത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ ജനനവും ശരീരികമായി അവരിൽനിന്നു തന്നെയാണ് (റോമാ. 9:4—5). സഭയുടെ അസ്ഥിവാരവും നെടുംതൂണുകളുമായ ശ്ലീഹാന്മാർ ജന്മമെടുത്തതും യഹൂദവംശത്തിൽനിന്നുതന്നെ. ആദ്യ ശിഷ്യന്മാരിൽ സിംഹഭാഗവും യഹൂദവംശജരായിരുന്നു.

പുതിയ ദൈവജനം തിരുസഭയായിരിക്കുന്നതുകൊണ്ടു യഹൂദരെ ദൈവം ശപിച്ചു തള്ളിയതായി ചിത്രീകരിച്ചുകൂടാ. അങ്ങനെ ഒരാശയം വി. ലിഖിതങ്ങളിലില്ല.

www.malankaralibrary.com



യഹൂദർക്കെതിരായി ആരെങ്കിലും അഴിച്ചുവിട്ടിട്ടുള്ള വിദ്വേഷവും മർദ്ദനങ്ങളും സഭ അപലപിക്കുന്നു. ഇതിനു സഭയെ പ്രേരിപ്പിക്കുന്നതു സുവിശേഷത്തിലെ ആത്മീയ സ്നേഹമാണ്.

എല്ലാവരുടെയും രക്ഷയായിരുന്നു ക്രിസ്തുവിന്റെ ലക്ഷ്യം. അതുകൊണ്ടു ക്രിസ്തുവിന്റെ കുരിശു ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ പ്രതീകവും എല്ലാവിധ പ്രസാദാനുഗ്രഹങ്ങളുടെയും ഉറവിടവുമാണ് [അക്രൈസ്തവ മതങ്ങൾ 4].

പഴയ ഉടമ്പടിയിലെ ദൈവജനവും പുതിയ ഉടമ്പടിയിലെ ദൈവജനവും സമാനലക്ഷ്യങ്ങളുള്ളവരത്രേ. രണ്ടു കൂട്ടരും മിശിഹായെ പ്രതീക്ഷിക്കുന്നു. ഒരു കൂട്ടർ മിശിഹായുടെ പ്രത്യാഗമനം, മറ്റെകൂട്ടർ ആഗമനം. മരിക്കയും ഉയിർത്തെഴുന്നേൽക്കുകയും ദൈവപുത്രനെന്നു ഏറ്റു പറയപ്പെടുകയും ചെയ്ത മിശിഹായുടെ പ്രത്യാഗമനമാണ് ഒരു കൂട്ടരുടെ പ്രതീക്ഷ. സവിശേഷതകൾ എന്തെന്നു തിട്ടമില്ലാത്ത മിശിഹായെയാണ് അപരപക്ഷം നോക്കിപ്പാർക്കുന്നത്. ധാരണപ്പിശകോടുകൂടിയുള്ള ഒരു നോക്കിപ്പാർക്കലാണിത്.

***സഭയും മഹമ്മദ്മതവും***

സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടത്തെ പരിത്രാണപദ്ധതിയിലുൾപ്പെടുന്നു. മുഹമ്മദീയരാണിവരിൽ പ്രധാനപ്പെട്ടവർ. അബ്രാഹത്തിന്റെ വിശ്വാസം അവരും ഏറ്റു പറയുന്നു. ഏകനും കരുണനിറഞ്ഞവനും അന്ത്യനാളിൽ മനുഷ്യരെ വിധിക്കാനിരിക്കുന്നവനുമായ ദൈവത്തെ നമ്മോടൊത്ത് അവരും ആരാധിക്കുന്നുണ്ട്. ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽനിന്നു അവിടുന്നു വിദൂരത്തല്ല. എല്ലാവർക്കും ജീവനും പ്രചോദനവും പ്രദാനം ചെയ്യുന്നതു അവിടുന്നാണ് [നട. 17:25-28]. സകലരും രക്ഷ പ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം [1 തിമൊ. 2:4] സ്വന്തം കുറ്റംകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തേയും അവിടുത്തെ സഭയേയും അറിയാതിരി

www.malankaralibrary.com



ക്കുകയും അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സു പ്രസാദവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കയും ചെയ്യുന്നവർക്കു നിത്യരക്ഷ പ്രാപിക്കാം [തിരുസഭ 16]

### മനുഷ്യരുടെ ഉത്ഭവവും ആത്യന്തികലക്ഷ്യവും

"ഒരൊററ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാജനങ്ങളും. അവരുടെ ഉത്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവമാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തികലക്ഷ്യവും ഒന്നുതന്നെ, ദൈവം. അവിടുത്തെ പരിപാലനയും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരേയും സമാശ്ളേഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം ദൈവമഹിമയാൽ പ്രദീപ്തമായ പരിശുദ്ധനഗരത്തിൽ സമ്മേളിക്കുന്നതുവരെ ഇതു തുടർന്നുകൊണ്ടിരിക്കും. അവിടെ സമസ്ത ജനതകളും ദൈവിക പ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത്" [അക്രൈസ്തവ മതങ്ങൾ 1].

### അക്രൈസ്തവ മതങ്ങളിലെ സത്യവും വിശുദ്ധിയും

ഏകനും കരുണനിറഞ്ഞവനും അന്ത്യനാളിൽ മനുഷ്യരെ വിധിക്കാനിരിക്കുന്നവനുമായ ദൈവത്തെ നമ്മോടൊത്ത് അവരും ആരാധിക്കുന്നുണ്ട്. ഛായകളിലും പ്രതിരൂപങ്ങളിലുകൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽ അവിടുന്നു വിദൂരത്തല്ല. കാരണം, എല്ലാവർക്കും ജീവനും പ്രചോദനവും എന്നുവേണ്ടാ സകലതും പ്രദാനം ചെയ്യുന്നതു അവിടുന്നാണ് (നട. 17:25-28). സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിൻെറ അഭിലാഷം [1 തിമൊ. 2:4]......... എന്തെല്ലാം നന്മയും സത്യവും അവരിൽ കാണുന്നുണ്ടോ അതെല്ലാം സുവിശേഷസ്വീകരണത്തിനുള്ള ഒരുക്കമായി സഭ പരിഗണിക്കുന്നു. [തിരുസഭ 16]

"ഹൈന്ദവ മതത്തിൽ മനുഷ്യൻ ദൈവിക രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നു ......പരിണാമവിധേയമായ ഈ പ്രപഞ്ചത്തിൻെറ മൗലികമായ അപര്യാപ്തത ബുദ്ധമതം തുറന്നു സമ്മതിക്കുന്നുണ്ട്......മററുമതങ്ങളുടെയും ശ്രമം മനുഷ്യൻെറ

www.malankaralibrary.com



ഹൃദയാസ്വാസ്ഥ്യതകം ശമിപ്പിക്കാനാണ് .......ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരുസഭ തിരസ്കരിക്കുന്നില്ല'' [അക്രൈസ്തവ മതങ്ങൾ 2].

### പ്രേഷിതപ്രവർത്തനം ആവശ്യം

''പലപ്പോഴും മനുഷ്യൻ സാത്താനാൽ വഞ്ചിതരായി സ്വന്തംമായാവിചാരങ്ങളിൽ ലയിച്ച് ദൈവത്തിന്റെ സത്യത്തെ അസത്യമാക്കിപ്പകർത്തിയും സ്രഷ്ടാവിനേക്കാൾ കൂടുതലായി സൃഷ്ടികളെ സ്നേഹിച്ചും [റോമ. 1:21-25] ഈ ലോകത്തിന്റെ ദൈവത്തെ കൂടാതെ ജീവിച്ചും മരിച്ചും കടുത്ത നിരാശയിൽ നിപതിക്കുന്നു. അതുകൊണ്ടു ദൈവമഹത്വവും സകലരുടെയും രക്ഷയും സാധിക്കാൻ''എല്ലാ സൃഷ്ടികളോടും സുവിശേഷമറിയിക്കുക'' (മർക്കൊ. 16;16) എന്ന ക്രിസ്തുനാഥന്റെ കല്പന ഓർത്തുകൊണ്ടു പ്രേഷിതപ്രവത്തനങ്ങളെ ഉജ്ജീവിപ്പിക്കുവാൻ തിരുസഭ ജാഗ്രതയോടെ ശ്രദ്ധിക്കുകയാണ് (തിരുസഭ. 16 [1]) [റോമാ, 1:21, 25]

### സഭയുടെ അനുരഞ്ജിത ലോകം

പാപം മൂലം ചിതറിക്കപ്പെട്ട മക്കളെ എല്ലാവരേയും പുത്രന്റെ സഭയിൽ വീണ്ടും കൂട്ടിച്ചേർത്തു ഒന്നിപ്പിക്കുവാൻ പരമപിതാവു തിരുവുള്ളമായി. മനുഷ്യസമൂഹം ഐക്യവും രക്ഷയും വീണ്ടും കണ്ടുമുട്ടുന്ന സ്ഥാനമാണ് സഭ. ''അനുരഞ്ജിതലോക'' മാണു സഭയുടേത്. കർത്താവിന്റെ കുരിശിന്റെ യാത്രയ്ക്കു പരിശുദ്ധാത്മാവു ലോകപ്രവാഹത്തിലൂടെ നയിക്കുന്ന കപ്പലാണ് വിശുദ്ധ സഭ. ജലപ്രളയത്തിൽനിന്നുള്ള രക്ഷയ്ക്കു ഒരേ ഒരു വാഹനമായ നോഹയുടെ പേടകം മുൻകൂട്ടി കാണിച്ചതു സഭയെ ആണെന്നത്രേ സഭാപിതാക്കന്മാർ പറയുന്നത്, [വി. അഗസ്റ്റിൻ, വി. അംബ്രോസ്]

### രക്ഷ സഭയിലൂടെ

സഭയ്ക്കു പുറമെ രക്ഷയില്ല എന്നു വി. സിപ്രിയാൻ പറഞ്ഞിട്ടുണ്ട്. സഭാപിതാക്കന്മാർ ഇതാവർത്തിച്ചിട്ടുണ്ട്. ഇതു എങ്ങനെ മനസ്സിലാക്കണം? എല്ലാ രക്ഷയും ക്രിസ്തുവിലൂടെയാണ് വരുന്നത്; ശിരസ്സായ ക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തിലൂടെയാണ് അവ ഒഴുകുന്നത്.

''നിത്യരക്ഷയ്ക്കു ഈ തീർത്ഥാടകസഭ അത്യാവശ്യമാണെന്നാണ് വി. ലിഖിതങ്ങളും പാരമ്പര്യവും അടിസ്ഥാനമാക്കി സൂന്നഹദോസ് പഠിപ്പിക്കുന്നത്. കാരണം, ഒരു മധ്യസ്ഥനേയുള്ളു; രക്ഷയുടെ വഴിയും ഒന്നുമാത്രം; അതാണു ക്രിസ്തു. അവിടുന്നു സഭയാകുന്ന തന്റെ ശരീരത്തി

www.malankaralibrary.com



ലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. അവിടുന്നു തന്നെ സ്പഷ്ടമായ വാക്കുകളിൽ വിശ്വാസത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും ആവശ്യകത വ്യക്തമാക്കിയ തോടുകൂടിത്തന്നെ [മർക്കോ. 16:16; യോഹ. 3:5] തിരുസഭ യുടെ ആവശ്യകതയും സ്ഥിരീകരിച്ചിട്ടുണ്ട്. ഒരു കവാട ത്തിലൂടെ എന്നപോലെ മാമോദീസാവഴി മനുഷ്യർ ഇതിലെ അംഗങ്ങളാകുന്നു. അതുകൊണ്ടു തിരുസ്സഭയെ രക്ഷയ്ക്കുള്ള ആവശ്യ ഘടകമായി, ക്രിസ്തുവഴി ദൈവം സ്ഥാപിച്ചിരിക്കുന്നു എന്ന പരമാർത്ഥം മനസ്സിലാക്കിയിട്ടും അതിൽ പ്രവേശി ക്കുകയോ അതിൽ നിലനിൽക്കുയോ ചെയ്യാത്ത മനുഷ്യർ രക്ഷ പ്രാപിക്കുകയില്ല'' [തിരുസഭ 14]

## *ക്രിസ്തുവിനെയും സഭയേയും അറിയാത്തവർ*

''സ്വന്തം കുററംകൂടാതെ ക്രിസ്തുവിന്റെ സുവിശേ ഷത്തെയും അവിടുത്തെ സഭയേയും അറിയാതിരിക്കയും അതേ സമയം ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാ കുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾ ക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കുകയും ചെയ്യു ന്നവർക്കു നിത്യരക്ഷ പ്രാപിക്കാം. അപ്രകാരം ദൈവത്തെ പ്പററിയുള്ള സ്പഷ്ടമായ അറിവിലേക്കു സ്വന്തകുററത്താ ലല്ലാതെ വന്നെത്താതിരിക്കയും എന്നാൽ നല്ല ജീവിതം നയി ക്കാൻ പരിശ്രമിക്കയും ചെയ്യുന്നവർക്കും രക്ഷയ്ക്കു അത്യാ വശ്യമായ സഹായങ്ങൾ ദൈവപരിപാലന നിരസിക്കുക യില്ല'' (തിരുസഭ 16)

## *സുവിശേഷം അറിയിക്കണം*

''എല്ലാവരും രക്ഷ പ്രാപിക്കണമെന്നും സത്യം അറി യിക്കണമെന്നും ഇച്ഛരിക്കുന്ന ദൈവത്തിന്റെ ഇഷ്ടം മാത്ര മാണ് മിഷൻ പ്രവർത്തനങ്ങൾക്കുള്ള സാധൂകരണം........ സ്വന്തം കുററത്താലല്ലാതെ സുവിശേഷം അറിയിക്കാതിരിക്കു ന്നവരെ ദൈവം തനിക്കു മാത്രം അറിയാവുന്ന മാർഗ്ഗത്തി ലൂടെ വിശ്വാസത്തിലേക്കു [എബ്രാ. 11:6] നയിക്കുവാൻ പാടുണ്ടെങ്കിലും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ആവ ശ്യകതയും [1 കോറി 9:16] അതേ സമയം അതിനുള്ള പരി ശുദ്ധമായ അവകാശവും സഭയ്ക്കുണ്ട്. തന്മൂലം എക്കാ ലത്തും എന്നതുപോലെ ഇന്നും മിഷൻ പ്രവർത്തനത്തിന്റെ ശക്തിയും ആവശ്യകതയും അഭംഗുരമായി നിലകൊള്ളു

www.malankaralibrary.com



ന്നു'' [പ്രേഷിത പ്രവർത്തനം 7], എബ്രാ 11:6, 1 കൊരി. 9:16].

***സഭാദൗത്യം സാർവ്വത്രികത്വം ആവശ്യപ്പെടുന്നു. സർവ്വജനങ്ങൾക്കും സുവിശേഷം***

''സഭയെ ജനപദങ്ങളിലേക്കു ദൈവം അയച്ചു, രക്ഷയുടെ സാർവത്രിക കൂദാശ ആയിരിക്കുന്നതിന്. സഭയ്ക്കു സ്വതസ്സിദ്ധമായ സാർവ്വത്രികതയിൽ നിന്നുൽഭൂതമാകുന്ന ആന്തരിക പ്രവണതകൾക്കും സഭാസ്ഥാപകന്റെ കല്പനയ്ക്കും അനുസൃതമായി [മർക്കോ 16:16] സുവിശേഷ സന്ദേശം എല്ലാ മനുഷ്യർക്കും പകർന്നുകൊടുക്കുന്നതിൽ തിരുസ്സഭ ശ്രദ്ധയാണ് [പ്രേഷിതപ്രവർത്തനം 1]

''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.

[മത്താ. 28:19–20]

***മിഷന്റെ ആരംഭവും ലക്ഷ്യവും***

''തീർത്ഥാടകസഭ സ്വഭാവത്താലെതന്നെ പ്രേഷിതയാണ്; കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാരൂപിയുടെയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം'' (പ്രേഷിതപ്രവർത്തനം 2) പിതാവും പുത്രനും അവരുടെ സ്നേഹാരൂപിയും തമ്മിലുള്ള ബന്ധം എല്ലാവരിലും ഉളവാക്കുകയെന്നതത്രേ മിഷന്റെ പരമലക്ഷ്യം.

***പ്രേഷിതപ്രവർത്തനങ്ങളുടെ ചാലകശക്തി***

ക്രിസ്തുവിന്റെ സ്നേഹമാണ് പ്രേഷിതപ്രവർത്തനത്തിന് ഉത്തേജനം നല്കുന്നത് [2 കോരി 5:14]

''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയിക്കണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. [1 തിമോ. 2:4] സഭയിലാണ് ഈ സത്യം നിക്ഷിപ്തമായിരിക്കുന്നത്. സഭ സത്യം അറിയിക്കണം. അതുകൊണ്ടത്രേ സഭ മിഷനറിയായിരിക്കണമെന്നു പറയുന്നത്.

www.malankaralibrary.com



### ക്രിസ്തുവിന്റെ പാതയിലൂടെ സഭയും

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ മുഖ്യചാലക ശക്തി പരിശുദ്ധാരുപിയാണ്. അവിടുന്നാണ് പ്രേഷിത സരണിയിലൂടെ സഭയെ നയിക്കുന്നത്. ''ഈ പ്രേഷിതത്വം ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ട ക്രിസ്തുവിന്റെ തന്നെ പ്രേഷിതദൗത്യം തുടരുകയും ചരിത്രഗതിയിലൂടെ വിശദമാക്കുകയും ചെയ്യുന്നതുകൊണ്ട് ക്രിസ്തുവിന്റെ അരൂപിയാൽ നയിക്കപ്പെടുന്ന സഭയും ക്രിസ്തു സഞ്ചരിച്ച പാതയിലൂടെ തന്നെ സഞ്ചരിക്കണം. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും മരണം വരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗമാണത്. മരണത്തിൽനിന്നാണ് ക്രിസ്തു ഉത്ഥാനം വഴി വിജയശ്രീലാളിതനായത്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കു വേണ്ടി അവിടുന്നു സഹിച്ചവയിലുള്ള കുറവിനെ പലവിധ ഞെരുക്കങ്ങളാലും പീഡനത്താലും നികത്തിയ ശ്ളീഹന്മാർ [കൊളൊ. 1:24] പ്രതീക്ഷാപൂർവ്വം സ്വീകരിച്ച മാർഗ്ഗവും ഇതുതന്നെയായിരുന്നു. പലപ്പോഴും ക്രൈസ്തവ രക്തം സഭാ ബീജമായി പരിണമിച്ചിട്ടുണ്ട്.'' [പ്രേഷിത പ്രവർത്തനം 5, [2]

### ദൗത്യവാഹകന്റെ ബലഹീനത

''സഭ നല്കുന്ന സന്ദേശവും സുവിശേഷപ്രചാരണം ഭരമേററിരിക്കുന്നവരുടെ മാനുഷികമായ ബലഹീനതകളും തമ്മിലുള്ള അന്തരം വലുതാണ്. ഈ പോരായ്മകളെപ്പററിയുള്ള ചരിത്രത്തിന്റെ വിധികരം എന്തൊക്കെ ആയാലും അവ സുവിശേഷപ്രചാരണത്തിന് തടസ്സമാകാതിരിക്കാൻ വേണ്ടി നാം അവയെപ്പററി ബോധമുള്ളവരായിരിക്കണം; അവയ്ക്കെതിരായി ശക്തിയുക്തം അടരാടണം. ലോകവുമായുള്ള ബന്ധത്തെ പരിപോഷിപ്പിക്കുന്നതിൽ നൂററാണ്ടുകളിലൂടെയുള്ള അനുഭവത്തിൽനിന്നും കരഗതമായ പക്വത എത്രമാത്രം ആവശ്യമാണെന്ന് സഭ ഇന്നു ഗ്രഹിക്കുന്നുണ്ട്. പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന സഭാമാതാവു സ്വതനയരെ നിരന്തരം പ്രോത്സാഹിപ്പിക്കുകയാണ്, സ്വയം

www.malankaralibrary.com



വിശുദ്ധീകരിക്കാനും നവീകരിക്കാനും ക്രിസ്തുവിൻെറ അടയാളം സഭയുടെ മുഖത്തു കൂടുതൽ പ്രകാശിതമാകാൻ'' (സഭ ആധുനിക യുഗത്തിൽ 43, [6] )

## കുരിശിൻെറ ഇടുങ്ങിയ പാതയിലൂടെ പ്രയാണം

''ലോകത്തിൻെറ മർദ്ദനങ്ങളും ദൈവത്തിൻെറ സാന്ത്വനങ്ങളും അനുഭവിക്കുന്ന സഭ തീർത്ഥാടകയെപ്പോലെ നാഥൻെറ കുരിശു മരണവും അവിടുത്തെ പുനരാഗമനവും പ്രഖ്യാപനം ചെയ്തുകൊണ്ടു [1 കൊരി. 11;26] മുന്നോട്ടു നീങ്ങുകയാണ്. ഉത്ഥാനം ചെയ്ത നാഥൻെറ കരുത്തിൽ നിന്നു അവരം ശക്തിയാർജ്ജിക്കുന്നു. ആ ശക്തിയിലാണ് അകമേയും പുറമേയും നിന്നു തന്നെ ഞെരുക്കുന്ന മർദ്ദനങ്ങളേയും വിഷമതകളേയും ശാന്തതയോടും സ്നേഹത്തോടും കൂടെ അതിജീവിക്കുവാൻ അവരം പ്രാപ്തയാകുന്നത്. ആ ശക്തികൊണ്ടുതന്നെ നാഥനെ സംബന്ധിച്ച മൗതികസത്യം അവസാനം പൂർണ്ണദീപ്തിയിൽ പ്രത്യക്ഷമാകുന്നതുവരെ പ്രസ്പഷ്ടമായല്ലെങ്കിലും വിശ്വസ്തതാപൂർവ്വം അവരം ലോകത്തിൽ വെളിപ്പെടുത്തിക്കൊണ്ടേ ഇരിക്കുന്നു'' [തിരുസഭ 8,[4] ]

''സഭയുടെ പ്രേഷിതവൃത്തിക്ക് ആധാരമായ തത്വങ്ങളുടെ ഒരു രൂപരേഖ നല്കുന്നതിനും എല്ലാ വിശ്വാസികളുടെയും ശക്തി സംഘടിപ്പിക്കുന്നതിനും ആഗ്രഹിക്കുന്നു. അങ്ങനെ കുരിശിൻെറ ഇടുങ്ങിയ പാതയിലൂടെ സഞ്ചരിച്ചു ദൈവജനം യുഗങ്ങളുടെ നാഥനും വിധാതാവുമായ [പ്രഭാ. 36;19] ക്രിസ്തുവിൻെറ രാജ്യം ലോകം മുഴുവൻ പരത്തുകയും അവിടത്തെ ആഗമനത്തിനായി ലോകത്തെ ഒരുക്കുകയും ചെയ്യട്ടെ'' [പ്രേഷിതപ്രവർത്തം 1, [3] ]

## ശൂന്യവൽക്കരണം ക്രിസ്തുവിനെപ്പോലെ സഭയ്ക്കും

''ക്രിസ്തുനാഥൻ ദാരിദ്ര്യത്തിൻെറയും സഹനത്തിൻെറയും മാർഗ്ഗത്തിലൂടെയാണ് രക്ഷാകർമ്മം പൂർത്തിയാക്കിയത്. സഭയും ഈ മാർഗത്തിലൂടെ മുന്നേറാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുകയാണ്. രക്ഷാകർമ്മത്തിൻെറ ഫലം

www.malankaralibrary.com



മനുഷ്യരാശിക്കു പകരുകയെന്ന ദൗത്യത്തിൽ യേശുക്രിസ്തു ''ദൈവത്തിന്റെ സാദൃശ്യമായിരിക്കെ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച്' [ഫിലി. 2:6] നമുക്കുവേണ്ടി ''സമ്പന്നനായ അവിടുന്നു ദരിദ്രനായി'' [2 കോരി 8:9] ഇപ്രകാരം തന്നെയാണ് സഭയും. ദൗത്യനിർവ്വഹണത്തിന് മാനുഷികമൂല്യങ്ങൾ അവൾക്കാവശ്യമാണെങ്കിലും ലൗകിക മഹത്വം അല്ല അവർ അന്വേഷിക്കേണ്ടത്. പ്രത്യുത, സ്വമാതൃകയിൽ വിനയവും ആത്മപരിത്യാഗവും ഉയർത്തിക്കാണിക്കാനായിരിക്കണം അവളുടെ ശ്രമം. ക്രിസ്തുനാഥൻ പിതാവിനാൽ അയയ്ക്കപ്പെട്ടത് ''പാവങ്ങളോടു സുവിശേഷം അറിയിയ്ക്കുവാനും ........തകർന്ന ഹൃദയങ്ങൾക്കു ആശ്വാസമരുളാനും'' [ലൂക്ക് 4:18] കാണാതെ പോയതിനെ തേടി കണ്ടുപിടിക്കാനും രക്ഷിക്കാനും [ലൂക്ക് 19:10] വേണ്ടിയാണ്. ഇങ്ങനെതന്നെ സഭയും മാനുഷികമായ ബലഹീനതകൾ മൂലം ഞെരുക്കം അനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിഛായ ദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കാൻ പരമാവധി പരിശ്രമിക്കയും ചെയ്യുന്നു. അവരിലൂടെ അവൾ ക്രിസ്തുനാഥനെ ശുശ്രൂഷിക്കുകയാണ്; ......പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗം അവൾ നിരന്തരം പിന്തുടരുന്നു'' [തിരുസഭ 8 [3] ]

## *സഭ ലോകത്തിന്റെ പുളിമാവ്*

''........ സഭ, മനുഷ്യവംശത്തോടൊത്ത് പുരോഗമിക്കുന്നു; ഒരേ ഭൗമിക ഭാഗധേയത്തിൽ ലോകത്തോടൊത്തു പങ്കുകൊള്ളുന്നു. മനുഷ്യസമുദായം ക്രിസ്തുവിൽ നവീകരിക്കപ്പെടേണ്ടതാണ്; ദൈവകുടുംബവുമായി രൂപാന്തരപ്പെടേണ്ടതാണ്. അതിനു മനുഷ്യസമുദായത്തിന്റെ ആത്മാവും പുളിമാവുമായി സഭ നിലകൊള്ളുന്നു'' [സഭ ആധുനികയുഗത്തിൽ 40, [2] ]

ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്ത ജനങ്ങളോടും കൂട്ടങ്ങളോടും സുവിശേഷം പ്രഖ്യാപിച്ചുകൊണ്ടാണ് ഇതിന്റെ ആരംഭം.

## *വിശ്വാസികളുടെ സമൂഹം*

''ദൈവത്തിന്റെ സഹപ്രവർത്തകരായ പ്രേഷിതർ [1 കോരി. 3:9] വിശ്വാസികൾക്കു ലഭിച്ചിരിക്കുന്ന ഉന്നതമായ

www.malankaralibrary.com



വിളിക്കൊത്തവണ്ണം വ്യാപരിക്കുകയും [1 എഫേ. 4:1] ദൈവം ഭരമേൽപിച്ച പൗരോഹിത്യപരവും പ്രവചനപരവും രാജകീയവുമായ കടമകരം നിർവഹിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സമൂഹത്തെ കരുപ്പിടിപ്പിക്കട്ടെ. ഇങ്ങനെ ലോകത്തിൽ ദൈവസാന്നിധ്യം വിളിച്ചറിയിക്കുന്ന ഒരടയാളമായിത്തീരുന്ന ക്രൈസ്തവ സമൂഹം'' [പ്രേഷിത പ്രവർത്തനം 15 [2] ]

**പ്രാദേശിക സഭാരൂപീകരണം**

വിശ്വാസികളുടെ സമൂഹം പ്രാദേശിക സഭകരംക്കു അടിസ്ഥാനമായിത്തീരുന്നു.

**സുവിശേഷത്തിൻെറ സാംസ്കാരികാനുരൂപണം**

ഓരോ ജനതയുടെയും സംസ്കാരവുമായി ഇഴകി ഇണങ്ങുമ്പോരം അവിടെ സുവിശേഷത്തിൻെറ സാംസ്കാരികാനുരൂപണമുണ്ടാകും.

ചിലപ്പോഴെല്ലാം നന്നായി പുരോഗമിക്കുവാൻ തുടങ്ങിയശേഷം വീണ്ടും അധഃപതിച്ചുവെന്നു വരാം. വ്യക്തികളേയും സമൂഹങ്ങളേയും സംബന്ധിച്ചിടത്തോളം അവരം സവകാശമായിമാത്രം അവരുമായി സമ്പർക്കം പുലർത്തുകയും സംസ്കരിക്കുകയും ക്രമേണ അവരെ കത്തോലിക്കാ ജീവിതത്തിൻെറ പൂർണ്ണതയിലേക്കു ആനയിക്കുകയുമാണു ചെയ്യുന്നത്. പ്രേഷിതപ്രവർത്തനങ്ങളും അതിൻെറ മാർഗ്ഗങ്ങളും അതാതിൻെറ സാഹചര്യത്തിനും പരിതഃസ്ഥിതികരംക്കും പററിയതായിരിക്കണം'' (പ്രേഷിത പ്രവർത്തനം 15,[2] )

**പിളർപ്പുകൾ വരുത്തുന്ന പ്രതിബന്ധം**

ക്രിസ്തീയ ഐക്യത്തിനുള്ള യത്നങ്ങളെ പ്രേഷിതത്വം ഉത്തേജിപ്പിക്കുന്നു. ''പൂർണ്ണമായ ഐക്യത്തിൽനിന്നു വേർപെട്ടിരിക്കുന്ന മക്കളിൽ തൻെറ കാതൊലികത്വത്തിൻെറ പൂർണ്ണത പ്രസരിപ്പിക്കുന്നതിൽനിന്നു ക്രൈസ്തവരുടെ ഇടയിലുള്ള പിളർപ്പുകരം സഭയ്ക്കു പ്രതിബന്ധമായിനിലകൊള്ളുന്നു. മാത്രമല്ല സഭയ്ക്കുതന്നെയും പൂർണ്ണമായ കാതൊലികത്വം അതിൻെറ എല്ലാവശങ്ങളോടുംകൂടി പ്രാവർത്തികജീവിതത്തിൽ വെളിപ്പെടുത്താൻ ഈ ഭിന്നതകരം വൈഷമ്യമായിത്തീരുന്നു'' [എക്യു. 4, (8) ]

**നന്മയെ അംഗീകരിക്കൽ**

സുവിശേഷം സ്വീകരിക്കാത്തവരോടു പോലും ആദ

www.malankaralibrary.com



പൂർവ്വമായ സംവാദ [dialogue] ത്തിനു പ്രേഷിത തീഷ്ണത പ്രേരിപ്പിക്കുന്നു. ''ദൈവത്തിൻെറ രഹസ്യസാന്നിദ്ധ്യം കൊണ്ടെന്നപോലെ ജനപദങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സത്യത്തിൻെറയും കൃപയുടെയും അംശങ്ങളെ'' [പ്രേഷിതപ്രവർത്തനം 9] അറിയാൻ ഇതു മൂലം സാധിക്കുന്നു.

''മനുഷ്യ ഹൃദയത്തിലും മനസ്സിലും ജനതകളുടെ പ്രത്യേകമായ ആചാരവിധികളിലും സംസ്കാരങ്ങളിലും നന്മയായികാണുന്നതെല്ലാം നശിപ്പിക്കുന്നില്ലെന്നു മാത്രമല്ല വിശുദ്ധീകരിച്ചുയർത്തുകയും ദൈവമഹത്വത്തിനും പിശാചിൻെറ ലജ്ജയ്ക്കും മനുഷ്യരുടെ സൗഭാഗ്യത്തിനുമായി പരിപാവനവും ഉന്നതവും പരിപൂർണ്ണവുമാക്കുകയും ചെയ്യുന്നു''
[പ്രേഷിത പ്രവർത്തനം 9]

## *അനുബന്ധം 8*

1 ദേശത്തിനും കാലത്തിനും അതീതമാണു സഭ

''ദൂരസ്ഥരും സമീപസ്ഥരും മരിച്ചവരും ജീവനുള്ളവരും കർത്താവിൻെറ ജയമുള്ള സ്ളീബായാൽ രക്ഷിതരും വി. മാമോദീസായാൽ മുദ്രിതരുമായവരേ,........''
[കർബാന തക്സാ]

2 അടുത്തവരേയും അകന്നവരേയും നിരപ്പാക്കുന്ന സ്ഥിതി

''ദൂരസ്ഥർ സമീപസ്ഥരുമായ്
തമ്മിൽ നിരക്കും സമയം താൻ
അതിനാൽ സോദരരേ വരുവീ–
നിതുപോലെ കരുണയിരന്നീടാം'' [കുർബാനക്രമം]

3 വിവിധ നിരകളിൽനിന്നുള്ളവരാണു സഭാശില്പികൾ

''കടൽകരയിവകൾക്കധിപതിയാം
ദൈവസുതന്നായിസ്തോത്രം!
പ്രാസം....ഗികരായ് വിളിചെയ്താൽ പാവപ്പെട്ടവരെ
കടലീന്നും പത്രോസിനെയും
വഴിമദ്ധ്യേ പൗലോസിനെയും
വിളി ചെയ്–തവരെത്തിരുസ്സഭ
തൻ ശില്പികളായ്ത്തീർത്തു''
[ശ്ഹീമോ, മെനഓലം, തിങ്കൾ, പ്രഭാതം]

4 എല്ലാ ജാതികളിലേക്കും എല്ലാ ഭാഗത്തേക്കും സഭയെ വികസിപ്പിക്കണമെന്നു പ്രാർത്ഥന: ''കർത്താവേ, അതിൻെറ (സഭയുടെ) നിരകളെ എല്ലാ ജാതികളിലേക്കും അതിൻെറ കൂട്ടങ്ങളെ നാനഭാഗത്തേക്കും വികസിപ്പിക്കണമേ''
[പെങ്കീസാ, സ്വർഗ്ഗാരോഹണം, മൂന്നാം മണി]

www.malankaralibrary.com

അദ്ധ്യായം 9

# IV സഭ അപ്പസ്തോലികം

ശ്ലീഹന്മാരുടെ മേൽ സ്ഥാപിതം, അപ്പസ്തോലന്മാരുടെ ദൗത്യനിർവ്വഹണം, ശ്ലൈഹികാധികാരം—മൂന്നുവിധത്തിൽ സഭ ശ്ലൈഹികമാണ്.

## I ശ്ലീഹന്മാരുടെ മേൽ സ്ഥാപിതം.

ശ്ലൈഹികബന്ധം മൂന്നു വിധത്തിൽ വെളിപ്പെടുന്നു.

### a) അപ്പസ്തോലന്മാരുടെ അടിത്തറ.

ശ്ലീഹന്മാരുടെ അടിത്തറയിൽ സഭ പണിയപ്പെട്ടിരിക്കുന്നു; അവിടെ നിലകൊള്ളുകയും ചെയ്യുന്നു. ''അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണു നിങ്ങൾ; ഈഅടിത്തറയുടെ മൂലക്കല്ലു ക്രിസ്തുവാണ്.'' (എഫേ. 2: 20)

''നഗരത്തിന്റെ മതിലിനു പന്ത്രണ്ടു അപ്പസ്തോലന്മാർ ഉണ്ടായിരുന്നു; അവയിന്മേൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പസ്തോലന്മാരുടെ പേരുകളും.''
(വെളി. 21:14)

> സഭാഗുരുക്കന്മാരായി ശ്ലീഹന്മാരെ പ്രാർത്ഥനയിൽ സ്മരിക്കുന്നു :
>
> ''...... അഹറോൻ മഹാശുദ്ധസ്ഥലത്തു പ്രവേശിക്കുമ്പോൾ ഗോത്രത്തലവന്മാരുടെ നാമങ്ങളെ സ്മരിച്ചു അവർക്കു പാപപരിഹാരം ചെയ്യുവാൻ ഉപയോഗിച്ചിരുന്ന മാർപതക്കത്തിൽ പതിച്ചിരുന്ന സവിശേഷ രത്നക്കല്ലുകളും നിങ്ങളെ (ശ്ലീഹന്മാരെ) ലക്ഷ്യമാക്കിയിരുന്നു. നിങ്ങൾ യഥാർത്ഥത്തിൽ തിരുസ്സഭയുടെ വി. ഗോത്രങ്ങളും പിതാക്കന്മാരും ഗുരുക്കന്മാരും നിർമ്മലതയോടെ അതിനെ നയിച്ച ഭരണകർത്താക്കളുമാകുന്നു.''

(പെങ്കീസാ, പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാൾ, സന്ധ്യ)

www.malankaralibrary.com



### b) അപ്പസ്തോല പാരമ്പര്യം പുലർത്തുന്നു.

തന്നിൽ ആവസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായത്താൽ ശ്ലീഹന്മാരിൽ നിന്നു കിട്ടിയിട്ടുള്ള രക്ഷാകരവചനങ്ങൾ സഭ സൂക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

''അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു.'' (നട. 2: 42)

''നീ എന്നിൽനിന്നു കേട്ടിട്ടുള്ള നല്ലപ്രബോധനങ്ങൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക, മാതൃകയാക്കുക. നിന്നെ ഏല്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.'' (2തിമോ. 1: 13–14)

> ശ്ലീഹന്മാരുടെ പ്രബോധനം സഭ സൂക്ഷിക്കുകയും അവരുടെ പ്രാർത്ഥന യാചിക്കുകയും ചെയ്യുന്നു:
> ''...... ഇസ്രായേലിൻ രക്ഷയെ ക്ഷണിക്കുന്നവരും ഉയർന്ന രാജ്യത്തിലേക്കു മഹത്തരമാംവണ്ണം നയിക്കുന്നവരും സത്യകൂടാരത്തിലെ മഹാപുരോഹിതന്മാരും പിതാവിന്റെ ഇഷ്ടന്മാരും പുത്രന്റെ വത്സലരും പരി. റൂഹായുടെ അവകാശികളും ആയിരിക്കുന്ന പരിശുദ്ധ ശ്ലീഹന്മാരെ ഞങ്ങൾ അപേക്ഷിക്കുന്നു.''

(പെങ്കീസാ, പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാൾ, പ്രഭാതം)

### c) ശ്രീമാന ധർമ്മങ്ങൾ ശ്ലീഹന്മാരിൽനിന്നു.

സഭ അപ്പസ്തോലന്മാരാൽ പഠിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു. കർത്താവിന്റെ പ്രത്യാഗമനംവരെ ഇതു തുടരുകയും ചെയ്യും. ''ശ്ലീഹന്മാർ പുതിയ ഇസ്രായേലിന്റെ ബീജവും അതേസമയം വിശുദ്ധമായ ആചാര്യാനുഷ്ഠാനത്തിന്റെ ആരംഭവുമായിത്തീർന്നു.'' (മർക്കോ 3: 13) (മത്താ. 10:1–42)

www.malankaralibrary.com



''....... ക്രിസ്തുവിന്റെ രക്ഷാകരവേല പ്രചരിപ്പിക്കുന്നതിനുള്ള കടമ സഭയുടെമേൽ ചുമത്തപ്പെട്ടിരിക്കുന്നു. പത്രോസിന്റെ പിൻഗാമിയും സഭയുടെ അജപാലക ശ്രേഷ്ഠനുമായ മാർപ്പാപ്പായോടുള്ള ഐക്യത്തിലും വൈദികരുടെ സഹകരണത്തിലും ശ്ലീഹന്മാരിൽനിന്നു മെത്രാന്മാർക്കു അവകാശമായി ലഭിച്ച വ്യക്തമായ കല്പനയിൽനിന്നു മാത്രമല്ല ക്രിസ്തുവിൽ നിന്നു തന്റെ മൗതികശരീരത്തിന്റെ അംഗങ്ങളിലേക്കു പ്രവഹിക്കുന്ന ജീവൻ വഴിയായിട്ടു കൂടിയാണ് ഈകടമ ഉത്ഭവിക്കുന്നത്.'' (പ്രേഷിതപ്രവർത്തനം 5)

ശ്ലീഹന്മാരുടെ പൂജ്യാസ്ഥികളിലാണ് ഇന്നത്തെ സഭാതനയർ പണിയപ്പെട്ടിരിക്കുന്നത്.
''സത്യമതാം വിശ്വാസത്തിൽ''
രമ്യതയിൻ ധൂപം നിങ്ങൾ നിബിയർ, ശ്ലീഹർ,
സഹദേർ, കാദീശർ,
വിശ്വാസത്തിൽ നിങ്ങൾമേൽ പണിയപ്പെട്ടോർ
സഭമക്കൾക്കഭയം നിങ്ങൾ പൂജ്യാസ്ഥികളിൽ
അർത്ഥിക്കിവർപേർക്കായ്''

( ശ്ഹീമോ, മെനഓലം, വ്യാഴം, പ്രഭാതം)

## II അപ്പസ്തോലന്മാരുടെ ദൗത്യം.

പിതാവിനാൽ അയയ്ക്കപ്പെട്ട ക്രിസ്തു പൗരോഹിത്യത്തിൽ പങ്കുചേരാൻ ശിഷ്യന്മാരെ വിളിച്ചു: ''അവൻ മലമുകളിലേക്കുകയറി തനിക്കു ഇഷ്ടമുള്ളവരെ അടുത്തേക്കുവിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു. (മർക്കോ. 3: 13-14) അവർ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരായി. അവരിലൂടെ ക്രിസ്തുവിന്റെ ദൗത്യം തുടരുന്നു. ''യേശു വീണ്ടും അവരോടു പറഞ്ഞു:

www.malankaralibrary.com



നിങ്ങൾക്കു സമാധാനം. പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.'' (യോഹ. 20:21) ''നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.'' (മത്താ. 10: 40) എന്നു കർത്താവു പറഞ്ഞതിൻെറ തുടർച്ചയത്രേ അപ്പസ്തോലന്മാരുടെ ദൗത്യം.

> ശ്ലീഹന്മാർ സഭയുടെ ഉപ്പും പുളിമാവുമാകുന്നു:
> '' ആകയാൽ അവർ (ശ്ലീഹന്മാർ) സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരികളാവുന്നു. ഇസ്രായേലിൻെറ ഗോത്രങ്ങളെ വിസ്തരിച്ചു വിധിപ്പാൻ അവർക്കു സിംഹാസനങ്ങൾ വാഗ്ദാത്തം ചെയ്യപ്പെട്ടു. നിൻെറ സഹോദരന്മാരും ഇഷ്ടന്മാരും എന്ന് അവരെ വിളിച്ചു പുകഴ്ത്തി; നിൻെറ രാജ്യത്തിൽഅവരെ അധികാരികളാക്കി; മനുഷ്യരുടെ പാപമോചനത്തിനും ശിക്ഷയ്ക്കുമുള്ള സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ അവരുടെ കൈയിൽ നീയേൽപ്പിച്ചു. നിൻെറ പള്ളിയും അവരുടെ മേൽ പണിതു. അവർ ഭൂമുഖത്തെ നനയ്ക്കുന്ന മേഘങ്ങൾപോലെയാകുന്നു. അവർ പരിശുദ്ധ സഭയാകുന്ന ദൈവത്തിൻെറ പട്ടണത്തെ നനയ്ക്കുന്ന നദികളാകുന്നു. അവർ പാപാന്ധകാരത്തെ നീക്കംചെയ്യുന്ന നീതിയുടെ സൂര്യനായ മിശിഹായുടെ കിരണങ്ങളാകുന്നു. അവർ രുചികരമായ ഉപ്പും പുതിയ പുളിമാവുമാകുന്നു.......''

(പെങ്കീസാ, പുതുഞായറാഴ്ച, രാത്രി 2-ാം കൗമാ, സെദറാ)

## ദൗത്യനിർവ്വഹണത്തിനു കല്പനയും അധികാരവും.

പിതാവിൽനിന്നു സ്വീകരിച്ച ദൗത്യത്തോടു പുത്രൻ ശിഷ്യന്മാരെ സഹകരിപ്പിക്കുന്നു. ''യേശു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വന്തം ഇഷ്ടമനുസരിച്ചു ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു.'' (യോഹ. 5: 19) ദൗത്യനിർവ്വഹണത്തിനുള്ള

www.malankaralibrary.com



കല്പനയും അധികാരവും ക്രിസ്തുവിൽനിന്നു ശിഷ്യ ന്മാർക്കു ലഭിച്ചു. പുതിയ ഉടമ്പടിയുടെ പരികർമ്മിക ളും ദൈവത്തിന്റെ ദാസന്മാരും ക്രിസ്തുവിന്റെ സ്ഥാന പതികളും ക്രിസ്തു ശിഷ്യന്മാരും ദൈവരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരും ആയി തങ്ങളെ തെരഞ്ഞെടുത്തിരിക്കു ന്നുവെന്നു അപ്പസ്തോലന്മാർ അറിഞ്ഞു.

''ഞങ്ങളുടെ യോഗ്യത ദൈവത്തിൽനിന്നാണ്. അവി ടുന്നു ഞങ്ങളെ എഴുതപ്പെട്ട നിയമത്താലല്ല, ആത്മാവി നാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാ ക്കിയിരിക്കുന്നു. എന്തെന്നാൽ എഴുതപ്പെട്ട നിയമം മൃതി പ്പെടുത്തുന്നു; ആത്മാവു ജീവിപ്പിക്കുന്നു.'' (2കോരി. 3: 6)

''എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെ ന്നു ഞങ്ങൾ അഭിമാനിക്കുന്നു; വലിയ സഹനത്തിൽ, പീഡകളിൽ, ഞെരുക്കത്തിൽ, അത്യാഹിതങ്ങളിൽ ........'' (2കോരി. 6: 4)

''ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾവഴി ദൈവം നിങ്ങളോടു അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യതപ്പെടുവിൻ. ഇതാണു ക്രിസ്തു- വിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്ന ത്.'' (2കോരി. 5: 20)

''ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളു ടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേ ണ്ടത്. കാര്യസ്ഥന്മാർക്കു വിശ്വസ്തത കൂടിയേതീരൂ.'' (1കോരി. 4: 1)

വിശ്വസ്തമായ കാര്യസ്ഥതയാണു സഭയുടേത്; സഭ പ്രാർത്ഥിക്കുന്നു: ''......മാളികയിൽവെച്ചു വി. ശ്ലീഹ- ന്മാർക്കെന്നവണ്ണം ഞങ്ങളിൽ നിന്റെ റൂഹായെ ആവസി പ്പിക്കേണമേ. നിന്റെ ദാനങ്ങൾ ഞങ്ങൾക്കു വിഭജിച്ചു തരണമേ. നിന്റെ ഉപദേശജ്ഞാനംകൊണ്ടു ഞങ്ങളെ

www.malankaralibrary.com



നിറയ്ക്കണമേ. നിന്റെ ബഹുമാനത്തിനു ഞങ്ങളെ ആലയങ്ങളാക്കണമേ. നിന്റെ കൃപയുടെ പാനീയം കൊണ്ടു ഞങ്ങളെ ലഹരിപിടിപ്പിക്കണമേ. നിന്റെ നിർമ്മല ജ്ഞാനത്താൽ ഞങ്ങളെ ധന്യരാക്കണമേ. നിന്റെ ദാനസമൃദ്ധിയാൽ ഞങ്ങളെ അലങ്കരിക്കേണമേ. നിന്റെ തേജഃകിരണങ്ങളാൽ ഞങ്ങളേ ശോഭിപ്പിക്കണമേ. നിന്റെ പരിശുദ്ധന്മാരുടെ അവകാശത്തിനു ഞങ്ങളെ അർഹരാക്കണമേ.''

(പെങ്കീസാ, പെന്തിക്കൊസ്തി, രാത്രി 1-ാം കൗമാ)

## അപ്പസ്തോലസ്ഥാനത്തിന്റെ ശാശ്വതഭാവം.

കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ദൃശ്യസാക്ഷികളും അതുവഴി സഭയുടെ അടിസ്ഥാന ശിലകളും എന്നതത്രേ ശിഷ്യന്മാരുടെ സ്ഥാനം. അതു പ്രേഷണം ചെയ്യാവുന്നതല്ല. എന്നാൽ അവരുടെ സ്ഥാനത്തിനു ശാശ്വതമായ ഒരു ഭാവമുണ്ട്. എക്കാലവും അവരോടൊത്തുണ്ടായിരിക്കുമെന്നു ക്രിസ്തു വാഗ്ദാനം ചെയ്തു. ''ആകയാൽ നിങ്ങൾ പോയി എല്ലാജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും.'' (മത്താ. 28: 19-20) എന്ന ശിഷ്യന്മാരുടെ ദിവ്യദൗത്യം ലോകാവസാനംവരെ തുടരുന്നതാണ്.

മേൽപ്പട്ടക്കാരെ ഏർപ്പാടാക്കിയതു ശ്ലീഹന്മാരുടെ ദൗത്യം തുടരുന്നതിനത്രേ.

''മേൽപ്പട്ടക്കാർ-പട്ടക്കാരോടു-ശെമ്മാശന്മാർ
കർത്താവിവരെ-നിയമിച്ചാക്കി-ഭൂമിയിതിങ്കൽ
അണിയിച്ചാരവ-രനിശംതന്നുടെ-സഭയെയിവിടെ
അനവരതംചെ-യ്തേററിവസിക്കും-സ്തുതികളതാലേ.''

(കുർബാനക്രമം)

www.malankaralibrary.com



## *പിൻഗാമികളെ നിയമിക്കുന്നതിൽ ശ്രദ്ധ*

''ക്രിസ്തു അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച ഈ ദിവ്യദൗത്യം ലോകാവസാനംവരെ തുടരാനുള്ളതാണ്. എന്തുകൊണ്ടെന്നാൽ അവർവഴിയായി നല്കപ്പെടാനിരുന്ന സുവിശേഷം എക്കാലത്തേക്കും സഭാജീവിതം മുഴുവൻെറയും ഉറവിടമത്രേ. ഇക്കാരണത്താൽ ഹയരാർക്കിക്കൽ ഘടനയോടുകൂടിയ ഈസമൂഹത്തിൽ തങ്ങൾക്കു പിൻഗാമികളെ നിയമിച്ചാക്കുന്നതിൽ അപ്പസ്തോലന്മാർ ശ്രദ്ധിച്ചു.

വി. ഇരണേയൂസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ അപ്പസ്തോലന്മാർ നിയമിച്ച മെത്രാന്മാരും അവരുടെ പിൻഗാമികളുംവഴി, ഇക്കാലംവരെയും ശ്ലൈഹിക പാരമ്പര്യം ലോകമെല്ലായിടത്തും അവതരിപ്പിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

"സഭയുടെ ഇടയന്മാരെന്ന നിലയിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. അവരെ കേൾക്കുന്നവൻ ക്രിസ്തുവിനെ കേൾക്കുന്നു. അവരെ നിരസിക്കുന്നവൻ ക്രിസ്തുവിനെയും ക്രിസ്തുവിനെ അയച്ചവനേയും നിരസിക്കുന്നു. (ലൂക്ക്. 10: 16)
(തിരുസ്സഭ 20)

ആചാര്യത്വത്തിൻെറ പാരമ്പര്യത്തെ ആരാധനക്രമം ഉദ്ഘോഷിക്കുന്നുണ്ടു്.

''ആദ്യാചാര്യത്വം കൈക്കൊ —
ണ്ടഹറോൻ മൂശയൊടൊന്നിച്ചു ;
സ്കറിയാവരെ നല്കി മൂശ
നിത്യാചാര്യനാമീശോ
സർവ്വലോകോത്ഥാരണാർത്ഥം
നല്കി തൻശ്ലീഹന്മാർക്കും;
നാനാഭൂമി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ''

(ധൂപപ്രാർത്ഥനകൾ, ആചാര്യർ)

www.malankaralibrary.com



## മെത്രാന്മാരുടെ അപ്പസ്തോല പിന്തുടർച്ച

ശ്ലീഹന്മാർക്കു സഹായികളും സഹപ്രവർത്തകരുമുണ്ടായിരുന്നു. "തങ്ങടം തുടങ്ങിവെച്ച ദൗത്യം പരിപൂർണ്ണമാക്കാനും ഉറപ്പിക്കാനുമുള്ള കടമ ഒരു മരണശാസനത്താൽ എന്നപോലെ ശ്ലീഹന്മാർ ഈ സഹപ്രവർത്തകരെ ഭരമേൽപ്പിച്ചു: അപ്പസ്തോലന്മാരെ ഏല്പിച്ചിരുന്ന ആദൗത്യം അവരുടെ മരണശേഷം തുടർന്നു കൊണ്ടുപോകാൻ വേണ്ടിയാണവർ അപ്രകാരം ചെയ്തതു. അജഗണം മുഴുവനേയും പരിപാലിക്കാനുള്ള കടമയാണ് ഇതുമൂലം ശ്ലീഹന്മാർ അവരെ ഭരമേല്പിച്ചത്. ദൈവത്തിന്റെ സഭയെ മേയ്ക്കുവാൻ പരിശുദ്ധാത്മാവുതന്നെ അവരെ നിയമിച്ചു. (നട 20: 28) അതുകൊണ്ടു തങ്ങളുടെ കാലശേഷവും തങ്ങളുടെ ജോലി യോഗ്യരെന്നു ബോധ്യപ്പെട്ട മററാളുകടം ഏറെറടുത്തു തുടരുന്നതിനുവേണ്ടി ശ്ലീഹന്മാർ അത്തരം ആളുകളെ നിയമിക്കുകയും തുടർന്നു വ്യവസ്ഥിതമായക്രമംതന്നെ നല്കുകയും ചെയ്തു''

(തിരുസ്സഭ 20) (നട. 20: 28)

**ശ്ലീഹരോടൊപ്പം സ്തുതി പാടുന്നതിനാണ് ഇന്നും സഭ ആഗ്രഹിക്കുന്നത്.**

**''കർത്താവാം — സർവ്വേശാ**
**ജാതികളിൽ നിൻ സുവിശേഷം**
**ഭാഷിച്ചോരാം ശ്ലീഹരുമായ്**
**സ്തുതിപാടാൻ വരമേകേണം''**

(ഞായർ, പ്രഭാതപ്രാർത്ഥന)

## പത്രോസിന്റെ പ്രാമുഖ്യം

ശ്ലീഹന്മാരിൽ ഒന്നാമനായ പത്രോസിനു കർത്താവു വ്യക്തിപരമായി നല്കിയ ഉദ്യോഗം ശാശ്വതവും പിൻഗാമികളിലൂടെ പിൻതുടരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായിരുന്നു. ഇതുപോലെ സഭയെ മേയ്ക്കാനുള്ള അപ്പസ്തോലന്മാരുടെ ഉദ്യോഗവും ശാശ്വതവും മെത്രാൻപട്ടം വഴി ഇടമുറിയാതെ പ്രയോഗിക്കപ്പെടാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണ്. '' (തിരുസ്സഭ 20 (2)

www.malankaralibrary.com



''ദൈവികനിശ്ചയത്താൽതന്നെ സഭയുടെ ഇടയന്മാരെന്നനിലയിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ, അവരെ കേൾക്കുന്നവൻ ക്രിസ്തുവിനെ കേൾക്കുന്നു; അവരെ നിരസിക്കുന്നവർ ക്രിസ്തുവിനെയും ക്രിസ്തുവിനെ അയച്ചവനെയും നിരസിക്കുന്നു.''

(ലൂക്കോ 10: 16) (തിരുസ്സഭ 20 (2) )

അടിസ്ഥാന ശിലയെക്കുറിച്ചു സഭ ഏററുപാടുന്നു:
''ശെമഓൻകീപ്പാ
ആഴിയിൽ മത്സ്യം ബന്ധിക്കുമ്പോൾ
നാഥൻ ചൊന്നാനേവം, 'ശിമോനേ,
വരു നീ റൂഹാ
തൻവല നല്കീടാം മാനവരെ
ജീവനിലേക്കു വീശിച്ചേർക്കും നീ
നിൻമേൽ സഭയെ
ഞാൻ പണിചെയ്തീടും; നരകത്തിൻ
വാതിലതിന്മേൽ പ്രബലപ്പെടുകില്ല''

(ശ്ഹീമോ, മെനഓലം, വ്യാഴം, രാത്രി, 2-ാം കൗമാ)

## III ശ്ലൈഹികാധികാരം

''പിതാവായ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുക;

തദ്വാരാ, ക്രിസ്തുവിന്റെ രക്ഷാകരമായ പദ്ധതിയിൽ എല്ലാമനുഷ്യരേയും പങ്കുകാരാക്കുക;

ലോകത്തെ മുഴുവൻ ക്രിസ്തുവിനോടു ബന്ധിപ്പിക്കുക—ഈലക്ഷ്യം മുൻനിർത്തി മൗതികശരീരം നിർവ്വഹിക്കുന്നവയെല്ലാം പ്രേഷിതപ്രവൃത്തികളാണ്.

സ്വഭാവത്താലെതന്നെ ക്രിസ്തീയവിളി പ്രേഷിതത്വത്തിലേക്കുള്ള വിളികൂടിയാണ്.

.......തന്റെ നാമത്തിൽ താൻനല്കിയ അധികാരമുപയോഗിച്ചു പഠിപ്പിക്കാനും ഭരിക്കാനും വിശുദ്ധീകരിക്കാനുമുള്ള ദൗത്യം ക്രിസ്തു അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കി.''

(അല്മായ പ്രേഷിതത്വം 2)

www.malankaralibrary.com



പ്രേഷിതവൃത്തി നിർവ്വഹിച്ചവരെ സഭ സ്മരിക്കുന്നുണ്ട്.

''നിൻസഭയെ മേയിച്ചവരാമജപാലർക്കും
നിബിയർശ്ലീഹർക്കും
സഹദേന്മാർ, കാദീശന്മാർ, ആചാര്യന്മാർ
സഭയിൻമക്കളിവർക്കെല്ലാം
നാഥാനിത്യം-സ്മരണയതേകണമേ''
(ശ്ഹീമോ, ശുബഹൊ, വ്യാഴം പ്രഭാതം.)

## ക്രിസ്തുവിനോടു ഗാഢബന്ധം, അല്മായരുടെ അവകാശങ്ങൾ

''ക്രിസ്തുവാണ് സഭയുടെ പ്രേഷിതത്വത്തിന്റെ ഉറവിടം. ... .... ക്രിസ്തുവിനോടു ഗാഢമായി യോജിച്ചിരിക്കുന്ന സഭയിലെ ജീവിതം എല്ലാവിശ്വാസികൾക്കും പൊതുവായുള്ള ആത്മീയാനുകൂല്യങ്ങളാലും പ്രത്യേകിച്ചു ആരാധനാക്രമത്തിലുള്ള സജീവ ഭാഗഭാഗിത്വത്താലും പരിപുഷ്ടമാക്കപ്പെടുന്നു.'' (അല്മായപ്രേഷിതത്വം 4)

## അല്മായർക്കു പ്രേഷിതജോലിക്കുള്ള കടമ

''ശിരസ്സാകുന്ന ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നാണ് അല്മായർക്കു പ്രേഷിതജോലിക്കുള്ള കടമയും അവകാശവും ഉത്ഭവിക്കുന്നത്.... കർത്താവുതന്നെയാണ് അവരെ പ്രേഷിത പ്രവർത്തനത്തിനു ഏർപ്പെടുത്തിയിരിക്കുന്നത്. ... ... .... ആത്മീയബലികളർപ്പിക്കുവാനും ലോകമെങ്ങും ക്രിസ്തുവിനുസാക്ഷ്യം വഹിക്കാനും വേണ്ടി അവർ രാജകീയപൗരോഹിത്യത്തിലേക്കും വിശുദ്ധ ജനമെന്ന പദവിയിലേക്കും അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു.'' (1 പത്രോ. 2: 4 – 10)

(പ്രേഷിത പ്രവർത്തനം 3)

സഭാബന്ധമത്രേ അംഗങ്ങളെ പ്രേഷിത പ്രബുദ്ധരാക്കുന്നത്.

''കർത്താവാം - സർവ്വേശാ
വിശ്വാസികളാം മല്പാന്മാർ
ശുദ്ധപിതാക്ക - ന്മാരൊടുമായ്
സ്തുതിപാടാൻ വരമേകേണം''

(ഞായർ, പ്രഭാതം)

www.malankaralibrary.com



## സ്വർഗ്ഗരാജ്യവും ദൈവഭരണവും സഭയിൽ

സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമാണ്. 'സ്വർഗ്ഗരാജ്യവും' 'ദൈവഭരണ'വും അവളിലാണ് കുടികൊള്ളുന്നത്.

''പിന്നെ വലിയ ജനക്കൂട്ടത്തിന്റെയും പെരുവെള്ളത്തിന്റെയും ഗംഭീരമായ ഇടിമുഴക്കത്തിന്റെയും ശബ്ദം പോലെയുള്ള ഒരു സ്വരം ഞാൻകേട്ടു: ഹല്ലേലുയ്യാ. സർവ്വശക്തനും നമ്മുടെ ദൈവവുമായ കർത്താവു വാഴുന്നു''

(വെളി. 19: 6)

യേശുക്രിസ്തുവിലൂടെ ആരാജ്യം വന്നു; ക്രിസ്തുവുമായി ബന്ധപ്പെടുന്നവരിലൂടെ അതു വളരുന്നു. ''തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തു.''

(എഫേ. 1: 4)

ദൈവത്തിന്റെ ജനമായും കുഞ്ഞാടിന്റെ മണവാട്ടിയായും സഭചേർക്കപ്പെട്ടിരിക്കുന്നു. ''.... വരു, കുഞ്ഞാടിന്റെ മണവാട്ടിയെ നിനക്കു ഞാൻ കാണിച്ചു തരാം.

(വെളി. 21: 9)

ദൈവമഹത്വവുമായി സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്ന വിശുദ്ധ ജറുസലേംപട്ടണമാകുന്ന സഭ ''സ്വർഗ്ഗത്തിൽനിന്നു ദൈവസന്നിധിയിൽനിന്നു ഇറങ്ങിവരുന്ന വിശുദ്ധ നഗരിയായ ജറുസലേമിനെ എനിക്കു കാണിച്ചുതന്നു. അതിനു ദൈവത്തിന്റെ തേജസ്സുണ്ടായിരുന്നു. അതിന്റെ തിളക്കം അമൂല്യമായ രത്നത്തിനും സൂര്യകാന്തക്കല്ലിനുമൊപ്പം. അതു സ്ഫടികംപോലെ നിർമ്മലം.''

(വെളി. 21: 10-11)

www.malankaralibrary.com



കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പസ്തോലന്മാരുടെ പേരുകൾ എഴുതിയിട്ടുള്ള പന്ത്രണ്ടു അടിസ്ഥാനം. "നഗരത്തിന്റെ മതിലിനു പന്ത്രണ്ടു അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നു; അവയിന്മേൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പസ്തോലന്മാരുടെ പേരുകളും." (വെളി. 21: 14)

> സഭയിലെ വിശുദ്ധസംസർഗ്ഗം സർവ്വദാ സ്തുത്യർഹം. "കർത്താവേ, ഞങ്ങൾ കാരുണ്യവാനായ നിന്റെ മക്കളും നിന്റെ ഏകജാതന്റെ സഹോദരങ്ങളും ആകുന്നതിന് ഇടയാക്കിത്തീർത്ത പിതാക്കന്മാരുടെ വിശുദ്ധ സംസർഗ്ഗത്തിൽനിന്നു ഞങ്ങളെ അകററിനിർത്തുകയോ ബഹിഷ്ക്കരിക്കയോ അരുതേ."

## അനുബന്ധം 9

(ഒന്നാം ഭാഗം)

### 1 പത്രോസിന്മേൽ സ്ഥാപിതമായ സഭ.

"അടിസ്ഥാനശിലയാം ശെമഓ-ൻകൈയിൽ നിജതാക്കോൽകൾ
ദത്തസഭേ ഭാ-ഗ്യം ഈശോ കൃപചെയ്കടിയാരിൽ"

(ഞായർ, പ്രഭാതം)

### 2 ശ്ലീഹന്മാരും സിംഹാസനങ്ങളും.

"നാഥനൊടുരചെയ്താർ ശ്ലീഹർ;
എന്തേകീടും ഞങ്ങൾക്കായ്;
രക്ഷകനുത്തരമരുളിയിദം;
ദ്വാദശപീഠങ്ങൾ
നിങ്ങൾക്കേകും എൻവരവിൽ നിങ്ങളിരുന്നിസറേൽ
ഗോത്രങ്ങളെ വിധിചെയ്തീടും സ്വർഗ്ഗവുമവകാശിക്കും

എൻമേശയിലാമോദിക്കും
നല്കീടും നൽപ്രതിഫലവും
മുപ്പതുമറുപതുനൂറുമതായ്

www.malankaralibrary.com



പ്രാപിച്ചിടും സമ്മാനം
എൻകല്പനകാത്തെന്നിഷ്ടം
ചെയ്തവരാം നിങ്ങൾ.''
(ശ്ഹീമോ, മെനഓലം, ബുധൻ, രാത്രി 2–ാം കൗമാ)

### 3 സ്നാനാർത്ഥിക്കുവേണ്ടി കാർമ്മികൻ പ്രാർത്ഥിക്കുന്നു:

''വിശുദ്ധ ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന് മേൽ ഇവനെനീ ഉറപ്പിക്കണമേ. വിശുദ്ധസഭയിൽ സത്യത്തിൻെറ ചെടിയായി ഇവനെ നട്ടുവളർത്തണമേ.''

(മല. കത്തോ. കൂദാശക്രമം, മാമോദീസാ)

(രണ്ടാം ഭാഗം)

## സഭാലക്ഷണങ്ങൾ, സംഗ്രഹം

### 1. സഭ ഏകമാണ്.

"സമാധാനബന്ധത്തിൽ ആത്മാവിൻെറ ഐക്യം നിലനിർത്താൻ നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരുകർത്താവും ഒരു വിശ്വാസവും ഒരുജ്ഞാനസ്നാനവുമേയുള്ളു. സകലത്തിലുമുപരിയും സകലത്തിലൂടെയും സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം.'' (എഫേ. 4:3–5) പിളർപ്പുകളെ സഭ അതിജീവിക്കും

### 2 സഭ വിശുദ്ധമാണ്.

പരിശുദ്ധതമനായ പിതാവു ആണ് അവളുടെ കർത്താവ്. അവളെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി സ്വയം ബലിയർപ്പിച്ച ക്രിസ്തുവാണ്വരൻ; പരിശുദ്ധാരൂപിയാണ് അവൾക്കു ജീവൻ പകരുന്നത്. അവൾ പാപികളേയും ഉൾക്കൊള്ളുന്നു. പാപികളാൽ രൂപീകരിക്കപ്പെട്ട പാപരഹിതയാണവൾ. വിശുദ്ധന്മാരിൽ അവളുടെ വിശുദ്ധി തിളങ്ങുന്നു, പരിശുദ്ധകന്യകാമറിയത്തിലൂടെ സഭയുടെ വിശുദ്ധികാണാം.

www.malankaralibrary.com



### *സഭ സാർവ്വത്രികമാണ്.*

വിശ്വാസ പൂർണ്ണതയിൽ പ്രഘോഷിക്കുന്നു. രക്ഷയുടെ മാർഗ്ഗങ്ങരം എല്ലാമുണ്ട്. എല്ലാജനതകളിലേക്കും അവരം അയയ്ക്കപ്പെട്ടിരിക്കുന്നു. എല്ലാവരോടും പ്രസംഗിക്കുന്നു. എക്കാലത്തും അവളുണ്ട്. സഭ സ്വഭാവത്താലേ പ്രേഷിതയാണ്.

### *4 സഭ ശ്ലൈഹികമാണ്*

ഉറപ്പായ അടിസ്ഥാനത്തിന്മേലാണ് സഭ പണിയപ്പെട്ടിട്ടുള്ളത്, ''കുഞ്ഞാടിൻെറ പന്ത്രണ്ടു അപ്പസ്തോലന്മാരിൽ'' (വെളി. 24:14) നരകകവാടങ്ങരം അവളെ തകർക്കുകയില്ല. (മത്താ. 16:18) പ്രമാദത്തിൽ വീഴാതെ സത്യമുയർത്തിപ്പിടിക്കാൻ അവരംക്കു കഴിയും. പത്രോസും അപ്പസ്തോലന്മാരും അവരുടെ ഇന്നത്തെ പ്രതിനിധികളായ മാർപ്പാപ്പായിലും മെത്രാന്മാരിലുംകൂടെ സഭ ഇന്നു നയിക്കപ്പെടുന്നു.

### *5 ലക്ഷണയുക്തത പൂർണ്ണരൂപത്തിൽ കത്തോലിക്കാസഭയിൽ.*

കാതോലികവും ശ്ലൈഹികവും ഏകകവും വിശുദ്ധവുമെന്നു വിശ്വാസപ്രമാണത്തിൽ ഏററുപറയപ്പെടുന്ന ലക്ഷണങ്ങരം കത്തോലിക്കാസഭയിൽ തികഞ്ഞിരിക്കുന്നു.

പത്രോസിൻെറ പിൻഗാമികളാലും അദ്ദേഹത്തോടു ചേർന്നുനിൽക്കുന്ന മെത്രാന്മാരുടെ സമൂഹത്താലും അതു നയിക്കപ്പെടുന്നു. വിശുദ്ധീകരണത്തിൻെറയും സത്യത്തിൻെറയും പല ഘടകങ്ങളും അതിൻെറ ദൃശ്യ സീമകരംക്കു പുറമേയുമുണ്ട്.

www.malankaralibrary.com



*അദ്ധ്യായം 10*

# സഭാമണ്ഡലവും പ്രജാസഞ്ചയവും.

''വിശ്വാസികരം' എന്നത്രേ സഭാംഗങ്ങരം അറിയപ്പെടുക. വൈദികശ്രേണി, അല്മായ ഗണം, സമർപ്പിതവ്യൂഹം എന്നീ നിരകരം അവിടെയുണ്ട്.

## I ക്രിസ്തീയവിശ്വാസികൾ.

മാമോദീസാവഴി ക്രിസ്തുവിനോടുചേർന്നു ഒരു ശരീരമായിത്തീരുന്നു; ദൈവത്തിൻെറ ജനമായി രൂപംകൊള്ളുന്നു; ക്രിസ്തുവിൻെറ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായരീതിയിൽ പങ്കുകാരാകുന്നു— ദൈവജനത്തിൻെറ ദൗത്യം ആവുംവിധം നിർവ്വഹിക്കുന്നു.

ലോകത്തോടു ബന്ധപ്പെട്ടു ജീവിക്കുന്നു എന്നതാണ് അല്മായരുടെ പ്രത്യേകത ........ പട്ടക്കാർ പ്രഥമത: വി. ശുശ്രൂഷയ്ക്കു നിയുക്തരാണ്. (തിരുസ്സഭ 31)

> മാമോദീസാ ഒരുവനെ സഭാംഗമാക്കുന്നു. ആ വിശുദ്ധ ശുശ്രൂഷയിലെ പ്രാർത്ഥനകേരംക്കുക. ''..... ജീവൻെറ പുസ്തകത്തിൽ ഇവൻെറ പേരു എഴുതണമേ. നിൻെറ ഭക്തന്മാരുടെ ഗണത്തിൽ ഇവനെ എണ്ണി നിൻെറ മുഖശോഭ ഇവനിൽ പ്രതിബിംബിപ്പിക്കണമേ. ഇവൻെറ ഹൃദയത്തിലും വിചാരത്തിലും നിൻെറ അഭിഷിക്തൻെറ സ്ലീബാ പതിക്കണമേ. ഈലോകത്തിൻെറ വ്യർത്ഥത വെടിഞ്ഞു നിൻെറ പരിശുദ്ധ കല്പനകളിൽ വ്യാപരിക്കുവാൻ തക്കവണ്ണം സകല ദുഷ്ടതയിൽനിന്നും ഇവനെ സ്വതന്ത്രനാക്കണമേ .... നിൻെറ ഏകജാതൻ വി. ശ്ലീഹന്മാരിൽ ഊതിയ ദൈവികശ്വാസം ഇവനു നല്കണമേ. നിൻെറ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ ഇവനെ ഒരുക്കണമേ......''
>
> (മല. കത്തോ. കൂദാശക്രമം, മാമോദീസാ)

www.malankaralibrary.com



## 2 വൈവിധ്യവും മാഹാത്മ്യവും

''തിരുസ്സഭ തന്റെ ദൈവികസ്ഥാപനത്താൽതന്നെ വൈവിധ്യത്തോടുകൂടിയതാണ്. ''ഒരേശരീരത്തിൽ പല അവയവങ്ങൾ ........ നാമും ക്രിസ്തുവും ഒരേശരീരമാകുന്നു. (റോമാ. 12: 4-5) എല്ലാവരും തുല്യമാഹാത്മ്യമുള്ളവരാണ്. (തിരുസ്സഭ 32)

> പരിശുദ്ധാത്മാവിന്റെ ആവസിപ്പുമൂലമുള്ള മാഹാത്മ്യം ജന്മമുഹൂർത്തത്തിൽതന്നെ സഭയ്ക്കു ലഭ്യമായി.
>
> ''നിർമ്മലരാം ശിഷ്യന്മാർക്കായ്
> തീനാവുകളെഭാഗംചെയ്തേകിയദേവാ ദയചെയ്തീടണമേ
> സുവിശേഷം ഘോഷിപ്പാൻ റൂഹായാൽ
> ശ്ലീഹന്മാരെ വിജ്ഞാനികളാക്കിയദേവാ......
> ശ്ലീഹരിലിന്നാവാസം ചെയ്തോനാം
> പരിശുദ്ധാത്മനെ വന്ദിച്ചീടാം നാം ദേവാ...,''

(പെന്തിക്കൊസ്തിശുശ്രൂഷ, ആണ്ടുതക്സാ,)

## 3 ശുശ്രൂഷാ വൈവിധ്യം.

''സഭയിൽ പലതരം ശുശ്രൂഷകളുണ്ട്. എല്ലാററിന്റെയും ലക്ഷ്യം ഒന്നാണ്. പഠിപ്പിക്കാനും ഭരിക്കാനും വിശുദ്ധീകരിക്കാനുമുള്ള ദൗത്യം അപ്പസ്തോലന്മാർക്കും പിൻഗാമികൾക്കും നല്കി. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും അല്മായർക്കും പങ്കുണ്ട്. ... .... ദൈവജനത്തിനാകെ സഭയിലും ലോകത്തിലും നിർവ്വഹിക്കാനുള്ള ദൗത്യത്തിൽ അവർക്കും പങ്കുവഹിക്കുവാനുണ്ട്.'' (അല്മായപ്രേഷിതത്വം 2) വൈദികശ്രേണിയിലും വിശ്വാസികളുടെ നിരയിലുംനിന്നും അർപ്പിതജീവിതത്തിലേക്കു തിരിയുന്നവരുടെ നിര ഇനിയുമുണ്ട്.

www.malankaralibrary.com

## 3 ശുശ്രൂഷാ വൈവിധ്യം

പരി. റൂഹായാണ് വിവിധദാനങ്ങളിലൂടെ സഭയെ നയിക്കുന്നത്. "...... പരി. റൂഹാ ... ദീർഘദർശിക ളെ ഒരുക്കുന്നവനും ശ്ലീഹന്മാർക്കു ജ്ഞാനം നല്കു ന്നവനും രക്തസാക്ഷികളെ യുദ്ധസന്നദ്ധരാക്കുന്ന വനും ഉപദേഷ്ടാക്കളെ നയിക്കുന്നവനുമാകുന്നു....... അവൻ ദിവ്യദാനങ്ങളുടെ ഉറവയും നിനക്കും നിന്റെ ഏകജാതനും തുല്യനുമാകുന്നു. അവനത്രേ ന്യായപ്ര മാണവും ദീർഘദർശികളും ശ്ളീഹന്മാരും മുഖാന്തരം സംസാരിച്ചവൻ; അവൻ സകലത്തിനും സമീപസ്ഥനും സകലവും പൂർത്തിയാക്കുന്നവനുമാകുന്നു. തനിക്കി ഷ്ടം തോന്നുന്നവരിൽ അവൻ ദാസ്യമായിട്ടല്ല, അധികാ രപൂർവ്വം വിശുദ്ധകാര്യങ്ങൾ പ്രവർത്തിക്കുന്നു."

(പെന്തിക്കൊസ്തി ശുശ്രൂഷ, സെദറാ)

## II വൈദികശ്രേണിയുടെ സഭാഘടന

### 1 സഭാശുശ്രൂഷ എന്തിന്?

സഭാശുശ്രൂഷകളുടെ ഉറവിടം ക്രിസ്തുതന്നെ. അവി ടുന്ന സഭസ്ഥാപിച്ചു; അധികാരവും ദൗത്യവും ലക്ഷ്യവും രൂപീകരണവും സഭയ്ക്കു നല്കി.

"ദൈവജനത്തെ മേയ്ക്കാനും അതിനെ സദാ വർദ്ധിപ്പിക്കാനുമായി ക്രിസ്തുനാഥൻ വിവിധശുശ്രൂ ഷക്രമങ്ങൾ തന്റെ സഭയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവ മൗതികശരീരം മുഴുവന്റെയും നന്മയ്ക്കായി ഉദ്ദേശിക്ക പ്പെട്ടിരിക്കുന്നു. വിശുദ്ധാധികാരം ലഭിച്ചിരിക്കുന്ന ശുശ്രൂഷകർ തങ്ങളുടെ സഹോദരന്മാർക്കുവേണ്ടിയാണ് ശുശ്രൂഷ ചെയ്യുന്നത്. ഈശുശ്രൂഷയാകട്ടെ ദൈവജന ത്തിൽ ഉൾപ്പെടുന്ന എല്ലാവർക്കും യഥാർത്ഥമായ ക്രിസ്തീ യമഹത്വം അനുഭവിക്കുന്ന എല്ലാവരും ഒരേലക്ഷ്യത്തിനു വേണ്ടി സ്വതന്ത്രമായും ക്രമാനുസൃതമായും പരിശ്രമിച്ചു നിത്യരക്ഷ പ്രാപിക്കാൻവേണ്ടിയാണ്." (തിരുസ്സഭ 18)

www.malankaralibrary.com



സ്വർഗ്ഗീയസഭയിലും ഭൗമികസഭയിലും ദൈവം ശുശ്രൂഷിക്കപ്പെടുന്നവിധം മേൽപ്പട്ടസ്ഥാനാഭിഷേക ക്രമത്തിൽ വെളിപ്പെടുത്തുന്നുണ്ട്. ''അവൻ സ്വർഗ്ഗീയ സഭയിൽ അദൃശ്യനായി സ്തുതിക്കപ്പെടുകയും ഭൗമികസഭയിൽ മേൽപ്പട്ടക്കാരാലും പട്ടക്കാരാലും ശുശ്രൂഷകരാലും പുകഴ്ത്തപ്പെടുകയും ചെയ്യുന്നു.''

(മേൽപ്പട്ടസ്ഥാനാഭിഷേകക്രമം, ഒന്നാംശുശ്രൂഷ, പ്രുമിയോൻ)

## 2 സഭയുടെശുശ്രൂഷ–ഒരു പ്രത്യേകകൂദാശ.

''തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! (റോമ. 10: 14–15)

സ്വമേധയാ പ്രസംഗിക്കാവുന്നതല്ല വിശ്വാസം. ''വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പററിയുള്ള പ്രസംഗത്തിൽ നിന്നുമാണ്. (റോമ. 10: 17) ക്രിസ്തുവിൻെറ അധികാരത്തിലല്ലാതെ മററാർക്കും സുവിശേഷം പ്രഘോഷിപ്പാൻ അവകാശമില്ല. കൃപ പ്രദാനംചെയ്യുന്നതിനും ആർക്കും അവകാശമില്ല;അതു നല്കപ്പെടണം. ക്രിസ്തു അധികാരപ്പെടുത്തിയ കൃപാവരത്തിൻെറ ശുശ്രൂഷകർ ഇതുമൂലം ആവശ്യമായിവരുന്നു. ക്രിസ്തുവിൻെറ സ്ഥാനപതികൾ ദൈവകൃപമൂലം നടത്തുന്ന ഈശുശ്രൂഷ സ്വന്തം കഴിവുമൂലമുള്ളതല്ല. ഇതിനെ '' കൂദാശ '' എന്നു പറയുന്നു. സഭാ ശുശ്രൂഷ ഒരു പ്രത്യേക കൂദാശയത്രേ.

ജാതികളോടു സുവിശേഷം പ്രസംഗിക്കുക എന്ന ദിവ്യദൗത്യമാണ് സഭ നിർവഹിക്കുന്നത്. ''കേവലന്മാരാ

www.malankaralibrary.com



യ പനന്തിരുവനന്മാരുടെ മനസ്സിനെ നീ ദൃഢപ്പെടുത്തുകയും ആവിദ്യാവിഹീനർക്ക് ഏകയോഗമായി സംസാരിക്കുവാൻ കഴിയത്തക്കവണ്ണം ഭാഷകൾ വിഭജിച്ചു കൊടുക്കുകയും ചെയ്തു. നീ അവരുടെമേൽ ഊതിയപ്പോൾ അവർ ശക്തി നല്കുന്നവനായ റൂഹായെ പ്രാപിച്ചു. നീ അവരെ ജ്ഞാനികളാക്കുകയും 'നിങ്ങൾ നാലു ഭാഗങ്ങളിലേക്കും പോയി ജാതികളോടു, സത്യോപദേശം പ്രസംഗിക്കുകയും സൃഷ്ടികളെ തെററായമാർഗ്ഗത്തിൽ നിന്നു സത്യവിശ്വാസത്തിന്റെ ഐക്യത്തിലേക്കു തിരിക്കുകയും ചെയ്യുവീൻ' എന്നു അവരോടു കല്പിക്കുകയും ചെയ്തു.''

(പെന്തിക്കൊസ്തി രണ്ടാം ശുശ്രൂഷ)

## 3 സഭാശുശ്രൂഷകർ- ക്രിസ്തുവിന്റെ ദാസന്മാർ

സഭാശുശ്രൂഷയുടെ കൂദാശാപ്രകൃതി അതിന്റെ സേവനഭാവത്തെയാണു കാണിക്കുന്നത്. ദൗത്യവും അധികാരവും നല്കുന്ന ക്രിസ്തുവിൽ പൂർണ്ണമായി ആശ്രയിക്കുന്ന ഈശുശ്രൂഷകർ ക്രിസ്തുവിന്റെ ദാസന്മാരാണ്. ക്രിസ്തുവിന്റെ ദാസനും അപ്പസ്തോലനമായി വിളിക്കപ്പെട്ടവൻ' എന്നത്രേ വി. പൗലോസ് സ്വയം വിശേഷിപ്പിക്കുന്നത്. (റോമ. 1:1) ക്രിസ്തുവാകട്ടെ, 'തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ചു മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. (ഫിലിപ്പി. 2:7) സഭാശുശ്രൂഷകരുടെ വചനവും കൃപയും സ്വന്തമായുള്ളതല്ല, മററുള്ളവർക്കുവേണ്ടി ക്രിസ്തുവിൽനിന്നു കിട്ടിയിട്ടുള്ളതാണ്. എല്ലാവരുടെയും ദാസന്മാരാകുക എന്ന സ്ഥിതി അവർ തിരഞ്ഞെടുക്കുന്നു. 'വളരെപ്പേരെ നേടേണ്ടതിനു ഞാൻ എല്ലാവരുടെയും ദാസനായിത്തീർന്നിരിക്കുന്നു'. (1കോരി 9:14)

സേവനത്തിന്റെ വിളിയാണു ആചാര്യത്വം. പട്ടാഭിഷേകക്രമത്തിൽ പ്രാർത്ഥിക്കുന്നു: ''നിന്റെ അടുക്കലേക്കു വന്നിരിക്കുന്ന ഇദ്ദേഹത്തിൽ നിനക്കു പ്രസാദം തോന്ന

www.malankaralibrary.com



ണമേ. നിന്റെ വിശുദ്ധ മന്ദിരത്തിൽ സേവനം അനുഷ്ഠിക്കുന്നതിനും പുണ്യദായകമായ നിന്റെ ഭവനത്തിൽ ശുശ്രൂഷ ചെയ്യുന്നതിനും ഇദ്ദേഹത്തെ സ്വീകരിക്കേണമേ. ആചാര്യന്മാരിൽ മഹത്വമുള്ളവരായ മോശയേയും അഹറോനെയും വിളിക്കപ്പെട്ടവനും വിശ്രുതനുമായ ശമുവേലിനെയും മഹത്വദർശിയായ എശയ്യായേയും യൂസോദോക്ക് എന്നു അപരനാമമുള്ള യോശുവായേയും നീ കൈക്കൊണ്ടുവല്ലൊ.''

(മേൽപ്പട്ടാഭിഷേകം, 1—ാം ക്രമം സെദറാ)

### 4 സഭാശുശ്രൂഷയുടെ സംഘാതാകൃതി.

സഭാശുശ്രൂഷയുടെ കൂദാശാഭാവം ഒരു സംഘാതാകൃതി ആവശ്യപ്പെടുന്നു. ''പുതിയ ഇസ്രായേലിന്റെ ബീജവും വിശുദ്ധമായ ആചാര്യാധികാരത്തിന്റെ ആരംഭവുമായി'' പന്ത്രണ്ടു ശ്ലീഹന്മാരെ കർത്താവു തിരഞ്ഞെടുത്തു. (പ്രേഷിതപ്രവർത്തനം 5) അവർ ഒന്നിച്ചു തിരഞ്ഞെടുക്കപ്പെട്ടു. അവരുടെ സാഹോദര്യത്വത്തിന്റെ ഒന്നിപ്പ വിശ്വാസികളുടെ സാഹോദര്യസേവനത്തിനായി ദിവ്യവ്യക്തികളുടെ ബന്ധത്തിനു അതു സാക്ഷ്യമായി.

''എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടികൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കുവാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്നു എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനു അങ്ങു എനിക്കു തന്നമഹത്വം അവർക്കു ഞാൻനല്കിയിരിക്കുന്നു.'' (യോഹ. 17: 21-23) പത്രോസിന്റെ പിൻഗാമിയായ റോമിലെ ബിഷപ്പിനോടും മെത്രാന്മാരുടെ കൂട്ടത്തോടും ബന്ധപ്പെട്ടുനിന്നുകൊണ്ട് ഓരോമെത്രാനും ഈശുശ്രൂഷ നിർവ്വഹിക്കുന്നു. സ്വന്തം മെത്രാനോടു ബന്ധപ്പെട്ടു ഓരോവൈദികനും ഈകടമ നിർവ്വഹിക്കുന്നു.

www.malankaralibrary.com



ഇടവകയുടെ സൂക്ഷിപ്പിന്റെ കണക്കാണ്
ആചാര്യൻ ബോധിപ്പിക്കേണ്ടത്.
''ശ്ലീഹർ ശിരസ്സാം ശീമോനോ –
ടിതിചൊന്നാനിടയർക്കുടയോൻ
നിൻകൈയിൽ തന്നൊരു നിക്ഷേപം
വിനിയോഗിപ്പതു സൂക്ഷിക്ക

കേടും ഭിന്നതയും കൂടാ –
തിടവകനന്നായ് പാലിക്ക
വിധിയിൽ പക്ഷം ചേരാത്തോൻ

ന്യായാധിപസവിധം നീയും
നിന്റെ കണക്കേൽപ്പിക്കേണം''

(മേൽപ്പട്ടസ്ഥാനാഭിഷേകം, 1-ാം ക്രമം, ഗാനം)

## 5 സഭാശുശ്രൂഷയുടെ വ്യക്തിപരത

സഭാശുശ്രൂഷയുടെ കൂദാശാസ്വഭാവം വ്യക്തിപരതയും ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ശുശ്രൂഷകർ പരസ്പരം ബന്ധിതരെങ്കിലും വ്യക്തിപരമായ നിലയിലും പ്രവർത്തിക്കുന്നു. ''എന്നെ അനുഗമിക്കുക'' എന്ന വിളി ഓരോരുത്തനും വ്യക്തിപരമായുള്ളതാണ്. (യോഹ. 21: 22 ; മത്താ. 4: 19, 21; യോഹ. 1: 4) പൊതുദൌത്യത്തിനുള്ളിൽനിന്നുകൊണ്ടുള്ള ഈ വ്യക്തിപരമായ സാക്ഷ്യം ദൌത്യം നല്കുന്നവനോടു വ്യക്തിപരമായ കടപ്പാടു അനുഷ്ഠിക്കലാണ്. ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നല്കപ്പെടുന്നു..........''

വി. പൗലോസ് തിമോത്തിക്കു നല്കുന്ന ഉപദേശത്തിൽ ആചാര്യസ്ഥാനിയുടെ വ്യക്തിപരമായ സവിശേഷത നിർദ്ദേശിക്കുന്നു.
''ധന്യൻ പൗലൂസ് എഴുതി പ്രേഷ്ഠം
ശിഷ്യൻ തീമോത്തിക്കേവം;

മിശിഹാ തൻ സഭയിൽ സഹജാ, നീ
ചെയ്യുവതെന്താം സൂക്ഷിക്ക

www.malankaralibrary.com



നിജഗേഹംചിതമായ് കാപ്പോർ
ശരിയായ് സഭയെ പാലിപ്പോർ
വിനയം ശാന്തതയും പൂണ്ടോർ—
ക്കന്യേഡംഭികരാം ധൂർത്തന്മാർ—
ക്കേകീടരുതാചാര്യത്വം''

(മേൽപ്പട്ടസ്ഥാനാഭിഷേകം, 1–ാം ക്രമം, ഗാനം)

## 6 സംഘാതാത്മകതയും വ്യക്തിപരതയും

ക്രിസ്തുവിന്റെ നാമത്തിൽ സഭയിൽ നടത്തപ്പെടുന്ന കുദാശാശുശ്രൂഷ ഒരേസമയം സംഘാതാത്മകവും വ്യക്തിപരവുമാകുന്നു. മെത്രാന്മാരുടെ സംഘവും അതിന്റെ ശിരസ്സായ പത്രോസിന്റെ പിൻഗാമിയും തമ്മിലും മെത്രാന്റെ പ്രാദേശികസഭയും സാർവ്വത്രികസഭയും തമ്മിലുള്ള ബന്ധത്തിലൂടെ ഇതു വെളിപ്പെടുന്നുണ്ട്.

ശുശ്രൂഷകർ വളരണം, തദ്വാരാ സഭ പ്രബലപ്പെടണം. ''ഇദ്ദേഹം ജ്ഞാനമുള്ളവനും തെററിപ്പോകാത്തവനുമായ ശുശ്രൂഷകനായിത്തീർന്നു, ദൈവികദാനങ്ങളാൽ ശക്തിയിൽനിന്നു ശക്തിയിലേക്കും ഉയർന്നു വരികയും ഭാഗ്യവാനായിത്തീരുകയും ചെയ്യുമാറാകണമേ. നിന്റെ സഭ അതിലെ ശുശ്രൂഷകരുടെ സകല ശ്രമങ്ങളാലും നിരകളാലും വളർന്നു അഭിവൃദ്ധിപ്പെടുമാറാകണമേ''

(മേൽപ്പട്ടസ്ഥാനാഭിഷേകം, 1–ാം ക്രമം, സെദറാ)

## 7 മാർപ്പാപ്പായും മെത്രാൻ സമൂഹവും

ക്രിസ്തു ഇഷ്ടപ്പെട്ടവരെ തന്റെ പക്കലേക്കു വിളിച്ചു. അവിടുത്തോടുകൂടി ആയിരിക്കാനും ദൈവരാജ്യം പ്രസംഗിക്കാൻ അയയ്ക്കേണ്ടതിനുമായി അവരിൽനിന്നും പന്ത്രണ്ടുപേരെ നിശ്ചയിച്ചു. (മർക്കോ 3: 13–19, മത്താ. 10: 1–12) ഈ 'ശ്ലീഹന്മാരെ' (ലൂക്ക് 6: 13) ഒരുസംഘം അഥവാ സ്ഥിരമായ ഒരു സമൂഹമായി സംഘടിപ്പിക്കയും അവരിൽനിന്നു തിരഞ്ഞെടുത്ത പത്രോസിനെ അവരുടെ നേതാവായി നിശ്ചയിക്കുകയും ചെയ്തു (യോഹ. 21: 15–17 തിരുസ്സഭ 19)

www.malankaralibrary.com



''കർത്താവിന്റെ നിശ്ചയപ്രകാരം വി. പത്രോസും മററു ശ്ലീഹന്മാരും ചേർന്നു ഒരപ്പസ്തോലസംഘം രൂപവൽക്കരിച്ചു. അതുപോലെ പത്രോസിന്റെ പിൻഗാമിയായ റോമാമാർപ്പാപ്പായും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പരസ്പരം ഒന്നുചേർന്നിരിക്കുന്നു. സംഘാതാത്മക സ്വഭാവവും മെത്രാൻപട്ടത്തിന്റെ അർത്ഥവും പുരാതനാചാരങ്ങളിൽനിന്നു തന്നെ പ്രകടമായിരുന്നു'' (തിരുസ്സഭ 22)

പത്രോസിനത്രേ ശ്രേഷ്ഠസ്ഥാനം നല്കിയത്
''ബർയൗനാൻ ശെമഒൻഭൂസ്വർഗ്ഗ
ത്താക്കോൽകരം കൈക്കൊണ്ടപ്പോരം
ഇടയന്മാർക്കധിപൻ ചൊന്നേവം:
ചെയ്യുവതെന്താം സൂക്ഷിക്ക
അജഗണമഖിലം ഞാൻ നല്കി
നീമേയിക്കവെയെ എല്ലാം
മുഖപക്ഷം തീണ്ടീടാത്ത
ദൈവികസിംഹാസന സവിധേ
നിന്റെകണക്കേൽപ്പിക്കേണം''

(മേൽപ്പട്ടസ്ഥാനാഭിഷേകം, 1-ാം ക്രമം, ഗാനം)

## 8 പത്രോസും അപ്പസ്തോലഗണവും

പത്രോസ് എന്നപേരുമാററിയ സിമയോനെ മാത്രമാണ് കർത്താവു സഭയുടെ അടിസ്ഥാനമായ ''പാറ'' യാക്കിയത്. സഭയുടെ താക്കോലുകരം അവനെ ഏല്പിച്ചു. മുഴുവൻ ആടുകളുടെയും ഇടയനാക്കി അവനെ ഉയർത്തി. (മത്താ. 16: 18-19 ; യോഹ. 21: 15-17)

''പത്രോസിനു നല്കപ്പെട്ട ബന്ധിക്കാനും അഴിക്കാനുമുള്ള അധികാരം (മത്താ. 16: 19) സ്വന്തം തലവനോടു ചേർന്നുനിൽക്കുന്ന അപ്പസ്തോല സംഘത്തിനും സിദ്ധിച്ചിരുന്നുവെന്നതു വ്യക്തമാണ്. (മത്താ. 18: 18; 28: 16-20; (തിരുസ്സഭ 22 (2)) ഈസംഘം ദൈവജനത്തിന്റെ വിവിധത്വവും സാർവ്വത്രികത്വവും ഒരേതലവന്റെ കീഴിൽ അണിനിരന്നിരിക്കുന്നു എന്ന സ്ഥിതിക്കു ക്രിസ്തുവിന്റെ അജഗണത്തിനുള്ള ഏകത്വവും പ്രസ്പഷ്ടമാക്കുന്നു.

www.malankaralibrary.com



വി. പത്രോസിനുമലും സഹപ്രവർത്തകന്മാരായ
ശ്ലീഹന്മാരുടെമേലുമാണ് സഭസ്ഥാപിതമായിരിക്കുന്നത്
''തിരുസ്സഭയെ സ്വർഗ്ഗീയൻകാന്തൻ
പാണിഗ്രഹണം ചെയ്തപ്പോൾ
ശീമോൻ യോഹന്നാനെന്നിവരെ
വിളിചെയ്താ ജ്ഞാപനമേകി

കാര്യസ്ഥാനം ശീമോനും
ഉപദേശം യോഹന്നാനും
ഭരമേൽപ്പിച്ചേവം ചൊന്നാൻ;

നിർമ്മലയാം സഭയെ നിങ്ങൾ
ശരിയായ് പരിരക്ഷിച്ചീടിൻ''
(മേൽപ്പട്ടസ്ഥാനാഭിഷേക ക്രമം.)

## 9 പത്രോസിൻെറ പിൻഗാമിയും സാർവ്വത്രികസഭയും.

മെത്രാന്മാരുടെയും വിശ്വാസികളുടെയും സമൂഹം മുഴുവൻെറയും ഐക്യത്തിൻെറ ദൃശ്യമായ അടിത്തറയാണ് പത്രോസിൻെറ പിൻഗാമിയായ റോമിലെ മാർപ്പാപ്പാ.

''വിശ്വാസികളുടെയും മെത്രാന്മാരുടെയും ഐക്യത്തിൻെറ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിസ്ഥാനവുമാണ് പത്രോസിൻെറപിൻഗാമിയായ റോമാമാർപ്പാപ്പാ'' (തിരുസ്സഭ 23)

ക്രിസ്തുവിൻെറ വികാരി എന്നനിലയിലും സഭമുഴുവൻെറയും ഇടയൻ എന്നനിലയിലും റോമാമാർപ്പാപ്പായ്ക്കു സാർവ്വത്രികസഭയുടെമേൽ പരമാധികാരമുണ്ട്; തടസ്സം കൂടാതെ അതു എപ്പോഴും പ്രയോഗിക്കാവുന്നതാണ്.

''സാർവ്വത്രികസഭയുടെ ഇടയനും ക്രിസ്തുവിൻെറ പ്രതിപുരുഷനുമെന്നനിലയിൽ വഹിക്കുന്ന ഉദ്യോഗത്തിൻെറ ശക്തിയാൽ സഭയിൽ സമ്പൂർണ്ണവും പരമവും സാർവ്വത്രികവുമായ അധികാരം മാർപ്പാപ്പായ്ക്കുണ്ട്. ഈ അധികാരം പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിന് എപ്പോഴുമുണ്ട്.'' (തിരുസ്സഭ 22)

www.malankaralibrary.com

> അപ്പസ്തോല പ്രമുഖനും ശ്ലീഹന്മാർക്കും നല്കുന്ന ദൗത്യം ലോകാവസാനംവരെ നിലനിൽക്കുന്നത്. ''...... യേശുമിശിഹായാകുന്ന നിന്റെ വാത്സല്യപുത്രൻ മുഖാന്തരം ആവിഷ്കൃത സത്യത്തേയും സമ്പൂർണ്ണമായ പ്രകാശത്തേയും അപ്പസ്തോലപ്രമുഖനായ ശെമഓനും തെരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർക്കും അവരിലൂടെ ലോകാവസാനംവരെ വിശുദ്ധസഭയ്ക്കും നീ ഭരമേൽപ്പിച്ചു.''

(മേൽപ്പട്ടസ്ഥാനാഭിഷേക ക്രമം, 2-ാം ശുശ്രൂഷ, സെദറാ)

## 10 മാർപ്പാപ്പായും മെത്രാൻ സംഘവും

മെത്രാൻസംഘത്തിന്റെ അധിപനും വി. പത്രോസിന്റെ പിൻഗാമിയുമായ റോമാമാർപ്പാപ്പായെ കൂടാതെ പ്രസ്തുതസംഘത്തിനു ഒരധികാരവുമില്ല; മെത്രാന്മാരുടെ സംഘം അപ്പസ്തോലസംഘത്തിന്റെ പിന്തുടർച്ചയാണ്. തലവനായ റോമാമാർപ്പാപ്പായോടു ചേർന്നുകൊണ്ട് സാർവ്വത്രികസഭയുടെമേൽ പൂർണ്ണമായ അധികാരം മെത്രാൻസംഘത്തിനുണ്ട്. തലവനെകൂടാതെ ഒരിക്കലും ഈ അധികാരം ഉണ്ടാവുകയില്ല. റോമാമാർപ്പാപ്പായുടെ സമ്മതത്തോടുകൂടിമാത്രമേ ഈ അധികാരം കൈകാര്യം ചെയ്യാൻ പാടുള്ളു.''
(തിരുസ്സഭ 22)

> സഭാപിതാക്കന്മാർക്കുവേണ്ടി വി. കുർബാനയിൽ പ്രാർത്ഥിക്കുന്നു. ''...... നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാപിതാക്കന്മാർക്കുവേണ്ടിയും പ്രത്യേകിച്ചു നമ്മെ പരിപാലിച്ചുപോരുന്ന മോറോൻ മോർ ...... പാപ്പായിയ്ക്കുവേണ്ടിയും ...... സത്യവിശ്വാസികളായ എല്ലാ എപ്പിസ്കോപ്പന്മാർക്കുവേണ്ടിയും ക്രിസ്തീയ സഭ മുഴുവനു വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം.''

(മദ്ധ്യസ്ഥപ്രാർത്ഥനകാം, മല. കത്തോ. കുർബ്ബാനക്രമം)

## 11 എക്യുമെനിക്കൽ കൗൺസിലും മാർപ്പാപ്പായും

എക്യുമെനിക്കൽകൗൺസിലിലെ മെത്രാന്മാരുടെ സമൂഹത്തിനു സാർവ്വത്രികസഭയുടെമേൽ അധികാരമുണ്ട്; പത്രോസിന്റെ പിൻഗാമിയുടെ അംഗീകാരം കൂടാതെ സാർവ്വത്രികസുന്നഹദോസില്ല. ''ഒരു കൗൺസിൽ, സാർവ്വത്രിക സൂന്നഹദോസ് ആകണമെങ്കിൽ പത്രോസിന്റെ പിൻഗാമി അതു സ്ഥിരീകരിക്കണം; കുറഞ്ഞപക്ഷം അതുപൊതുസുന്നഹദോസായി അംഗീകരിക്കുകയെങ്കിലുംവേണം. ഇത്തരം കൗൺസിൽ വിളിച്ചുകൂട്ടുക റോമാമാർപ്പാപ്പാമാരുടെ അധികാരപരിധിയിൽ മാത്രംപെടുന്ന കാര്യമാണ്. അവയിൽ ആധ്യക്ഷ്യം വഹിക്കയും അവയെ സ്ഥിരീകരിക്കയും ചെയ്യേണ്ടതും മാർപ്പാപ്പാ തന്നെയാണ്.''
(തിരുസ്സഭ 22)

www.malankaralibrary.com



സഭാപിതാക്കന്മാരെയും പൊതുസുന്നഹദോസുകളെയും വി. കുർബാനയിൽ സ്മരിക്കുന്നു: ''......ശ്ലൈഹികവും കുററമില്ലാത്തവയുമായ ഏകസത്യവിശ്വാസത്തെ ഞങ്ങൾക്കു ഏല്പിച്ചുതന്നശേഷം വിശുദ്ധിയിൽ മരിച്ചു ശുദ്ധിമാന്മാരുടെ സ്ഥലത്തു വിശ്രമിക്കുന്നവരെയും നിക്യായിലും കുസ്തന്തീനോസ് പോലീസിലും എപ്പേസൂസിലും മററുംവെച്ചു നടത്തപ്പെട്ട പാവനവും വിശുദ്ധവുമായ പൊതു സുന്നഹദോസുകളെയും ...നാം ഓർക്കണം.'' (വലിയമദ്ധ്യസ്ഥപ്രാർത്ഥന 5,കുർബാനക്രമം)

## 12 വിവിധത്വവും സാർവ്വത്രികത്വവും ഏകത്വവും.

(മെത്രാന്മാരുടെ) ''ഈസംഘം ദൈവജനത്തിന്റെ വിവിധത്വവും സാർവ്വത്രികത്വവും ഒരേഒരു തലവന്റെ കീഴിൽ അണിനിരന്നിരിക്കുന്ന എന്നസ്ഥിതിക്ക് ക്രിസ്തുവിന്റെ അജഗണത്തിനുള്ള ഏകത്വവും പ്രസ്പഷ്ടമാക്കുന്നു. (തിരുസ്സഭ 22)

കാതൊലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: ''ഭൂലോകത്തിന്റെ അതിർത്തിമുതൽ അതിർത്തിവരെയുള്ള വിശുദ്ധവും ഏകവും കാതൊലികവും ശ്ലൈഹികവുമായ സഭയ്ക്കു വേണ്ടി കർത്താവിനോടു നമുക്കു പ്രാർത്ഥിക്കാം.''

(മേൽപ്പട്ടസ്ഥാനാഭിഷേകക്രമം, 2-ാം ശുശ്രൂഷ, കോറൂസ്സൂസോ)

## 13 മെത്രാനും പ്രാദേശികസഭയും

''പ്രാദേശികസഭയിലെ ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാൻതന്നെ. പ്രാദേശികസഭകളിലും പ്രാദേശികസഭകളിൽ നിന്നുമാണ് ഏകവും ഏകീയവുമായ കത്തോലിക്കാതിരുസ്സഭ രൂപംപ്രാപിക്കുന്നത്. ഇക്കാരണത്താൽ ഓരോമെത്രാനും സ്വന്തം സഭയെ പ്രതിനിധാനം ചെയ്യുന്നു.'' (തിരുസ്സഭ 23)

മെത്രാൻ സംഘത്തിന്റെ അംഗമെന്നനിലയിൽ ഓരോ മെത്രാനും സാർവ്വത്രികസഭയുടെ കാര്യത്തിൽ താല്പര്യമുള്ളവനായിരിക്കണം. ''തങ്ങളുടെ അധ്യാപനാധികാരത്തേയും അജപാലനോചിതമായ ഭരണത്തേയും സംബന്ധിച്ചിടത്തോളം ദൈവജനത്തിന്റെ സാർവ്വത്രിക സഭയിൽ സംഘാതാത്മകമായി അവർ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു.'' (മെത്രാന്മാർ 3)

പ്രത്യേക പ്രാദേശികസഭയ്ക്കുവേണ്ടിയാണ് മെത്രാൻ അഭിഷിക്തനാകുന്നത്. മേൽപ്പട്ടാഭിഷേക ക്രമത്തിലെ പ്രാർത്ഥന ശ്രദ്ധിക്കുക:

'' ......... സഭാകാര്യങ്ങളിൽ തല്പരരാക്കുന്ന ആ ദൈവികകൃപ, അനുഗൃഹീതമായ (ഇന്ന) ഇടവകയുടെ എപ്പിസ്കോപ്പാസ്ഥാന സ്വീകരണത്തിനായി വിളിക്കപ്പെട്ടു ഇവിടെ അടുത്തു വന്നിരിക്കുന്നവനും തിരുപ്പട്ടം സ്വീകരിക്കുന്നവനുമായ (ഇന്നാരുടെ) മേൽ ഉണ്ടാകട്ടെ.'' (2-ാം ശുശ്രൂഷ, കോറൂസ്സൂസോ)

www.malankaralibrary.com



## 14 സാർവ്വത്രിക സഭാതാല്പര്യം മെത്രാനു എങ്ങനെ നിർവ്വഹിക്കാം?

a തങ്ങളെ ഏല്പിച്ചിരിക്കുന്ന പ്രത്യേകസഭ സാർവ്വത്രികസഭയുടെ ഒരു വിഭാഗമെന്നപോലെ ഭംഗിയായി ഭരിച്ചുകൊണ്ടു;

b സ്വകർത്തവ്യനിർവ്വഹണം അനുവദിക്കുന്നിടത്തോളം പരസ്പരവും പത്രോസിന്റെ പിൻഗാമിയോടുചേർന്നും പൊതുപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ടു (തിരുസ്സഭ 23) ഉദാ. പ്രേഷിതരംഗം, ഉപവിയുടെ രംഗം തുടങ്ങിയവ.

പാവപ്പെട്ടവരിലേക്കും മർദ്ദിതരിലേക്കും ലോകമെമ്പാടുമുള്ള മിഷനറിമാരിലേക്കുമാണ് ഇവ്വിധം ശ്രദ്ധതിരിയേണ്ടത്.

> കാതൊലികസഭയോടുള്ളകീഴ്‌വഴക്കവുംവ്യർത്ഥോപദേശങ്ങളിൽനിന്നുള്ള അകൽച്ചയുംഉണ്ടാകാൻ പ്രാർത്ഥിക്കുന്നു ''കർത്താവേ, നിന്റെ ബഹുലമായ കരുണയാൽ ഞങ്ങളെ കാതാലികവും അപ്പസ്തോലികവുമായ സഭയോടുള്ള കീഴ്‌വഴക്കത്തിൽ പാലിക്കേണമേ. നാശകരമായ എല്ലാ വ്യർത്ഥോപദേശങ്ങളിൽനിന്നും ശണ്ഠകളിൽനിന്നും തർക്കങ്ങളിൽനിന്നും വിടുർത്തേണമേ''
>
> (പെങ്കീസാ, ഹൂദോസ് ഈത്തോ ഞായർ,
> രാത്രി 1ാം കൗമാ, സെദറാ)

## 15 സഭാ പ്രോവിൻസുകൾ

ഒരേസംസ്കാരം പങ്കിടുന്നസമീപസ്ഥസഭകൾ സഭാ പ്രോവിൻസുകൾക്കോ പാത്രിയാർക്കൽസഭകൾക്കോ രൂപം കൊടുക്കുന്നു. ഇവിടെയുള്ള മെത്രാന്മാർക്കു സൂന്നഹദോസോ പ്രൊവിൻഷ്യൽ കൗൺസിലോ കൂടാവുന്നതാണ്. ഇന്നുള്ളതുപോലെയുള്ള മെത്രാൻസംഘത്തിനു സംഘാതാത്മകത യാഥാർത്ഥ്യമാക്കാൻ കഴിയും. (തിരുസ്സഭ 23, (2))

> കൂട്ടായ്മയാൽ ബന്ധിതരാകുന്ന സമാധാനത്തിന്റെ സമൂഹമാകുവാൻ സഭാപ്രാവിൻസുകൾക്കുകഴിയും. ഉയിർപ്പുപെരുന്നാളിൽ പ്രാർത്ഥിക്കുന്നു; '' നിന്റെ സ്നേഹത്താൽ ഞങ്ങളെ സമാധാനത്തിന്റെയും ശാന്തിയുടെയും മക്കളാക്കണമേ. നിന്റെ സ്നേഹത്താൽ ഇടയന്മാരെയും ആടുകളെയും തമ്മിൽ ഐക്യപ്പെടുത്തണമേ. നിന്റെ സ്നേഹത്താൽ പട്ടക്കാരെ അവരുടെ ശുശ്രൂഷകളിൽ ആനന്ദിപ്പിക്കണമേ. നിന്റെ സമാധാനത്താൽ സഭയെയും അതിന്റെ പ്രജകളെയും പൂർണ്ണമാക്കേണമേ.''
>
> (പെങ്കീസാ, ഉയിർപ്പുഞായർ, 3-ാം മണി)

## 16 മെത്രാന്റെ ബോധന പ്രവർത്തനം

സഹപ്രവർത്തകരായ വൈദികരോടൊപ്പം മെത്രാന്മാർ പ്രഥമത: ചെയ്യേണ്ടത് കർത്താവിന്റെ കല്പനപ്രകാരം എല്ലാജനങ്ങളോടും സുവിശേഷം പ്രസംഗിക്കുക എന്നതത്രേ.

www.malankaralibrary.com



"മെത്രാൻമാരുടെ സഹപ്രവർത്തകരായ വൈദികരുടെ ഒന്നാമത്തെകടമ ദൈവത്തിന്റെ സുവിശേഷം എല്ലാവരേയും അറിയിക്കുക എന്നതാണ്. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ." (മർക്കോ. 16: 15, വൈദികർ 4)

"മെത്രാൻമാരാണ് വിശ്വാസപ്രസംഗകർ. അവരാണ് ക്രിസ്തുവിലേക്കു പുതിയ ശിഷ്യരെ നയിക്കുന്നത്. ആധികാരികപ്രബോധകർ അഥവാ ക്രിസ്തുവിന്റെ അധികാരം കിട്ടിയിട്ടുള്ളവർ അവരാണ്." (തിരുസ്സഭ 25)

> ആചാര്യത്വത്തിന്റെ ഉൽക്കൃഷ്ടബോധനമാണ് ക്രിസ്തീയതയുടേത്: "രാജത്വവും ആചാര്യത്വവുമാകുന്ന രണ്ടു ഉറവകളിൽനിന്നു നിയമങ്ങളും ക്രമങ്ങളും പുറപ്പെടുന്നു. രാജത്വത്തിൽനിന്നു ഭൗമികമായ നിയമങ്ങളും പൗരോഹിത്യത്തിൽനിന്നു സ്വർഗ്ഗീയ നിയമങ്ങളും ക്രമങ്ങളും ഉണ്ടാകുന്നു. രാജത്വം ഭൂമിയിലും പൗരോഹിത്യം ഭൂസ്വർഗ്ഗങ്ങളിൽ ഒന്നുപോലെയും അധികാരമുള്ളതാകുന്നു. രാജത്വത്തെ ബഹുമാനിക്കയും ആചാര്യത്വത്തെ ശ്രേഷ്ഠമാക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു." (ശ്ഹീമോ, ശനി, മൂന്നാംമണി)

### a തെററുകൂടാത്ത ബോധനം.

അപ്പസ്തോലൻമാർ പകർന്നുകൊടുത്ത വിശ്വാസത്തിന്റെ പരിശുദ്ധി നഷ്ടപ്പെടാതിരിക്കാൻവേണ്ടി സത്യം തന്നെയായ ക്രിസ്തു തന്റെ തെററില്ലായ്മയുടെ ഒരംശം സഭയ്ക്കു നല്കാൻ തിരുമനസ്സായി.

"പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കകൊണ്ട് (1യോഹ. 2: 20–27) വിശ്വാസികളുടെ സമൂഹത്തിന് ഒന്നാകെ വിശ്വാസത്തിൽ തെററുപററുകയില്ല." (തിരുസ്സഭ 12)

> കർത്താവിന്റെ നടത്തിപ്പിലുള്ള ഉത്തമബോദ്ധ്യമാണ് സഭയുടെ തെററില്ലായ്മയ്ക്കു അടിസ്ഥാനം. അവിടുന്നു സഭയ്ക്കു വാഗ്ദാനം നല്കുന്നു.
>
> "വിശ്വസ്തസഭേ, നിന്നെയുപേക്ഷിച്ചീടില്ലൊരുനാളും"
> ആണയുമിട്ടാൻ
> "നിൻ കോട്ടകളെൻ സന്നിധിയിൽ, എന്നാളും
> അവയുടംപാർക്കും ഞാൻ"

(ശ്ഹീമോ, മെനഓലം, ചൊവ്വാ, സന്ധ്യ,)

### b പുതിയ ഉടമ്പടിയുമായി ബന്ധപ്പെട്ട ബോധനാധികാരം.

ക്രിസ്തുവിലുള്ള ജനവുമായി ദൈവം ഏർപ്പെട്ടിട്ടുള്ള പുതിയ ഉടമ്പടിയുമായി ബന്ധപ്പെട്ടിട്ടുള്ളതത്രേ സഭയുടെ ബോധനാധികാരം. നേർവഴിവിടാതെയും തെററിൽ വീഴാതെയും ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നത് ഈബോധനാധികാരമാണ്. വിമോചിപ്പിക്കുന്ന സത്യത്തിൽ ദൈവജനത്തെ നിലനിർത്തുവാൻ നേർവഴിനടത്തുന്ന ഈ

www.malankaralibrary.com



അജപാലനം ലക്ഷ്യം വെക്കുന്നു. ഈസേവനം അനുഷ്ഠിക്കുന്നതിന് ക്രിസ്തു സഭയുടെ ഇടയന്മാരിൽ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ അപ്രമാദിത്വത്തിൻെറ വരം പ്രദാനംചെയ്യുന്നു. ഈവരം പലവിധത്തിൽ പ്രയോഗിക്കപ്പെടുന്നു.

കറകളഞ്ഞ സ്വർണ്ണംപോലെ സഭയുടെ ബോധനം ആയി ത്തീരുവാൻ പ്രാർത്ഥനയുണ്ട്:
''ശ്ലീഹർ തൻ സഭയിൽ ചൊന്നോരുപദേശത്തെ
ഭിന്നിതമാക്കാനണയുന്നു താർക്കികരെല്ലാരും
നാഥാനിൻ സത്യമതാം ഉലയിൽ
സഭസൂക്തം പൊൻപോൽ ശോധനചെയ്'' (Ibid. ബുധൻ)

c *മാർപ്പാപ്പായുടെ ബോധനാധികാരം*

''തൻെറ സഹോദരന്മാരെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കുന്ന സകല വിശ്വാസികളുടെയും അത്യുന്നതനായ ഇടയനും ഗുരുനാഥനുമെന്ന നിലയിൽ (ലൂക്ക്. 22: 32) വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള ഒരു സത്യം നിർണ്ണായകമായി പ്രഖ്യാപിക്കുമ്പോഠം മെത്രാൻ സംഘത്തിൻെറ തലവനെന്നനിലയ്ക്കു ഉദ്യോഗത്താൽതന്നെ റോമാമാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ട്.''

ശെമഓനുകൊടുത്ത അധികാരം സഭയെ തെററിൽനിന്നു രക്ഷിക്കുന്നു:
''ഭവനവിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകഠം നിൻകൈകളിൽനല്കി
നീ ബന്ധിച്ചാൽ ഞാനും ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും
(ശ്ഹീമോ, ശുബഹൊ, മൂന്നാംമണി. ശനി)

d *മെത്രാന്മാരുടെ സംഘവും ബോധനാധികാരവും*

''പത്രോസിൻെറ പിൻഗാമിയോടു ചേർന്നു തിരുസ്സഭയുടെ പരമപ്രബോധനാധികാരം മെത്രാന്മാരുടെ സംഘത്തിലും കുടികൊള്ളുന്നുണ്ട്. കിസ്തുവിൻെറ അജഗണം മുഴുവനേയും സംരക്ഷിക്കുകയും വിശ്വാസൈക്യത്തിൽ പുരോഗമിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനംമൂലം താദൃശമായ നിർണ്ണയങ്ങഠംക്കു സഭയുടെ അംഗീകാരം ഉണ്ടാകാതെ വരികയില്ല.'' (തിരുസ്സഭ 25)

പത്രോസിനോടു ചേർന്നുനിൽക്കുന്ന സഭയുടെ കാവൽ ക്കാരാണു മററു ശിഷ്യന്മാർ:
''സഭയേ, നിൻവാതിൽ കാവൽക്കാർനില്പൂ
രാപ്പകൽ ദുഷ്ടനിൽ നിന്നവർ കാത്തീടുന്നു.
അടിസ്ഥാനം ശെമഓൻ, ശില്പിയതാം പൗലൂസ്
യൂഹാനോൻ തോഴ്മക്കാരൻ സ്നേഹിതനും ഹാ! -

www.malankaralibrary.com



റൂഹായിൻ കിന്നരമാകും ദാവീദ്''
(ശ്ഹീമോ, ശുബഹൊ, വെള്ളി, പ്രഭാതം)

e **അപ്രമാദിത്വത്തിന്റെ വ്യാപ്തി**

ദൈവവചനം ലിഖിതമായി ലഭിച്ചതായാലും പാരമ്പര്യമായി കിട്ടിയതായാലും അതിനെ ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല സഭയുടെ ജീവിക്കുന്ന പ്രബോധനാധികാരത്തിനുമാത്രം നല്കപ്പെട്ട ഒന്നാകുന്നു. ഈ അധികാരം യേശുകിസ്തുവിന്റെ നാമത്തിൽ അവരം കൈകാര്യം ചെയ്യുന്നു.'' (ദൈവാവിഷ്കരണം 10 (2) )

''സത്യാരൂപിയുടെ പ്രകാശനത്തിന്റെ നേതൃത്വത്തിൽ ആവിഷ്കൃതസത്യങ്ങൾ സഭയിൽ പരിശുദ്ധമായി സംരക്ഷിക്കപ്പെടുകയും വിശ്വസ്തതാപൂർവ്വം വിശദീകരിക്കപ്പെടുകയും ചെയ്യുന്നു. '' ''റോമാമാർപ്പാപ്പായോ അദ്ദേഹത്തോടു ചേർന്ന മെത്രാന്മാരുടെ സംഘമോ ഒരു വിധി പ്രസ്താവിക്കുമ്പോൾ...... അതനുസരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്.'' (തിരുസ്സഭ 25 (2)

''സഭയ്ക്കു ഉണ്ടായിരിക്കണമെന്നു ദിവ്യരക്ഷകൻ ആഗ്രഹിച്ച ഈ അപ്രമാദിത്വം പരിശുദ്ധമായി സംരക്ഷിക്കപ്പെടുകയും വിശ്വസ്തതാപൂർവ്വം വിശദീകരിക്കപ്പെടുകയും ചെയ്യേണ്ട ദൈവാവിഷ്കരണത്തിന്റെ ഭണ്ഡാഗാരത്തോളം വ്യാപ്തിയുള്ളതാണ്.'' (തിരുസ്സഭ 25)

'' റോമാമാർപ്പാപ്പാമാരും മെത്രാന്മാരും തങ്ങളുടെ ഉദ്യോഗത്താലും കാര്യഗൗരവത്താലും യുക്തമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു ആവിഷ്കൃതസത്യങ്ങൾ യഥാതഥം പരിശോധിക്കാൻ തീക്ഷ്ണമായി യത്നിക്കയും അതിന്റെ ഉള്ളടക്കത്തിൽ ശരിയായ പ്രകാശനം നല്കുകയുംവേണം.'' (തിരുസ്സഭ 25)

> വിശ്വാസപ്പതർച്ചയിൽനിന്നു രക്ഷിക്കുന്നതിനുള്ള പ്രാർത്ഥന സഭയ്ക്കെന്നുമുണ്ട്: ''......വിലയേറിയ നിന്റെ വിശുദ്ധ രക്തത്താൽ വിഗ്രഹാരാധനയിൽനിന്നു നീ സ്വാതന്ത്ര്യപ്പെടുത്തിയിട്ടുള്ള നിന്റെ വിശുദ്ധ സഭയെ നാശകരമായ വിശ്വാസവിപരീതങ്ങളിൽനിന്നും ഭിന്നതകളിൽനിന്നും വിശ്വാസികളായനിന്റെ ജനത്തിനു വികല്പവും ഇടർച്ചയും വരുത്തുന്ന സകലതിൽനിന്നും രക്ഷിച്ചുകൊള്ളണമേ.''

(പെങ്കീസാ, ഹൂദോസ്ഈത്തോ ഞായർ, രാത്രി,
2-ാം കൗമാ, സെദറാ)

**17 പവിത്രീകരണധർമ്മം**

''ഉന്നതമായ പൗരോഹിത്യത്തിന്റെ പ്രസാദവരത്തെ കൈകാര്യം ചെയ്യുന്നവനാണ് മെത്രാൻ. '' (തിരുസ്സഭ 26) ദിവ്യകാരുണ്യം മുഖേനയാണ് തിരുസ്സഭ നിരന്തരം ജീവിക്കുന്നതും വളരുന്നതും ... .... ക്രിസ്തുവിന്റെ സുവിശേ

www.malankaralibrary.com



ഷ്പ്രഘോഷണത്താൽ വിശ്വാസികൾ സമ്മേളിക്കയും കർത്തൃശരീരത്തിൻെറ ഭക്ഷ്യവും രക്തവുംവഴി സമസ്തസഹോദരങ്ങളും ദൃഢപ്പെടുത്തുന്നതിലേക്കു " കർത്താവിൻെറ തിരുവത്താഴരഹസ്യം പരികർമ്മം ചെയ്യുന്നു.

"വചനത്തിൻെറ ശുശ്രൂഷമുഖേനയാണ് വിശ്വാസികൾക്കെല്ലാം നിത്യരക്ഷയ്ക്കുവേണ്ടി (റോമാ. 1: 16) ദൈവശക്തി അവർ പകർന്നുകൊടുക്കുന്നു." മാതൃകകൊണ്ടു അവർ വിശുദ്ധീകരിക്കുന്നു. "നിർബന്ധംമൂലമല്ല പിന്നെയോ സന്മനസ്സോടെ (1 പത്രോസ് 5:3)

"........ ഇങ്ങനെ തങ്ങളുടെ സംരക്ഷണത്തിനേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തോടൊത്ത് മെത്രാന്മാരും നിത്യജീവിതത്തിലേക്കു പ്രവേശിക്കുന്നു." (തിരുസ്സഭ 26(3)

സഭാസമൂഹത്തിൻെറ പവിത്രീകരണധർമ്മം മെത്രാനിൽ നിക്ഷിപ്തമായിട്ടുണ്ട്. "പരിശുദ്ധനും ആത്മീയനുമായ നിൻെറ റൂഹായെ ഈദാസൻെറമേൽ കല്പിച്ചയയ്ക്കണമേ. തന്നെ ഏല്പിച്ചിരിക്കുന്ന നിൻെറ ഇടവകയെ ഇദ്ദേഹം മേയിക്കുകയും നയിക്കുകയും ചെയ്യുമാറാകണമേ. അതിൽ ആചാര്യന്മാരെ നിയമിക്കുവാനും ശെമ്മാശ്ശന്മാരെ അഭിഷേകം ചെയ്യുവാനും യാഗപീഠങ്ങളും പള്ളികളും കൂദാശചെയ്യുവാനും ഭവനങ്ങൾ ആശീർവദിക്കുവാനും ദൈവവിളികൾ ഫലവത്താക്കുവാനും രോഗശമനം വരുത്തുവാനും സങ്കടങ്ങൾകേട്ടു തീരുമാനം ചെയ്വാനും രക്ഷിപ്പാനും വീണ്ടെടുപ്പാനും കെട്ടുവാനും അഴിക്കുവാനും ധരിപ്പിക്കുവാനും ഉരിയുവാനും വേർതിരിപ്പാനുമുള്ള നിൻെറ വിശുദ്ധന്മാർക്കുചേർന്ന സകല അധികാരവും ഇദ്ദേഹത്തിനു നല്കണമേ. ആയതു നിൻെറ ഏക പുത്രൻെറ ശ്ലീഹന്മാർക്കു നീകൊടുത്ത അധികാരംതന്നെ. ...... നിൻെറ ഈദാസൻ നിമിത്തം നിൻെറ ജനവും നിൻെറ അവകാശവുമാകുന്ന അജഗണം സ്ഥിരപ്പെടുമാറാകണമേ."

(മേൽപ്പട്ടസ്ഥാനാഭിഷേകക്രമം, രണ്ടാംശുശ്രൂഷ, പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്ന പ്രാർത്ഥന)

## 18 അജപാലന ധർമ്മം

ക്രിസ്തുവിൻെറ വികാരിമാരും സ്ഥാനപതികളുമെന്നനിലയിൽ ഉപദേശം, ഉത്ബോധനം, മാതൃക എന്നിവയിലൂടെ നയിക്കുന്നു;

ശുശ്രൂഷിക്കപ്പെടുന്നതിനു പകരം ശുശ്രൂഷിക്കാനും (മത്താ.20: 28; മർക്കോ 10: 45) സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കാനും (യോഹ. 10: 11) വന്ന നല്ല ഇടയൻെറ മാതൃക അവരുടെ കൺമുമ്പിലുണ്ടായിരിക്കണം. (തിരുസ്സഭ 27; ലൂക്ക്. 22: 26-27)

സ്ഥാപകൻതന്നെ അജപാലനധർമ്മം സഭയ്ക്കുനല്കി. " തിരുസ്സഭ സന്തോഷിച്ചു ആനന്ദിച്ചുകൊണ്ട്

www.malankaralibrary.com



നിന്നെ പുകഴ്ത്തി സ്തുതിച്ചു, നീ സാക്ഷാൽ ദൈവമെന്നു പറഞ്ഞു. നിന്റെ പീഡകളാൽ രക്ഷയും മരണത്താൽ ജീവനും ...... കുരിശാൽ മുദ്രയും പുനരുത്ഥാനത്താൽ സന്തോഷവും ആനന്ദവും നീ നല്കി.''
(പെങ്കീസാ, ഉയിർപ്പിനുശേഷം രണ്ടാം ഞായർ, രാത്രി രണ്ടാം കൗമാ സെദറാ)

a) ***മെത്രാന്മാരുടെ ഉദ്യോഗലബ്ധി.***

''ക്രിസ്തുവിന്റെ നാമത്തിൽ അവർ (മെത്രാന്മാർ) വ്യക്തിഗതമായി കൈകാര്യം ചെയ്യുന്ന ഈ അധികാരം അന്തിമമായി പരമാധികാരിയാൽ നിയന്ത്രിക്കപ്പെടുകയും സഭയുടെയും വിശ്വാസികളുടെയും പൊതുക്ഷേമത്തിനുവേണ്ടി ചിലപരിധികൾക്കു വിധേയമാകുകയും ചെയ്യാമെങ്കിലും അതു മെത്രാന്മാർക്കു സ്വന്തമായി ഉദ്യോഗത്താൽ തന്നെ നേരിട്ടു ലഭിച്ചിട്ടുള്ളതാണ്.'' (തിരുസ്സഭ 27)

മാർപ്പാപ്പായുടെ വികാരിമാരല്ല മെത്രാന്മാർ. ആകമാനസഭയുടെമേൽ മെത്രാനുള്ള അധികാരം നിർത്തിക്കളയാവുന്നതല്ല. നേരേമറിച്ചു മെത്രാന്റെ അവകാശം ഉറപ്പിക്കയേയുള്ളു. മാർപ്പാപ്പായുടെ നേതൃത്വത്തിൻകീഴിൽ സാർവ്വത്രികസഭയോടു ബന്ധപ്പെട്ടു അധികാരനിർവ്വഹണം നടത്തണമെന്നുമാത്രം.

b) ***മെത്രാന്റെ ചുമതല.***

അജപാലനത്തിൽ മെത്രാന്മാർക്കു മാതൃക നല്ലയിടയനായിരിക്കണം; മനുഷ്യരിൽനിന്നും എടുക്കപ്പെട്ടവനും ബലഹീനതകൾക്കു വിധേയനുമായ അയാൾക്കു അജ്ഞരുടെയും അപരാധികളുടെയുംമേൽ സഹതാപം പ്രദർശിപ്പിക്കാൻ സാധിക്കും; ( എബ്രാ. 5: 1–2)

ഭരണീയരെ ശ്രവിക്കാൻ അവർക്കു പരാങ്മുഖത ഉണ്ടാകരുത്; സ്വപുത്രരെപ്പോലെ ഭരണീയരെ പോഷിപ്പിക്കണം; എല്ലാം ഐക്യത്തിൽ ഇണങ്ങിച്ചേരുകയും 'ദൈവമഹത്വം വർദ്ധിപ്പിക്കുകയും ചെയ്യാൻവേണ്ടി (2 കോരി. 4: 15 ) യേശുക്രിസ്തു പിതാവിനോടും തിരുസ്സഭ ക്രിസ്തുവിനോടും ചേർന്നിരിക്കുന്നതുപോലെ വിശ്വാസികൾ മെത്രാനോടു ചേർന്നിരിക്കണം. (തിരുസ്സഭ 27 (2) )

അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ് പറയുന്നു. ''യേശുക്രിസ്തു പിതാവിനെയും പ്രെസ്ബിററന്മാരുടെ കൂട്ടം അപ്പസ്തോലന്മാരെയും പിഞ്ചെല്ലുന്നതുപോലെ എല്ലാവരും മെത്രാനെ അനുഗമിക്കട്ടെ. ദൈവനിയമം അനുഷ്ഠിക്കുന്നതുപോലെ ഡീക്കന്മാരെ ആദരിക്കുക. മെത്രാനെ ഒഴിവാക്കിക്കൊണ്ടുള്ള സഭാകാര്യം ഉണ്ടാകാതിരിക്കട്ടെ.''

www.malankaralibrary.com

## അനുബന്ധം 10

1 ദൈവസ്തുതി ഗായകരുടെ അനുഗ്രഹീതഗണം.

''കർത്താവാം-സർവ്വേശാ
നിർമ്മലസേവകരാചാര്യർ
സ്നേഹിതർനീതി-ഷ്ഠരുമായി
സ്തുതിപാടാൻ വരമേകേണം''
(ഞായർ, പ്രഭാതം)

2 സ്ലീബായാൽ മുദ്രകുത്തപ്പെട്ട ജനം.

''സ്ഫടികപ്പാറമേൽ അതിനെ (സഭയെ) ഉറപ്പിക്കണമേ. നിന്റെ സ്ലീബായാൽ അതിന്റെ പ്രജകളെ മുദ്രകുത്തണമേ. നാശകരമായ വിശ്വാസവിപരീതങ്ങളിൽനിന്നും കാത്തുകൊള്ളണമേ-'' (പെങ്കീസാ, കൂദോശ്, ഈാത്താ ഞായർ സന്ധ്യ, സെദറാ)

3 ജീവന്റെ തൊഴുത്തിലെ ആട്ടിൻപററം.

''മരണത്തിൽനിന്നു ഞങ്ങളെ രക്ഷിക്കയും ഭൂമിയുടെ കുഴിയിൽനിന്നു ഞങ്ങളെ പുറത്തുവരുത്തുകയും നിന്റെ ജീവന്റെ തൊഴുത്തിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കുകയും സ്തുത്യനായ നിന്റെ പിതാവിന്റെ മഹത്വത്തിൽ ഞങ്ങളെ വാഴിക്കയും ചെയ്കകൊണ്ടു ഞങ്ങൾ നിന്നെ വണങ്ങി സ്തോത്രം ചെയ്യുന്നു.'' (പെങ്കീസാ ഉയിർപ്പിനുശേഷം 2-ാം ഞായർ, രാത്രി 2-ാം കൗമാ, സെദറാ)

4 ലോകാവസാനംവരെ.

രക്ഷാവ്യാപാരം ലോകാവസാനംവരെ വേണ്ടതാണല്ലൊ. അന്ത്യഅത്താഴത്തിനുശേഷം ശിഷ്യന്മാരോടു കർത്താവു പറയുന്നതു വി. കുർബ്ബാനയിലുണ്ടു. ''വി ശ്ലീഹന്മാരെ ഇവ ഏല്പിച്ചുകൊണ്ടു അവരോടു 'ഞാൻ വരുന്നതുവരെ എന്റെ ഓർമ്മക്കായി ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ' എന്നു അവൻ കല്പിച്ചു.''
(കുർബ്ബാനതക്സാ, മാർ ദിവന്യാസ്യോസിന്റെ ക്രമം, 9)

www.malankaralibrary.com

## അദ്ധ്യായം 11

# II. അല്മായരുടെ ഗണം
(The Lay Faithful)

## 1. ക്രിസ്തുവിന്റെ ത്രിമാനധർമ്മത്തിൽ അല്മായഗണം വഹിക്കുന്ന പങ്ക്

മാമോദീസായിലൂടെ ക്രിസ്തുവുമായി ബന്ധിതർ; ദൈവജനത്തിൽ ഉൾപ്പെട്ടവർ; ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും ഒരു പ്രത്യേക വിധത്തിൽ പങ്കുകാർ – അല്മായരുടെ സ്ഥാനം ചെറുതല്ല. സഭയുടെയും ലോകത്തിന്റെയും തലങ്ങളിൽ അവർക്ക് ദൗത്യമുണ്ട്.

കരിശുമായി നീങ്ങിയ ശ്ളീഹന്മാരും ക്രിസ്ത്വാനുഗാമികളും ഒന്നു പോലെയാണ് ആദിമസഭയിൽ പണിയെടുത്തിരുന്നത്.
''ജഗദീ–ശാത്മജ ശ്ളീഹന്മാരും
ശിഷ്യരുമവർതൻ പാണികളിൽ
ക്രൂശനിശം–പേറിയിരുന്നല്ലൊ
വിഗ്രഹ വന്ദനയാലയ്യോ
പാഴായ്പോയൊരു പാരവരും
ഉഴുതുനിരപ്പാക്കി നന്നായ്
ഭക്തിവിഹീനതയവർ നീക്കി
നല്ലൊരു വിശ്വാസം വിതറി
അതുനിലനിൽക്കുന്നെന്നേക്കും''

(ഞായർ, പ്രഭാതം)

### a. വെറും അംഗങ്ങളല്ല സഭതന്നെയാണ് അല്മായർ

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ അല്മായരുടെ പ്രവർത്തനം ഒഴിവാക്കാവുന്നതല്ല. സഭയുടെ ആദ്ധ്യാത്മികവും ആരാധനാപരവുമായ തലങ്ങളിൽ അവർ അനുഷ്ഠിക്കേണ്ട കടമകൾക്കു പുറമേയാണിത്.

www.malankaralibrary.com



പന്ത്രണ്ടാം പീയൂസ് പാപ്പായുടെ പ്രസ്താവന ശ്രദ്ധിക്കാം. ''സഭാസംവിധാനത്തിന്റെ മുൻപന്തിയിൽ തന്നെ അല്മായ വിശ്വാസികളുടെ നിരവേണം. മനുഷ്യ സമൂഹത്തിന്റെ ഉത്തേജകശക്തി സഭയാണ്. ഇതു മനസ്സി ലാക്കിക്കൊണ്ടുവേണം അല്മായഗണത്തിന്റെ മുന്നേററം. സഭയുടെ അംഗങ്ങളായല്ല സഭയായിത്തന്നെ അവർ പ്രത്യ ക്ഷപ്പെടണം. മാർപ്പാപ്പായുടെ നേതൃത്വത്തിലുള്ള വിശ്വാസി കളുടെ നിര സഭതന്നെയാണ്''.

> കെടുതികളുടെ ചില ഘട്ടങ്ങളെപ്പററി പ്രാർത്ഥനാ ക്രമ ത്തിലുണ്ട്. അല്മായരുടെ പ്രവർത്തനമായിരിക്കാം അവിടെ കൂടുതൽ ഫലപ്രദമാകുക. ''ലോകം ശുശ്രൂഷകളിൽനിന്നും കുർബ്ബാനകളിൽനിന്നും അകലും. ചതിയും ദ്രവ്യാഗ്രഹവും ഭൂമിയിൽ ശക്തി പ്രാപിക്കും...ജനം ജനത്തിനെതിരായി നിൽക്കും. ഗ്രാമങ്ങൾ ശൂന്യമാകും. പട്ടണങ്ങളിൽ സംഭ്രമ മുണ്ടാകുകയും ചെയ്യും''
>
> (ശ്ഹീമോ, വെള്ളി, സൂത്താറ, ബോവൂസോ)

## b. പ്രത്യേകവിളി

സഭയുടെ ദൗത്യത്തിനു സാക്ഷിയും ഉപകരണവുമായി അല്മായർ വർത്തിക്കണം. മാമോദീസായും സ്ഥൈര്യ ലേപനവുംവഴി ഈ പ്രേഷിതത്വത്തിനായി അവർ വിളി ക്കപ്പെട്ടിരിക്കുന്നു. ചില സ്ഥലങ്ങളിൽ സഭയ്ക്കു ഭൂമി യുടെ ഉപ്പായി പ്രവർത്തിക്കാൻ അല്മായരിലൂടെ മാത്രമേ സാധിക്കുകയുള്ളു. അത്തരം സ്ഥലങ്ങളിലും സാഹചര്യ ങ്ങളിലും സഭയ്ക്കു പ്രവേശനം ലഭിക്കാനും പ്രവർത്തിക്കാനും അവസരമുണ്ടാക്കാൻ അല്മായർ പ്രത്യേകമായി വിളിക്കപ്പെ ട്ടിരിക്കുന്നു. (തിരുസ്സഭ 33)

> ലോകത്തിന്റെ വ്യർത്ഥത ഗ്രഹിക്കുന്നതിനും ത്രിത്വ ത്തിനു സ്തുതി ഉയർത്തുന്നതിനുമുള്ള ശക്തിയാണ് മാമോ ദീസായിലൂടെ ഒരുവനു ലഭിക്കുന്നത്. ''ഈ ലോകത്തിന്റെ വ്യർത്ഥത ഗ്രഹിക്കുവാനായി ഇവന്റെ മനോനയനങ്ങളെ പ്രകാശിപ്പിക്കണമേ. മരണകരമായ സകല പ്രവൃത്തികളും വെടിഞ്ഞ് ഇവൻ നിനക്കും നിന്റെ പിതാവിനും പരിശു ദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുവാൻ ഇടയാകണമേ''
>
> (മാമോദീസാ, മലങ്കരകത്തോലിക്കാ കൂദാശക്രമം)

www.malankaralibrary.com



## 2. അല്മായനും ക്രിസ്തീയ പൗരോഹിത്യവും

### a. ആദ്ധ്യാത്മീക ബലി

''ക്രിസ്തു തൻെറ ജീവിതത്തോടും ദൗത്യത്തോടും അല്മായരെ ഗാഢമായി ബന്ധിച്ചിട്ടുണ്ട്; തൻെറ പൗരോഹിത്യ ധർമ്മത്തിൽ അവർക്കു ഭാഗഭാഗിത്വം നല്കിയിട്ടുണ്ട്. ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടിയുള്ള ആദ്ധ്യാത്മികാരാധനയാണ് ഇതുവഴി നടത്തേണ്ടത്...... അവരുടെ സകല ജോലികളും പ്രാർത്ഥനകളും പ്രേഷിതപ്രവർത്തനങ്ങളും വിവാഹജീവിതവും കുടുംബകാര്യങ്ങളും അനുദിന വേലയും ശാരീരികവും മാനസികവുമായ വിശ്രമവും ക്ഷമയോടെ സഹിക്കുന്ന ജീവിതക്ലേശങ്ങളും എല്ലാം പരിശുദ്ധാരൂപിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ അവ ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മിക ബലിയായിത്തീരുന്നു. [1 പത്രോ. 2:5],..... അങ്ങനെ അല്മായരും ആരാധകർ എന്ന നിലയിൽ എവിടെയും വിശുദ്ധ ജീവിതം നയിച്ചുകൊണ്ടു ലോകത്തെതന്നെ ദൈവത്തിനു സമർപ്പിക്കുന്നു'' [തിരുസ്സഭ 34]

ഒരു ഭക്താത്മാവിൻെറ വിലാപം ശ്രദ്ധിക്കൂ-
''കരുണാനിധിയാം-നിന്നുടെ മുമ്പിൽ
സങ്കട ഭാരത്താൽ ഞാൻ—കേണു
ബഹുപാപത്തിൻ കുഴിയിൽ നിന്നും
കോരിയെടുത്തെന്മേൽ നീ കൃപ ചെയ്യേണം''
(മലങ്കര ക്കുദാശക്രമം, രോഗികളുടെ തൈലാഭിഷേകം, എക്ബോ)

### b സഭയുടെ പവിത്രീകരണത്തിൽ പങ്ക്

ക്രിസ്തീയചൈതന്യത്തോടെ വിവാഹജീവിതം നയിക്കുക, മക്കൾക്കു ക്രിസ്തീയബോധനം നല്കുക എന്നിവയിലൂടെ മാതാപിതാക്കന്മാർ സഭയുടെ പവിത്രീകരണ ധർമ്മത്തിൽ പ്രത്യേകമായി പങ്കുചേരുന്നു. [CIC Can835,(4)]

www.malankaralibrary.com



മാതാപിതാക്കന്മാരുടെ ഈ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ഉദ്ബോധനം വിവാഹകൂദാശയിലെ പ്രാർത്ഥനയിലുണ്ട്. ''... ..നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തുകയും ഇവരുടെ സന്താനങ്ങൾക്ക് അതു അവകാശമായി കൊടുക്കുവാൻ സഹായിക്കുകയും ചെയ്യണമേ. വിജയപ്രദമായ സ്ളീബായാൽ ഈ മണവാളനേയും മണവാട്ടിയേയും കാത്തുകൊള്ളണമേ''

(മലങ്കര കത്തോലിക്കാ കൂദാശക്രമം, വിവാഹം, ദമ്പതികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന)

### c. ശുശ്രൂഷകസ്ഥാനം

യോഗ്യരായ അല്മായർക്കു സ്ഥിരമായ ഡീക്കൻ സ്ഥാനമോ ആരാധനയിലെ ശുശ്രൂഷകസ്ഥാനമോ നല്കാവുന്നതാണ്. [CIC Can 230. (1)] ഡീക്കനോ ശുശ്രൂഷകനോ അല്ലെങ്കിൽ പോലും ആവശ്യാനുസരണം ചില അല്മായരെ വചനശുശ്രൂഷയ്ക്കും ആരാധനാശുശ്രൂഷകളുടെ നേതൃത്വത്തിനും മാമോദീസാ നല്കലിനും വി. കർബാന വിതരണത്തിനും സഭയ്ക്കു നിയമാനുസരണം നിയോഗിക്കാവുന്നതാണ്. [CIC Can 230. (3)]

ദൈവികശുശ്രൂഷ ''കനകത്തേക്കാൾ മോഹനീയം'' എന്ന ആരാധനക്രമം പാടുന്നു.

''കനകത്തേക്കാൾ മോഹനീ-യം
തേൻകട്ടേക്കാൾ മാധു-ര്യം
ദൈവത്തെ — ഭജിപ്പോൻ, അവൻതന്നെ—ധന്യൻ''
(ശ്ഹീമോ, ശുബഹൊ, ബുധൻ, സൂത്താറ)

## 3. പ്രവാചക ധർമ്മവും അല്മായനും

### a. വിശ്വാസത്തിലേക്കു നയിക്കുന്ന

#### പ്രബോധനം

ഹയരാർക്കി വഴി മാത്രമല്ല ക്രിസ്തു പ്രവാചകധർമ്മം നിർവ്വഹിക്കുന്നത്;

www.malankaralibrary.com



തന്റെ സാക്ഷികളാക്കുകയും വിശ്വാസത്തെ മനസ്സിലാക്കാനുള്ള ശക്തിയും പ്രസംഗവരവും പ്രദാനം ചെയ്യുകയും ചെയ്ത അല്മായർ വഴിയും ഇതു നിർവ്വഹിക്കുന്നു. (നട. 2:17–18, വെളി. 19:10) (തിരുസഭ 35)

വി. തോമസ് അക്വിനാസ് പറയുന്നു: "ഓരോ പ്രസംഗകന്റെയും വിശ്വാസിയുടെയും ജോലിയത്രേ പഠിപ്പിക്കലിലൂടെ മററുള്ളവരെ വിശ്വാസത്തിലേക്കു തിരിക്കുകയെന്നത്".

> ജോതിർഗോളം പോലെ വിളങ്ങി വിശ്വാസം പ്രസരിപ്പിക്കുന്നതിനുള്ള വരമാണ് സ്ഥൈര്യലേപനത്തിലൂടെ ഒരുവനു ലഭിക്കുന്നത്. "ഒരു ജ്യോതിർഗോളം പോലെ നീ ലോകത്തിൽ വിളങ്ങട്ടെ. പരിശുദ്ധാത്മാവു മുഖാന്തരം സ്വർഗ്ഗീയശക്തികൊണ്ടു നീ ബലം പ്രാപിക്കട്ടെ........പഴയമനുഷ്യനെ നീ വെറുത്തു അവനിൽ നിന്നു പിന്തിരിയുക. അവിശ്വാസികളുമായി ഇടപെട്ടപ്പോഴും ജീവന്റെ വചനത്തെ അവലംബിക്കുക.... പുതിയ ജീവനിലേക്കു ധൃതിയായി നീ പൊയ്ക്കൊണ്ടിരിക്കുന്നുവെന്നു ധരിച്ചുകൊള്ളുക"
>
> (മല. കത്തോ. കൂദാശക്രമം, മൂറോനഭിഷേകം)

## b സുവിശേഷത്തിന്റെ ശക്തി അനുദിന ജീവിതത്തിൽ

വചനപ്രഘോഷണത്തിലൂടെയും മാതൃകാജീവിതത്തിലൂടെയും സുവിശേഷവൽക്കരണം എന്ന ക്രിസ്തുവിന്റെ പ്രവാചകധർമ്മം അല്മായർ നിർവ്വഹിക്കുന്നു. "അങ്ങനെ സുവിശേഷത്തിന്റെ ശക്തി സാമൂഹികവും ഗാർഹികവുമായ അവരുടെ അനുദിനജീവിതത്തിൽ പ്രകാശിക്കാൻ ഇടയാകുന്നു". [തിരുസഭ 35]

"ജീവിത സാക്ഷ്യം കൊണ്ടുമാത്രം ഒരുവന്റെ പ്രേഷിതവൃത്തി മുഴുവനായില്ല. യഥാർത്ഥ പ്രേഷിതൻ ക്രിസ്തുവിനെ പ്രസംഗിക്കാനുള്ള അവസരങ്ങൾ അന്വേഷിക്കുന്നു.

www.malankaralibrary.com



അത്ര അവിശ്വാസികളെ വിശ്വാസത്തിലേക്കാനയിക്കുന്നതിനാകാം; വിശ്വാസികളെ പഠിപ്പിക്കാനും ഉറപ്പിക്കാനും പ്രചോദനം നല്കാനും ആകാം. കാരണം, 'ക്രിസ്തുവിനോടുള്ള സ്നേഹം നമ്മെ നിർബന്ധിക്കുന്നു'' [1 കോരി. 5:14]. ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്കു ശാപം [1 കോരി. 9:16] എന്ന വി. പൗലൂസിൻെറ വാക്കുകൾ എല്ലാ ഹൃദയങ്ങളിലും മാറെറാലിക്കൊള്ളട്ടെ'' [അല്മായ പ്രേഷിതത്വം 6,(3)]

ജീവിതസാക്ഷ്യംകൊണ്ടു ദൈവനാമം പുകഴ്ത്തിയ പുണ്യചരിതരെ പ്രാർത്ഥനയിൽ സ്മരിക്കുന്നു. ''കർത്താവേ, എല്ലാ തലമുറകളിലും നിൻെറ തിരുനാമത്തെ പ്രീതിപ്പെടുത്തുന്ന പുണ്യവാന്മാർ നിനക്കുള്ളതിനാൽ നിനക്കു മഹത്വം. ആദ്യതലമുറകളിലെ നോഹും അബ്രഹാമും യാക്കോബും മോശയും ഏലിയായും ഈ തലമുറയിൽ തങ്ങളുടെ കഴുത്തുകളിൽനിന്നു രക്തമൊഴുക്കിയ വാഴ്ത്തപ്പെട്ട വേദസാക്ഷികളും നിന്നോടു പ്രാർത്ഥിക്കും''

(ശ്ഹീമോ, വെള്ളി, സന്ധ്യ, കോലോ)

## c. മതോപദേശം

പരിശീലനവും കഴിവുമുള്ള അല്മായർ മതോപദേശപ്രവർത്തനത്തോടു സഹകരിച്ചും വേദശാസ്ത്രങ്ങൾ പഠിപ്പിച്ചും വാർത്താവിതരണ മാദ്ധ്യമങ്ങൾ ഉപയോഗിച്ചും പ്രേഷിതത്വം നിർവ്വഹിക്കാം. [C I C Can 229, 774, 776, 780, 823, (1)]

മുന്തിരിത്തോട്ടത്തിലെ ജോലിയാണ് വേദോപദേശം. അതിൽ ജാഗരൂകരായിരിക്കുന്നവർ അനുഗൃഹീതർ.
''യജമാനൻ വരുമന്നേര-ത്തുണർവ്വു-ള്ളോരായ് തൻ
മുന്തിരിത്തോപ്പിൽ പണിയായി കാൺമോരോ ധന്യരാം''

(ശ്ഹീമോ, ശുബഹോ, തിങ്കൾ, മൂന്നാം മണി)

## d. വിദഗ്ദ്ധ നിർദ്ദേശങ്ങൾ

സഭയുടെ നന്മയ്ക്കുവേണ്ടി ഇടയന്മാർക്ക് അവ

www.malankaralibrary.com



സരോചിതങ്ങളായ നിർദ്ദേശങ്ങരം നല്കാൻ അറിവും പ്രാപ്തി യുമുള്ള അല്മായർക്ക അവകാശമുണ്ട്, ഉത്തരവാദിത്വമുണ്ട്.
(C I C can 212 [3])

ദൈവാശ്രയത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തിയ ധന്യ ജീവികരം എന്നുമുണ്ടായിട്ടുണ്ട്.
''എല്ലാം ഞാൻ പരിശോധി-ച്ചേൻ
ദൈവാശ്രയമതിനെക്കാ-ൾയിൽ
വലുതായി - ഇല്ലൊന്നും.
അതിൽ പ്രിയൻതാൻ-ധന്യൻ
സ്നേഹിച്ചതിനെ യൗസേഫ്, മിസ്രേംരാജാ-വായി
സ്നേഹിച്ചതു മൂശാറബ്ബി, സമുദ്രത്തെ ഭാ-ഗിച്ച
ഹാനനിയാബാലർ-സ്നേഹി—ച്ചതിനെ
തീച്ചൂളയിൽനിന്നും-രക്ഷപ്പെട്ടാർ.........''
(ശ്ഹീമോ, ശുബഹൊ, ബുധൻ, സുത്താറ)

## 4. ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുചേരുന്ന അല്മായർ

### a. പാപത്തിന്റെ ഭരണത്തെ പരാജയപ്പെടുത്തുന്ന രാജത്വം

''മരണംവരെ-അതേ, കുരിശുമരണംവരെ— അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങരംക്കും ഉപരിയായ നാമം നല്കുകയും ചെയ്തു''. [ഫിലിപ്പി. 2:8–9]. ഇതിലൂടെ ക്രിസ്തു ശിഷ്യന്മാക്ക രാജകീയ സ്വാതന്ത്ര്യത്തിന്റെ വരം നല്കി. പരിശുദ്ധ ജീവിതത്തിന്റെ ആത്മനിഗ്രഹം കൊണ്ട പാപത്തിന്റെ ഭരണത്തെ ജയിച്ചടക്കാൻ ഇതിലൂടെ പഠിപ്പിച്ചു.

''തന്റെ ശിഷ്യന്മാരും രാജോചിതമായ സ്വാതന്ത്ര്യത്തിൽ ഉറപ്പിക്കപ്പെടാനും സ്വയം നിഗ്രഹത്താലും വിശുദ്ധ ജീവിതത്താലും അവരിലുള്ള പാപത്തിന്റെ ഭരണത്തെ

www.malankaralibrary.com



പരാജയപ്പെടുത്താനും വേണ്ടി ക്രിസ്തു തന്റെ രാജകീയാധികാരം അവർക്കു പകർന്നു കൊടുത്തു'' [റോമ. 6:12] [തിരുസ്സഭ 36].

## വി. അംബ്രോസിന്റെ ദൃഷ്ടിയിൽ രാജത്വം

ക്രിസ്തുവിന്റെ രാജത്വത്തെക്കുറിച്ച് വി. അംബ്രോസിന്റെ പ്രസ്താവം ശ്രദ്ധാർഹമാണ്. ''സ്വന്ത ശരീരത്തെ നിയന്ത്രണാധീനനാക്കുന്നവനും കാർക്കശ്യത്തോടെ തന്നെത്തന്നെ ഭരിക്കുന്നവനും ആത്മാവിൽ മറുതലിപ്പുണ്ടാകാതെ വികാരങ്ങളെ കടിഞ്ഞാണിടുന്നവനും ഒരു രാജകീയശക്തി സ്വയം പ്രയോഗിക്കുന്നതുകൊണ്ട് ഒരു രാജാവു തന്നെയാണ്. ഒരു രാജാവെന്നവണ്ണം സ്വന്തം ശരീരത്തെ എങ്ങനെ ഭരിക്കണമെന്നു അറിഞ്ഞിരുന്നതുകൊണ്ട് അതിന്റെ വിധിയാളനായും അവിടുന്നു ഇരുന്നു. തന്നെത്തന്നെ പാപത്തിന്റെ തുറുങ്കിലിടാനോ തിന്മയുടെ കുഴിയിൽ വീഴ്ത്തപ്പെടാനോ അവിടുന്നു അനുവദിച്ചില്ല''.

പാപത്തെ പരാജയപ്പെടുത്തുന്നതു വിശ്വാസിയുടെ വിജയമാണ്.

''സത്യത്തിൻ മുദ്രകളായ് തീർന്നു സഹദേന്മാർ
വഞ്ചനയേറും ദുഷ്ടനവർക്കുള്ളിൽ പൂകീടാ
ഹേറോദേസിൻ വാളാൽ യൂഹാനോൻ
ഹതനായ് കല്ലേറാൽ സ്തേഫാനോസും
ശ്രേഷ്ഠനതാം മാർ ഗീവർഗീസ് ചക്രം വാളാലും
അവർ പ്രാർത്ഥന യാചനയാലേ കാരുണ്യമിവർമേൽ
ഹാ...അവർ പ്രാർത്ഥനയഭയം''

(ശ്ഹീമോ, മെനഓലം, തിങ്കളം, രാത്രി 2-ാം കൗമാ)

## b മാനവസംസ്കാരത്തെ ധർമ്മിക മൂല്യങ്ങളാൽ പൂരിപ്പിക്കുന്ന പ്രവർത്തനം

''പാപത്തിനു പ്രേരിപ്പിക്കുന്ന ലോകത്തിന്റെ പ്രസ്ഥാനങ്ങൾക്കും സാഹചര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ

www.malankaralibrary.com



അല്മായർ സംഘടിക്കട്ടെ. തൽഫലമായി ഇവയെല്ലാം പുണ്യാഭ്യസനത്തിനു വിഘ്നമാകാതെ നീതിയുടെ നിയമങ്ങൾക്കു യോജിച്ചതും അതിനു പ്രേരകവുമായിത്തീരും. ഇതുവഴി അല്മായർ മാനവസംസ്ക്കാരത്തെയും പ്രവർത്തനങ്ങളേയും ധാർമ്മിക മൂല്യങ്ങളാൽ പൂരിതമാക്കുകയാണ്. ദൈവമാകുന്ന വിത്തുവിതയ്ക്കാൻ ഈ ലോകമാകുന്ന നിലം അവർ ഒരുക്കുന്നു'' [തിരുസഭ 36 (3) ]

> കുസ്തന്തീനോസ് രാജാവിൻെറ മാതൃക പ്രാർത്ഥന ക്രമത്തിൽ കാണിച്ചിട്ടുണ്ട്. ''കുസ്തന്തീനോസ് രാജാവ് ആകാശത്തേക്കു സൂക്ഷിക്കയും സ്ളീബായുടെ ചിഹ്നമായ അത്ഭുത അടയാളം ദർശിക്കയും ചെയ്തു. ദർശനത്തെക്കുറിച്ചാരാഞ്ഞപ്പോൾ 'ജീവൻെറ അടയാളമാകുന്ന ഇതിനാൽ നീ ജയം പ്രാപിക്കും' എന്നു തനിക്കു അരുളപ്പാടുണ്ടായി. സ്വരൂപങ്ങളെ അവൻ മറിച്ചിടുകയും വിഗ്രഹങ്ങൾ തകർക്കുകയും സ്ളീബായെ മാത്രം പൂജിക്കയും ചെയ്തു. ഞങ്ങൾക്കു സ്ളീബായെ കോട്ടയായാക്കിത്തീർത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു''
>
> (ശ്ഹീമോ, വെള്ളി, പ്രഭാതം, കോലോ)

### C ഇടയന്മാരുമായി സഹകരണം

അല്മായർക്കു ഇടയന്മാരുമായി വേണ്ട സഹകരണത്തെ ആറാം പൗലൂസ് പാപ്പാ ഊന്നിപ്പറയുന്നു. ''സഭാസമൂഹത്തിൻെറ വളർച്ചയ്ക്കുവേണ്ടി ഇടയന്മാരുമായി സഹകരിച്ചു പ്രവർത്തിക്കാൻ അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവം നല്കിയിട്ടുള്ള വ്യത്യസ്തങ്ങളായ കൃപകളുടെയും വരങ്ങളുടെയും രൂപത്തിൽ ഇതു നിർവ്വഹിക്കാവുന്നതാണ്'' [Paul VI EN. 73]

> പരി. സഭയുടെ സമാധനവും അഭിവൃദ്ധിയും ദൈവജനത്തിൻെറ ലക്ഷ്യമാണ്. ''പരി. സഭയുടെ സമധാനത്തിനും പണിക്കും അഭിവൃദ്ധിക്കും ഉന്നതിക്കും പ്രഭാവത്തിനുമായി നിൻെറ ജനത്തെ നയിക്കേണമേ. നിൻെറ ദൈവിക ദാനാലങ്കാരം കൊണ്ടു സഭയെ അലങ്കരിക്കേണമേ''
>
> (പെങ്കീസാ, പെന്തിക്കൊസ്തി, രാത്രി 2-ാം കൗമാ)

www.malankaralibrary.com



### d കൗൺസിൽ, സിനഡ് തുടങ്ങിയരംഗങ്ങളിൽ

സഭയിൽ വിശ്വാസികൾക്കു നിയമാനുസൃതം പ്രവർത്തിക്കാവുന്ന സ്ഥാനങ്ങളുണ്ട്. [CIC Can 129 (2)] പ്രത്യേക കൗൺസിലുകളിലും രൂപതാ സിനഡുകളിലും പാസ്റ്ററൽ കൗൺസിലുകളിലും സഭ അവരുടെ സാന്നിദ്ധ്യം ആവശ്യപ്പെടുന്നു. ഇടവകയിലെ അജപാലനശ്രദ്ധയും സാമ്പത്തികകമ്മററിയിലെ സഹകരണവും സഭാകോടതിയിലെ പങ്കുചേരലും ഒക്കെ എടുത്തു പറയാവുന്നതാണ്.

(CIC Can 443 [4]; 463 [1] [2]; 492 [1]; 511; 517 [2] 536; 1422 [2])

> രക്ഷകൻെറ കുരിശു തിരയുന്ന ഹെലേനാ രാജ്ഞി യൂദക്കൂട്ടത്തിൻെറ നിർദ്ദേശം ആരായുന്നുണ്ട്, അവരം യുദന്മാരോട പറയുന്നു: 'വരുവിൻ സ്ളീബായുടെ സ്ഥലം എനിക്കുകാണിച്ചുതരുവിൻ' അവർ ഉത്തരമായി പറയുന്നു: 'ഞങ്ങളുടെ നേതാവിനെ സ്വാധീനമാക്കിയാൽ നമ്മുടെ രക്ഷിതാവിൻെറ സ്ളീബാമരം വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥലം നിങ്ങൾക്കവൻ കാണിച്ചു തരും'
>
> [ശ്ഹീമോ, വെള്ളി, രാത്രി 1—ാം കൗമാ, കോലോ]

### e സഭയിലും മനുഷ്യസമൂഹത്തിലും അംഗത്വം

സഭാംഗങ്ങൾ എന്ന നിലയിലും മനുഷ്യസമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലും ഉള്ള അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അല്മായർ വിവേചിച്ചറിയണം. രണ്ടിനേയും സമതുലിതമാക്കുവാൻ അവർ പരിശ്രമിക്കണം. ഭൗതിക പ്രശ്നങ്ങളിൽ ക്രിസ്തീയ മനസ്സാക്ഷിവേണം അവരെ നയിക്കേണ്ടത്. മാനുഷികപ്രശ്നങ്ങളിൽ, ഭൗതിക കാര്യങ്ങൾപോലും ദൈവത്തിൻെറ നിയന്ത്രണത്തിൽ നിന്നു മാററി നിർത്താവുന്നതല്ല.

''സഭയുടെ അംഗങ്ങൾ എന്ന നിലയ്ക്കും മനുഷ്യസമൂഹത്തിൻെറ അംഗങ്ങളെന്ന നിലയ്ക്കും വിശ്വാസികൾ

www.malankaralibrary.com



ക്കുള്ള അവകാശങ്ങളും കർത്തവ്യങ്ങളും ഏവയെന്നു വേർതിരിച്ചറിയാൻ അല്മായർ പഠിച്ചിരിക്കണം. രക്ഷാകരപദ്ധതി തന്നെ ഇതാവശ്യപ്പെടുന്നു. ഇവ രണ്ടും സമഗ്രമായി കൂട്ടിയിണക്കിക്കൊണ്ടു പോകാൻ അവർ പരിശ്രമിക്കണം. എല്ലാ ഭൗതിക പ്രവർത്തനങ്ങളിലും ക്രിസ്തീയമായ ഒരു മനസാക്ഷിയാൽ അവർ നയിക്കപ്പെടേണ്ടതാണെന്നു സ്മരിക്കയും വേണം. കാരണം ദൈവത്തിൻെറ പരമാധിപത്യത്തിനു കീഴ്പെടാത്തതായി ഭൗതികകാര്യങ്ങളിൻ പോലും യാതൊരു മാനുഷിക പ്രവർത്തനവുമില്ല.'' (തിരുസഭ 36)

> സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും കൊടുക്കുക എന്നതാണ് ഇവിടെ കരണീയം.
> ''മൂല്യതയേറും സ്വർണ്ണം രത്നം ഇവയിലുമധികം
> നിന്നെ സ്നേഹിച്ചോർ ധന്യർ
> പൂജ്യനിഹത്തിൽ നിത്യമതായൊരു ജീവൻ താനും
> അവകാശിക്കും പരലോകേ''
> (ശ്ഹീമോ, ശുബഹൊ, വെള്ളി, സന്ധ്യ)

### d *സഭാദൗത്യത്തിനു സാക്ഷി*

''ഓരോ അല്മായനും താൻ സ്വീകരിച്ചിരിക്കുന്ന ദാനങ്ങൾ ഉപയോഗിച്ചും ''ക്രിസ്തുവിൻെറ ദാനങ്ങളുടെ അളവനുസരിച്ചും [എഫേ. 4:7] സഭയുടെ ദൗത്യത്തിനു ഒരു സാക്ഷിയും സജീവമായ ഒരു ഉപകരണവുമായി വർത്തിക്കേണ്ടിയിരിക്കുന്നു'' [തിരുസഭ 33 [2]

> വി. യൗസേപ്പ് പിതാവിൻെറ പെരുന്നാളിനു ചൊല്ലുന്ന താഴെപ്പറയുന്ന പ്രാർത്ഥന ക്രിസ്ത്വാനുഗാമിയുടെ സവിശേഷതയാണു സൂചിപ്പിക്കുന്നത്.
> ''........ നിൻെറ കരുണ ഞങ്ങളിൽ ആവസിക്കേണമേ. സംശയസ്ഥരെ ഉറപ്പിക്കേണമേ. ബ്രഹ്മചാരികളെ വിശുദ്ധരാക്കേണമെ. സ്ത്രീകളെയും പുരുഷന്മാരെയും സംരക്ഷിക്കണമേ. ന്യായാധിപന്മാരെ നയിക്കണമേ. അടിമകൾക്കു മോചനം നല്കണമേ. ഞെരുങ്ങിയിക്കുന്നവരെ ആശ്വസിപ്പിക്കണമെ ...... എല്ലാ പ്രായത്തിലും നിലയിലുമുള്ളവരെ സഹായിക്കണമേ . ... ''
> (പെങ്കീസാ, മാർ യൗസേഫിൻെറ വെളിപാടു, സന്ധ്യ)

www.malankaralibrary.com



## അനുബന്ധം 11

### 1. മോചനത്തിനു നിലവിളി

പ്രായശ്ചിത്തത്തിനു ഒരുക്കം ഭക്താത്മാവു ആത്മാലാപത്തിലൂടെ വെളിപ്പെടുത്തുന്നു: ''എനിക്കു എണ്ണ തരിക. അതിന്റെ വിലയായ സ്വർണ്ണനാണയം നീ വാങ്ങി ക്കൊള്ളുക. അതിൽ എന്റെ കണ്ണുനീർ കലർത്തിക്കൊണ്ട് ആദ്യജാതനെ അഭിഷേകം ചെയ്‌വാനായി മേൽത്തരം എണ്ണ തന്നെ എനിക്കു തരിക. ഞാൻ ദൈവത്തിൽ ശരണപ്പെട്ടിരി ക്കുന്നു. നിന്നിൽനിന്നു ഞാൻ വാങ്ങുന്ന ഈ എണ്ണയാൽ എന്റെ കടങ്ങളും പാപങ്ങളും മോചിക്കപ്പെടുമെന്നു സുഗന്ധ വ്യാപാരിയോടു പറഞ്ഞ പാപിനിയായ ആ സ്ത്രീയുടെ ശബ്ദം എത്രയോ ശ്രുതിമധുരമായിരുന്നു. അവരം എണ്ണ വാങ്ങിയപ്പോരം നമ്മുടെ കർത്താവു അവളുടെ വിശ്വാസം കണ്ട് അവളുടെ പാപങ്ങരം മോചിച്ചു'' (മല. കത്തോ. ക്രൂദാശ ക്രമം, രോഗികളുടെ തൈലാഭിഷേകം, ഗീതം)

### 2. കുടുംബജീവിതം ആത്മാവിലും ശരീരത്തിലുമുള്ള നൈർമ്മല്യം കാക്കുന്നതിന്

വിവാഹവേളയിലെ പ്രാർത്ഥന ''ആത്മാവിലും ശരീര ത്തിലുമുള്ള നൈർമ്മല്യം കാക്കുന്നതിന് അന്യോന്യം സഹാ യിക്കുവാൻ ഇവരെ ശക്തരാക്കണമേ. ഇവർ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ............ എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും''

(Ibid, വിവാഹം, ഒന്നാംശുശ്രൂഷ, എത്രോ)

### 3. മിശിഹായുടെ തോട്ടത്തിലെ പണിയും പ്രതിഫലവും

''....... ശുദ്ധർക്കേകും സമ്മാനം
മിശിഹാ തന്നു–ടെ തോട്ടമതിൽ
പരിചിൽപണിചെ–യ്‌വോൻ ധന്യൻ!
പ്രതിഫലമവനധികം നേടും''

(ശ്ഹീമോ, മെനഓലം, ചൊവ്വാ, പ്രഭാതം)

### 4. കുരിശിനെ എതിരേൽക്കുന്ന രാജാവ്

''കുസ്തന്തീനോസ്നൃപനും കേട്ടാൻ കുരിശാഗമനം
സൈന്യങ്ങളുമായ് ചെന്നാനതിനെയെതിരേല്പാനായ്''
(Ibid, ശുബഹൊ, വെള്ളി, പ്രഭാതം, യാക്കോബിന്റെ ബോവൂസോ)

www.malankaralibrary.com

### അദ്ധ്യായം 12

# III സമർപ്പിതജീവിതം

സന്ന്യാസത്തിനു ആരേയും സഭ നിർബന്ധിക്കുന്നില്ല. എന്നാൽ ആ ജീവിതസ്ഥിതി തിരഞ്ഞെടുത്ത ഒരു വലിയ പററം സഭയിലുണ്ട്. സമർപ്പിതജീവിതത്തെക്കുറിച്ചുള്ള വത്തിക്കാൻ പ്രമാണരേഖയുടെ നിർദ്ദേശം താഴെപ്പറയുന്നതാണ്.

''സുവിശേഷോപദേശങ്ങളുടെ വാഗ്ദാനം വഴി രൂപം കൊള്ളുന്ന സമർപ്പിത ജീവിതാവസ്ഥ തിരുസ്സഭയിലെ ഹയരാർക്കിയുടെ ഘടനയിൽ ഉൾപ്പെടുന്നില്ല, എങ്കിലും സഭയുടെ വിശുദ്ധിയോടും ജീവിതത്തോടും സുനിശ്ചിതമായി ബന്ധപ്പെട്ടിരിക്കുന്നു.'' [തിരുസ്സഭ 44 (4)]

## 1 സുവിശേഷോപദേശങ്ങളും സമർപ്പിത ജീവിതവും

### a. വിവിധ സന്ന്യാസിസമൂഹങ്ങൾ

''ദൈവത്തിനു സമർപ്പിക്കപ്പെടുന്ന ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷോപദേശങ്ങൾ കർത്താവിന്റെ വാക്കുകളിലും മാതൃകയിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്........ പരിശുദ്ധാരൂപിയുടെ പ്രേരണയിൽ സുവിശേഷോപദേശങ്ങളെ വ്യാഖ്യാനിക്കാനും അവയുടെ അനുവർത്തനത്തിൽ ആവശ്യമായ നിയന്ത്രണം ചെലുത്താനും ഇതിനെ അടിസ്ഥാനപ്പെടുത്തി സ്ഥിരമായൊരു ജീവിതസ്ഥിതി ഏർപ്പെടുത്താനും തിരുസ്സഭാധികാരികൾക്കു കടമയുണ്ട്. അങ്ങനെ ഏകാന്തവും സാമൂഹ്യവുമായ വിവിധതരം ജീവിതരീതികളും നിരവധി സന്ന്യാസ സമൂഹങ്ങളും രൂപമെടുക്കാനിടയായി [തിരുസ്സഭ 43]

ദൈവകൽപനകൾക്കനുസൃതമായി വികാരവിചാരങ്ങളെ നിയന്ത്രിക്കുന്നതിലേ ശ്രേഷ്ഠത പ്രാർത്ഥനാക്രമം പ്രകീർത്തിക്കുന്നുണ്ട്. ''നിന്റെ കൽപനാനുഷ്ഠാനത്താൽ ഞങ്ങളുടെ ഭൗതിക പ്രവർത്തനങ്ങളെ രൂപാന്തരപ്പെടുത്തേണമേ. സന്ധിബന്ധങ്ങളാൽ യോജിച്ചിരിക്കുന്ന ശരീരം പോലെ ഞങ്ങളുടെ ശിരസ്സാകുന്ന നിന്നോടു ഞങ്ങൾ ചേർന്നിരിക്കുമാറാകണമേ. നിന്നെ എതിരേൽപാൻ ഞങ്ങളെ യോഗ്യരാക്കണമേ'' [പെങ്കീസാ, കർത്താവിന്റെ ദൈവാലയപ്രവേശം, രാത്രി 2–ാം കൗമാ, സെദറാ]

www.malankaralibrary.com



### b മാമോദീസായിലെ സമർപ്പണത്തിൽ അധിഷ്ഠിതം

''അതിവിശിഷ്ടമായൊരു സമർപ്പണമാണ് സന്ന്യാസികളുടേത്. മാമോദീസായിലെ സമർപ്പണത്തിൽ ഇതു അധിഷ്ഠിതമായിരിക്കുന്നു. അതു സമർപ്പണം കൂടുതൽ പൂർണമായ വിധം പ്രകടമാക്കുകയും ചെയ്യുന്നു'' [സന്ന്യാസജീവിതം 5]

### c. സമൂഹങ്ങളുടെ ആരംഭം

''തിരുസ്സഭയുടെ ആരംഭം മുതലേ ഉണ്ടായിരുന്ന സുവിശേഷോപദേശങ്ങളനുസരിച്ചു ജീവിച്ചിരുന്ന സ്ത്രീപുരുഷൻമാർ. കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അവിടത്തെ അടുത്തനുകരിക്കാനുമാണ് അവർ അങ്ങനെ ചെയ്തത്. ഓരോരുത്തനും സ്വന്തമായരീതിയിൽ ദൈവത്തിനു സമർപ്പിക്കപ്പെട്ട ഒരു ജീവിതം നയിച്ചിരുന്നു. പരിശുദ്ധാരൂപിയുടെ പ്രചോദനമനുസരിച്ചു ചിലർ ഏകാന്തജീവിതം നയിച്ചു; ചിലർ സന്ന്യാസസമൂഹങ്ങൾക്കു രൂപംകൊടുത്തു. ഈ സന്ന്യാസസമൂഹങ്ങളെ തിരുസ്സഭ സന്തോഷപൂർവ്വം സ്വീകരിക്കുകയും ആധികാരികമായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെ ദൈവപരിപാലനയിൽ അനവധി സന്ന്യാസസമൂഹങ്ങൾ വളർന്നുവന്നു''. [സന്ന്യാസ ജീവിതം 1]

### d പുതിയ സമൂഹത്തിൻെറ അംഗീകരണം

പുതിയ സമർപ്പിതസമൂഹത്തിൻെറ അംഗീകരണം സഭാകേന്ദ്രം [Apostolic See] നല്കേണ്ടതാണ്.

വ്രതത്രയങ്ങൾ പരസ്യമായി സ്വീകരിക്കാതെ ഏകാന്തവാസികൾ ദൈവമഹത്വവും ലോകരക്ഷയും ലക്ഷ്യമാക്കി തപോജീവിതം അനുഷ്ഠിക്കാറുണ്ട്. ലോകത്തിൽ നിന്നു കർക്കശമായി അകലുകയും ഏകാന്തതയുടെ നിശ്ശബ്ദതയിൽ മുഴുകുകയും നിരന്തരമായ പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും വ്യാപൃതമാകയുമാണ് അവർ ചെയ്യുന്നതു്. (CIC can 603 [1])

### e. ക്രിസ്തുവുമായുള്ള ഗാഢസൗഹൃദം

ക്രിസ്തുവുമായുള്ള വ്യക്തിപരമായ ഗാഢസൗഹൃദമെന്നു സഭയുടെ ആന്തരികരഹസ്യം അവർ വെളിപ്പെടുത്തുന്നു. മനുഷ്യദൃഷ്ടിയിൽ നിന്നു അകന്നുള്ള താപസൻെറ ജീ

www.malankaralibrary.com



വിതം ക്രിസ്തുവിനെക്കുറിച്ചുള്ള നിശ്ശബ്ദപ്രഘോഷണമാണ്; എല്ലാമായ ഗുരുവിനു അവൻ സമസ്തവും അടിയറ വെച്ചിരിക്കുകയാണ്. ആദ്ധ്യാത്മികസമരത്തിൻെറ തീവ്രതയിൽ കുരിശിക്കപ്പെട്ടവൻെറ മഹത്വം വെളിപ്പെടുത്തിക്കൊണ്ട് മരുഭൂമിയിലേക്ക ഓടിയിട്ടുള്ള ധീരമതികളുടെ കഥകൾ ഇവിടെയുണ്ട്.

## 2. സമർപ്പിതകന്യകകൾ

### a. അപ്പസ്തോലകാലം തൊട്ടു തന്നെ കന്യാവ്രതം

''സ്വർഗ്ഗരാജ്യത്തെപ്രതി'' കന്യാവ്രതം സഭയുടെ അനുമതിയോടുകൂടി നടത്തിയിട്ടുള്ള ക്രിസ്തീയകന്യകമാർ അപ്പസ്തോലകാലം തൊട്ടുതന്നെ ഉണ്ടായിട്ടുണ്ട് [മത്താ. 19:12; 1 കോരി. 7:34–36].

> മാതാവിനെ അനുകരിച്ചുകൊണ്ടുള്ള കന്യകാവ്രതം. ''....കർത്താവേ, ബഹുമാനമുള്ള നിൻെറ മാതാവിൻെറ കന്യാവ്രതപരിമളം സൃഷ്ടിയിൽ വീശി എല്ലാതലമുറകളേയും ഗോത്രങ്ങളേയും സുരഭിലമാക്കുന്നു. ഉൽകൃഷ്ടസൗരഭ്യങ്ങളേയും പരിമളധൂപങ്ങളെയുംകാൾ അതു സഭയെ സുഗന്ധീകരിച്ചു സന്തോഷിപ്പിക്കുന്നു. വിശുദ്ധിയിൽ പ്രിയപ്പെട്ടുന്നവർ അതിൽനിന്നും ആസ്വദിച്ചു, ശ്രേഷ്ഠരായിതീർന്നു; സദ്വ്രതന്മാർ പ്രശോഭിതരായി......'' (പെങ്കീസാ, കർത്താവിൻെറ ദൈവാലയപ്രവേശം, മൂന്നാംമണി, എത്രോ)

### b. ക്രിസ്തുവിനോടു സഭയ്ക്കുള്ള സ്നേഹത്തിൻെറ അടയാളം

ക്രിസ്തുവിനെ അവഗാഢം അനുഗമിക്കുവാൻ സ്വയം സമർപ്പിതരായ കന്യകമാരെ രൂപതാദ്ധ്യക്ഷൻ ആരാധനാക്രമത്തിലൂടെ ക്രിസ്തുവിൻെറ മണവാട്ടികളായി അംഗീകരിക്കയും സഭയുടെ സേവനത്തിനു പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. [CIC Can 604 (1)] ഈ ആഘോഷമായ ശുശ്രൂഷയിലൂടെ സമർപ്പിതകന്യക ഒരു ദിവ്യ വ്യക്തിയായി രൂപാന്തരപ്പെടുന്നു; ക്രിസ്തുവിനോടു സഭയ്ക്കുള്ള കവിഞ്ഞുയരുന്ന സ്നേഹത്തിൻെറ അടയാളമായിത്തീരുന്നു; വരുവാനിരിക്കുന്ന ജീവിതത്തിൻെറയും ക്രിസ്തുവിൻെറ സ്വർഗ്ഗീയവധുവിൻെറ സഭാരൂപത്തിലുള്ള മാതൃകയായിത്തീരുന്നു.

www.malankaralibrary.com



### c. പ്രാർത്ഥന, പ്രായശ്ചിത്തം, സേവനം

സമർപ്പിത കന്യകകൾ പ്രാർത്ഥിക്കുന്നു, പ്രായശ്ചിത്തമനുഷ്ഠിക്കുന്നു. സഹജീവികൾക്ക സേവനമർപ്പിക്കുന്നു. ജീവിതസാഹചര്യത്തിനനുസൃതമായ അപ്പസ്തോലികപ്രവർത്തനങ്ങൾ നടത്തുന്നു. അർപ്പണത്തിന്റെ ഉപരിയായ വിശ്വസ്തതയ്ക്കവേണ്ടി അർപ്പിതസഹോദരിമാർക്ക സമൂഹമായി കഴിയാവുന്നതാണ്.

## 3 ആശ്രമ ജീവിതം

### a. പൗരസ്ത്യ നാടുകളിൽ

ക്രിസ്തീയതയുടെ ആദ്യനൂററാണ്ടിൽതന്നെ പൗരസ്ത്യനാടുകളിൽ ആശ്രമജീവിതത്തിന്ന തുടക്കമിട്ടു. നിയമാനുസരണമുള്ള ഈ സഭാസ്ഥാപനത്തിലെ വാസം മററു സമർപ്പിത ജീവിതങ്ങളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. ആരാധനാ സ്വഭാവത്തിലും സുവിശേഷോപദേശങ്ങളുടെ പരസ്യപ്രഖ്യാപനത്തിലും പൊതുവായുള്ള സാഹോദര്യ ജീവിതത്തിലും ക്രിസ്തുവും സഭയുമായുള്ള ബന്ധത്തിന്റെ സാക്ഷ്യത്തിലുമാണ് ഈ വ്യത്യസ്തത പുലർത്തുന്നത്.

> സന്ന്യാസം സ്വീകരിച്ചവരെ ദയറായക്കാർ എന്നും സന്ന്യാസാശ്രമത്തെ ദയറാ എന്നും വിളിച്ചുപോന്നു. ദയറായെക്കുറിച്ചുള്ള പരാമർശം പ്രാർത്ഥനയിൽ പലപ്പോഴുമുണ്ട്.
>
> "ദയറാകൾ പള്ളികളും സ—
> ന്തോഷം കൈകൊണ്ടിന്നാളിൽ
> പുത്രൻ തന്നുത്ഥാനത്തെ
> വാഴ്ത്തി സ്തോത്രം പാടുന്നു"
> (ക്യംതാ, പ്രഭാതം, എനിയോനോ)

### b. ദൈവസ്നേഹം കാലത്തിനനുസരിച്ചു വെളിപ്പെടുത്തുന്ന ജീവിതം

സഭയുടെ രഹസ്യത്തിൽനിന്നാണ് ആശ്രമജീവിതം ഉരുത്തിരിയുന്നത്. കർത്താവിൽനിന്നു സഭയ്ക്ക ലഭിച്ചിട്ടുള്ള ഒരു ദാനമാണിത്. ദൈവത്താൽ വിളിക്കപ്പെട്ടിട്ടുള്ള വിശ്വാസികൾക്കു സുവിശേഷോപദേശങ്ങൾക്ക ഒരു ഉറപ്പായ വഴിയാണ് ഈ ദാനം നല്കുന്നത്. അതിലൂടെ സഭയ്ക്ക ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാനും ക്രിസ്തുവിന്റെ മണവാട്ടിയെന്ന അവബോധമുണ്ടാകാനും കഴിയുന്നു. സന്ന്യാസ

www.malankaralibrary.com



ജീവിതത്തിന്റെ വിവിധ രൂപങ്ങൾ ദൈവത്തിന്റെ സ്നേഹം കാലത്തിനനുസരിച്ച് വെളിപ്പെടുത്തുന്നതാണ്.

c. *രൂപതാദ്ധ്യക്ഷനോടു സഹകരണം*

അജപാലനദൗത്യത്തിൽ രൂപതാധ്യക്ഷനോടു എല്ലാ സന്ന്യാസികളും സഹകരിക്കേണ്ടതാണ്. ''ഓരോ സന്ന്യാസിയും തന്റെ വിളിക്കനുസൃതമായി ക്രിസ്തുവിന്റെ മൗതികശരീരം മുഴുവന്റേയും ഓരോ പ്രത്യേകസഭയുടെയും വളർച്ചയ്ക്കും അഭിവൃദ്ധിക്കുമായി തീക്ഷ്ണതയോടും ശ്രദ്ധയോടുംകൂടെ പ്രയത്നിക്കുവാൻ കടപ്പെട്ടിരിക്കുന്നു''
[മെത്രാന്മാർ 33-35]

''സഭയുടെ സ്ഥാപനം മുതൽക്കുതന്നെ സന്ന്യാസജീവിതം ശ്രദ്ധാപൂർവ്വം പ്രോത്സാഹിപ്പിക്കപ്പെടണം''
[പ്രേഷിതപ്രവർത്തനം 18]

d. *സുവിശേഷപ്രവർത്തനം*

ലോകത്തെമ്പാടും സുവിശേഷമറിയിക്കുന്നതിൽ പ്രധാന പങ്കു ഇന്നുവരെ വഹിച്ചിരുന്നതും ഇപ്പോൾ വഹിക്കുന്നതും സന്ന്യാസസഭകളാണ്; ധ്യാനപരജീവിതക്കാരെന്നോ പ്രവർത്തനോന്മുഖജീവിതക്കാരെന്നോ ഇക്കാര്യത്തിൽ ഭേദമില്ല'' [പ്രേഷിതപ്രവർത്തനം 40]

''വിശ്വാസപ്രചാരണത്തിലും സഭാസ്ഥാപനത്തിലും സന്ന്യാസസമൂഹങ്ങൾ ചെയ്തിട്ടുള്ള പ്രമുഖസേവനത്തിനു ചരിത്രം സാക്ഷ്യം വഹിക്കുന്നു. ആരംഭകാലത്തു മധ്യയുഗങ്ങളിലും ആധുനിക തലമുറയിലുമുള്ള സന്ന്യാസ സ്ഥാപനങ്ങൾ ഇതിനു തെളിവാണ്'' [ജോൺപോൾ II].

## 4. *സെക്കുലർ ഇൻസ്റ്റിററ്യൂട്ട്*

### a *ലോകത്തിന്റെ പവിത്രീകരണത്തിനുവേണ്ടി*

ലോകത്തിൽതന്നെ ജീവിച്ചുകൊണ്ട് സ്നേഹത്തിന്റെ പൂർത്തിക്കുവേണ്ടിയും ലോകത്തിന്റെ പവിത്രീകരണത്തിനുവേണ്ടിയും പ്രവർത്തിക്കുന്ന ക്രിസ്തീയ വിശ്വാസികളുടെ സമർപ്പിത സമൂഹമാണ് സെക്കുലർ ഇൻസ്റ്റിററ്യൂട്ട്.
[CIC Can 710]

www.malankaralibrary.com



### b സുവിശേഷവേല

പൂർണ്ണസമർപ്പിതരായ പ്രസ്തുത സമൂഹത്തിലെ അംഗങ്ങൾ സഭയുടെ സുവിശേഷവേലയിൽ പങ്കുകൊള്ളുന്നു. 'ലോകത്തിൻെറ പുളിമാവായി' അവർ സമൂഹത്തിൽ ഇടപെടുന്നു. [പീയൂസ് XII] ഭൗതികവസ്തുക്കൾ ദൈവിക സംവിധാനപ്രകാരം ക്രമപ്പെടുത്താനും സുവിശേഷശക്തി ലോകത്തെ അറിയിക്കുവാനും അവരുടെ ക്രിസ്തീയസാക്ഷ്യം ലക്ഷ്യം വെക്കുന്നു. തങ്ങളുടെ പ്രത്യേകമായ സെക്കുലർ ജീവിതരീതിക്ക് ഒത്തവിധത്തിൽ കൂട്ടായ്മപാലിച്ചുകൊണ്ട് സുവിശേഷോപദേശങ്ങൾക്ക അവർ തങ്ങളെ സമർപ്പിക്കുന്നു. [CIC Can 713 [2] ]

## 5 അപ്പസ്തോലിക സമൂഹങ്ങൾ

### a. ബ്രദേഴ്സിൻെറയും സിസ്റ്റേഴ്സിൻെറയും സമൂഹം

സന്ന്യാസികളുടെ വ്രതത്രയം കൂടാതെയുള്ള അപ്പസ്തോലിക സമൂഹങ്ങളുമുണ്ട്. തങ്ങളുടെ സമൂഹത്തിൻെറ പ്രത്യേകമായ അപ്പസ്തോലിക ലക്ഷ്യമാണ് അവരെ നയിക്കുന്നത്. ഇങ്ങനെയുള്ള ബ്രദേഴ്സിൻെറയും സിസ്റ്റേഴ്സിൻെറയും സമൂഹങ്ങളുണ്ട്. സമൂഹനിയമാവലിപ്രകാരം സ്നേഹപൂർണ്ണതയിലെത്താൻ അവർ ശ്രമിക്കുന്നു. സുവിശേഷവ്രതങ്ങൾ സ്വീകരിക്കാൻ അംഗങ്ങളെ അനുവദിക്കുന്ന നിയമാവലിയും ഇക്കൂട്ടത്തിലുണ്ട്. [CIC Can 731, (1)(2)]

### b. സമർപ്പണത്തിൻെറ പുനഃപ്രതിഷ്ഠ

മാമോദീസായിലൂടെ സമർപ്പിതനായവൻ എല്ലാററിനുമുപരിയായി സ്നേഹിക്കുന്ന ദൈവത്തിനു സഭയുടെ നന്മയ്ക്കും ദൈവസേവനത്തിനും വേണ്ടി ഒരിക്കൽകൂടി സ്വയം സമർപ്പിക്കുകയാണ്. ഈ സമർപ്പിതജീവിതാവസ്ഥയിലൂടെ സഭ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു, അത്ഭുതകരമായി സഭയിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മാവിനെ വെളിപ്പെടുത്തുന്നു. സുവിശേഷവ്രതങ്ങൾ ഏററുപറഞ്ഞു സമർപ്പിതരായവരുടെ മുഖ്യദൗത്യം അവരുടെ വ്രതങ്ങൾ ജീവിതത്തിലാക്കുകയത്രേ. സഭാസേവനത്തിനു പ്രതിഷ്ഠിതരായ

www.malankaralibrary.com



തുകൊണ്ട് സുവിശേഷപ്രവർത്തനത്തിനും അവർ കടപ്പെട്ടിരിക്കുന്നു. (CIC Can 783).

### c. രക്ഷാകരരഹസ്യത്തിലെ ഒരു പ്രത്യേക അടയാളം

കർത്താവിൻെറ ജീവിതത്തിൻെറ ക്രൂദാശയാണ്– അടയാളവും ഉപകരണവുമാണ് സഭ. രക്ഷാകരരഹസ്യത്തിൻെറ ഒരു പ്രത്യേക അടയാളമായി സഭയിലെ സമർപ്പിതജീവിതം കാണപ്പെടുന്നു. കർത്താവിനെ അനുഗമിക്കുകയും ദൃഢമായി അനുകരിക്കയും ചെയ്യുന്നത് അവിടുത്തെ "സ്വയംശൂന്യനാക്കൽ" പ്രക്രിയ കൂടുതൽ ആഴത്തിൽ സഭയിൽ വെളിപ്പെടുത്തുകയാണ്. ഈ ഇടുങ്ങിയ പാതയിലൂടെ ചരിക്കുന്നവർ സ്വമാതൃകയിലൂടെ സഹോദരന്മാരെ ഉണർത്തുന്നു; അഷ്ട ഭാഗ്യങ്ങളുടെ ചൈതന്യം കൂടാതെ ലോകത്തിനു മാററം വരുത്താവതല്ലെന്നു സാക്ഷിപ്പെടുത്തുകയും ചെയ്യുന്നു.

[തിരുസ്സഭ 31 (2)]

### d വിശ്വാസികളെ ബോധ്യപ്പെടുത്തുന്ന ആദ്ധ്യാത്മിക യാഥാർത്ഥ്യം

"ഈ ലോകത്തിൽ ശാശ്വതമായ ഒരു വാസസ്ഥലം ദൈവജനത്തിനില്ല അതുകൊണ്ട് സന്ന്യാസജീവിതം സഭാംഗങ്ങളെ ലൗകികമായ കെട്ടുപാടുകളിൽനിന്നു വിമുക്തമാക്കുന്നതുവഴി ഇഹത്തിൽവെച്ചുതന്നെ ആസ്വദിച്ചു തുടങ്ങുന്ന ആദ്ധ്യാത്മികനന്മകളുടെ യാഥാർത്ഥ്യം സകല വിശ്വാസികളേയും ബോധ്യപ്പെടുത്തുന്നു" [തിരുസ്സഭ 44 (3)]

## അനുബന്ധം 12

## സഭാഘടനാസംഗ്രഹം

### 1. പുരോഹിതന്മാർ, അല്മായർ, സമർപ്പിതഗണം

സഭയിൽ ദൈവത്താൽ സ്ഥാപിക്കപ്പെട്ട പുരോഹിതഗണവും അല്മായർ എന്നു വിളിക്കപ്പെടുന്ന വിശ്വാസികളുടെ കൂട്ടവും ഉണ്ട്. സഭയുടെ രക്ഷാകരദൗത്യത്തിനു സേവനം അനുഷ്ഠിക്കുന്നതിനു സുവിശേഷോപദേശങ്ങൾ ഏററുപറഞ്ഞ് ദൈവത്തിനു പ്രതിഷ്ഠിതരായവരുമുണ്ട്. [CIC Can207(1)(2)]

www.malankaralibrary.com



*2. അപ്പസ്തോലന്മാരും പിൻഗാമികളും*

വിശ്വാസം പ്രസംഗിക്കാനും തൻെറ ഭരണം സ്ഥാപിക്കാനുംവേണ്ടി ക്രിസ്തു അപ്പസ്തോലന്മാരെയും പിൻഗാമികളെയും ഏർപ്പെടുത്തി. തൻെറ ദൗത്യത്തിൻെറ ഒരംശം അവക്കു നല്കി. അവിടുത്തേക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ശക്തി അവർ തേടി.

*3. പത്രോസും അനന്തരഗാമിയും*

സഭയുടെ കാണപ്പെടുന്ന അടിത്തറയായി കർത്താവു വി. പത്രോസിനെ ആക്കി. സഭയുടെ താക്കോലുകൾ അവനു നല്കി. വി. പത്രോസിൻെറ പിൻഗാമിയായ റോമിലെ മെത്രാൻ,സമൂഹത്തിൻെറ അദ്ധ്യക്ഷനും ക്രിസ്തുവിൻെറ വികാരിയും ഭൂമിയിലെ സാർവ്വത്രികസഭയുടെ ഇടയനുമാകുന്നു.

*4. മാർപ്പാപ്പായുടെ ആത്മപാലനാധികാരം*

''ദൈവികനിയമത്താൽതന്നെ ആത്മപാലനത്തിൽ മാർപ്പാപ്പായ്ക്കു സമ്പൂർണ്ണവും നേരിട്ടുള്ളതും സാർവ്വത്രികവുമായ അധികാരമുണ്ട്.'' (മെത്രാന്മാർ 2)

*5. പ്രാദേശിക സഭയുടെ അടിത്തറ മെത്രാൻ*

മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻമുറക്കാരാണ്. ''പ്രാദേശിക സഭകളിലെ ഐക്യത്തിൻെറ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാന്മാർ തന്നെ.'' (തിരുസ്സഭ 23)

*6. വൈദികരോടും ഡീക്കന്മാരോടും സഹകരണം*

സഹപ്രവർത്തകരായ വൈദികരോടും ഡീക്കന്മാരോടും സഹകരിച്ചു സഭയെ പഠിപ്പിക്കുവാനും ദിവ്യാരാധന നടത്താനും നയിക്കാനും മെത്രാന്മാർക്കു കടമയുണ്ട്.

*7. അല്മായരുടെ പ്രേഷിതത്വം*

''സുവിശേഷ ചൈതന്യം ഭൗതികമണ്ഡലങ്ങളിൽ വ്യാപിപ്പിക്കയും അതേചൈതന്യംവഴി ഈ മണ്ഡലങ്ങളെ പൂർണ്ണമാക്കയും ചെയ്യുമ്പോഴും മനുഷ്യരെ സുവിശേഷം അറിയിക്കുകയും വിശുദ്ധീകരിക്കയും ചെയ്യുമ്പോഴും അവർ പ്രേഷിത പ്രവർത്തനത്തിൽ വ്യാപൃതരാകുകയാണു ചെയ്യുന്നതു്.'' (അല്മായ പ്രേഷിതത്വം 2 [2])

www.malankaralibrary.com



### 8. പൗരോഹിത്യത്തിലും അല്മായർക്കു പങ്കാളിത്തം

ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ പങ്കുള്ളവരാണ് അല്മായർ. അവിടുത്തോടു അവർ ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിപരവും കുടുംബസംബന്ധിയും സാമൂഹ്യവും സഭാപരവുമായ എല്ലാ ജീവിതരംഗങ്ങളിലും മാമോദീസാ, സ്ഥിരീകരണം എന്നീ കൂദാശകളിലൂടെ കിട്ടിയ വരം അവർ പ്രദർശിപ്പിക്കണം.

### 9. അല്മാർ ക്രിസ്തുവിനു സാക്ഷികളാകണം

''ക്രൈസ്തവ ചൈതന്യം ലോകത്തിനുപകർന്നു കൊടുക്കാൻ അല്മായർക്കു കടമയുണ്ട്. സമുദായമധ്യത്തിൽ എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും അവർ വിളിക്കപ്പെട്ടവരാണ്.'' [സഭ ആധുനികലോകത്തിൽ 43 [4]

### 10 അല്മായൻെറ സമരം പാപസാഹചര്യങ്ങൾക്കു നേരെ

''പാപത്തിനു പ്രേരിപ്പിക്കുന്ന ലോകത്തിൻെറ പ്രസ്ഥാനങ്ങൾക്കും സാഹചര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ അല്മായർ സംഘടിതമായി പരിശ്രമിക്കട്ടെ. തൽഫലമായി ഇവയെല്ലാം പുണ്യാഭ്യസനത്തിനു വിഘ്നമാകാതെ നീതിയുടെ നിയമങ്ങൾക്കു യോജിച്ചതും അതിനുപ്രേരകവുമായിത്തീരും'' (തിരുസ്സഭ 36)

### 11 സമർപ്പിതരുടെ അംഗീകൃതമായ ജീവിതക്രമം

സുവിശേഷോപദേശങ്ങളായ ദാരിദ്ര്യവും ബ്രഹ്മചര്യവും അനുസരണവും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള സഭയാൽ അംഗീകൃതമായ ഒരു സ്ഥിരമായ ജീവിതക്രമം സമർപ്പിതർ നയിക്കുന്നു

### 12 മാമോദീസാ സമർപ്പണത്തിൻെറ പുനരാവർത്തനം

മാമോദീസായിലൂടെ സമർപ്പിതനായവൻ എല്ലാററിലുമുപരിയായി സ്നേഹിക്കുന്ന ദൈവത്തിനു സഭയുടെ നന്മയ്ക്കും ദൈവസേവനത്തിനും വേണ്ടി ഒരിക്കൽ കൂടി സ്വയം സമർപ്പിക്കുകയാണ്.

www.malankaralibrary.com

## അദ്ധ്യായം 13

# പുണ്യവാന്മാരുടെ ഒരുമ്പാട്

സഭയെക്കുറിച്ചു ശരിയായി മനസ്സിലാക്കേണ്ടതു പുണ്യവാന്മാരുടെ ഒരുമ്പാടു എന്നു തന്നെയാണ്.

### 1 നന്മയുടെ പങ്കുചേരൽ

"വിശ്വാസികൾ ഒരു ശരീരമായി ചേർക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തൻെറയും നന്മ അപരനിലേക്കു പകരുന്നു. തന്മൂലം സഭയിൽ നന്മയുടെ പങ്കുചേരൽ ഉണ്ടെന്നും നാം വിശ്വസിക്കുന്നു. ഏററം പ്രധാന അംഗം ക്രിസ്തു; അവിടുന്നു ശിരസ്സുമാണ്. അതുകൊണ്ടു ക്രിസ്തുവിൻെറ സമൃദ്ധികൃദാശകളിലൂടെ എല്ലാ അംഗങ്ങളിലേക്കും പകരുന്നു" (വി. തോമസ് അക്വിനാസ്) സഭ പരിശുദ്ധാത്മാവിനാൽ ഭരിക്കപ്പെടുന്നതിനാൽ സഭയുടെ സമ്പത്തു മുഴുവൻ എല്ലാവർക്കുമുള്ളതാകുന്നു. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു".

(നട. 2:14)

> നന്മയുടെ ഒരു വലിയ ശൃംഖല സഭയിലുണ്ട്. ....പരിശുദ്ധന്മാരുടെ ദൃഷ്ടാന്തങ്ങളും പുണ്യാവാന്മാരുടെ ഉപമകളും ദീർഘദർശിന്മാരുടെ സ്നേഹവും ശ്ളീഹന്മാരുടെ സത്യവും സഹദേന്മാരുടെ പോരാട്ടവും അറിയിപ്പുകാരുടെയും പ്രഭാഷകന്മാരുടെയും മല്പാന്മാരുടെയും വചനങ്ങളും വിശ്വാസപോരാട്ടക്കാരുടെയും നീതിമാന്മാരുടെയും കിരീടവും ഗുണവാന്മാരുടെ നോമ്പും ഒരുവായക്കാരുടെയും വ്രതനിഷ്ഠയുള്ളവരുടെയും പൂർണ്ണതയും അനുതാപികളുടെയും വിലപിതന്മാരുടെയും കണ്ണുനീരും പരിശുദ്ധന്മാരുടെ പ്രത്യാശയും നടപടിയും തിരുസ്സഭയുടെ അപേക്ഷയും നിൻെറ മാതാവായ പ. കന്യകമറിയാമിൻെറ യാചനയും നിൻെറ സ്നാപകനായ യോഹന്നാൻെറയും ശുശ്രൂഷകനായ സ്തോപ്പാനോസിൻെറയും പ്രാർത്ഥനകളുംമൂലം കർത്താവേ, ഞങ്ങളോടു പ്രീതിയുണ്ടാകണമേ."
>
> [പെങ്കീസാ, സ്ളീബായുടെ ശേഷം 2-ാം ഞായർ, പ്രഭാതം]

### 2 പരസ്പരബന്ധിതങ്ങളായ രണ്ടു കാര്യങ്ങൾ

"പുണ്യവാന്മാരുടെ ഒരുമ്പാട്" എന്നതിൽ രണ്ടു

www.malankaralibrary.com



കാര്യങ്ങളുണ്ട്. പരസ്പരബന്ധിതമാണ രണ്ടും – വിശുദ്ധ കാര്യങ്ങളുമായുള്ള ബന്ധം ഒന്ന്, വിശുദ്ധ വ്യക്തികളുമായുള്ള ബന്ധം മററത്.

"വിശുദ്ധമായവ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക്" [Sancta Sanctis] എന്നത്രേ വി. കർബാനയിലെ ഉദ്ഘോഷണം. കർത്താവിന്റെ തിരുശരീരവും തിരുരക്തവും പരിശുദ്ധാത്മാവിന്റെ വ്യാപാരംവഴി വിശ്വാസികൾക്ക നല്കപ്പെടുന്നു.

കൂദാശകൾ മൂലം പുനരുജ്ജീവനം നേടിയവരുടെ സംഘമാണ് സഭയിലുള്ളത്.

"മാമോദീസാ
മൂലം മിശിഹാ തൻ
റൂശ്മാ കുത്തപ്പെ—
ട്ടും തൻ ഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനം ചെയ്വോർ
തൻ മൂലം ജീവൻ പൂണ്ടി—
പ്പൂഴിയതിൽ നിന്നിങ്ങേറി
ട്ടണിയും നൽ മഹിമാവിന്നങ്കി"

[ക്യംതാ, മദ്ധ്യാഹ്നം, കോലോ]

## 3 ആധ്യാത്മിക കാര്യങ്ങളിലുള്ള പങ്കാളിത്തം

യറുസലേമിലെ ആദിമക്രിസ്തീയ സമൂഹത്തിൽ ശിഷ്യന്മാർ അപ്പസ്തോലന്മാരുടെ പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കലിലും പ്രാർത്ഥനയിലും പരസ്പരം പങ്കുചേർന്നു (നട.2 :42)

ശ്ളീഹന്മാരുടെ ഉപദേശങ്ങളിൽനിന്നു ഉത്തേജിതരാകണമെന്നത്രേ സഭ നിർദ്ദേശിക്കുന്നത്. "അവരുടെ [ശ്ളീഹന്മാരുടെ] ദൈവികപ്രസംഗങ്ങളെ സദാ അനുസരിക്കുന്നവരും ദൈവാശ്രയത്തോടുകൂടിയുള്ള അവരുടെ ഭക്തിവൈരാഗ്യങ്ങളിൽ സാദൃശ്യപ്പെട്ടുന്നവരുമാകുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ", [പെങ്കീസാ, ശ്ളീഹന്മാരുടെ പെരുന്നാൾ, സന്ധ്യാ, എത്രോ]

"......പിതാവിന്റെ ജ്ഞാനമായ താൻ അജ്ഞന്മാരായ പന്ത്രണ്ടുപേർ മൂലം വിശ്വാസികളെ വിജ്ഞന്മാരാക്കി" [Ibid, രാത്രി 2-ാം കൗമാ, സെദറാ]

"അവിശ്വാസം, യൂദത്വം എന്ന പുളിപ്പിൽനിന്നും ഞങ്ങൾ ഓടുകയും ശ്ളീഹന്മാരുടെ സുവിശേഷ ഉപദേശങ്ങളെ മാധുര്യമായി സ്വീകരിക്കുകയും ചെയ്യുമാറാകണമേ" [Ibid]

www.malankaralibrary.com



a *വിശ്വാസത്തിൽ പങ്കുകൊള്ളൽ*

സഭയുടെ വിശ്വാസമാണ് വിശ്വാസികൾക്ക് കിട്ടിയിട്ടുള്ളത്. അപ്പസ്തോലന്മാരത്രേ അതു സഭയ്ക്കു നല്കിയതു്. ജീവിതത്തിന്റെ ഒരു നിധിയാണ് വിശ്വാസം. പങ്കുചേരലിലൂടെ അതു അഭിവൃദ്ധമാകുന്നു.

b *കൂദാശാ സംസർഗം*

എല്ലാ കൂദാശകളുടെയും ഫലം വിശ്വാസികൾക്കു അവകാശപ്പെട്ടതാണ്. എല്ലാ കൂദാശകളും വിശ്വാസികളെ പരസ്പരം ബന്ധിക്കുന്ന വിശുദ്ധബന്ധങ്ങളാണ്. അതു വിശ്വാസികളെ ക്രിസ്തുവുമായും ദൃഢബന്ധത്തിലാഴ്ത്തുന്നു. സഭയിലേക്ക് പ്രവേശിപ്പിക്കുന്ന കവാടമാണ് മാമോദീസാ. വിശുദ്ധന്മാരുടെ സംസർഗ്ഗം കൂദാശകളുടെ സംബന്ധമായി മനസിലാക്കാവുന്നതാണ്. വി. കർബ്ബാനയാണ് ദൈവവുമായുള്ള ബന്ധം ദൃഢപ്പെടുത്തുന്നത്. എങ്കിലും എല്ലാ കൂദാശകൾക്കും സവിശേഷതയുണ്ട്

c *വരങ്ങളുടെ ബന്ധം*

സഭയുമായുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവു വിശ്വാസികൾക്കു വിവിധദാനങ്ങൾ നല്കുന്നുണ്ട്. ''ഓരോരുത്തനും തന്റെ ഇഷ്ടാനുസരണം വരങ്ങൾ നല്കികൊണ്ടും (1 കൊരി. 12: 11) എല്ലാ നിലകളിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രത്യേകപ്രസാദവരങ്ങൾ വിതരണം ചെയ്തുമാണ് പരിശുദ്ധാരൂപി ദൈവജനത്തെ വിശുദ്ധീകരിക്കുന്നതു്. (തിരുസ്സഭ 12 (2) ) ''ഓരോരുത്തനിലും ആത്മാവു വെളിപ്പെടുത്തുന്നതു പൊതുനന്മയ്ക്കുവേണ്ടിയാണ്. [1കൊരി. 12:7]

## 4 ധനത്തിന്റെ സൂക്ഷിപ്പുകാരൻ

ക്രിസ്ത്യാനിക്കുള്ളതെല്ലാം മററുള്ളവരുമായി ഉപയോഗിക്കത്തക്കവിധം പൊതുവായി കണക്കാക്കണം. ആവശ്യക്കാരനെയും അയൽവാസിയേയും സഹായിക്കാൻ എല്ലാ ക്രിസ്ത്യാനിയും സദാ ഒരുക്കമുള്ളവരായിരിക്കണം. കർത്താവിന്റെ ധനത്തിന്റെ ഒരു സൂക്ഷിപ്പുകാരൻ മാത്രമാണ് ക്രിസ്ത്യാനി. [നട. 4: 32]

സമ്പന്നന്റെ നീതിനിഷ്ഠയും ദരിദ്രരുടെ ഐശ്വര്യാഭിവൃദ്ധിയും വളരുന്ന ഒരു സമൂഹത്തിനു വേണ്ടിയാണ് സഭ പ്രാർത്

www.malankaralibrary.com



ഥിക്കുന്നതു്. "......ധനവാന്മാർ നീതിയായി നയിക്കപ്പെടണമേ. ദരിദ്രരും അഗതികളും പോററപ്പെടണമേ. രോഗികളും ദീനരും സുഖപ്പെടണമേ. വിലാപത്തിലും ദുഃഖത്തിലും ആയിരിക്കുന്നവർ ആശ്വസിക്കണമേ. പരീക്ഷകൾ നീങ്ങുകയും കോപശിക്ഷകൾ ഇല്ലാതാകുകയും ചെയ്യണമേ. സമാധാനവും ശാന്തിയും വാഴണമേ. സഭയും തൽപ്രജകളും മോദിക്കണമേ" (പെങ്കീസാ, ശ്ളീഹന്മാരുടെ പെരുന്നാൾ, ഏഴരയുടെ പ്രാർത്ഥന, സെദറാ)

## 5 എല്ലാവരുടെയും ഐക്യം

"നമ്മിലാരും തനിക്കുവേണ്ടിമാത്രം ജീവിക്കുന്നില്ല, തനിക്കുവേണ്ടിമാത്രം മരിക്കുന്നുമില്ല"(റോമ. 14: 7) "ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു." "നിങ്ങൾ ക്രിസ്തുവിൻെറ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണു്." [1കോരി. 12: 26—27]

"സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല"(1 കോരി. 13; 5) ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായുള്ള എല്ലാവരുടെയും ഐക്യത്തിൽ വിശുദ്ധന്മാരുടെ സംസർഗം ഉറപ്പിച്ചിരിക്കുന്നു. നമ്മുടെ സ്നേഹത്തിൻെറ ഏററം ചെറുപ്രകടനവും ഇതിൽ മുതൽ കൂട്ടപ്പെടും. ഓരോ പാപവും ഇതിനെ ഹനിക്കുകയും ചെയ്യും.

മാതാവും പരിശുദ്ധന്മാരും ഉൾപ്പെടുന്ന ഒരു വലിയ സംഘവുമായുള്ള ഐക്യമത്രേ സഭാംഗങ്ങൾക്കു ലഭിക്കുന്നതു്.
"ചേർക്കുകനാഥാ, ഞങ്ങളെയങ്ങേ അമ്മയുടെ—യും
നിൻശുദ്ധന്മാർ ഏവരുടെയും ഓ-ർമ്മയതിങ്കൽ"
[ശ്ഹീമോ,ശുബഹൊ, വെള്ളി, സന്ധ്യ,യാക്കോബിൻെറ ബോവൂസോ]

# 4 സ്വർഗ്ഗീയ സഭയും ഭൂമിയിലെ സഭയും രണ്ടും തമ്മിലുള്ള വ്യത്യാസം

## 1 സഭയുടെ മൂന്നു അവസ്ഥകൾ

"കർത്താവു മഹത്വത്തോടും സർവ്വ സ്വർഗ്ഗ ദൂതന്മാരുടെയും അകമ്പടിയോടും കൂടിവരുമ്പോൾ (മത്താ. 25:31)

www.malankaralibrary.com



മരണത്തെ നശിപ്പിച്ച് കീഴ്പ്പെടുത്തുകയും എല്ലാം അവിടുത്തേക്കു വിധേയമാക്കുകയും ചെയ്യും,, [1കോരി.15,26–27] അതിനിടയ്ക്കു ശിഷ്യരിലാകട്ടെ ചിലർ ഭൂമിയിൽ പ്രവാസത്തിൽകഴിച്ചുകൂട്ടുന്നു. ചിലർമരിച്ച് വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു; മററുചിലർ ത്രിയേകദൈവത്തെ യഥാർത്ഥമായി കണ്ടനുഭവിച്ചുകൊണ്ടിരിക്കുന്നു. '[തിരുസഭ49] മത്താ 25:31;1 കോരി 15;26–27]

''വ്യത്യസ്തരീതിയിലും അളവിലും ആയിരുന്നാലും നാമെല്ലാം ഒരേ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും സംസർഗ്ഗം ചെയ്യുന്നു. എല്ലാവരും ദൈവത്തിന് ഒരേ മഹത്വഗീതം പാടുന്നു.കാരണം ക്രിസ്തുവിനുള്ളവരെല്ലാം അവിടത്തെ അരൂപിയെ പ്രാപിച്ച് ഒരു സഭയായി രൂപം പ്രാപിക്കുകയും തന്നിൽ പരസ്പരം ഒന്നു ചേർന്നിരിക്കയും ചെയ്യുന്നു''

[എഫേ. 4:16] [തിരുസ്സഭ 49]

എല്ലാതലമുറകളിലുമുള്ളവർ ഒന്നിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്ന മഹനീയതയാണു സഭയിലുള്ളത്, ''കർത്താവേ എല്ലാ തലമുറകളിലും നിന്റെ തിരുനാമത്തെ പ്രീതിപ്പെടുത്തുന്ന പുണ്യവാന്മാർ നിനക്കുള്ളതിനാൽ നിനക്കു മഹത്വം.ആദ്യതലമുറകളിലെ നോഹും അബ്രഹാമും ഇസഹാക്കും യാക്കോബും മോശയും ഏലിയായും ഈ തലമുറയിൽ തങ്ങളുടെ കഴുത്തുകളിൽനിന്നു രക്തമൊഴുക്കിയ വാഴ്ത്തപ്പെട്ട വേദസാക്ഷികളും നിന്നോടു പ്രാർത്ഥിക്കും' (ശ്ഹീമോ, വെള്ളി,സന്ധ്യ)

## 2 നിദ്രപ്രാപിച്ചവരും പ്രവാസത്തിൽ കഴിയുന്നവരും

ക്രിസ്തുവിൽ നിദ്രപ്രാപിച്ചവരോടു യാത്രയിലിരിക്കുന്നവർക്കുള്ള ഐക്യം ഇല്ലാതാകുന്നില്ല. മറിച്ച്, സഭയിലുള്ള പരമ്പരാഗതമായ വിശ്വാസമനുസരിച്ചും ആദ്ധ്യാത്മിക നന്മയിലുള്ള സംസർഗ്ഗം വഴി അതുബലപ്പെടുകയാണ്.

[തിരുസ്സഭ 49]

മരിച്ചവരെ ജീവിച്ചിരിക്കുന്നവർ അനുസ്മരിക്കുന്നു
''കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടഷ്ടിയെ നീ പുതുതാക്കീടണമേ
നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ''

[മാർ ബാലായിയുടെ അപേക്ഷ]

www.malankaralibrary.com



## 3 വിശുദ്ധന്മാരുടെ മാധ്യസ്ഥ്യം

സ്വർഗ്ഗത്തിലെത്തിയിരിക്കുന്നവർ ക്രിസ്തുവുമായി കൂടുതൽ ഐക്യം പ്രാപിച്ചിരിക്കുന്നതിനാൽ അവർ സഭ മുഴുവനേയും വിശുദ്ധിയിൽ കൂടുതൽ ഉറപ്പിക്കയും അവരം ഭൂമിയിൽ ദൈവത്തിനു അർപ്പിക്കുന്ന ആരാധനക്കു മഹത്വം, ചാർത്തുകയും വിവിധ മാർഗ്ഗങ്ങളിൽ അതിന്റെ വളർച്ചയെ സഹായിക്കയും ചെയ്യുന്നു. [1 കോരി. 12:12–27].

സ്വർഗീയ ഭവനത്തിൽ സ്വീകരിക്കപ്പെട്ട് കർത്താവിന്റെ സമീപം സ്ഥിതി ചെയ്യുന്ന ഇവർ [2 കോരി. 5:8] ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടുകൂടെയും പിതാവിന്റെ പക്കൽ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നതിൽ നിന്നു വിരമിക്കുന്നില്ല. ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള ഏകമധ്യസ്ഥനായ ക്രിസ്തുവഴി അവർ ഭൂമിയിൽ നേടിയ യോഗ്യത പിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. [1 തിമോ. 2:5]

''ഇവിടെ അവർ എല്ലാററിലും ദൈവത്തിനു സേവനം ചെയ്തു. ക്രിസ്തുവിന്റെ സഹനത്തിൽ കുറവുള്ളതു സഭയാകുന്ന അവിടത്തെ ശരീരത്തിനുവേണ്ടി അവരുടെ ശരീരങ്ങളിൽ പൂർത്തിയാക്കി [കൊളോ. 1:24] അങ്ങനെ സാഹോദര്യത്തിൽ നിന്നുടലെടുക്കുന്ന അവരുടെ ഈ താല്പര്യംവഴി നമ്മുടെ ബലഹീനത ഗണ്യമാംവിധം പരിഹൃതമാകുന്നു'' [തിരുസ്സഭ 49]

''കരയാതിരിക്കൂ. എന്റെ മരണശേഷം ഞാൻ നിങ്ങൾക്കു കൂടുതൽ പ്രയോജനമുള്ളവനായിരിക്കും. ജീവിതത്തിലെന്നതിനേക്കാൾ അപ്പോൾ എനിക്കു നിങ്ങളെ കൂടുതൽ സഹായിക്കാവുന്നതാണ്'' [വി. ഡോമിനിക്ക്]

'സ്വർഗത്തിലെ എന്റെ വാസം ഭൂമിയിൽ നന്മ ചെയ്യുന്നതിനു ഞാൻ വിനിയോഗിക്കുന്നതാണ്''. [കൊച്ചുത്രേസ്യാ]

വിശുദ്ധന്മാരുടെ മധ്യസ്ഥതയെ സഭ വിലമതിക്കുന്നു.
''മാ—നിപ്പാൻ നാം
കടമയുള്ളവരത്രേ

www.malankaralibrary.com



യൗസേപ്പസ്ഥീകളെ
ബഹുമാനിച്ചൊരുമൂശേപ്പോൽ
ശുദ്ധാത്മാസ്ഥികളെയെന്നും
കോപത്തിൻ സമയേ നീതീ-
ക്കൊത്തൊരു-ശിക്ഷ—വരാതവരും
കേണീടും നമ്മൾക്കായനിശം''.

[ഞായർ, പ്രഭാതം]

## 4 വിശുദ്ധന്മാരുമായുള്ള ബന്ധം

"കേവലം മാതൃകയുടെ അടിസ്ഥാനത്തിൽ മാത്രമല്ല സ്വർഗ്ഗസ്ഥരുടെ സ്മരണ നാം ആചരിക്കുന്നത്. അതിനെല്ലാമുപരിയായി സഹോദരസ്നേഹത്തിന്റെ ഈ പരിശീലനംവഴി അരൂപിയിൽ സഭ മുഴുവന്റെയും ഐക്യം സുദൃഢമായിത്തീരാൻ വേണ്ടിയാണ്. [എഫെ. 4: 1–6] യാത്രക്കാരായ നമ്മുടെ ഇടയിലുള്ള ക്രിസ്തീയ സമ്പർക്കം ക്രിസ്തുവിനോട് നമ്മെ കൂടുതൽ അടുപ്പിക്കുന്നുണ്ടല്ലൊ. അതുപോലെയാണ് വിശുദ്ധന്മാരുമായുള്ള നമ്മുടെ സഖിത്വം. എല്ലാ പ്രസാദവരത്തിന്റെയും ദൈവജനത്തിന്റെ ജീവന്റെ തന്നെയും ഉറവിടവും ശിരസ്സുമായ ക്രിസ്തുവിനോടു അതു നമ്മെ യോജിപ്പിക്കുന്നു" [തിരുസ്സഭ 50]

ദൈവപുത്രനായി ക്രിസ്തുവിനെ നമ്മൾ ആരാധിക്കുന്നു; ക്രിസ്തുവിന്റെ ശിഷ്യന്മാരും അനുകർത്താക്കളും ആയി രക്തസാക്ഷികളെ സ്നേഹിക്കുന്നു. ഗുരുവിനോടും രാജാവിനോടുമുള്ള അതുല്യമായ ഭക്തിയാണ് രക്തസാക്ഷിത്വത്തിനു ശിഷ്യരെ പ്രേരിപ്പിച്ചത്. അവരുടെ ചങ്ങാതികളും സഹശിഷ്യന്മാരുമാകുന്നതിനു നമുക്കും ശ്രമിക്കരുതോ?

മോശ യൗസേപ്പിന്റെ അസ്ഥികളെ ബഹുമാനിച്ചെങ്കിൽ അതേ പരിഗണന സഹദേന്മാരുടെ അസ്ഥികൾക്ക നല്കണമെന്നത്രേ സഭയുടെ നിർദേശം.

"നഗരത്തിനു കോട്ടകൾ പോലെ
കൂടാരത്തിന്നുൾവെച്ചാൽ
യൗസേപ്പസ്ഥികളെ മൂശ
സഹദേന്മാരസ്ഥികളതുപോൽ
ആത്മാക്കൾക്കായും കോട്ട
ചിറകിൻ കീഴിൽ മറയ്ക്കിവരെ''
(ശ്ഹീമോ, ശുബഹൊ, ശനി, സന്ധ്യ)

www.malankaralibrary.com



## 5 മരിച്ചവരുമായുള്ള ബന്ധം

''തീർത്ഥാടകസഭ ആദ്യത്തെ നൂററാണ്ടുമുതൽക്കു തന്നെ ഭക്തിപൂർവ്വം മരിച്ചവരുടെ ഓർമ്മ ആചരിച്ചുപോന്നിരുന്നു. മാത്രമല്ല, ''മരിച്ചവർ അവരുടെ പാപങ്ങളിൽ നിന്നു മോചിതരാകാൻ വേണ്ടി പ്രാർത്ഥിക്കുന്നതു പരിശുദ്ധവും രക്ഷാകരമായതുമായ ഒരു വിചാരമായതുകൊണ്ട്'' [2മക്ക. 12:46] തീർത്ഥാടകസഭ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു........ക്രിസ്തീയ സുകൃതങ്ങൾ വീരോചിതമായി അഭ്യസിക്കുകയും പ്രത്യേകദൈവദാനങ്ങളും മററും പ്രാപിക്കുകയും ചെയ്യുകയാൽ വിശ്വാസികളുടെ വണക്കത്തിനും അനുകരണത്തിനും പാത്രമായവരും ഈ ഗണത്തിൽ ഉൾപ്പെടുന്നു'' [തിരുസഭ 50]

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ന്യായയുക്തത സഭ വെളിപ്പെടുത്തുന്നു.

''തൻ ശുദ്ധ ശരീരം ഭ—
ക്ഷിച്ചും രക്തം
പാനം ചെയ്തും മൃതരായോർ
തന്നാത്മാക്കൾ മേൽ
അഴിയാലോകേ പാപത്തി-
ന്നിരുൾ വാഴായ്‌വാൻ
പ്രാർത്ഥിച്ചീടുക നാം മിശിഹാ
തന്നോടവർ പേർക്കായ്
അവരാത്മാക്കളെ വാങ്ങിയ നാഥാ
അവർ നിന്നെ കൊണ്ടാടിയതാലെ
നീയവരെ വിളിച്ചു നിറുത്തി-
ടണമേ വലതുവശം'' [ക്യംതാ, പ്രഭാതം, കോലോ]

## 6. ദൈവത്തിന്റെ ഒരേ കുടുംബത്തിൽ

''നാം ദൈവത്തിന്റെ മക്കളും ക്രിസ്തുവിൽ ഒരു കുടുംബവുമായി ചേർന്നിരിക്കുന്നു. [എബ്രാ. 3: 6] പരസ്പരം സ്നേഹിക്കുന്നതിലും പരിശുദ്ധപരമത്രിത്വത്തിന് എകയോഗമായി സ്തുതി അർപ്പിക്കുന്നതിലും ഒന്നിച്ചുകൂടുമ്പോൾ സഭയുടെ ഏററം മൗലികമായ വിളിക്കു നാം പ്രത്യുത്തരം നല്കുന്നു; മകുടം പ്രാപിച്ച മഹത്വത്തിലുള്ള തിരുക്കർമ്മങ്ങളെ മുൻകൂട്ടി അനുഭവിക്കുന്നതിൽ പങ്കുകൊള്ളുന്നു'' [തിരുസ്സഭ 51]

www.malankaralibrary.com



ക്രിസ്തീയ കൂട്ടായ്മയുടെ അഭികാമ്യത സഭ ഉച്ചസ്വരത്തിൽ ആലപിക്കുന്നു.

''ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
ക്ലേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധസഭയ്ക്കും ശ്ലോമ്മോ'' (ക്യംതാ, പ്രഭാതം, കുക്കിലിയോൻ, കോലോ)

## അനുബന്ധം 13

## പുണ്യവാന്മാരുടെ ഒരുമ്പാട്, സംഗ്രഹം

### 1. സഭ വിശുദ്ധന്മാരുടെ സംസർഗ്ഗം

സഭ വിശുദ്ധന്മാരുടെ സംസർഗ്ഗമാകുന്നു. ഇതു വിശുദ്ധ വസ്തുക്കളെ സർവ്വോപരി വിശുദ്ധ കർബാനയെ സ്പർശിക്കുന്നു. ''ദിവ്യകാരുണ്യത്തിന്റെ കൂദാശ ക്രിസ്തുവിൽ ഏകശരീരമായിത്തീരുന്ന വിശ്വാസികളുടെ ഐക്യം സൂചിപ്പിക്കുകയും (1 കോരി 10:17) സാക്ഷാൽക്കരിക്കുകയും ചെയ്യുന്നു'' (തിരുസ്സഭ 3)

### 2. എല്ലാവർക്കും ഫലം നല്കുന്ന സഹനം

വിശുദ്ധന്മാരുടെ ഒരുമ്പാടു പരിശുദ്ധന്മാരുമായുള്ള സംസർഗ്ഗത്തേയും ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും വേണ്ടി മരിച്ച ക്രിസ്തുവുമായി ബന്ധപ്പെട്ടവരാണവർ. ക്രിസ്തുവിലും ക്രിസ്തുവിനുവേണ്ടിയും സഹിക്കുന്നതെല്ലാം എല്ലാവർക്കുമായി ഫലം നല്കുന്നു.

### 3. തീർത്ഥാടകരും പരേതരും വാഴ്ത്തപ്പെട്ടവരും

ക്രിസ്തുവിന്റെ വിശ്വാസികൾ എല്ലാവരുടേയും ബന്ധത്തിൽ നാം വിശ്വസിക്കുന്നു. ഭൂമിയിലെ തീർത്ഥാടകരും ശുദ്ധീകരിക്കപ്പെടുന്ന പരേതരും സ്വർഗത്തിലെ വാഴ്ത്തപ്പെട്ടവരും എല്ലാം ഒന്നായിച്ചേർന്നു ഒരു സഭയായിത്തീരുന്നു. ഈ ദിവ്യസംസർഗ്ഗത്തിൽ ദൈവത്തിന്റെ കരുണാർദ്ര സ്നേഹവും അവിടുത്തെ വിശുദ്ധന്മാരും എല്ലാം നമ്മുടെ പ്രാർത്ഥനയിൽ ശ്രദ്ധാലുക്കളാണെന്നു നാം വിശ്വസിക്കുന്നു.

www.malankaralibrary.com

# അദ്ധ്യായം 14

# മറിയാം-ക്രിസ്തുവിന്റെ മാതാവും സഭയുടെ മാതാവും

## 1. ക്രിസ്തുവിന്റെയും സഭയുടെയും അമ്മ

കന്യകാമറിയാമിനെ ദൈവത്തിന്റെയും രക്ഷകന്റെയും യഥാർത്ഥ മാതാവായി അംഗീകരിക്കയും ബഹുമാനിക്കയും ചെയ്യുണം. തന്റെ പുത്രന്റെ യോഗ്യതയാൽ പ്രത്യേകവും അത്യുൽകൃഷ്ടവുമായ രീതിയിൽ അവരം വീണ്ടെടുക്കപ്പെട്ടു; ഗാഢൈക്യത്താൽ അവിടത്തോടു ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നു.... ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായി വിശ്വാസികരം സഭയിൽ ജനിക്കാൻ സ്നേഹം നിമിത്തം സഹകരിച്ചതിനാൽ അവരം സകല അംഗങ്ങളുടെയും മാതാവത്രേ'' (തിരുസ്സഭ 53). ''മറിയാം ക്രിസ്തുവിന്റെ അമ്മയാണ്, സഭയുടെയും അമ്മയാണ്''

(പോപ്പുപോരം VI)

കന്യാമറിയം ദൈവമാതാവെന്ന സത്യം അസന്ദിഗ്ദ്ധമായി സഭ പഠിപ്പിക്കുന്നു.

''പ്രസവിച്ചാരം മറിയം ദൈവത്തെ
എന്നേൽക്കാത്തോൻ ശാപാർഹൻ
അവനീശൻ-ഈശന്നാത്മജനും
എന്നേററരുളാത്തോരെല്ലാം
വേദവിരോധികളാകുന്നു
താതൻ മറിയാമിവരിൽ നി
ന്നാദിയതില്ലാതിഹകാലേ
വന്നൊരു വന്ദ്യൻ സുതനൊന്നെ
ന്നേൽക്കാത്തുള്ളോൻ ശാപാർഹൻ''
(ശ്ഹീമോ, മെനദാലം, ബുധൻ, പ്രഭാതം)

## 2 മറിയാം സഭയുടെ അമ്മ എന്ന നിലയിൽ രക്ഷാകർമ്മത്തിൽ പുത്രനുമായി ഐക്യം

''ക്രിസ്തുവിന്റെ കന്യകോത്ഭവം മുതൽ മരണം വരെ വെളിപ്പെടുന്നുണ്ട് രക്ഷാകരകർമ്മത്തിൽ പുത്രനുമായി അമ്മയുടെ ഐക്യം' (തിരുസ്സഭ 57)

''പ. കന്യക തന്റെ വിശ്വാസത്തിന്റെ തീർത്ഥയാ

www.malankaralibrary.com



ത്രയിൽ മുന്നേറി; പുത്രനുമായുള്ള ഐക്യം കുരിശുവരെ വിശ്വസ്തതാപൂർവം തുടർന്നു; തന്റെ ഏകജാതനോടുകൂടി.... നിഷ്ഠുരവേദനകൾ സഹിച്ചുകൊണ്ടു കുരിശിന്റെ ചുവട്ടിൽ നിലകൊണ്ടു; (യോഹ. 19:25) അവിടെ അവൾ മാതൃസഹജമായ വികാരങ്ങളോടെ അവിടുത്തെ ബലിയോടു സ്വയം യോജിപ്പിക്കുകയും തന്നിൽനിന്നു ജനിച്ച ആ ബലിവസ്തുവിനെ ഹോമിക്കാൻ സ്നേഹപുരസ്സരം സമ്മതിക്കയും ചെയ്തു. അവസാനമായി "സ്ത്രീ ഇതാ നിന്റെ മകൻ" (യോഹ. 19:26–27) എന്നരുൾ ചെയ്തുകൊണ്ട് കുരിശിൽ മരണാസന്നനായി തൂങ്ങിക്കിടന്നിരുന്ന ക്രിസ്തു അവളെ മാതാവായി തന്റെ ശിഷ്യനു നല്കി" (തിരുസ്സഭ 58)

മറിയാം വഹിക്കുന്ന രക്ഷയുടെ മധ്യസ്ഥത കുർബാന ക്രമത്തിൽ സഭ ഏററു പാടുന്നു.

,,സ്വർഗ്ഗത്തിന്റെ വാതിൽക്കൽ മറിയാം സ്ളീബായെ
തൃക്കൈ തന്നിലേന്തീട്ടു പുത്രനൊടർത്ഥിക്കും
പുത്രാ നിന്നെ—വഹിച്ചീസ്ളീബായും
നിന്നിൽ തറച്ചോ—രീയാണിമൂന്നും
ചങ്കിൽ കുത്തിയ ചവളവുമോർത്തെൻ ഗോത്രത്തെ
അരിശം നീക്കിക്കാക്കേണം എന്നുമെന്നേക്കും
ഹലേലൂയ്യാ-സഭയിൽ മക്കളെ" (കുർബാനക്രമം]

## 3 സഭയുടെ തുടക്കത്തെ സഹായിച്ചു

പുത്രന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം മറിയാം സഭയുടെ തുടക്കത്തെ പ്രാർത്ഥനകൊണ്ടു സഹായിച്ചു.

വിശുദ്ധരുടെ സഹഭാഗഭാഗിത്വത്തിൽ സ്വപുത്രന്റെ പക്കൽ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ—ആരംഭദശയിൽത്തന്നെ തിരുസ്സഭയെ പ്രാത്ഥനയാൽ സഹായിച്ചവളും ഇപ്പോൾ സകല വിശുദ്ധന്മാർക്കും ഉപരിയായി സ്വർഗത്തിൽ മഹത്വീകൃതയുമായ—മറിയത്തിന്റെ മുമ്പിൽ ക്രൈസ്തവ ലോകം മുഴുവൻ നിരന്തരം പ്രാത്ഥനകൾ ചൊരിയട്ടെ"

(തിരുസ്സഭ 69)

".......ശ്ളീഹന്മാർ ഭക്തസ്ത്രീകളോടും ക്രിസ്തുവിന്റെ മാതാവായ മറിയത്തോടും അവിടത്തെ സഹോദരന്മാരോടുംകൂടെ ഏകമനസ്സായി പ്രാത്ഥനയിൽ നിലനിന്നി

www.malankaralibrary.com



രുന്നതായും'' (നട. 1:14) മംഗലവാർത്തയുടെ അവസരത്തിൽ തൻെറ മേൽ ആവസിച്ച പരിശുദ്ധാത്മാവിൻെറ ദാനം സ്വീകരിക്കാൻ മറിയാം പ്രാർത്ഥിച്ചിരുന്നതായും നാം കാണുന്നു'' (തിരുസ്സഭ 59)

മനുഷ്യ രക്ഷയുടെ ബലി കർത്താവു വേദനയോടെ സമർപ്പിക്കു മ്പോൾ മറിയാം നുറുങ്ങിയ ഹൃദയത്തോടെ അതിൽ സഹകരിച്ചു.

''മറിയാം തിരുസവിധേ ചെന്നു
ഗോഗുൽത്തായിൽ തലതാങ്ങി
സങ്കട ദയനീയധ്വനിയോ—
ടേകാത്മജനെ പ്രതികേണാൾ''
(ആണ്ടു തക്സാ, ദു:ഖ വെള്ളി, സ്ളീബാ വന്ദനവ്)

## 4 മാതാവിൻെറ സ്വർഗ്ഗാരോപണം

ജന്മപാപത്തിൻെറ എല്ലാ കറകളിൽ നിന്നും സ്വതന്ത്ര യായിരുന്ന നിർമ്മലകന്യക ഈ ലോകവാസത്തിൻെറ അവ സാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തി ലേക്കു് ആരോഹിതയായി. നമ്മുടെ കർത്താവു അവളെ പ്രപഞ്ചരാജ്ഞിയായി വാഴിച്ചു. ഇതു കർത്താക്കളുടെ കർ ത്താവും പാപത്തേയും മരണത്തേയും ജയിച്ചവനുമായ തൻെറ തിരുസുതനോടു അവൾ കൂടുതലായി അനുരൂപപ്പെടുവാൻ വേണ്ടിയായിരുന്നു. (വെളി. 19:16) (തിരുസ്സഭ 59)

പുത്രൻെറ പുനരുത്ഥാനത്തിലുള്ള പ്രത്യേകമായ പങ്കു ചേരലാണ് മാതാവിൻെറ സ്വർഗ്ഗാരോപണം; വിശ്വാസിക ളുടെ ഉയിർത്തെഴുന്നേൽപ്പിൻെറ മുന്നനുഭവവും. മാതാവിനെ സംബോധന ചെയ്തുകൊണ്ടുള്ള ഒരു പ്രാർത്ഥന ബൈസ ൻെറൻ ക്രമത്തിലുണ്ടു്. ''പ്രസവത്തിൽ നീ കന്യാത്വം സംര ക്ഷിച്ചു. മരണത്തിൽ നീ ലോകം വിട്ടുപിരിഞ്ഞില്ല. ദൈവ ത്തിൻെറ അമ്മേ, നീ ജീവൻെറ ഉറവിടത്തോടു ചേർന്നു. ജീവി ക്കുന്ന ദൈവത്തെ നീ ഗർഭത്തിൽ വഹിച്ചു. പ്രാർത്ഥന യാൽ നീ ഞങ്ങളുടെ ആത്മാക്കളെ മരണത്തിൽ നിന്നും രക്ഷിക്കും''.

മാതാവിൻെറ വാങ്ങിപ്പിൻെറ പെരുന്നാളിൽ സഭ പ്രാർത്ഥിക്കുന്നു. ''മാതാവേ, നിൻെറ വാങ്ങിപ്പിൻെറ ദിവസം സൃഷ്ടികൾക്കു വിസ്മയമുണ്ടാക്കി. നിൻെറ നിര്യാണത്തിൽ ലോകത്തെ നീ

www.malankaralibrary.com



ഉളുക്കി. ഈ ദിവസം വാനവസേനകൾ നിന്റെ ശരീരത്തിന്റെ ആദരവിനായി ഇറങ്ങിവന്നു. നിന്റെ ആഗ്രഹമനുസരിച്ച പരിശുദ്ധ ശ്ലീഹന്മാരും അവിടെ വന്നുകൂടി......'' (പെങ്കീസാ, മാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ, പ്രഭാതം സെദറാ)

## 5 സഭയുടെ പ്രതിരൂപവും മാതൃകയും

പിതാവിന്റെ ഹിതത്തിനും പുത്രന്റെ രക്ഷാകരകർമ്മത്തിനും പരിശുദ്ധാത്മാവിന്റെ വ്യാപരത്തിനും പൂർണ്ണമായി സഹകരിച്ചവളാണ് കന്യകാമറിയാം. വിശ്വാസത്തിലും സ്നേഹത്തിലും അവൾ സഭയുടെ മാതൃകയാണ്. ''സഭയിലെ അതിശ്രേഷ്ഠവും അതുല്യമായ അംശവും സ്നേഹത്തിലും വിശ്വാസത്തിലും തിരുസ്സഭയുടെ അതിവിശിഷ്ടമായ പ്രതിരൂപവും മഹനീയ മാതൃകയുമാണവൾ''. (തിരുസ്സഭ 53)

കരിശിന്മേൽ കിടക്കുന്ന കർത്താവു മാതാവിനെയും സഭയേയും ഓരേ സ്വരത്തിൽ സംബോധന ചെയ്യുന്നതായി സഭാകവി പാടുന്നു.

''കർത്താവമ്മയോടും വധുവാം-സഭയോടും ചൊന്നു
പ്രിയസുതരെന്നൊടു ചെയ്തെന്തെ-ന്നീക്ഷിപ്പാൻ വരുവിൻ''
(ആണ്ടുതക്സാ, ദുഃഖവെള്ളിയാഴ്ച, ക്കുക്കോയോ)

## 6 പ്രസാദവര മണ്ഡലത്തിലെ മാതാവ്

സഭയുമായും മനുഷ്യസമൂഹവുമായുള്ള മാതാവിന്റെ ബന്ധം വളരെ വലുതാണ്. ''ആത്മാക്കൾക്ക അതിസ്വാഭാവിക ജീവൻ പ്രാപിച്ചു കൊടുക്കാനുള്ള രക്ഷകന്റെ ദൗത്യത്തിൽ അവൾ തന്റെ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്നഉപവി എന്നിവവഴി തികച്ചും അനിതര സാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണ് പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നതു''. (She is the mother in order of grace) (തിരുസ്സഭ 61)

മാതാവിനോട സഭ പ്രാർത്ഥിക്കുന്നു. ''പരിദ്ധമാതാവേ... ഞങ്ങളും ഞങ്ങളുടെ സമൂഹവും ഞങ്ങളുടെ സകല മരിച്ചു പോയവരും നിന്നിൽനിന്നു ജനിച്ച ഞങ്ങളെ രക്ഷിച്ച വചനമായ ദൈവത്തിന്റെ കൃപയും കരുണയുംമൂലം യോഗ്യന്മാരായിത്തീരണമേ'' [പെങ്കീസാ, മാതാവിന്റെ വാങ്ങിപ്പിന്റെ ഓർമ്മ സന്ധ്യ, സെദറാ]

www.malankaralibrary.com



## 7 മാതൃസഹജമായ സംരക്ഷണം

''അവരം മംഗലവാർത്താവേളയിൽ സമ്മതം നല്കിയ നിമിഷം മുതൽ എല്ലാ തിരഞ്ഞെടുക്കപ്പെട്ടവരുടെയും മകുടം ചാർത്തൽവരെ മറിയത്തിൻെറ മാതൃത്വം ഇടമുറിയാതെ നിലനിൽക്കുന്നു. സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങരം സമ്പാദിച്ചു തരുന്നതിൽ അവരം വിവിധതരത്തിൽ മാധ്യസ്ഥ്യം വഹിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധികളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രൻെറ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവരം മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രേ തിരുസ്സഭ പ. കന്യകയെ അഭിഭാഷിക, സഹായിക, ഉപകാരിണി, മധ്യസ്ഥ എന്നീ അഭിധാനങ്ങളാൽ വിളിച്ചപേക്ഷിക്കുന്നതു.'' [തിരുസ്സഭ 62]

അമ്മയുടെ സഹായം തേടുന്നതിൽ സഭ സന്തുഷ്ടയാണ്.

''അവരം ആദ്യപാപത്തിനു പരിഹാരമാർഗ്ഗവും ദാവീദുഗൃഹത്തിനു ഭരണം കൈവരുത്തിയവളും പ്രവാചകന്മാരുടെ ദൃഷ്ടാന്തങ്ങളെ നിറവേററിയവളും ഉപമകളെ അർത്ഥവത്താക്കിയവളും ജാതികരംക്കു സമാധാനം കൈവരുത്തിയവളുമാകുന്നു. അവളിൽ സ്വർഗ്ഗീയർ സന്തോഷിക്കുന്നു. എല്ലാ വിശുദ്ധന്മാരും ആനന്ദിക്കുന്നു; വിശ്വാസികളെല്ലാം അഭിമാനം കൊള്ളുന്നു;. അനുതാപികരം ധൈര്യം പ്രാപിക്കുന്നു. ഞങ്ങളും അവളുടെ പ്രാർത്ഥനകളിൽ ആശ്രയിച്ചു അവളെയും നിൻെറ ഇഷ്ടൻമാരെല്ലാവരേയും നിൻെറ സന്നിധിയിൽ മധ്യസ്ഥരായി സമർപ്പിക്കുന്നു''

[പെങ്കീസാ, മാതാവിൻെറ പുകഴ്ച, സന്ധ്യ, സെദറാ]

## 8 ക്രിസ്തുവിൻെറ യോഗ്യത മറിയത്തിൻെറ സ്വാധീനതയുടെ ഹേതു

''ക്രിസ്തുവിൻെറ അതുല്യമായ മാദ്ധ്യസ്ഥ്യത്തെ മാതാവെന്ന നിലയിൽ മറിയത്തിനു മനുഷ്യരുടെ നേർക്കുള്ള കടമ അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല: മറിച്ചു അതിൻെറ ശക്തി വെളിപ്പെടുത്തുകയാണു ചെയ്യുന്നത്. മനുഷ്യരക്ഷയിൽ മറിയത്തിനുള്ള സ്വാധീനം

www.malankaralibrary.com



ഏതെങ്കിലും വസ്തുനിഷ്ഠമായ ആവശ്യകതയിൽനിന്നും ഉണ്ടായതല്ല; ദൈവം തിരുമനസ്സായതുകൊണ്ടുമാത്രം അവരം പങ്കുകാരിയായതാണ്. ക്രിസ്തുവിന്റെ യോഗ്യതകളാണ് മറിയത്തിന്റെ സ്വാധീനതയുടെ ഉത്ഭവസ്ഥാനം. ക്രിസ്തുവിന്റെ മാധ്യസ്ഥ്യമാണ് അതിനുള്ള അടിസ്ഥാനം. പ്രസ്തുത മാദ്ധ്യസ്ഥ്യത്തിൽ അതു പൂർണ്ണമായി ആശ്രയിച്ചു നിൽക്കുന്നു; അതിന്റെ എല്ലാ ശക്തിയും ക്രിസ്തുവിന്റെ മാധ്യസ്ഥ്യത്തിൽനിന്നു പ്രാപിക്കുന്നു. വിശ്വാസികരംക്കു നേരിട്ടു ക്രിസ്തുവുമായി ഉണ്ടായിരിക്കേണ്ട ഐക്യത്തിനു മറിയത്തിന്റെ സ്വാധീനം പ്രതിബന്ധമാകുന്നില്ല. മറിച്ചു അതിനെ പരിപോഷിപ്പിക്കയത്രേ ചെയ്യുന്നത്''.
[തിരുസ്സഭ 60]

''സൃഷ്ടിക്കപ്പെട്ട യാതൊന്നിനേയും മനുഷ്യാവതാരം ചെയ്തവനും രക്ഷകനുമായ ദൈവവചനത്തോടു ഒരിക്കലും തുലനം ചെയ്യാൻ സാധ്യമല്ല. ക്രിസ്തുവിന്റെ ഒരേ ഒരു പൗരോഹിത്യത്തിൽ വൈദികരും വിശ്വാസികളും വിവിധ തരത്തിൽ പങ്കുകൊള്ളുന്നുണ്ട്; യഥാർത്ഥത്തിൽ ഒരേ ദൈവികനന്മയാണ് വ്യത്യസ്തമായ രീതിയിൽ അവിടുന്നു സൃഷ്ടികളിൽ വിതരണം ചെയ്യുന്നത്. ഇതുപോലെതന്നെ ദിവ്യരക്ഷകന്റെ ഏകമാധ്യസ്ഥ്യം സൃഷ്ടികളുടെ പക്കൽ നിന്നുള്ള സഹകരണത്തെ തീർത്തും നിഷേധിക്കുന്നില്ല. പ്രത്യുത, ഒരു ഉറവയിൽനിന്നു പങ്കു പററിക്കൊണ്ടുള്ള സഹകരണം സൃഷ്ടികളുടെ ഇടയിൽ വിവിധ തരത്തിൽ സംരക്ഷിക്കുകയാണ്'' [തിരുസ്സഭ 62]

ക്രിസ്തുവിന്റെ യോഗ്യതകളാണു മറിയത്തിന്റെ സ്വാധീനതയുടെ ഉറവിടമെന്നു സഭയുടെ ഔദ്യോഗിക പ്രാർത്ഥനയിലൂടെ വ്യക്തമാക്കുന്നുണ്ട് ''നിന്റെ കൃപയുടെ വ്യാപാരത്താൽ അവളെ നീ തിരഞ്ഞെടുത്തു. നിന്റെ ശക്തിയാൽ അവളെ ശുദ്ധീകരിച്ചു. പരിശുദ്ധ ദാനത്താൽ ബഹുമാനിച്ചു നിന്റെ പ്രവേശനത്താൽ അവളെ ഉൽക്കൃഷ്ടയാക്കി. നിന്റെ ജനനത്താൽ അവളെ അലങ്കരിച്ചു. അവളുടെ ഗർഭത്തിൽ നിന്നുള്ള നിന്റെ ഉദയത്താൽ അവരം ശ്ളാഘിക്കപ്പെട്ടു. അവരം നിന്റെ മഹിമയ്ക്കു രഥമായി. ദയാലുവായ നിന്റെ പനിമഞ്ഞിനു മേഘമായി. സ്വയംഭൂവായ നിന്റെ ശ്രേഷ്ഠതയെ അവരം സ്വീകരിച്ചു........
[പെങ്കീസാ, മാതാവിന്റെ പുകഴ്ച, സന്ധ്യ, സെദറാ]

www.malankaralibrary.com



## II മാതാവിനോടു ആദരവ്

***ദൈവമാതാവെന്ന അഭിധാനം***

"എല്ലാ വംശങ്ങളും എന്നെ ഭാഗ്യവതി എന്നു വിളിക്കും" ക്രിസ്ത്യൻ ആരാധനയുടെ അന്തർഗ്ഗതത്തോടു ഒട്ടിച്ചേർന്നതാണ് സഭയ്ക്കു മാതാവിനോടുള്ള ആദരവ് "അതിപുരാതന കാലം മുതൽ മറിയാം ദൈവമാതാവ്" എന്ന അഭിധാനത്താൽ ബഹുമാനിക്കപ്പെട്ടിരുന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികരം പ്രാർത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു........ എങ്കിലും മനുഷ്യാവതാരം ചെയ്ത വചനത്തിനും പിതാവിനും പരിശുദ്ധാത്മാവിനും നല്കുന്ന ആരാധനയിൽനിന്നു ഇതു വ്യത്യസ്തമാണ്. പക്ഷേ, മരിയ വണക്കം ഈ ആരാധനയ്ക്കു സഹായകമാണെന്നതും പരമാർത്ഥമത്രേ" [തിരുസഭ 66] ആരാധനാക്രമത്തിലെ മരിയൻ പെരുന്നാളുകളും സുവിശേഷത്തിൻെറ രത്നച്ചുരുക്കം എന്നു വിളിക്കാവുന്ന മാതാവിൻെറ ജപമാലയും മരിയൻ ഭക്തി വെളിപ്പെടുത്തുന്നു.

ഗബ്രിയേൽ മാലാഖാ തുടക്കമിട്ട സ്വസ്തി തന്നെയാണ് ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാതൃസ്തവങ്ങരം

"താതൻ ശ്ളോമ്മോ—ഗബ്രിയേൽ
മൂലം മേലി—ന്നാധന്യ
മറിയാമ്മിനു നല്കപ്പെട്ട
തീ പൂണ്ടോർ വാ-യിൽ തിങ്ങും
ശ്ളോമ്മോ ചൊന്നാൻ-"നാഥൻനിൻ
കൂടെ തന്നുദയം നിന്നിൽ"
(ശ്ഹീമോ, ശുബഹൊ, ചൊവ്വാ, പ്രഭാതം,)

## III മറിയാം–പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിഛായ

***മഹത്വീകൃതയായ അമ്മ***

"ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പരിശുദ്ധ മറിയമാണ് ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിഛായയും ആരംഭവും. അതുപോലെതന്നെ കർത്താവിൻെറ ദിവസം ഉദയം ചെയ്യുന്നതുവരെ (2 പത്രോ. 3:10) മറിയാം ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീ

www.malankaralibrary.com



ക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കും.'' (തിരുസ്സഭ 68)

വന്ധ്യയായ ഏലിശുബാ, കന്യകയായ മറിയാംഎന്നീ ഗർഭധാരിണികളെ രാജകീയ അരമനകൾ എന്നു സഭാസങ്കീർത്തകൻ വിളിക്കാമെങ്കിൽ സ്വർഗ്ഗാരോപിതയായ മാതാവിനെ പൂർത്തീയാകാനിരിക്കുന്ന സഭയുടെ പ്രതിച്ഛായ എന്നു വിളിക്കുന്നതിൽ എന്താണു അസാംഗത്യം? ''യൂഹാനോന്റെ മാതാവായ ഏലീശുബായും മിശിഹായുടെ മാതാവായ മറിയാമും രാജാവു തനിക്കായി തിരഞ്ഞെടുത്ത അരമനകളാകുന്നു. ഒരുവൾ വന്ധ്യ മററവൾ കന്യ. ശിശുവിന്റെ മുമ്പിൽ ശിശുതുള്ളി. പൂർവ്വികനു മുമ്പിൽ ആധുനികനും. അവൻ തന്റെ കർത്താവിനോടു സമാധാനം ചോദിക്കയും സമാധാനത്തോടെ വരിക എന്നു അവനോടു പറയുകയും ചെയ്തു. കർത്താവേ, നിന്റെ സമാധാനം സൃഷ്ടികളെ രമ്യതപ്പെടുത്തണമേ''
(ശ്ഹീമോ, ബുധൻ, പ്രഭാതം)

### അനുബന്ധം 14

## മരിയൻ ചിന്താസംഗ്രഹം

### 1 സഭാശരീരത്തിന്റെ ശിരസ്സുക്രിസ്തു, മാതാവു മറിയാം

മാലാഖായുടെ വചനിപ്പിനു സമ്മതം മൂളുകയും മനുഷ്യാവതാരത്തോടു സഹകരിക്കാൻ മനസ്സാകയും ചെയ്തതിലൂടെ പുത്രൻ നിർവ്വഹിക്കാനിരുന്ന എല്ലാ രക്ഷാകര പ്രവർത്തനങ്ങളോടും മറിയാം സഹകരിച്ചുകഴിഞ്ഞു. അവിടുന്നു മൗതികശരീരത്തിന്റെ രക്ഷകനോ ശിരസ്സോ ആയിരിക്കുന്നിടത്തെല്ലാം അവൾ അമ്മയാണ്.

### 2 പുത്രന്റെ പുനരുത്ഥാനത്തിൽ പങ്ക് വിശ്വാസികളുടെ മുന്നനുഭവം

ലോകജീവിതം അവസാനിച്ചപ്പോൾ പ. കന്യകാമറിയം സ്വർഗ്ഗീയ മഹിമയുടെ ശരീരവും ആത്മാവും സ്വീകരിക്കയും സഭാ ശരീരത്തിലെ വിശ്വാസികളുടെ മുന്നനുഭവമെന്ന നിലയിൽ പുത്രന്റെ പുനരുത്ഥാന മഹിമയിൽ പങ്കുചേരുകയും ചെയ്തു.

### 3 സ്വർഗ്ഗത്തിൽ തുടരുന്ന മാതൃപരിചരണം

''പുതിയ ഹൗവാ ആയ ദൈവമാതാവു സഭയുടെ അമ്മ എന്ന നിലയിൽ ക്രിസ്തുസഹജരായ സഭാമക്കൾക്കുവേണ്ടി മാതൃപരിചരണം അനുഷ്ഠിക്കുവാൻ സ്വർഗ്ഗത്തിൽ തുടരുമെന്നു നമ്മൾ വിശ്വസിക്കുന്നു.'' [പോപ്പുപോൾ VI]

www.malankaralibrary.com

# സഭ - ദൈവത്തിന്റെ ജനം

വി. കിളിച്ചിമല

സമ്യക്കായ ഒരു സഭാ പഠനം. ഒഴിവാക്കാനാവുന്ന ഒരു പഠനമല്ലിത്. വത്തിക്കാൻ സൂന്നഹദോസിന്റെ പ്രമാണ രേഖകൾ നല്കുന്ന സഭാസ്വരൂപം ചിത്രീകൃതമായിരിക്കുന്നു. സഭാചിന്തകളും പ്രാർത്ഥനാസൂക്തങ്ങളും സമഞ്ജസമായി സമന്വയിപ്പിക്കുന്ന സമഗ്ര സമാഹാരം. രക്ഷയുടെ കൂദാശ, പുതിയ ഉടമ്പടിയിലെ ജനത, ക്രിസ്തുവിന്റെ ശരീരം, പരിശുദ്ധാത്മാവിന്റെ ആലയം, സഭാ ലക്ഷണങ്ങൾ, സഭാ മണ്ഡലവും പ്രജാസംഖ്യയും, ഭൗമികസ്വർഗ്ഗീയ സഭകളുടെ പങ്കുചേരൽ തുടങ്ങി 14 അദ്ധ്യായങ്ങളിലൂടെ സഭയുടെ സർവ്വംസ്പർശിത്വം തൊട്ടുകാണിക്കുന്നു. സന്നദ്ധതയും ആർജ്ജവവുമുണ്ടെങ്കിൽ ഈ തീർത്ഥാടനം ഉളവാക്കുന്ന പ്രബുദ്ധത ചെറുതായിരിക്കുകയില്ല. ദാർശനികതയുടെ ആനന്ദനീലിമയിലേക്കു പഠിതാവിനെ ഇറക്കി ആറാടിപ്പിക്കുന്ന പുസ്തകം.

പ്രസാധനം
വിമല ബുക്സ് No. 2
ക്ലർജി ഹോം, പുഷ്പഗിരി, തിരുവല്ല – 689 101
വില Rs. 70/-